# മരിയവിജ്ഞാനീയം

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2960027; 8086312826
Web: www.alphathalassery.org, Email: alphits@gmail.com

# മരിയവിജ്ഞാനീയം

**Title:** Mariology

**Published by:** The Director, Alpha Institute, Archdiocese of Tellicherry,
Sandesa Bhavan, Tellicherry, 670 101, Kannur, Kerala
Ph: 0490 - 2344727, 2343707

**Published on:** 2021 August 15 (3rd Edition)

**Authors:** Rev. Dr. George Karukapparambil
Rev. Dr. Michael Karimattom

**Editor:** Rev. Dr. Tom Olikkarottu

**Printing:** Vimala Offset Press, Thalassery

**Copy Right:** © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher

# ഉള്ളടക്കം


1. മറിയം വിശുദ്ധഗ്രന്ഥത്തിൽ ........ 5
2. അപ്രമാണികഗ്രന്ഥങ്ങളിലെ മറിയം ........ 32
3. മരിയൻ വിശ്വാസസത്യങ്ങൾ ........ 44
4. മരിയവിജ്ഞാനീയം: നൂറ്റാണ്ടുകളിലൂടെ ........ 54
5. മരിയൻ തിരുനാളുകൾ ........ 64
6. പൗരസ്ത്യ സുറിയാനി സഭയുടെ മരിയ വിജ്ഞാനീയം ........ 74
7. മരിയൻ ആധ്യാത്മികത ........ 90
8. ജപമാലഭക്തി ........ 100
9. മരിയ ഭക്തിയിലെ വിവിധ സംജ്ഞകൾ ........ 113
10. മരിയവിജ്ഞാനീയം: വത്തിക്കാൻ സൂനഹദോസിന്റെ വീക്ഷണത്തിൽ ..... 134

# 01

# മറിയം
# വിശുദ്ധഗ്രന്ഥത്തിൽ

**ആമുഖം**

"യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്തു നില്ക്കുന്നതുകണ്ട് അമ്മയോട് പറഞ്ഞു സ്ത്രീയേ, ഇതാ നിന്റെ മകൻ, അനന്തരം അവൻ ശിഷ്യനോട് പറഞ്ഞു: ഇതാ നിന്റെ അമ്മ. അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ തന്റെ ഭവനത്തിൽ സ്വീകരിച്ചു" (യോഹ 19:26-27).

ക്രൂശിതനായ യേശുവിന്റെ അന്ത്യമൊഴിയിൽ അന്തിമദാനവുമാണ് സുവിശേഷകൻ കുറിച്ച് വെച്ചിരിക്കുന്നത് - ചാവരുൾ പോലെ. മരിക്കുന്നതിനുമുമ്പേ യേശു നൽകിയ അവസാനത്തെ സമ്മാനമാണ് തന്റെ അമ്മ. "യേശു സ്നേഹിച്ച ശിഷ്യൻ" എന്ന പ്രതീകത്തിനു പിന്നിൽ യേശു സ്നേഹിക്കുകയും യേശുവിനെ സ്നേഹിക്കുകയും ചെയ്യുന്ന സകല ശിഷ്യരും ഉണ്ട് - സഭ മുഴുവനും. അവർക്കെല്ലാം, നമുക്കെല്ലാം അമ്മയായി യേശു തന്റെ അമ്മയെ നല്കിയിരിക്കുന്നു; നമ്മെ അമ്മയ്ക്ക് മക്കളായും. കത്തോലിക്കാ സഭയിൽ മരിയ ഭക്തിയുടെ അടിസ്ഥാനമായി നില്ക്കുന്ന ഒരു സത്യമാണിത്.

കുരിശിന്റെ ചുവട്ടിൽ നിന്ന ശിഷ്യൻ ചെയ്തതുപോലെ ഓരോ ശിഷ്യനും ചെയ്യണം: അമ്മയെ സ്വന്തം ഭവനത്തിൽ സ്വീകരിക്കണം. ഭവനം എന്നത് ഒരു പ്രതീകമാണ്, ഹൃദയത്തിന്റെ പ്രതീകം. സ്വന്തം അമ്മയായി സ്വീകരിക്കുക എന്നുതന്നെ അർത്ഥം, അതാണ് ദൈവപുത്രന്റെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തോട് സഭയെന്നും കാത്തുപാലിക്കുന്നതും അമ്മയെക്കുറിച്ച് പഠിപ്പിക്കുന്നതുമായ നിലപാട്. മറിയത്തെ സ്വന്തം അമ്മയായി സ്വീകരിക്കുക. വിശ്വാസപ്രഖ്യാപനങ്ങളിലൂടെയും നിരവധി പ്രാർത്ഥനകളും തിരുനാളാഘോഷങ്ങളും തീർത്ഥാടനങ്ങളും വഴിയും അമ്മയോടുള്ള സ്നേഹവും ആദരവും അമ്മയിലുള്ള വിശ്വാസവും പ്രകടിപ്പിക്കുന്നു.

യേശു തന്റെ അമ്മയെ നമുക്ക് അമ്മയായി നൽകുമ്പോൾ ശക്തയായ ഒരു മധ്യസ്ഥയിൽ വിശ്വസനീയമായ ഒരു വഴികാട്ടിയുമാണ് നമുക്കു ലഭിക്കുന്നത്. ആരാണ് എന്റെ അമ്മ എന്ന യേശുവിന്റെ ഒരു ചോദ്യം സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് (മർക്കോ 3:33). അമ്മയാരെന്നറിയാഞ്ഞിട്ടല്ല, എന്താണ് അമ്മയുടെ യഥാർത്ഥ മഹത്വം എന്ന് കേൾവിക്കാരെ പഠിപ്പിക്കാൻ വേണ്ടിയാണ് യേശു ഈ ചോദ്യം ചോദിച്ചത്. യേശുതന്നെ നല്കുന്ന ഉത്തരത്തിൽ ഇതു വ്യക്തമാകുന്നു: ദൈവഹിതം നിർവ്വഹിക്കുന്നവനാരോ അവനാണെന്റെ സഹോദരനും സഹോദരിയും അമ്മയും (ലൂക്കാ 8:21) എന്ന് ലൂക്കാ വിശദീകരിക്കുന്നു. ദൈവവചനം ശ്രവിക്കുക, വിശ്വസിക്കുക, ധ്യാനിക്കുക, ജീവിക്കുക - ഇതാണ് യേശുവിന്റെ അമ്മയുടെ പ്രത്യേകത. അങ്ങനെ അമ്മ മധ്യസ്ഥയും മാതൃകയുമാകുന്നു. എന്നാൽ, അമ്മയ്ക്ക് തന്നെകുറിച്ചുതന്നെ പറയാൻ ഒന്നേയുള്ളൂ. "ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!" ഇതാണ് അനുകരണാർഹമായ ഏറ്റം വലിയ മാതൃക.

## മറിയം എന്ന നാമം

ഈശോയുടെ അമ്മയ്ക്കു മാതാപിതാക്കൾ നൽകിയ അറമായിക് നാമമാണു മിറിയാം. ആ സംജ്ഞ 19 പ്രാവശ്യം സുവിശേഷങ്ങളിലും ശ്ലീഹന്മാരുടെ നടപടിഗ്രന്ഥത്തിലുമായി പ്രത്യക്ഷപ്പെടുന്നുണ്ട് (മത്താ 1, 16-18, 20;2, 11; മർക്കോ 6, 3; ലൂക്കാ 1, 27, 30, 34, 38, 39, 41, 46, 56, 2, 5, 16, 19, 24; നട 1, 14).

ഭാഷാശാസ്ത്രമനുസരിച്ച് ഈ നാമം ആദ്യമായി വിശകലനം ചെയ്തു പഠിപ്പിച്ചതു വി. ജെറോം (347-420)ആണ്. ഹീബ്രുവിലെ മറിയാമിന്റെ വിശകലനമാണ് ആദ്യത്തേത്. മാർ എന്നാൽ തുള്ളി

എന്നും *Yam* എന്നാൽ സമുദ്രം എന്നുമാണർത്ഥം. ഇതിന്റെ അടിസ്ഥാനത്തിൽ മറിയത്തെ കടലിലെ - "കടലിൽനിന്നുള്ളതുള്ളി" എന്ന് അർത്ഥത്തിൽ. *Stilla Maris* എന്ന് വിളിച്ചു. എന്നാൽ പിന്നീട് *Stilla Maris* എന്നതു പകർത്തിയെഴുത്തിൽ തെറ്റായി *Stella Maris* എന്ന് എഴുതുകയും അതിനു സമുദ്രതാരമെന്ന് അർത്ഥമുണ്ടാകുകയും ചെയ്തു.

"മറിയം" എന്ന പേരിനു വിവിധ ഭാഷകളിൽ നിരവധി അർത്ഥങ്ങളുണ്ട്. മറിയത്തോടുള്ള ബഹുമാനത്തോടെ അവളോടു ഭക്തി പ്രദർശിപ്പിക്കുന്ന 70 അർത്ഥങ്ങളാണു പ്രധാനമായും ഈ പേരിനുള്ളതെന്നാണു മരിയ ശാസ്ത്രവാദം. വിവിധ ഭാഷകളിൽ ഈ നാമം വ്യത്യസ്തമായാണു ഉച്ചരിക്കുന്നത്. *Myriam* (Heb. Ot), *Maryam* (Aramaic), *Mariam* (GK OT), *Maria* (Syriac), *Mary* (English) സുറിയാനിയിലെ മറിയമാണു മലയാളത്തിൽ ഉപയോഗിക്കുന്നത്.

രണ്ടാമത്തെ വിശദീകരണം അരമായ ഭാഷയിലെ *Maryam* നെ അടിസ്ഥാനമാക്കിയാണ്. ഇതിലെ *Mar* എന്നതിനു "നാഥൻ" എന്ന പുല്ലിംഗാർത്ഥമാണുള്ളത്. എന്നാൽ Mar എന്നതിന്റെ *Marta* സ്ത്രീലിംഗരൂപം മനസ്സിലാക്കാതെ "മാർ" എന്നതു ശ്രീമതി-നാഥ എന്നർത്ഥമാക്കി ഉപയോഗിച്ചുതുടങ്ങി. ഇതിനു പരിശുദ്ധമറിയം എന്നർത്ഥം. ഈ രൂപം പൊതുവെ അംഗീകരിച്ചു മറ്റു ഭാഷകളിൽ തർജ്ജമ ചെയ്തു ഉപയോഗിക്കുന്നു. അങ്ങനെ ഇറ്റാലിയൻ ഭാഷയിൽ Madonna(My Lady) എന്നും ഫ്രഞ്ചു ഭാഷയിലും Notre Dame (Our Lady) എന്നും ഉപയോഗിക്കുന്നു. ഈജിപ്തിൽ ഭാഷയിലെ സൗന്ദര്യം എന്നർത്ഥം വരുന്ന 'Mara' യിൽനിന്നു "സൗന്ദര്യവതി" എന്നും സ്നേഹിക്കപ്പെട്ടവൾ എന്നർത്ഥം വരുന്ന 'Mari' എന്ന പദത്തിൽനിന്ന് "ഏറ്റവും സ്നേഹിക്കപ്പെട്ടവൾ" എന്നും ആധുനിക ഭാഷാശാസ്ത്രത്തിൽ അറിയപ്പെട്ടുവരുന്നുണ്ട്.

1929-ൽ സിറിയയിലെ Ugarit (ras Shamra)ൽ നടത്തിയ ഭൂഗർഭ പഠനത്തിൽനിന്നു ശാസ്ത്രജ്ഞർ മറ്റൊരു നിഗമനത്തിലാണ് എത്തിച്ചേർന്നിട്ടുള്ളത്. 'Myrm' എന്നു പൊതുവെ അവിടെ കണ്ടിരുന്ന നാമം 'rwm' എന്നതിന്റെ മറ്റൊരു രൂപമാണെന്നാണ് അത്. ഈ ാതുപദത്തിന്റെ അർത്ഥം ഉന്നത, ഉയർന്ന, ഉയർത്തപ്പെട്ടത് എന്നൊക്കെയാണ്. ഈ അർത്ഥത്തിൽ മറിയം എന്നതിനു മഹനീയ, മഹത്വീകരിക്കപ്പെട്ടവൾ, ഉയർത്തപ്പെട്ടവൾ എന്നൊക്കെയാകാമെന്നാണു നിഗമനം. മറിയത്തിന്റെ ഉന്നതസ്ഥാനവും അവളോടുള്ള ബഹുമാ

നവും സ്നേഹവും ഭക്തിയും കണക്കിലെടുത്ത് ഈ അർത്ഥം ഇന്നു പൊതുവെ അംഗീകരിക്കപ്പെട്ടിരിക്കുകയാണ്.

മറിയം എന്ന പേരിനു മൂന്നാമതായി കല്പിക്കുന്ന അർത്ഥം അതിന്റെ ഹെബ്രായ ഭാഷയിലെ മിർ Mr - എന്ന മൂലാർത്ഥത്തെ കേന്ദ്രീകരിച്ചാണ്. ഹെബ്രായ ഭാഷയിൽ മിർ - എന്നാൽ - കയ്പ് - bitter എന്നാണർത്ഥം (Myrrh) പതിനൊന്നാം നൂറ്റാണ്ടിൽ ജീവിച്ച യഹൂദ പണ്ഡിതർ റബി, റാഷി ഇതിനെ സാധൂകരിച്ച് പറയുന്നത് - ബൈബിളിലെ ആദ്യമായി ഈ പേര് കാണുന്നത് അഹറോന്റെ മിറിയാമിനാണ്. ഈജിപ്തിലെ കഷ്ടതകളുടെ പ്രതീകമായാണ് കയ്പ് എന്നർത്ഥം വരുന്ന മിറിയാം എന്ന് പേരിട്ടത് എന്നാണ് ഇദ്ദേഹത്തിന്റെ വ്യാഖ്യാനം.

**മിറിയാം ഔത്കൃഷ്ട്യത്തിന്റെ നിദർശനം**

മിറിയാമെന്ന നാമം സാക്ഷാത്കരിക്കുന്നതായിരുന്നു മറിയത്തിന്റെ ജീവിതം മുഴുവനും. അവളുടെ വചനങ്ങളും പ്രവൃത്തികളുമെല്ലാം ദൈവികൗന്നിത്യം വിളിച്ചോതി. അമലോദ്ഭവയായി ജനിച്ചവൾ ദ്വൈതഭാവമില്ലാത്തവനും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ആനന്ദത്തിന്റെയും ആഘോഷത്തിന്റെയും പ്രകാശത്തിന്റെയും സുതാര്യതയുടെയും മൂർത്തീരൂപവുമായ ദൈവത്തിന്റെ തനിപ്പകർപ്പായിത്തീർന്നു. അവിടുത്തെ ശ്രേഷ്ഠതയും വൈശിഷ്ട്യവും ഔത്കൃഷ്ട്യവും ഔന്നത്യവും നായകത്വവും വിളംബരം ചെയ്തു. ദൈവദൂതന്റെ വചനത്തിന് "ആമ്മേൻ" (ലൂക്ക 1, 38) പറയുന്ന പ്രക്രിയയോടെ മിർയാമിന്റെ ജീവിതം നവ്യ ഉടമ്പടിയുടെ തനയരുടേതായി കൂട്ടിയിണക്കപ്പെട്ടു. അവൾ തന്റെ നാമം സാർത്ഥകമാക്കി. മാനവകുലത്തിന്റെ രക്ഷ കൈവരുന്നതായിരുന്നല്ലോ മംഗളവാർത്തക്ക് ആമ്മേൻ പറഞ്ഞ കർമ്മം. വ്യക്തിപരമായ ജീവിതം തീർത്തുപേക്ഷിച്ചുകൊണ്ടു മിറിയാം കുരിശിന്റെ വഴി ഉദ്ഘാടനം ചെയ്തു. പരിത്രാണത്തിന്റെ പാത വെട്ടിത്തുറന്നു. ദൈവത്തെയും ഈശോയെയുംപോലെ മിറിയാമും ശ്രേഷ്ഠതയുടെ പ്രതിബിംബമായി പകരുകയായിരുന്നു. മാനവർക്കുവേണ്ടിയുള്ള പീഡാസഹനങ്ങൾ ഹൃദയത്തിൽ സംവഹിച്ച മുഹൂർത്തത്തിൽ അവ ഔന്നത്യത്തിന്റെ മൂർദ്ധന്യത്തിലെത്തി. കുരിശിന്റെ കിരീടം മിറിയത്തിനു നൽകപ്പെട്ടു. ഈശോയുടെ ഉത്ഥാനം അവളുടെയും ഉയിർത്തെഴുന്നേൽക്കലായിത്തീർന്നു. സ്വർഗ്ഗാരോപണസംഭവം മിറിയാമിനെ ദൈവികമേഖലയുടെ ഔത്കൃഷ്ട്യത്തിലേയ്ക്ക് ഉയർത്തി. ദിവ്യാത്മാവിന്റെ ആഗമനത്തോടെ പരിശുദ്ധാരൂപിയുടെ ലോകത്തിന്റെ

ഔന്നിത്യങ്ങളിൽ ആ മണവാട്ടി വ്യാപരിച്ചു. ത്രിത്വത്തിന്റെ മഹത്വത്തിൽ പങ്കുകാരിയാകുവാൻ (2 പത്രോ 1, 4) അമ്മയും സ്വർഗ്ഗാരോപിതയായി. ത്രിലോക രാജ്ഞിയായി അവൾ അവരോധിക്കപ്പെട്ടപ്പോൾ ആത്മജന്റെ രാജത്വപദവി പ്രാപിച്ചു. ഇപ്രകാരം മിറിയാം ശ്രേഷ്ഠതയുടെയും വൈശിഷ്ട്യത്തിന്റെയും ഔത്കൃഷ്ടത്തിന്റെയും ഔന്നിത്യത്തിന്റെയും നായകത്വത്തിന്റെയും ഉറവിടമായ ദൈവവുമായി ഒന്നായിത്തീർന്നു. ചുരുക്കത്തിൽ, മിറിയത്തിന്റെ കഥ അവളുടെ നാമത്തിന്റെ അർത്ഥം ധ്വനിപ്പിക്കുന്നതുപോലെ അത്യുന്നതന്റെ ചരിത്രത്തിൽ ലയിച്ചു ചേരുകയാണ്.

## മറിയം പഴയനിയമത്തിൽ

പഴയനിയമം പരിശോധിക്കുമ്പോൾ ആദ്യം ശ്രദ്ധയിൽപ്പെടുന്നത് മറിയത്തെക്കുറിച്ച് നേരിട്ട് ഒരു പരാമർശവുമില്ല എന്നതാണ്. അത് തികച്ചും പ്രതീക്ഷിക്കാവുന്നതുമാണ്. കാരണം പഴയനിയമം അവതരിപ്പിക്കുന്ന ചരിത്രത്തിനു ശേഷമാണല്ലോ മറിയം രംഗപ്രവേശം ചെയ്യുന്നത്. എന്നാൽ വരാനിരിക്കുന്ന രക്ഷകന്റെ അമ്മ എന്ന രീതിയിൽ ചില പരാമർശങ്ങൾ പഴയനിയമത്തിൽ ഉണ്ട്. അതോടൊപ്പം മറിയത്തെ സൂചിപ്പിക്കുന്ന ചില പ്രതീകങ്ങളും പഴയനിയമത്തിൽ കാണാം. യേശുവിലൂടെ സംഭവിച്ച പൂർത്തീകരണത്തിന്റെ വെളിച്ചത്തിൽ ഇവയേറെ ശ്രദ്ധേയമാകുന്നു.

### പ്രവചനങ്ങൾ

### 1. രക്ഷകന്റെ അമ്മ - പുതിയ ഹവ്വ - ഉല്പ 3:15

ബൈബിളിന്റെ വിവരണത്തിൽ മനുഷ്യവർഗ്ഗത്തിന്റെ ആദിമാതാപിതാക്കളാണ് ആദാമും ഹവ്വായും. സർപ്പത്തിന്റെ രൂപത്തിൽ കടന്നുവന്ന സാത്താന്റെ പ്രലോഭനത്തിൽപ്പെട്ട്, വിലക്കപ്പെട്ട കനി ഭക്ഷിച്ചതിലൂടെ മനുഷ്യവർഗത്തെ മുഴുവൻ പാപത്തിലാഴ്ത്തി, ദൈവവുമായുള്ള ബന്ധം വിച്ഛേദിച്ച്, മരണത്തിനിരയാക്കിയ ഹതഭാഗ്യയാണ് ആദിമാതാവായ ഹവ്വാ. ദൈവം ചോദ്യം ചെയ്തപ്പോൾ അവൾ തന്റെ തെറ്റ് ഏറ്റുപറയുകയും ചെയ്തു: "സർപ്പം എന്നെ വഞ്ചിച്ചു; ഞാൻ പഴം തിന്നു" (ഉൽപ 3:13). ചെയ്ത തെറ്റിന്റെ ഗൗരവത്തെക്കുറിച്ച് അവൾക്കു ബോധ്യമുണ്ട്; അതേസമയം താൻ വഞ്ചിതയായി എന്ന അവബോധവും. ഈ പശ്ചാത്തലത്തിലാണ് രക്ഷകനെക്കുറിച്ചുള്ള ആദ്യത്തെ വാഗ്ദാനം ദൈവം നല്കുന്നത്. അത് തിന്മയുടെ ശക്തിയും പ്രലോഭകനുമായ സാത്താനെതിരെയുള്ള ഒരു ശിക്ഷയായിട്ടാണ് ബൈബിൾ അവതരിപ്പിക്കുന്നത്.

കർത്താവ് സർപ്പത്തോട് പറഞ്ഞു... "നീയും സ്ത്രീയും തമ്മിലും, നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും; നീ അവന്റെ കുതികാലിൽ പരിക്കേൽപ്പിക്കും" (ഉൽപ 3:15) ആദ്യ സുവിശേഷം എന്നറിയപ്പെടുന്ന ഈ പ്രവചനമാണ് രക്ഷകന്റെ അമ്മയെക്കുറിച്ചുള്ള ബൈബിളിലെ ആദ്യ സൂചന. പ്രലോഭനത്തിൽപ്പെട്ട് പഴംതിന്നതും ഭർത്താവിന് കൊടുത്തതും ആദ്യ സ്ത്രീയായ ഹവ്വായാണ്. ഇവിടെ സ്ത്രീകളുടെ മുഴുവൻ പ്രതീകവും മനുഷ്യവർഗ്ഗത്തിന്റെ മാതാവുമായി നിലകൊള്ളുന്ന ഹവ്വായെ ഒരു ചരിത്ര വ്യക്തിയായി മാത്രം കണ്ടാൽ പോരാ. സർപ്പം മനുഷ്യനെ പ്രലോഭനത്തിലൂടെ നാശത്തിലേക്കു നയിക്കുന്ന തിന്മയുടെ, അഥവാ സാത്താന്റെ പ്രതീകമായതുപോലെ ഹവ്വായെ സ്ത്രീവർഗ്ഗത്തിന്റെ മുഴുവൻ പ്രതീകമായി കാണണം. സർപ്പവും സ്ത്രീയും തമ്മിലും ഇരുവരുടെയും സന്തതികളും തമ്മിലുമുള്ള ശത്രുത രക്ഷാചരിത്രത്തിലേക്കു വിരൽചൂണ്ടുന്നു. ആത്യന്തികമായി തിന്മയല്ല, മനുഷ്യനായിരിക്കും വിജയിക്കുക. അതാണല്ലോ "തലതകർക്കും" എന്ന പ്രതീകത്തിലൂടെ സൂചിപ്പിക്കുന്നത്.

ഇവിടെ സർപ്പത്തിന്റെ തലതകർക്കുന്നത് സ്ത്രീയല്ല, സ്ത്രീയുടെ സന്തതിയാണെന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കണം. "വുൾഗാത്ത" എന്ന ലത്തീൻ വിവർത്തനത്തിന്റെ കർത്താവായ വി. ജറോമിന്റെ തർജ്ജമയിൽനിന്നാണ് സ്ത്രീ സർപ്പത്തിന്റെ തലതകർക്കും എന്ന ആശയം ബൈബിളിലേക്കു കടന്നുവന്നത്. മറിയത്തിന്റെ അമലോത്ഭവത്തെക്കുറിച്ച് സഭയിൽ നിലവിലിരുന്ന വിശ്വാസം ഇപ്രകാരം ഒരു വിവർത്തനത്തിന് ജറോമിനെ പ്രേരിപ്പിച്ചിട്ടുണ്ടാവും. സർപ്പത്തിന്റെ തലയിൽ ചവിട്ടി നിൽക്കുന്ന മറിയത്തിന്റെ ചിത്രത്തിനു പിന്നിൽ നിൽക്കുന്നത് ഈ കാഴ്ചപ്പാടാണ്. എന്നാൽ അതു മുഴുവൻ തെറ്റാണെന്നും പറയാനാവില്ല. സർപ്പത്തിന്റെ തല തകർക്കും എന്നു പറയുമ്പോൾ പാപത്തിന്റെയും പ്രലോഭകനായ സാത്താന്റെയുംമേൽ പൂർണ്ണമായ വിജയം വരിക്കും, തിന്മയെ ഉന്മൂലനം ചെയ്യും എന്നാണർത്ഥമാക്കുക.

ഉത്ഭവപാപത്തിൽനിന്ന് ദൈവത്തിന്റെ പ്രത്യേക പരിപാലനയാൽ കാത്തുസൂക്ഷിക്കപ്പെട്ട മറിയം തിന്മയുടെമേൽ വിജയംവരിച്ചു എന്നു സൂചിപ്പിക്കാൻ ഈ ചിത്രം സഹായിക്കും. എന്നാൽ മറിയത്തെ സംബന്ധിക്കുന്ന വിശ്വാസ സത്യങ്ങളെല്ലാം രക്ഷകനായ യേശുക്രിസ്തുവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന വസ്തുത മറക്കാനാവില്ല. സാത്താന്റെമേൽ യേശു വരിച്ച വിജയ

ത്തിൽ ആദ്യമേ പങ്കുചേർന്നത് രക്ഷകന്റെ അമ്മയായ മറിയമാണെന്ന് ഈ ചിത്രം സൂചിപ്പിക്കുന്നു. എന്നാൽ പഴയനിയമത്തിൽ ഒരിടത്തുപോലും ആൽമാ എന്ന വാക്ക് കന്യകയായ യുവതിയെ ഉദ്ദേശിച്ചല്ലാതെ ഒരിടത്തും ഉപയോഗിച്ചിട്ടില്ല എന്നതിൽ കന്യക എന്നർത്ഥം വരുന്ന പാർത്തേനോസ് എന്ന ഗ്രീക്ക് പരിഭാഷയിൽ ഒരും തെറ്റും കാണാനാവില്ല.

"തലതകർക്കും" എന്ന പ്രവചനത്തോടൊപ്പം മറ്റൊരു പ്രവചനമുണ്ട്, പൊതുവെ അവഗണിക്കപ്പെടുന്ന ഒരു പ്രവചനം. "നീ അവന്റെ കുതികാലിൽ പരിക്കേൽപിക്കും." ഇവിടെ പി.ഒ.സി വിവർത്തനത്തിൽ വേണ്ടത്ര വ്യക്തതയില്ല. "തകർക്കും" എന്നും "പരിക്കേൽപിക്കും" എന്നും വിവർത്തനം ചെയ്യുന്നത് "ഷൂഫ്" എന്ന ഹീബ്രു വാക്കാണ്. ഒരേവാക്യത്തിൽ, ഒരേ അർത്ഥത്തിൽതന്നെയാവണം ഈ വാക്ക് പ്രയോഗിച്ചിരിക്കുന്നത്. ഒന്നുകിൽ തലയിൽ - കുതികാലിൽ - പരിക്കേൽപ്പിക്കും എന്നാകണം; അല്ലെങ്കിൽ തല - കുതികാൽ - തകർക്കും എന്നും വിവർത്തനം ചെയ്യണം.

ഏതു വിവർത്തനം സ്വീകരിച്ചാലും അർത്ഥം ഒന്നുതന്നെ. തല തകർക്കുന്നതും മാരകമാണ്; അതുതന്നെയാണ് തലയിൽ പരിക്കേൽപ്പിക്കുന്നതും. അതുപോലെ സർപ്പം സ്ത്രീയുടെ സന്തതിയുടെ കുതികാലിൽ ഏൽപ്പിക്കുന്ന പരിക്കും മാരകമായിരിക്കും. പാപത്തിന്റെയും സാത്താന്റെയും ദാസ്യത്തിൽനിന്ന് മനുഷ്യന് ആത്യന്തികമായി മോചനം ലഭിക്കുന്നത്. സാത്താന്റെമേൽ സ്ത്രീയുടെ പുത്രൻ വരിക്കുന്ന വിജയത്തിലൂടെയാകും; ആ വിജയമാകട്ടെ വിജയിക്കുന്നവന്റെ മരണത്തിലൂടെയും.

തിന്മയുടെ ശക്തിയെ സ്വന്തം മരണത്തിലൂടെ പരാജയപ്പെടുത്തുന്ന രക്ഷകൻ പിറക്കാനായി തിരഞ്ഞെടുക്കപ്പെട്ട സ്ത്രീയാണ് മറിയം. അതിനാൽ രക്ഷകനെക്കുറിച്ചുള്ള ആദ്യത്തെ പ്രവചനത്തിൽത്തന്നെ രക്ഷകന്റെ മാതാവും ഉൾച്ചേർന്നിരിക്കുന്നു. മനുഷ്യരക്ഷ നേടിയ പുതിയ ആദാമിനു ജന്മംനൽകിയ പുതിയ ഹവ്വായാണ് മറിയം; അതോടൊപ്പം രക്ഷയുടെ ആദ്യഫലവും. ദൈവത്തിന്റെ കല്പന ധിക്കരിച്ചതായിരുന്നു ആദ്യ ഹവ്വായുടെ പാപം. മറിയം തന്റെ സമ്പൂർണ്ണമായ അനുസരണത്തിലൂടെ അതു പരിഹരിക്കുന്നു.

ആദിമനുഷ്യനായ ആദാമിനെ പാപത്തിലേക്ക് നയിച്ചത് പ്രലോഭനത്തിനു വഴങ്ങിയ ഹവ്വായായിരുന്നു. അവളുടെ സ്ഥാനത്ത് ദൈവത്തോടു പൂർണ്ണ വിധേയത്വം പുലർത്തുകയും പുതിയ ആദാമായ

യേശുവിനോടു പൂർണ്ണമായും സഹകരിക്കുകയും ചെയ്ത മറിയം പുതിയ ഹവ്വായായി പ്രത്യക്ഷപ്പെടുന്നു. ദൈവവചനത്തോടുള്ള പൂർണ്ണമായ അനുസരണവും സഹകരണവുമാണ് പുതിയ ഹവ്വാ നമുക്ക് തരുന്ന പാഠം.

**കന്യാമാതാവ് – ഏശ 7:14**

രക്ഷകനെക്കുറിച്ചുള്ള പഴയനിയമ പ്രവചനങ്ങളിൽ ഏറ്റംകൂടുതൽ അറിയപ്പെടുന്ന ഒന്നാണ് ഏശയ്യായുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കന്യാജനനത്തെക്കുറിച്ചുള്ള പ്രവചനം: "കന്യക ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്ന് വിളിക്കപ്പെടും" (ഏശ 7:14). വിവാഹനിശ്ചയത്തിനു ശേഷം, വിവാഹത്തിനു മുമ്പ്, ഗർഭിണിയായ മറിയത്തെ സംബന്ധിച്ച് എന്ത് തീരുമാനം എടുക്കണമെന്ന് ആലോചിച്ച് ഉത്കണ്ഠാകുലനായ ജോസഫിന് ദൈവദൂതൻ നൽകുന്ന ഉത്തരത്തിൽ ഈ പ്രവചനത്തിന്റെ പൂർത്തീകരണമാണ് മറിയത്തിൽ സംഭവിച്ചതെന്ന് സുവിശേഷകൻ എടുത്തു പറയുന്നുണ്ട് (മത്താ 21:23).

മറ്റുപല പ്രവചനങ്ങളുടെ കാര്യത്തിലുമെന്നതുപോലെ ഈ പ്രവചനത്തിന്റെയും അർത്ഥതലങ്ങളെക്കുറിച്ച് ക്രമേണയാണ് വ്യക്തത കൈവന്നത്. പ്രവചനം നടന്ന ചരിത്ര സാഹചര്യത്തിൽ ഇതിന്റെ ലക്ഷ്യവും വ്യാഖ്യാനവും മറ്റൊന്നായിരുന്നു. സിറിയാ – ഇസ്രായേൽ സൈന്യങ്ങൾ സംയുക്തമായി യൂദായ്ക്കെതിരെ യുദ്ധത്തിന് നീങ്ങിയപ്പോൾ അസ്സീറിയായുടെ സഹായം തേടാൻ ശ്രമിച്ച ആഹാസ് രാജാവിനാണ് ഏശയ്യാ പ്രവാചകൻവഴി ഈ അടയാളം നൽകപ്പെട്ടത്. രാഷ്ട്രീയ കൂട്ടുകെട്ടുകൾക്ക് പോകേണ്ടതില്ല. ദൈവം തന്നെ സംരക്ഷണം നൽകും. സംശയമുണ്ടെങ്കിൽ അടയാളം ചോദിക്കാം എന്നു നിർദ്ദേശിച്ച പ്രവാചകനോട് ആഹാസ് രാജാവ് പറഞ്ഞു, അടയാളം ചോദിച്ച് ഞാൻ ദൈവത്തെ പരീക്ഷിക്കുകയില്ല (ഏശ 7:1–7).

ഇതു വിശ്വാസരാഹിത്യമായി തിരിച്ചറിഞ്ഞ പ്രവാചകൻ ദൈവം നൽകാൻ പോകുന്ന അടയാളത്തെക്കുറിച്ചു പറഞ്ഞു. പ്രവാചകൻ വാഗ്ദാനം ചെയ്യുന്ന അടയാളം രാജാവിനു പ്രസക്തമാണെങ്കിൽ ഉടനെതന്നെ പൂർത്തിയാകുന്നതാവണം. കാരണം ശത്രുസൈന്യം അതിർത്തിയിൽ ആക്രമണം തുടങ്ങിക്കഴിഞ്ഞു. 7 നൂറ്റാണ്ടുകൾക്കു ശേഷം ജനിക്കാൻ പോകുന്ന ഒരു ശിശു അയാൾക്ക് പ്രസക്തമായ ഒരടയാളമാവില്ല.

ഏശയ്യായുടെ വാക്കുകൾ ഹെസെക്കിയാക്കു മനസ്സിലാവുന്നതും ഉടനെ സംഭവിക്കാൻ പോകുന്ന ഒരു കാര്യമായിട്ടാണ് മൂലഭാഷയായ ഹീബ്രുവിൽ "അൽമാ" എന്ന പദമാണ് ഗർഭംധരിച്ചു പ്രസവിക്കാൻ പോകുന്ന സ്ത്രീക്കു വിശേഷണമായി നൽകിയിരിക്കുന്നത്. ഈ പദത്തിന് കന്യക എന്നല്ല അർത്ഥം. മറിച്ച് വിവാഹപ്രായമായ, ഗർഭധാരണശേഷിയുള്ള സ്ത്രീ എന്നത്രെ. അവൾ കന്യകയാണോ, വിവാഹിതയാണോ എന്നൊന്നും പ്രവാചകൻ പറയുന്നില്ല. അതിനാൽത്തന്നെ ആഹാസിനു നൽകുന്ന അടയാളം ഒരു ശിശുവിന്റെ കന്യകാ ജനനമല്ല, മറിച്ച് ഉടനെ, 2 വർഷങ്ങൾക്കുള്ളിൽ അയാൾ ഭയപ്പെടുന്ന ശത്രുസൈന്യം നിശ്ശേഷം നശിപ്പിക്കപ്പെടും എന്നത്രെ. ഈ ശിശുവിന് നന്മതിന്മ തിരിച്ചറിയാൻ പ്രായമാകുമ്പോഴേക്കും "നിങ്ങൾ ഭയപ്പെടുന്ന 2 രാജാക്കന്മാരുടെയും രാജ്യങ്ങൾ നിർജ്ജനമാകും" (ഏശ 7:15-16). അതു സംഭവിക്കുകയും ചെയ്തു. ബി.സി. 736 ൽ യൂദായെ ആക്രമിച്ച ഇസ്രായേൽ - സിറിയ സൈന്യം 734 ൽ അസീറിയായുടെ ആക്രമണത്തിൽ പരാജയപ്പെട്ടു; ഇരുരാജ്യങ്ങളും അസീറിയായുടെ ആധിപത്യത്തിൻ കീഴിലായി.

ആഹാസ് രാജാവ് ഏശയ്യായുടെ വാക്കുകൾ സ്വീകരിച്ചില്ല. അസീറിയായുടെ സഖ്യംതേടി. അത് പിന്നീട് യൂദായുടെ നാശത്തിനും കാരണമായി എന്നതു ചരിത്രം. നമ്മുടെ പഠന വിഷയം എമ്മാനുവേൽ പ്രവചനമാണ്. ആ പ്രവാചനത്തിന് കാലക്രമത്തിൽ വ്യത്യസ്തമായൊരു വ്യാഖ്യാനം നൽകപ്പെട്ടു. ബി.സി. 587 ൽ യൂദായിലെ രാജഭരണം അവസാനിച്ചു. ബി.സി നാലാം നൂറ്റാണ്ടായപ്പോഴേക്കും പ്രവാചകന്മാരും ഇല്ലാതായി. ബി.സി അഞ്ചാം നൂറ്റാണ്ടിന്റെ പകുതിയോടെ അതുവരെ ലഭ്യമായിരുന്ന പ്രവചനങ്ങൾ ശേഖരിച്ച് പുസ്തകങ്ങളായി രൂപപ്പെടുത്താൻ തുടങ്ങി. അതോടൊപ്പം മുൻകാലങ്ങളിൽ നൽകപ്പെട്ടിരുന്ന പ്രവചനങ്ങൾ കൂടുതൽ ആഴമേറിയ അർത്ഥതലങ്ങൾ ഉൾക്കൊള്ളുന്നു എന്ന ബോധ്യവും ശക്തിപ്പെട്ടു. അതോടെ പല പ്രവചനങ്ങൾക്കും പുതുതായ വ്യാഖ്യാനം നൽകപ്പെട്ടു.

ജനത്തെ നയിക്കാൻ ദൈവം നിരന്തരമായി ഒരു പ്രവാചകനെ അയച്ചുകൊണ്ടിരിക്കും എന്ന വാഗ്ദാനം (നിയ 18:15-18) വരാനിരിക്കുന്ന മോശയെപ്പോലുള്ള ഒരു പ്രവാചകനെക്കുറിച്ചുള്ള പ്രവചനമായി വ്യാഖ്യാനിക്കപ്പെട്ടു. രക്ഷകനെ സംബന്ധിച്ച പ്രവചനങ്ങൾ എല്ലാംതന്നെ ഇപ്രകാരം സാവകാശമാണ് ശരിയായ, ആഴമേറിയ

അർത്ഥത്തിൽ മനസ്സിലാക്കാൻ തുടങ്ങിയത്. പഠനവിഷയമായ എമ്മാനുവേൽ പ്രവചനത്തിലും ഇതുതന്നെ സംഭവിച്ചു. ഹീബ്രു ബൈബിൾ ഗ്രീക്കിലേക്ക് തർജ്ജമ ചെയ്തപ്പോൾ "അൽമാ" എന്ന പദത്തിന് പർത്തീനോസ് എന്ന പദമാണ് സപ്തതി എന്നറിയപ്പെടുന്ന ഗ്രീക്ക് വിവർത്തനത്തിന്റെ കർത്താക്കൾ ഉപയോഗിച്ചത്. "കന്യക" എന്നാണ് ഈ ഗ്രീക്കു വാക്കിനർത്ഥം.

ഇങ്ങനെ ഒരു വ്യാഖ്യാന സാധ്യത മൂലപദത്തിനുണ്ട്. എന്നാൽ പ്രവാചകന്റെ സമകാലികർ അതു മനസ്സിലാക്കിയില്ല. തന്നെയുമല്ല, പ്രവചനങ്ങൾ പൊതുവെ രണ്ടുതലത്തിലുള്ള അർത്ഥം ഉൾക്കൊള്ളുന്നു എന്നകാര്യവും ഇവിടെ ശ്രദ്ധേയമാകുന്നു. സമകാലികരായ കേൾവിക്കാർക്കു മനസ്സിലാകുന്നതും പ്രസക്തമായതുമാണ് ഏറ്റം വ്യക്തമായ ആദ്യതലം. സങ്കീ 2:7; 110:1 മുതലായവ വ്യക്തമായ ഉദാഹരണങ്ങളാണ്. രാജാവിന്റെ അഭിഷേകവും സ്ഥാനാരോഹണവുമായി ബന്ധപ്പെട്ട ഈ വചനങ്ങൾ കാലക്രമത്തിൽ വരാനിരിക്കുന്ന മിശിഹാ രാജാവിനെക്കുറിച്ചുള്ള പ്രവചനങ്ങളായി വ്യാഖ്യാനിക്കപ്പെട്ടു. ആഴമേറിയ അർത്ഥം എന്നാണ് ഈ വ്യാഖ്യാനം അറിയപ്പെടുക. ഈ അർത്ഥത്തിലാണ് എമ്മാനുവേൽ പ്രവചനം പുതിയനിയമ കാലത്ത് വ്യാഖ്യാനിക്കപ്പെട്ടിരുന്നത്. ഇത് വചനത്തിന്റെ തെറ്റായ വ്യാഖ്യാനമല്ല, ദൈവിക വെളിപാടിന്റെ ആഴങ്ങളിലേക്ക് ദൈവാത്മാവ് നൽകുന്ന ഉൾക്കാഴ്ച്ചയാണ്.

അതിനാൽ ആഹാസിന് ഏശയ്യാ പ്രവാചകനിലൂടെ നൽകപ്പെട്ട അടയാളം അക്ഷരാർത്ഥത്തിൽ പൂർത്തിയാകുന്നത് നസ്രത്തിലെ ജോസഫ് എന്ന മരപ്പണിക്കാരനു വിവാഹനിശ്ചയം ചെയ്യപ്പെട്ടിരുന്ന മറിയം എന്ന കന്യകയിലാണ്. ജനിക്കാൻ പോകുന്ന ശിശു ദൈവപുത്രനായിരിക്കും; അവന് ശാരീരികമായ ഒരു പിതാവുണ്ടായിരിക്കുകയില്ല എന്നതാണ് ഈ വിവരണംവഴി പഠിപ്പിക്കുന്നത്. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും. ഇതാണ് പ്രവചനത്തിന്റെ കേന്ദ്രം. മറിയത്തിൽനിന്നു ജനിക്കുന്നത് നമ്മോടുകൂടെ വസിക്കുന്ന ദൈവമായിരിക്കും. അതിനാൽ മറിയം ഒരേസമയം കന്യകയും ദൈവമാതാവുമാകുന്നു.

### പ്രതീകങ്ങൾ

പഴയനിയമത്തിലെ പല വ്യക്തികളും സംഭവങ്ങളും വസ്തുക്കളും മറിയത്തെ സൂചിപ്പിക്കുന്ന പ്രതീകങ്ങളായി വ്യാഖ്യാനിക്കാറുണ്ട്. ഇതിൽ 3 പ്രതീകങ്ങൾ സവിശേഷ ശ്രദ്ധ അർഹിക്കുന്നു. സീയോൻ പുത്രി, ഉടമ്പടിയുടെ പേടകം, മണവാട്ടി.

**1. സീയോൻ പുത്രി**

ഇസ്രായേൽ ജനത്തെ പൊതുവെ സൂചിപ്പിക്കാൻ അനേകം തവണ, പ്രത്യേകിച്ചും പ്രവചന ഗ്രന്ഥങ്ങളിൽ, ഉപയോഗിക്കുന്ന ഒരു പ്രതീകമാണിത്. ഇസ്രായേൽ ജനത്തിന്റെ രാഷ്ട്രീയവും മതാത്മകവുമായ തലസ്ഥാനമായിരുന്നു ജബുസനിൽ നിന്ന് ദാവീദ് പിടിച്ചെടുത്ത ജറുസലേം. ഈ നഗരത്തെ ജനത്തിന്റെ മാതാവായും പ്രതീകമായും പ്രവാചകന്മാർ വിശേഷിപ്പിച്ചു. ജറുസലേം പുത്രി, സീയോൻ പുത്രി, സീയോൻ കന്യക എന്നൊക്കെയുള്ള വിശേഷണങ്ങളുണ്ടായി.

ഇസ്രായേൽ ജനവും ദൈവവുമായുള്ള ബന്ധത്തെ വിവാഹബന്ധമായി ചിത്രീകരിച്ച ഹോസിയാ പ്രവാചകന്റെ കാലംമുതൽ ഇസ്രായേൽ ദൈവജനത്തിന്റെ മണവാട്ടിയെന്ന രീതിയിൽ കന്യകയും അതേസമയം ദൈവജനത്തിന്റെ അമ്മയുമായി പരിഗണിക്കപ്പെടാൻ തുടങ്ങി. ദൈവം തന്റെ സ്വന്തം ജനമായി തിരഞ്ഞെടുത്ത ജനം അന്യദൈവങ്ങളെ ആരാധിക്കുന്നത് വിഗ്രഹാരാധനയും ഒപ്പം വ്യഭിചാരവുമായി പരിഗണിക്കപ്പെട്ടു. സീനായ് ഉടമ്പടിയെ വിവാഹ ഉടമ്പടിയായി കാണുമ്പോൾ ആ ഉടമ്പറിയുടെ ലംഘനത്തെ വ്യഭിചാരം എന്ന് വിശേഷിപ്പിക്കുക സ്വഭാവികമാണല്ലോ. ഈ വിധത്തിലാണ് പ്രവാചകന്മാർ ജനത്തിന്റെ പാപത്തെ വ്യാഖ്യാനിച്ചത്. ‘‘വിശ്വസ്ത നഗരം വേശ്യയായതെങ്ങനെ?’’ (ഏശ 1:21) എന്ന ഏശയ്യായുടെ കുറ്റാരോപണം ഒറ്റപ്പെട്ടതല്ല. എസെ 16 ഈ വിധത്തിലുള്ള ഏറ്റം വ്യക്തവും നിശിതവുമായ വിമർശനമായി കാണാം.

പുതിയ ഹവ്വാ എന്ന ആശയത്തിലെന്നപോലെ ഇവിടെയും മറിയം പഴയതിൽനിന്നു വ്യത്യസ്തമായി നിൽക്കുന്നു. ആദ്യ ഹവ്വാ പരാജയപ്പെട്ടിടത്ത് പുതിയ ഹവ്വാ ജയിച്ചു. അങ്ങനെ അവൾ പുതിയ ജറുസലേമിന്റെ പ്രതീകമായി. വിശ്വസ്തയും കന്യകയുമായ വധുവും അതേസമയം ദൈവജനത്തിന്റെ അമ്മയുമാണ് മറിയം. പഴയ സീയോനിൽനിന്ന് ദൈവം എന്തു പ്രതീക്ഷിച്ചുവോ അത് മറിയത്തിൽ പൂർത്തിയായി. അതിനാൽ സീയോൻ കന്യക - ജറുസലേം പുത്രി എന്ന വിശേഷണം മറിയത്തിന് പ്രതീകാത്മകമായി ഉപയോഗിക്കുന്നു.

**2. ഉടമ്പടിയുടെ പേടകം**

ജനമദ്ധ്യേയുള്ള ദൈവിക സാന്നിധ്യത്തിന്റെ ദൃശ്യമായ അട

യാളമായിരുന്നു ഉടമ്പടിയുടെ പേടകം. സീനായ് മലയിൽവച്ച് ദൈവം നൽകിയ നിർദ്ദേശങ്ങളനുസരിച്ചാണ് പേടകം നിർമ്മിച്ചത്. ഉടമ്പടിയുടെ പ്രമാണ പലകകൾ ഉള്ളിൽ സൂക്ഷിച്ചിരുന്നതിനാൽ, "ഉടമ്പടിയുടെ പേടകം" എന്നും ദൈവം ഉടമ്പടിയിലൂടെ തങ്ങളെ സ്വന്തം ജനമായി സ്വീകരിച്ചിരിക്കുന്നു എന്നതിന്റെ ദൃശ്യമായ അടയാളമായതിനാൽ "സാക്ഷ്യപേടകം" എന്നും ദൈവം നൽകിയ വാഗ്ദാനങ്ങൾ ഉൾക്കൊള്ളുന്നതിനാൽ "വാഗ്ദാന പേടകം" എന്നും ഇത് വിളിക്കപ്പെട്ടിരുന്നു.

"ദൈവം അരുളിച്ചെയ്ത വചനങ്ങൾ" എന്നാണ് പ്രമാണങ്ങളെ ബൈബിൾ വിശേഷിപ്പിക്കുന്നത് (പുറ 20:1). ജനത്തെ സംബന്ധിച്ച് വെളിപ്പെടുത്തപ്പെട്ട ദൈവഹിതമാണ് 10 പ്രമാണങ്ങളായി 2 പലകകളിൽ എഴുതിയിരുന്നത്. വചനത്തിലൂടെ തന്റെ ഹിതമറിയിച്ചുകൊണ്ട് ദൈവം ജനമധ്യത്തിൽ സന്നിഹിതനാകുന്നു എന്ന് പേടകം സൂചിപ്പിക്കുന്നു. മരുഭൂമിയിൽവച്ച് ദൈവം നൽകിയ സംരക്ഷണത്തെ അനുസ്മരിപ്പിക്കുന്ന "മന്ന"യും അഹറോനിലെ ജനമദ്ധ്യേ പ്രകടമാകുന്ന ദൈവീകാധികരത്തെ സൂചിപ്പിക്കുന്ന അഹറോന്റെ തളിർത്ത വടിയും (പുറ 16:32-34; സംഖ്യ 17:8-11) പേടകത്തോടൊന്നിച്ചുണ്ടായിരുന്നു. രണ്ടും ദൈവിക സാന്നിധ്യത്തിന്റെ ദൃശ്യമായ അടയാളങ്ങൾതന്നെ.

ദൈവവചനം മാംസം ധരിച്ചതും ആദ്യമായി വസിച്ചതും മറിയത്തിന്റെ ഉദരത്തിലാണ്. അതിനാൽ വചനം സൂക്ഷിച്ചിരുന്ന പേടകം മറിയത്തിന്റെ ഒരു പ്രതീകമായി മാറുന്നു. ദൈവാത്മാവിന്റെ പ്രത്യേക പ്രവർത്തനത്താൽ ദൈവവചനത്തെ ഗർഭംധരിച്ച് പ്രസവിക്കുക മാത്രമല്ല, ദൈവവചനത്തെ ഹൃദയത്തിൽ സൂക്ഷിക്കുകയും നിരന്തരം ധ്യാനവിഷയമാക്കുകയും ചെയ്തിരുന്നതിനാലും മറിയത്തെ വാഗ്ദാനത്തിന്റെ പേടകം എന്നു വിളിക്കുന്നു. ഈ അർത്ഥത്തിൽ മറിയം നമുക്ക് ഒരു മാതൃകയുമാണ് - വചനം ഹൃദയത്തിൽ സൂക്ഷിക്കാനും ധ്യാനവിഷയമാക്കാനും ജീവിതത്തിൽ പകർത്താനും പ്രചോദനം നൽകുന്ന മാതൃക.

### 3. ഉത്തമ ഗീതത്തിലെ മണവാട്ടി

ദൈവത്തിന്റെ ഛായയിൽ, സ്ത്രീയും പുരുഷനുമായി സൃഷ്ടിക്കപ്പെട്ട മനുഷ്യരിൽ ദൈവംതന്നെ നിക്ഷേപിച്ചതാണ് സ്നേഹം. ഈ സ്നേഹത്തിന്റെ അത്യുദാത്തമായ ഭാവമാണ് സ്ത്രീപുരുഷന്മാർ തമ്മിലുള്ള സ്നേഹം. വിവാഹത്താൽ പരസ്പരം ബന്ധിതരായി, സ്നേഹത്തിൽ ഒന്നാകുന്നതിനു പ്രേരിപ്പിക്കുന്ന പ്രേമത്തിന്റെ

മനോഹരവും കാവ്യാത്മകവുമായ അവതരണം "ഉത്തമഗീതം" എന്ന ബൈബിൾ ഗ്രന്ഥത്തിൽ കാണാം. ഗാഢമായി പരസ്പരം പ്രേമിക്കുന്ന ഒരു പുരുഷനും സ്ത്രീയും തമ്മിലുള്ള സംഭാഷണ മായിട്ടാണ് ഈ പുസ്തകം അവതരിപ്പിച്ചിരിക്കുന്നത്. ശാരീരിക ലൈംഗികതയ്ക്കപ്പുറം അനേകം മിസ്റ്റിക് മാനങ്ങൾ ഉൾക്കൊള്ളുന്ന ഈ കാവ്യത്തെ പലതലങ്ങളിൽ വ്യാഖ്യാനിക്കാനാവും.

പരസ്പരം സ്നേഹിക്കുന്ന മണവാളന്റെയും മണവാട്ടിയുടെയും ചിത്രങ്ങൾക്കു പിന്നിൽ ദൈവത്തിന്റെയും മനുഷ്യാത്മാവിന്റെയും ചിത്രങ്ങൾ കാണാം. മാത്രമല്ല, ദൈവവും ദൈവജനവും തമ്മിലുള്ള ബന്ധത്തിന്റെ കാവ്യാത്മക ചിത്രീകരണമായും ഇതിനെ കാണാൻ കഴിയും. പൂർണ്ണ ഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുകയും ദൈവത്തിന് സ്വയം സമർപ്പിക്കാൻ വെമ്പൽ കൊള്ളുകയും ചെയ്യുന്ന മനുഷ്യാത്മാവും ദൈവജനവും മറിയത്തിൽ സാക്ഷാ ത്കരിക്കപ്പെടുന്നു. അങ്ങനെ ഉത്തമഗീതത്തിലെ മണവാട്ടിയിലും മറിയത്തിന്റെ ഒരു പ്രതീകം കാണാൻ കഴിയും. സ്നേഹം, വിശ്വ സ്തത, ആത്മസമർപ്പണം, എന്നേയ്ക്കും ഒന്നാകാനുള്ള തീവ്രമായ ആഗ്രഹം എന്നിവയെല്ലാം ഈ പ്രതീകാത്മകതയുടെ സവിശേഷ തകളും അനുകരണാർഹമായ മാതൃകകളും ആയി പരിഗണിക്കാം.

### പഴയനിയമ പ്രതീകങ്ങൾ

- ഉൽപ 6, 14/ പുറ 37,1 - മറിയം ഉടമ്പടിയുടെ പേടകം
- ഏശയ്യ 7, 14 - കന്യകയായ മറിയം, രക്ഷകന്റെ മാതാവ് (ഏശയ്യ 8, 8-9)
- മിക്ക 5, 2-3 - രക്ഷകന്റെ ജനനം ബത്‌ലഹേമിൽ
- ഉൽപ 6, 9 - നോഹിന്റെ പെട്ടകം മറിയത്തിന്റെ പ്രതീകം
- ഉൽപ 28, 12 - സ്വർഗ്ഗത്തിലേയ്ക്കുള്ള ഗോവണി, മറിയം രക്ഷ യിലേക്കുള്ള ഗോവണി
- പുറ 3, 1 - എരിയാത്ത മുൾച്ചെടി, കറയില്ലാത്ത കന്യക
- 1 രാജ 8 - മറിയം പ്രഥമ സക്രാരി
- സുഭാഷിതങ്ങൾ 8, 22 പ്രഭാഷകൻ 24, ജ്ഞാനം 6, 79; ഉത്തമ ഗീതം 8 എന്നിവയിലും മരിയൻ പ്രതീകങ്ങളും പരാമർശ ങ്ങളും ഉൾക്കൊള്ളുന്നു എന്നാണു മരിയശാസ്ത്രം.

## മറിയം പുതിയനിയമത്തിൽ

മറിയത്തെക്കുറിച്ചുള്ള പരാമർശങ്ങളുടെ കാര്യത്തിൽ പുതിയ നിയമഗ്രന്ഥങ്ങളിൽ ക്രമേണയുള്ള ഒരു വളർച്ച കാണാം. 21 ലേഖ

നങ്ങളിൽ ആകെ ഒരു തവണ മാത്രമേ മറിയം പരാമർശവിഷയമാകുന്നുള്ളൂ, അതും നേരിട്ടല്ലതാനും: ‘‘സ്ത്രീയിൽ നിന്നു ജാതനായി’’ (ഗലാ 4,4) എന്ന പ്രസ്താവന ദൈവപുത്രന്റെ മനുഷ്യാവതാരത്തെക്കുറിച്ചുള്ള പ്രബോധനമാണ്; മറിയത്തെക്കുറിച്ച് നേരിട്ട് ഒന്നും പറയുന്നില്ല. അപ്പസ്തോലപ്രവർത്തനങ്ങളിൽ ഒരിക്കൽ മറിയം പരാമർശവിഷയമാകുന്നുണ്ട്. യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം പരിശുദ്ധാത്മാവിന്റെ ആഗമനത്തിനുവേണ്ടി പ്രാർത്ഥനാപൂർവ്വം കാത്തിരിക്കുന്ന ശിഷ്യഗണത്തിലാണ് മറിയം പ്രത്യക്ഷപ്പെടുന്നത് (അപ്പ 1,14).

## മർക്കോസിന്റെ സുവിശേഷത്തിൽ

സുവിശേഷങ്ങളിൽ ആദ്യം രചിക്കപ്പെട്ടതായി കരുതപ്പെടുന്ന മർക്കോസിന്റെ സുവിശേഷത്തിൽ മറിയം രണ്ടുതവണ പരാമർശിക്കപ്പെടുന്നുണ്ട്. യേശുവിനു സുബോധം നഷ്ടപ്പെട്ടു എന്ന വാർത്ത കേട്ട് അവനെ പിടിച്ചു കൊണ്ടുപോകാൻ (മർക്കോ 3,21) പുറപ്പെട്ട സ്വന്തക്കാരുടെ കൂടെയാണ് മറിയം നില്ക്കുന്നത് (മർക്കോ 3,32) അമ്മയും സഹോദരങ്ങളും പുറത്ത് കാത്തു നില്ക്കുന്നു എന്നറിഞ്ഞപ്പോൾ യേശുവിന്റെ ചോദ്യം തികച്ചും ആശ്ചര്യകരമായി തോന്നാം. ‘‘ആരാണ്’’ എന്റെ അമ്മയും സഹോദരങ്ങളും? ദൈവത്തിന്റെ ഹിതം നിറവേറ്റുന്നവരാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും (മർക്കോ 3:34-35). അമ്മയെ തള്ളിപ്പറയുന്നതായി പ്രത്യക്ഷത്തിൽ തോന്നാമെങ്കിലും മറിയത്തിന്റെ യഥാർത്ഥ മഹത്വത്തിലേക്കു ശ്രദ്ധ ക്ഷണിക്കുകയാണ് ചെയ്യുന്നതെന്നു യേശു തന്നെ നല്കുന്ന വിശദീകരണത്തിൽ നിന്നു വ്യക്തമാകും. ശാരീരികമായ മാതൃത്വത്തിനുപരി. അമ്മ ദൈവഹിതം അനുസരിക്കുന്നതിനാണ് പ്രാധാന്യം നൽകുന്നത്. നസ്രത്തിലെ തിരസ്കരണത്തിന്റെ ഭാഗമായാണ് രണ്ടാംതവണ മർക്കോസിന്റെ സുവിശേഷത്തിൽ മറിയം പ്രത്യക്ഷപ്പെടുന്നത്. ‘‘ഇവൻ മറിയത്തിന്റെ മകനും..... അല്ലേ?’’ (6,3). സ്വന്തം നാട്ടുകാർ യേശുവിലോ അവന്റെ അമ്മയിലോ അസാധാരണമായി ഒന്നും കണ്ടില്ല എന്ന സൂചനയാണ് ഈ പ്രസ്താവനയിലൂടെ പ്രകടമാകുന്നത്. അസാധാരണത്വത്തിന്റെ അഭാവം തന്നെ അവർക്ക് ഇടർച്ചയ്ക്കു കാരണമായി. ഇവിടെയും മറിയത്തിന് എന്തെങ്കിലും പ്രാധാന്യം കല്പിക്കുന്നതായി പ്രത്യക്ഷത്തിൽ കാണാനാകില്ല. പിന്നീട് മറിയത്തെക്കുറിച്ച് മർക്കോസിന്റെ സുവിശേഷത്തിൽ ഒന്നും പറയുന്നില്ല. കുരിശിൻ ചുവട്ടിൽ നില്ക്കുന്ന സ്ത്രീകളുടെ കൂടെ മറിയത്തിന്റെ പേരു കാണാത്തത് തികച്ചും ആശ്ചര്യകരമാകുന്നു.

**മത്തായിയുടെ സുവിശേഷത്തിൽ**

മത്തായിയുടെ സുവിശേഷത്തിൽ മറിയത്തിന് കൂടുതൽ പ്രാധാന്യം നല്കുന്നുണ്ട്. പരസ്യജീവിതത്തിന്റെ വിവരണത്തിൽ മത്തായി മർക്കോസിന്റെ പരാമർശങ്ങൾ മാത്രമേ അവതരിപ്പിക്കുന്നുള്ളൂ. എന്നാൽ, യേശുവിന്റെ ജനനവും ബാല്യകാലവും അവതരിപ്പിക്കുന്ന ആദ്യത്തെ രണ്ട് അധ്യായങ്ങളിൽ മറിയത്തിനു കൂടുതൽ പ്രാധാന്യം നല്കുന്നതായി കാണാം. യേശുവിനെ അബ്രാഹത്തിന്റെ പുത്രനായ രക്ഷകനും ദാവീദിന്റെ പുത്രനായ മിശിഹാ രാജാവും ആയി അവതരിപ്പിക്കുന്ന വംശാവലി ജോസഫിലാണ് അവസാനിക്കുന്നതെങ്കിലും ആ ജോസഫിന്റെ ഭാര്യയായ മറിയത്തിൽ നിന്നാണ് ക്രിസ്തു എന്നു വിളിക്കപ്പെടുന്ന യേശു ജനിച്ചത് എന്ന് എടുത്തു പറയുമ്പോൾ (മത്താ 1,16) മറിയത്തിനും മാതൃത്വത്തിനും പ്രാധാന്യം നല്കുന്നതായി കാണാം. യേശുവിന്റെ കന്യാജനനത്തിനു പ്രാധാന്യം നല്കുന്നതാണ് അടുത്ത വിവരണം. കന്യകയായിരിക്കെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ മറിയം ഗർഭിണിയായി എന്ന സത്യം ദൈവത്തിന്റെ ദൂതൻ ജോസഫിന് സ്വപ്നത്തിൽ വെളിപ്പെടുത്തുന്നു. ഇത് പ്രവചനത്തിന്റെ പൂർത്തീകരണമാണെന്നും ദൂതൻ അറിയിക്കുന്നു (മത്താ 1:20–23). ദൈവത്തിന്റെ പ്രത്യേകമായ തിരഞ്ഞെടുപ്പും കൃപാകടാക്ഷവും വഴി മറിയം കന്യകയും അതേ സമയം ദൈവപുത്രന്റെ മാതാവുമായി എന്ന് സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നു.

ജ്ഞാനികളുടെ സന്ദർശനം വിവരിക്കുമ്പോഴും മത്തായി മറിയത്തിന് പ്രത്യേക പ്രാധാന്യം നല്കുന്നുണ്ട്. "അവർ ഭവനത്തിൽ പ്രവേശിച്ച്, ശിശുവിനെ അമ്മയായ മറിയത്തോടുകൂടെ കാണുകയും അവനെ കുമ്പിട്ട് ആരാധിക്കുകയും ചെയ്തു" (2,11). യഹൂദരുടെ രാജാവായി ജനിച്ച രക്ഷകനെ തേടിയിറങ്ങിയ വിജാതീയർ മാതാവായ മറിയത്തോടുകൂടെയാണ് ശിശുവിനെ കണ്ടെത്തിയത് എന്ന വിശദാംശത്തിലൂടെ മത്തായി മറിയത്തിനു വീണ്ടും പ്രാധാന്യം നല്കുന്നു. യേശുവിനെ തേടുന്നവർ അവനെ തന്റെ അമ്മയോടൊപ്പമായിരിക്കും കാണുക എന്ന സൂചനയിൽ ആഴമേറിയ ധ്വനികളുണ്ട്. എന്നാൽ ആരാധന യേശുവിനു മാത്രമേ നൽകാവൂ, മറിയം ആരാധനയ്ക്കു വിഷയമല്ല എന്ന സൂചനയും ഈ പ്രസ്താവനയിലുണ്ട്. ഈജിപ്തിലേക്കുള്ള പലായനത്തിലും നസ്രത്തിലേയ്ക്കുള്ള മടക്കയാത്രയിലും യേശുവിന്റെ അമ്മ പരാമർശവിഷയമാകുന്നുണ്ട്. എന്നാൽ മറിയത്തിന് പ്രത്യേകമായ ഒരു ദൗത്യമോ പ്രാധാന്യമോ കല്പിച്ചു കാണുന്നില്ല. ഇവിടെയെല്ലാം ശ്രദ്ധാകേന്ദ്രം ലോക

രക്ഷകനായ യേശുക്രിസ്തുവാണ് മറിയമല്ല. മറിയത്തെക്കുറിച്ചുള്ള പരാമർശങ്ങളെല്ലാം യേശുവിനോട് ബന്ധപ്പെട്ടതത്രെ. ആ ബന്ധ മാണ് മറിയത്തിന്റെ പ്രാധാന്യത്തിന് അടിസ്ഥാനം.

**ലൂക്കായുടെ സുവിശേഷത്തിൽ**

പരിശുദ്ധ കന്യാമറിയത്തെക്കുറിച്ച് ഏറ്റം ദീർഘവും വിശദവു മായ വിവരണങ്ങൾ ലൂക്കായുടെ സുവിശേഷത്തിലാണ് ഉള്ളത്. ബാല്യകാല സുവിശേഷം എന്നറിയപ്പെടുന്ന ആദ്യത്തെ രണ്ട് അദ്ധ്യായങ്ങളിൽ ഏതാണ്ട് പകുതിയോളം മറിയത്തെക്കുറിച്ചുള്ള മുന്നറിയിപ്പ് മത്തായിയുടെ സുവിശേഷത്തിൽ ജോസഫിനാണു നല്കുന്നത്. ബാല്യകാല സുവിശേഷത്തിൽ മത്തായി മറിയത്തെ ക്കാൾ ജോസഫിനു പ്രാധാന്യം നല്കുന്നതായും കാണാം. എന്നാൽ ലൂക്കാ മറിയത്തെ കേന്ദ്രീകരിച്ചാണ് വിവരണങ്ങൾ അവതരിപ്പിച്ചി രിക്കുന്നത്.

പരസ്യജീവിതകാലത്ത് മറ്റു രണ്ടു സുവിശേഷങ്ങളും രേഖപ്പെ ടുത്തിയിരിക്കുന്നതും മറിയത്തെക്കുറിച്ച് തെറ്റിദ്ധാരണയ്ക്കു ഇട നല്കാവുന്നതുമായ നസ്രത്തുകാരുടെ പ്രതികരണം (മർക്കോ 6:3-4, മത്താ 13:55-56) ലൂക്കാ ഒഴിവാക്കിയിരിക്കുന്നു. "ഇവൻ ജോസഫിന്റെ മകനല്ലേ?" (ലൂക്കാ 4:22) എന്നാണ് നസ്രത്തുകാരുടെ ചോദ്യം. തന്നെ കാണാൻ വന്ന അമ്മയെയും ബന്ധുക്കളെയും കുറിച്ചുള്ള പരാമർശത്തിൽ "ആരാണ് എന്റെ അമ്മ?" എന്ന ചോദ്യം ഒഴിവാക്കി; പകരം അമ്മയുടെ പ്രത്യേകതയ്ക്ക് ഊന്നൽ നല്കുന്നതായും കാണാം. "ദൈവവചനം ശ്രവിക്കുകയും അതനുസരിച്ച് പ്രവർത്തി ക്കുകയും ചെയ്യുന്നവരാണ് എന്റെ അമ്മയും സഹോദരരും" (ലൂക്കാ 8:21).

ഇതിനു പുറമേ യേശുവിന്റെ അമ്മയെ ഒരു സ്ത്രീ പുകഴ്ത്തി പറയുന്നതും അതിനു യേശു നല്കുന്ന മറുപടിയും ലൂക്കായിൽ മാത്രമേ കാണൂ. "ദൈവവചനം കേട്ട് അത് പാലിക്കുന്നവർ കൂടു തൽ ഭാഗ്യവാന്മാർ" (ലൂക്കാ 11:28). ശാരീരികമായ മാതൃത്വത്തിനു പരി തന്റെ അമ്മയുടെ വിശ്വാസത്തിന്റെയും അനുസരണത്തിന്റെയും ജീവിതത്തിനാണ് യേശു പ്രാധാന്യം നല്കുന്നത്. ദൈവവചനം ശ്രവിക്കുക, നിരന്തരം ധ്യാനവിഷയമാകുക, അതനുസരിച്ചു ജീവി ക്കുക - ഇതാണ് മറിയത്തിന്റെ പ്രത്യേകതയായി ഈ സംഭവത്തി ലൂടെ സുവിശേഷകൻ ഊന്നിപ്പറയുന്നത്.

## കർത്താവിന്റെ ദാസി

ദൂതന്റെ വിശദീകരണത്തിലൂടെ തന്റെ ദൗത്യം എന്തെന്ന് മനസ്സിലാക്കിയ മറിയം മറുപടി നല്കി. "ഇതാ കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ ഭവിക്കട്ടെ!" (ലൂക്കാ 1:38). മറിയത്തിന്റെ സ്വത്വം മുഴുവൻ പ്രകടമാകുന്നതാണ് ഈ മറുപടി "ദൂലേ" എന്ന ഗ്രീക്കു വാക്കിന്റെ വിവർത്തനമാണ് ദാസി. ദാസിക്ക് സ്വന്തമായി ഒന്നുമില്ല. പൂർണ്ണമായും യജമാനന്റെ സ്വത്താണവൾ. എന്തുചെയ്യണം, എന്തുചെയ്യരുത് എന്നു തീരുമാനിക്കുന്നത് അവളല്ല, യജമാനനാണ്. ഇനി അങ്ങോട്ട് മറിയത്തിനു സ്വന്തമായി ഒരു തീരുമാനമില്ല, പദ്ധതിയുമില്ല. യജമാനൻ എന്താഗ്രഹിക്കുന്നുവോ അതാണ് അവളുടെ ഹിതം. "എന്റെ ഹിതമല്ല, നിന്റെ ഹിതം നിറവേറട്ടെ" (ലൂക്കാ 22:22) എന്ന് രക്തം വിയർക്കുന്ന മാനസിക സംഘർഷത്തിനിടെ മകൻ പ്രാർത്ഥിച്ചത് അമ്മയുടെ ഈ തീരുമാനത്തിന് ഒരു വിശദീകരണമാകുന്നു.

വിവാഹനിശ്ചയത്തിനു ശേഷം വരൻ അറിയാതെ ഗർഭിണിയാകുന്നതിന്റെ ഭവിഷ്യത്തുകൾ അറിയാത്തവളല്ല മറിയം. ജോസഫ് തന്നെ സ്വീകരിക്കുന്നില്ലെങ്കിൽ, വിചാരണയ്ക്കു വിട്ടുകൊടുത്താൽ സംഭവിക്കുന്നത് കല്ലേറുകൊണ്ടുള്ള മരണമാണെന്ന യഹൂദനിയമം (നിയ 22:13-21) മറ്റേത് ഇസ്രായേൽക്കാരെയും പോലെ അവൾക്കും അറിയാം. പക്ഷേ അവൾക്കു ഭയമില്ല. കാരണം അവൾ മറ്റാരുടേയുമല്ല കർത്താവിന്റെ ദാസിയാണ്. അവൾക്ക് എന്തു സംഭവിക്കണമെന്നതും നിശ്ചയിക്കുന്നതും കർത്താവു തന്നെ.

## വിശ്വസിച്ചവൾ ഭാഗ്യവതി

ദൈവദൂതൻ അറിയിച്ച സന്ദേശം സ്വീകരിച്ച മറിയം തന്റെ ചാർച്ചക്കാരിയെ സന്ദർശിച്ച സംഭവമാണ് ലൂക്കാ അടുത്തതായി വിവരിക്കുന്നത് (1:39-45). ഏകദേശം നൂറ്റിമുപ്പത്തഞ്ചു കിലോമീറ്റർ യാത്ര ചെയ്താണ് മറിയം നസ്രത്തുനിന്നു അയിൻകരീം എന്ന ഗ്രാമത്തിൽ എത്തിയത്. യാത്രയിലെ സാഹസികത അനുവാചകർക്ക് വിട്ടിട്ട് സുവിശേഷകൻ രണ്ടു കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. എലിസബത്തിന്റെ ഗർഭസ്ഥശിശു കുതിച്ചു ചാടി. എലിസബത്ത് പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. ഇതാണ് ഒന്ന്. രക്ഷകനെ ഉദരത്തിൽ വഹിക്കുന്ന മറിയത്തിന്റെ സാന്നിധ്യം സമീപസ്ഥർ പരിശുദ്ധാത്മാവിനാൽ നിറയാൻ കാരണമായി. എലിസബത്ത് ഉതിർക്കുന്ന കൃതജ്ഞതാഗീതമാണ് രണ്ടാമത്തേത്. അവിടെ മറിയത്തിനു രണ്ട് വിശേ

ഷണങ്ങൾ നല്കുന്നു. 1. കർത്താവിന്റെ അമ്മ (ദൈവമാതാവ്). 2. വിശ്വസിച്ച ഭാഗ്യവതി. മറിയത്തിന്റെ വിശ്വാസമാണ് എലിസബത്ത് പ്രത്യേകമായി എടുത്തു പറയുന്നത്. മറിയത്തിന്റെ ആധ്യാത്മികത യിൽ സുപ്രധാനമായ ഒരു ഘടകമാണ് അവളുടെ വിശ്വാസം, അഗ്നി പരീക്ഷണങ്ങളെ അതിജീവിച്ച ശക്തമായ വിശ്വാസം.

## സ്തുതിപ്പിന്റെ ജീവിതം

എലിസബത്തിന്റെ കൃതജ്ഞതാഗീതം മറിയത്തിന്റെ സ്ത്രോത്ര ഗീതത്തിന് വഴിയൊരുക്കി. ഭാവിയെ സംബന്ധിച്ച ഉത്കണ്ഠയോ ഭയമോ അവൾക്കില്ല. ദൈവകരങ്ങളിൽ പൂർണ്ണമായി വിട്ടുകൊടു ത്ത അവൾ സന്തോഷപൂരിതയാണ്. സംഭവിച്ചതും സംഭവിക്കു ന്നതും ഇനി സംഭവിക്കാനിരിക്കുന്നതും എല്ലാം നന്മമാത്രമായി രിക്കും എന്നുറച്ച ബോധ്യം അവൾക്കുണ്ട്. ദൂതൻ നല്കിയിരുന്ന അടയാളം അവൾ നേരിട്ടു കണ്ടു. ഗർഭിണിയായ വന്ധ്യ. ദൈവ ത്തിന്റെ രക്ഷാപദ്ധതിയിൽ തനിക്ക് നല്കപ്പെട്ടിരിക്കുന്ന അനന്യവും അതിപ്രധാനവുമായ സ്ഥാനം അവൾ തിരിച്ചറിഞ്ഞു. തന്റെ ജീവി തത്തിൽ പ്രത്യേകമാംവിധം ഇടപെട്ട ദൈവം രക്ഷാചരിത്രത്തെ അതിന്റെ നിർണ്ണായകമായ വഴിത്തിരിവിലേക്ക്, പോര, പൂർത്തീക രണത്തിലേക്ക് നയിക്കുന്നു എന്നു മറിയം തിരിച്ചറിഞ്ഞു, ഏറ്റു പറ ഞ്ഞു.

സ്ത്രോത്രഗീതം (1:46-55) രണ്ട് ഭാഗമായി തിരിച്ചിരിക്കുന്നു. ആദ്യഭാഗത്ത് 1:46-49 തന്റെ തന്നെ ജീവിതത്തിൽ ദൈവം നടത്തുന്ന പ്രവർത്തനങ്ങളും അതിന്റെ പ്രതികരണവും വിവരിക്കുന്നു. രണ്ടാം ഭാഗത്ത് ദൈവപുത്രന്റെ മനുഷ്യാവതാരണത്തിലൂടെ ലോകചരി ത്രത്തിൽ സംഭവിക്കുന്ന സമൂലപരിവർത്തനവും നവീകരണവും പ്രകീർത്തിക്കുന്നു. ചരിത്രഗതിയെ താൻ നിശ്ചയിച്ച ലക്ഷ്യത്തി ലേക്ക് നയിക്കുന്ന ദൈവത്തിന്റെ പ്രവർത്തനം നേരിട്ടു കാണുകയും അനുഭവിക്കുകയും അതിൽ ക്രിയാത്മകമാം വിധം പങ്കുചേരാൻ സാധിക്കുകയും ചെയ്തതിലുള്ള അവാച്യമായ ആനന്ദമാണ് സ്ത്രോതഗീതമായി അണപൊട്ടിയൊഴുകുന്നത്. മരിയൻ ആധ്യാത്മികതയുടെ സുപ്രധാനമായ ഒരു ഘടകമാണ് കൃതജ്ഞ തയുടെയും സ്തുതിപ്പിന്റെയും ജീവിതം.

## ഹൃദയത്തിൽ വാൾ തറച്ചവൾ

നിയമപ്രകാരം തന്റെ കടിഞ്ഞൂൽ പുത്രനെ ദൈവത്തിനു സമർപ്പി ക്കാനും പകരം കാഴ്ചകൾ നല്കി മകനെ വീണ്ടെടുക്കാനുമായി ദൈവാലയത്തിൽ വന്ന മറിയം വൃദ്ധനായ ശിമയോന്റെ വാക്കു

കൾ കേട്ട് അമ്പരന്നു. തന്റെ പുത്രനെ രക്ഷകനായി തിരിച്ചറിഞ്ഞ ഏകവ്യക്തിയായിരുന്നു ശിമയോൻ. ശിശുവിനെക്കുറിച്ച് ദൈവത്തെ സ്തുതിച്ച ശിമയോൻ പ്രവചന രൂപേണ പറഞ്ഞ വാക്കുകൾ തികച്ചും ഭയാനകമായിരുന്നു. ''ഇവൻ ഇസ്രായേലിൽ പലരുടെയും വീഴ്ച്ചയ്ക്കും ഉയർച്ചയ്ക്കും കാരണമാകും. ഇവൻ വിവാദവിഷയ മായ അടയാളമായിരിക്കും. നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ കട ന്നുപോകും'' (2:34-35).

ഹൃദയത്തെ തുളയ്ക്കുന്ന വാൾ എന്ന് ആലങ്കാരികമായി പറ ഞ്ഞത് മറിയം നേരിടാൻ പോകുന്ന ഹൃദയഭേദകമായ സഹനങ്ങ ളിലേക്കാണ് വിരൽ ചൂണ്ടുന്നത്. ''വ്യാകുലമാതാവ്'' എന്നപേരിൽ മറിയത്തിന്റെ ചിത്രം വരയ്ക്കുകയും പ്രതിമയുണ്ടാകുകയും ചെയ്യു ന്നവർ ഹൃദയത്തിൽ ഏഴ് വാളുകൾ തറച്ചു നില്ക്കുന്നതായി ചിത്രീ കരിക്കാറുണ്ട്. മാതാവിന്റെ ജീവിതത്തിലെ ഏറ്റം ദുസ്സഹമായ ഏഴ് സംഭവങ്ങളുടെ പ്രതീകങ്ങളാണ് ഈ ഏഴുവാൾ എന്ന് കരുതപ്പെ ടുന്നു. ഏതൊക്കെയാണ് ആ ഏഴു സംഭവങ്ങൾ എന്നതിൽ അഭി പ്രായ ഐക്യമില്ല. എന്നാലും പൊതുവെ എടുത്തുപറയാറുള്ള ഏഴ് സംഭവങ്ങൾ ഇവയാണ്. 1. ബത്‌ലഹേമിൽ സത്രത്തിൽ ഇടം കിട്ടാതെ വന്നത്. 2. ശിമയോന്റെ പ്രവചനം 3. ശിശുവധം, ഈജി പ്തിലേക്കുള്ള പലായനം 4. പന്ത്രണ്ടാം വയസ്സിൽ മകനെ നഷ്ട പ്പെട്ടതും ദേവാലയത്തിൽ കണ്ടെത്തിയപ്പോൾ മകന്റെ ചോദ്യവും 5. നസ്രത്തിലെ തിരസ്കരണവും വധശ്രമവും 6. കുരിശുമരണം 7. മരിച്ച മകനെ മടിയിൽ കിടത്തിയത്.

ഇതിൽ ഏഴാമത്തേത് സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടി ല്ല. ഒരു ഭക്തപാരമ്പര്യമാണ്. കുരിശിന്റെ വഴിയിൽ പുത്രനെ കണ്ടു മുട്ടുന്നതും സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും ഇതു പോലെ ഒരു പാരമ്പര്യമാണ്. ആ കണ്ടുമുട്ടൽ ഹൃദയത്തിൽ തറ ച്ചൊരു വാളായി കരുതുന്നവരുമുണ്ട്. ഏഴു വ്യാകുലങ്ങൾ ഏതെന്ന് അന്വേഷിക്കുന്നതിൽ അർത്ഥമില്ല. ദൂതൻ വഴി ദൈവം നല്കിയ വിളിക്ക് ഉത്തരം നല്കിയ നിമിഷം മുതൽ അമ്മയുടെ ഹൃദയത്തെ പിളർന്ന വാൾ അവിടെത്തന്നെ തറച്ചുനിന്നു, മകന്റെ ഉത്ഥാനം വരെ.

ഹൃദയത്തിൽ വാൾ തറച്ചവളെ ആധ്യാത്മികതയുടെ മാതൃക യാക്കുന്നവർ വ്യാകുലമാതാവിന്റെ തിരുസ്വരൂപം വണങ്ങുകയോ പ്രതിമ എഴുന്നള്ളിക്കുകയോ അല്ലെങ്കിൽ വാൾ എഴുന്നള്ളിക്കു കയോ അല്ല മുറിവേറ്റ ആ ഹൃദയത്തിന്റെ വിങ്ങലുകളും അതിനു പിന്നിലുള്ള രക്ഷണീയ സ്നേഹവും ദൈവഹിതത്തോടുള്ള പരി

പൂർണവിധേയത്വവും ഗ്രഹിക്കാനും അനുകരിക്കാനുമാണ് ശ്രമി ക്കേണ്ടത്.

**മകനെ നഷ്ടപ്പെടുന്നു**

തീർത്ഥാടനാവസരത്തിൽ ജറുസലേമിൽ വച്ചു മകനെ നഷ്ട പ്പെടുകയും കണ്ണീരോടെയുള്ള മൂന്നു ദിനരാത്രങ്ങളിലെ അന്വേഷ ണത്തിനുശേഷം ദേവാലയത്തിൽ കണ്ടെത്തുകയും ചെയ്തതാണ് ലൂക്കാ സുവിശേഷത്തിലെ ബാല്യകാലത്തിന്റെ വിവരണത്തിലെ അവസാനത്തെ സംഭവം. ഇവിടെയും മാതാവിന്റെ പ്രതികരണവും മകന്റെ മറുപടിയും പ്രത്യേക ശ്രദ്ധ അർഹിക്കുന്നു.

ചരിത്രപരമായ ഈ വസ്തുതയുടെ പിന്നിൽ ആഴമേറിയ ചില സത്യങ്ങൾ സുവിശേഷകൻ സൂക്ഷിക്കുന്നുണ്ട്. യേശുവിനെ നഷ്ട പ്പെട്ട് കണ്ണീരോടെ തിരഞ്ഞ മൂന്നു ദിനരാത്രങ്ങൾ വരാനിരിക്കുന്ന മരണത്തിന്റെയും ഉത്ഥാനത്തിന്റെയും ഒരു മുന്നാസ്വാദനമായി കാണ ണം. ജീവിതയാത്രയിൽ അതീവജാഗ്രത പാലിച്ചില്ലെങ്കിൽ യേശു വിനെ നഷ്ടപ്പെടാമെന്നും നഷ്ടപ്പെട്ടു എന്നറിയാതെ യാത്ര തുട രാൻ കഴിയുമെന്നും ഒരു താക്കീതും ഇവിടെയുണ്ട്. യേശു കൂടെ യില്ല എന്നറിയുന്ന നിമിഷം ഒരു മടക്കയാത്രയ്ക്കു തയ്യാറാകണ മെന്നും ഈ സംഭവത്തിലൂടെ അനുസ്മരിപ്പിക്കുന്നു.

"നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിച്ചത്? ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്നു നിങ്ങൾ അറിയുന്നില്ലേ?" (ലൂക്കാ 2:49) എന്ന ചോദ്യത്തിന്റെ അർത്ഥം മറിയത്തിനു മുഴുവൻ മനസ്സിലായില്ല എന്നു സുവിശേഷ കൻ എടുത്തുപറയുന്നുണ്ട്. ഇതുപോലൊരു സാഹചര്യത്തിൽ ഏതൊരമ്മയും പ്രതികരിക്കുന്നതുപോലെയാണ് മറിയം പ്രതിക രിച്ചത്. മകന്റെ നിരുത്തരവാദപരമായ പെരുമാറ്റത്തിനു ഒരു ശാസന എന്നപോലെ ആയിരുന്നു അവളുടെ ചോദ്യം. എന്നാൽ, മകന്റെ മറുപടി കൂടുതൽ ഉയർന്ന ഒരു തലത്തിലേക്ക് നയിക്കുന്നു.

"ഞാനും നിന്റെ പിതാവും" എന്നാണ് മറിയം പറഞ്ഞത്. അതേ സമയം യേശുവിന്റെ മറുപടി സ്വർഗ്ഗസ്ഥനായ പിതാവിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. ഭൂമിയിലെ മാതാപിതാക്കന്മാരെ അനുസരിക്കണം. അതേ സമയം സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഹിതം നിറവേറ്റാൻ വേണ്ടിയാണ് താൻ വന്നിരിക്കുന്നത് എന്ന പ്രസ്താവന മറിയവും ജോസഫും ഹൃദയത്തിൽ സൂക്ഷിച്ച് ആഴമായ ധ്യാനവിഷയമാക്ക ണം. തനിക്കു മകൻ നഷ്ടപ്പെടുന്നു എന്ന ഒരു അവബോധം മറി യത്തിനുണ്ടായോ? മകൻ തന്റെ സ്വന്തമല്ല, സൂക്ഷിക്കാൻ ഏല്പി

ച്ചിരിക്കുന്ന അമൂല്യനിധിയാണ്. അവന്റെ വഴികൾ നിശ്ചയിക്കുന്നത് താനല്ല സ്വർഗ്ഗസ്ഥനായ പിതാവായിരിക്കും എന്ന ഒരു അവബോധം അമ്മമനസ്സിൽ ആഴത്തിൽ പതിപ്പിക്കുന്നതായിരുന്നു മകന്റെ ചോദ്യം. ഇവിടെയെല്ലാം മരിയൻ ആധ്യാത്മികതയുടെ വിവധ വശങ്ങൾ കാണാൻ കഴിയും.

**യോഹന്നാന്റെ സുവിശേഷത്തിൽ**

ഏറ്റം അവസാനം എഴുതപ്പെട്ട യോഹന്നാന്റെ സുവിശേഷത്തിൽ രണ്ടുതവണ മറിയം പ്രത്യക്ഷപ്പെടുന്നുണ്ട്. സുവിശേഷത്തിന്റെ പൊതുഘടനയിൽ അതുല്യപ്രാധാന്യമുള്ളതാണ് ഈ രണ്ടവസരങ്ങൾ. യേശു തന്റെ മഹത്വം ആദ്യമായി വെളിപ്പെടുത്തിയ കാനായിലും മഹത്വീകരണം പൂർത്തിയാക്കിയ കാൽവരിയിലും. ആരംഭവും അവസാനവും എന്ന രീതിയിൽ അവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

**യേശുവിന്റെ അമ്മ**

യോഹന്നാന്റെ സുവിശേഷ വിവരണത്തിൽ കാണുന്ന ഏറ്റവും വലിയ ഒരു സവിശേഷതയാണ്, യേശുവിന്റെ അമ്മ (*മാത്തേർ മു യേശുസ്*) എന്ന് മറിയത്തിന് നൽകുന്ന അഭിധാനം. മറിയം എന്ന പേര് ഒരിക്കലും യോഹന്നാൻ ഉപയോഗിച്ചിട്ടില്ല. രണ്ട് തവണയാണ് യേശുവിന്റെ അമ്മയെ യോഹന്നാൻ അവതരിപ്പിക്കുന്നത്. കാനായിലും (2:2-3) കാൽവരിയിലും (19:25-26). ഈ രണ്ട് സന്ദർഭങ്ങളിലും യേശു മറിയത്തെ അഭിസംബോധന ചെയ്യുന്നത് സ്ത്രീയേ എന്നാണ്. *ഈഷാ* എന്ന് ഹീബ്രുവിലും ഗുണായി എന്ന് ഗ്രീക്കിലും. സ്ത്രീയേ എന്ന അഭിസംബോധനയെ മറിയത്തിന്റെ ദൈവമാതൃത്വത്തിന് എതിരായുള്ള തെളിവായി ഉയർത്തുന്ന പ്രൊട്ടസ്റ്റന്റ്, പെന്തക്കുസ്താ ഗ്രൂപ്പുകളുടെ ബാലിശമായ വാദങ്ങൾ ശ്രദ്ധിക്കുക. മധ്യപൂർവ്വ ദേശത്തിലെ പാരമ്പര്യമനുസരിച്ച്, *ഈഷാ* എന്ന വാക്ക് മക്കൾ അമ്മമാരെ വളരെ ആദരവോടെ പൊതുസ്ഥലങ്ങളിൽ അഭിസംബോധന ചെയ്യാൻ ഉപയോഗിച്ചിരുന്നതാണ്. *ഗുണായ്* എന്ന അഭിസംബോധനയും ഗ്രീക്ക് സംസ്കാരത്തിൽ സ്ത്രീകളോടുള്ള ആദരവിന്റെ അടയാളമായിട്ടാണ് പരിഗണിക്കപ്പെട്ടിരുന്നത്. അതായത്, ഉത്തമ ശിക്ഷണം ലഭിച്ച മക്കളുടെ ലക്ഷണമായാണ് ഈ അഭിസംബോധനയെ പുരാതന യഹൂദ-യവന ലോകം പരിഗണിച്ചിരുന്നത് എന്ന് സാരം. മാതാവിനോടുള്ള സ്നേഹും ആദരവുമാണ് ഈ അഭിസംബോധനയിൽ നിഴലിക്കുന്നത്. സുപ്രസിദ്ധ ബൈബിൾ വ്യാഖ്യാതാവായ റുഡോൾഫ് ബുൾട്ട്മാന്റെ അഭിപ്രാ

യത്തിൽ കാനായിലെ അത്ഭുത വിവരണത്തിൽ നിഴലിക്കുന്ന മറിയത്തിന്റെ ഈ സവിശേഷ സ്ഥാനം സുവിശേഷരചനാകാലത്ത്തന്നെ മറിയത്തെ രക്ഷകന്റെ അമ്മയായി ആദരിച്ചിരുന്ന ആദിമസഭയുടെ വിശ്വാസ പാരമ്പര്യത്തെയാണ് വ്യക്തമാക്കുന്നത്.

യേശു മറിയത്തെ സ്ത്രീയേ എന്ന് അഭിസംബോധന ചെയ്യുന്നതിനെ വി. അഗസ്റ്റിൻ വ്യാഖ്യാനിക്കുന്നത് ഇങ്ങനെയാണ്. "സ്ത്രീയേ എന്ന അഭിസംബോധനവഴി മറിയത്തെ യേശു ഓർമ്മിപ്പിച്ചത്, അവന്റെ അമ്മ എന്ന സ്ഥാനത്തിനും ഒരുപാട് ഉയരത്തിലാണ് ശിഷ്യ അഥവാ അവനിൽ വിശ്വസിക്കുന്നവൾ എന്ന നിലയിൽ അവൾക്ക് ലഭിക്കാനിരിക്കുന്ന പദവി എന്നാണ്." വി. അഗസ്റ്റിന്റെ വ്യാഖ്യാനത്തിന്റെ വെളിച്ചത്തിൽ യേശുവിൽ വിശ്വസിക്കുന്ന ആദ്യവ്യക്തിയും ശിഷ്യത്വത്തിന്റെ മാതൃകയുമായ മറിയത്തിന് രക്ഷാകര ചരിത്രത്തിലെ സ്ഥാനം അവളുടെ ജൈവപരമായ മാതൃസ്ഥാനത്തിലും ഉപരിയാണെന്നുള്ള വെളിപ്പെടുത്തലാണ് '*ഈഷാ*' എന്ന അഭിസംബോധനയുടെ ആത്മാവ് എന്നാണ് മനസിലാക്കേണ്ടത്.

മറ്റൊരു വ്യാഖ്യാനം ഇതാണ്: *ഈഷാ* – സ്ത്രീ എന്ന വാക്ക് നിശ്ചയമായും വായനക്കാരനെ കൊണ്ടെത്തിക്കുന്നത് പഴയനിയമഭാഗം ഉൽപത്തി 2-3 അദ്ധ്യായത്തിൽ ആവർത്തിക്കപ്പെട്ടിരിക്കുന്ന *ഈഷാ* – സ്ത്രീ എന്ന പരാമർശത്തിലേക്കാണ്. അതുവഴി പുതിയ ഹവ്വായായി – സ്ത്രീയായി – മറിയത്തെ ചിത്രീകരിക്കാൻ യോഹന്നാൻ പരിശ്രമിക്കുന്നു. സ്ത്രീയിൽ നിന്നും പുറപ്പെടുന്ന സന്തതി (ഉൽപ്പ 3:15) സർപ്പത്തിന്റെ തല തകർക്കും എന്ന രക്ഷാ വാഗ്ദാനത്തിലെ സ്ത്രീയായി മറിയത്തെ യോഹന്നാൻ പരിചയപ്പെടുത്തുന്നു. അപ്പോൾ സ്ത്രീയേ എന്ന അഭിസംബോധനവഴി അവൾ പുതിയ നിയമത്തിലെ ഹവ്വായായും പുതിയ ഇസ്രായേലിന്റെ – സഭയുടെ – മാതൃകയായും സാത്താന്റെ തല തകർക്കുന്ന രക്ഷകന്റെ അമ്മയായും അവതരിപ്പിക്കപ്പെടുന്നു.

കാനായിലെ ദൈവമഹത്വത്തിന്റെ ഈ ആവിഷ്കാരത്തിൽ മറിയത്തിന്റെ സ്ഥാനം എന്താണ്? യോഹന്നാന്റെ സുവിശേഷത്തെ വ്യാഖ്യാനിക്കുന്നവരുടെ വീക്ഷണത്തിൽ കാനായിലെ അത്ഭുതത്തിന്റെ രാസത്വരകം (catelyst of the miracle) മറിയത്തിന്റെ വിശ്വാസമാണ്. ആ വിശ്വാസമാണ് "അവർക്ക് വീഞ്ഞില്ല" എന്ന ഓർമ്മപ്പെടുത്തൽ കൊണ്ടും "അവൻ പറയുന്നതുപോലെ ചെയ്യുവിൻ" എന്ന നിർദ്ദേശം വഴിയും പ്രതിസന്ധിയുടെ മുഹൂർത്തത്തിൽ ഇടപെടാനും അത്ഭു

ത്തിന്റെ രാസത്വരകമാകാനും മറിയത്തെ സഹായിച്ചത്.

എന്നാൽ ഇതിൽ നിന്നും വ്യത്യസ്ഥമായി കണ്ടെത്താവുന്ന ഒരു വ്യാഖ്യാനമുണ്ട്. വത്സലശിഷ്യൻ മൂന്നാം ദിവസം എന്ന സമയസൂചനകൊണ്ട് പുറപ്പാട് ജനത സീനായ്മലയിൽവച്ച് സാക്ഷ്യം വഹിച്ച ദൈവാവിഷ്കാരത്തിലേക്കും (theopheny) മഹത്വത്തിന്റെ വെളിപാടിലേക്കും (പുറ. 19:16-25) വായനക്കാരന്റെ ശ്രദ്ധയെ ക്ഷണിക്കുന്നതുകൊണ്ടും സീനായ് മലയടിവാരത്തെ മഹത്വത്തിന്റെ വെളിപാടും കാനായിലെ മഹത്വത്തിന്റെ വെളിപാടും തമ്മിൽ ബന്ധിപ്പിക്കുന്നതുകൊണ്ടും മോശയും മറിയവും തമ്മിൽ ഒരു സാധർമ്മ്യം ഇവിടെ അന്തർലീനമായിട്ടുണ്ട്. അതായത്, പഴയനിയമ ജനതയെ സീനായ്മലയിൽ നടന്ന ദൈവാവിഷ്കാരത്തിനും മഹത്വത്തിന്റെ വെളിപാടിനും സാക്ഷികളാകാനും യഹോവയ്ക്ക് തങ്ങളെ സമർപ്പിക്കാനും ഒരുക്കിയ മോശയുടെ സ്ഥാനമാണ് കാനായിൽ മറിയത്തിന്. യേശുവിനെ തന്റെ മഹത്വം വെളിപ്പെടുത്തുന്ന സമയത്തിൽ പ്രവേശിക്കാൻ നിർബന്ധിക്കുക വഴി, ദൈവമഹത്വത്തിന്റെ പുതിയ വെളിപാടിന് മറിയം വഴിയൊരുക്കുന്നവളായി മാറുന്നു. 'അവൻ പറയുന്നതുപോലെ ചെയ്യുവിൻ' എന്ന മറിയത്തിന്റെ വാക്കുകൾ ആകസ്മികമാണെന്നോ യാദൃശ്ചികമാണെന്നോ തെറ്റിദ്ധരിക്കരുത്. പുറപ്പാട് പുസ്തകത്തിൽ മോശയുടെ അധരങ്ങളിൽ നിന്നുവീണ 'കർത്താവ് കൽപിക്കുന്നതുപോലെ നിങ്ങൾ ചെയ്യുവിൻ' എന്ന വാക്കുകളുടെ പ്രതിഫലനങ്ങളാണ് മറിയത്തിന്റെ ഈ വാക്കുകളിലുള്ളത്. മോശ ഇസ്രായേൽ ജനത്തെ പാളയത്തിന് വെളിയിലിറക്കി യഹോവയുടെ സ്വരം കേൾക്കുന്നതിനും സീനായ് മലയിലിറങ്ങി വന്ന സ്വർഗ്ഗീയ മഹത്വം കാണുന്നതിനും ഒരുക്കിയതുപോലെ. ഇതാ കാനായിൽ യേശുവിന്റെ വാക്ക് കേൾക്കുന്നതിനും അവന്റെ മഹത്വത്തിന്റെ വെളിപാടിന് സാക്ഷികളാകുന്നതിനും വേദിയൊരുക്കുന്ന മറിയം ദൈവമഹത്വം വെളിപ്പെടുന്നതിന് മോശയെ പോലെ ഒരു മധ്യവർത്തിയാണ്. അപ്പോൾ കാനായിലെ അത്ഭുതത്തിന്റെ വിവരണത്തിൽ ആരാണ് മറിയം? അവൾ ദൈവാവിഷ്കാരത്തിന്റെയും മഹത്വത്തിന്റെ വെളിപാടിന്റെയും മധ്യവർത്തിയാണ്. ദൈവസ്വരം കേൾക്കാനും മഹത്വം കാണാനും ശിഷ്യസമൂഹത്തിന് വഴിയൊരുക്കുന്നവളാണ്.

## മറിയം മാതാവ്

യോഹന്നാന്റെ സുവിശേഷത്തിൽ കുരിശിൻ ചുവട്ടിലാണ് നാം മറിയത്തെ വീണ്ടും കണ്ടുമുട്ടുന്നത്. നാലുസുവിശേഷങ്ങളിൽ യോഹന്നാൻ മാത്രമേ കുരിശിൻ ചുവട്ടിൽ നില്ക്കുന്ന അമ്മയെ

ക്കുറിച്ചു പ്രതിപാദിക്കുന്നുള്ളൂ എന്നതുതന്നെ ശ്രദ്ധേയമാണ്. സ്വയം രാജാവായി പ്രഖ്യാപിക്കുക വഴി റോമാസാമ്രാജ്യത്തിനെതിരെ കലാപത്തിനു ശ്രമിച്ചു എന്ന രാജ്യദ്രോഹകുറ്റത്തിനു കുരിശിൽ തറയ്ക്കപ്പെട്ട കുറ്റവാളിയുടെ അമ്മ ആയിട്ടാണ് മറിയം കുരിശിൻ ചുവട്ടിൽ നിന്നത്. കുരിശിൽ പിടയുകയും നിലവിളിക്കുകയും ചെയ്യുന്ന മകനെ നോക്കി നിന്ന അമ്മയുടെ ഹൃദയം പിളർന്ന ദു:ഖത്തിന്റെ ആഴം ഊഹിക്കാൻ പോലും ആവില്ല. എന്നാൽ, അതൊന്നും സുവിശേഷകൻ സൂചിപ്പിക്കുന്നു പോലുമില്ല.

അമ്മ കുരിശിൻ ചുവട്ടിൽനിന്നു എന്നതുതന്നെ ശ്രദ്ദേയം. ശിഷ്യന്മാരെല്ലാം ഒളിച്ചോടി; ഉറ്റവർ അകന്നുമാറി. ചുരുക്കം ചില സ്ത്രീകൾ മാത്രം അവശേഷിച്ചു - യേശുവിനോടുകൂടെ. യേശു സ്നേഹിച്ച ശിഷ്യനും കൂടെ ഉണ്ടായിരുന്നു എന്നു യോഹന്നാൻ എടുത്തു പറയുന്നുണ്ട്. അതിനു പ്രത്യേക ലക്ഷ്യവുമുണ്ട്. "യേശു സ്നേഹിച്ച ശിഷ്യൻ" യോഹന്നാൻ ആയിരുന്നു എന്നാണ് പൊതുവായ അഭിപ്രായം. എന്നാൽ യേശു സ്നേഹിക്കുന്ന സകലശിഷ്യരുടെയും പ്രതീകവും പ്രതിനിധിയുമാണ് കുരിശിൽ ചുവട്ടിൽ അമ്മയോടു ചേർന്ന് നില്ക്കുന്ന ഈ ശിഷ്യൻ എന്നതു പ്രത്യേകം ശ്രദ്ധിക്കണം. കുരിശിൻ ചുവട്ടിൽ നില്ക്കുന്ന അമ്മയെ ബലിപീഠത്തിനു മുൻപിൽ നില്ക്കുന്ന പുരോഹിതനായി കരുതാനാകുമോ? ഇതെന്റെ ശരീരം, ഇതെന്റെ രക്തം എന്ന് യേശു ഒഴികെ ഈ ഭൂമിയിൽ ആർക്കെങ്കിലും പറയാൻ സാധിക്കുമെങ്കിൽ അതു മറിയത്തിനു മാത്രമാണ്. കാരണം, യേശുവിന്റെ ശരീരവും രക്തവും പൂർണ്ണമായും അവളിൽ നിന്നെടുത്തതാണ്. അതിനാൽ തന്നെ മറിയത്തിന്റെ പൗരോഹിത്യം സംശയാതീതമായി അംഗീകരിച്ചേ മതിയാവൂ.

തന്റെ ഏകമകൻ പിതാവിനു സ്വയംബലിയായി അർപ്പിച്ച ബലിപീഠമാണ് കുരിശ്. അതിനു മുമ്പിൽ പുത്രനെ ബലിയർപ്പിക്കുന്ന മാതാവ് അബ്രാഹത്തോട് ദൈവം ആവശ്യപ്പെട്ടതും അവസാനനിമിഷം ഒഴിവാക്കിയതുമായ ഏകജാതബലിയർപ്പണം മറിയം ഇവിടെ പൂർണ്ണമായ അർത്ഥത്തിൽ, അതിന്റെ സകലഭീകരതയോടും കൂടെ, നിർവഹിച്ചു. ആ നിമിഷത്തിലാണ് മരിക്കുന്ന മകന്റെ ചാവരുൾ കാതുകളിൽ മുഴങ്ങിയത്: "ഇതാ നിന്റെമകൻ; ഇതാ നിന്റെ അമ്മ" (യോഹ 19:26). അതോടെ അവൾ ശിഷ്യസമൂഹത്തിന്റെ മുഴുവൻ അമ്മയായി.

ബത്‌ലഹേമിലെ കാലിത്തൊഴുത്തിൽ വേദനിക്കാതെ യേശുവിനു ജന്മം നല്കിയ മറിയം കാൽവരിയിൽ അതികഠിനമായ വേദ

നയിലാണ് പുതിയ മനുഷ്യവർഗ്ഗത്തിന്, രക്ഷിക്കപ്പെടുന്ന ശിഷ്യ സമൂഹത്തിന്, മാതാവായത്. മകന്റെ മരണത്തിൽ അമ്മ അനുഭവിച്ചത് സഭാമാതാവാകാനുള്ള പ്രസവവേദനയായിരുന്നുവെന്ന് സഭാ പിതാക്കന്മാരുടെ ഒരു നിരീക്ഷണം ഉണ്ട്. മരിയൻ ആധ്യാത്മികതയുടെ ഉച്ചകോടി ഇവിടെ കാണാം. കർത്താവിന്റെ ദാസിയിൽ ദൈവ വചനം പൂർണ്ണമായും നിറവേറിയ നിമിഷമായിരുന്നു അത്. "എനിക്കും നിനക്കും എന്ത്?" എന്ന ചോദ്യത്തിന്റെ അർത്ഥം ഇവിടെ അതിന്റെ പൂർണ്ണതയിൽ വെളിവായി.

ക്രൂശിതന്റെ മരണവേദനയിൽ പങ്കുചേർന്ന, പുരോഹിതനെപ്പോലെ, കുരിശിൻ ചുവട്ടിൽനിന്ന മറിയം അമ്മയായി, രക്ഷകന്റെ മാത്രമല്ല, സകല രക്ഷിതരുടെയും അമ്മ. മറിയത്തിന്റെ കന്യകാത്വം വന്ധ്യമായിരുന്നില്ല. ആധ്യാത്മിക മാതൃത്വത്തിലൂടെ അതു ധന്യമായി. യേശുവിൽ വിശ്വസിക്കുന്ന, അവനെ കർത്താവും ദൈവവുമായി ഏറ്റുപറയുന്ന, ഓരോ വ്യക്തിയുടെയും അമ്മയാണ് മറിയം. ഈ മാതൃത്വമാണ് അവളുടെ ജീവിതത്തെ ഏറ്റം ധന്യമാക്കുന്നത്. മനുഷ്യരക്ഷയ്ക്കു വേണ്ടിയുള്ള മറിയത്തിന്റെ വ്യഗ്രതയുടെയും അതോടൊപ്പം വിശ്വാസികളുടെ മരിയഭക്തിയുടെയും അടിസ്ഥാനവും ഈ മാതൃത്വം തന്നെ. ഇപ്രകാരം ഒരു മാതൃത്വത്തിൽ ഫലം ചൂടുന്നതാകണം മരിയൻ ആധ്യാത്മികത.

**മറിയം പുതിയനിയമ ഭാഗങ്ങളിൽ**

- ലൂക്ക 1, 26-38 - മംഗലവാർത്ത
- ലൂക്ക 1, 39-56 - എലിസബത്തിനെ സന്ദർശിക്കുന്നു
- ലൂക്ക 2, 4-20 - രക്ഷകന്റെ ജനനം
- ലൂക്ക 2, 22-38 - ദൈവാലയസമർപ്പണം
- ലൂക്ക 2, 35 - ശെമയോന്റെ പ്രവചനം
- ലൂക്ക 2, 41-52 - ഈശോയെ ദൈവാലയത്തിൽ കണ്ടുമുട്ടുന്നു
- മത്താ 1, 18 - വിവാഹസമ്മതം
- മത്താ 1, 20 - മറിയത്തെക്കുറിച്ചു യൗസേഫ് വേദനിക്കുന്നു
- മത്താ 2, 1-12 - പൂജരാജാക്കന്മാരുടെ സന്ദർശനം
- മത്താ 2, 13-18 - ഈജിപ്തിലേക്കുള്ള പലായനം
- മത്താ 2, 19-23 - ഇസ്രായേലിലേക്കുള്ള തിരിച്ചുവരവ്
- യോഹ 2, 1-11 - കാനായിലെ വിവാഹവും മറിയവും
- യോഹ 19, 25-27 - കുരിശിൻ ചുവട്ടിലെ മറിയം

- ♦ നടപടി 1, 13-24 - മറിയം ശിഷ്യരോടൊത്ത്
- ♦ നടപടി 1, 14 - ആത്മാവിനെ പ്രതീക്ഷിച്ചിരിക്കുന്നു
- ♦ ഗലാ 4, 4 - മറിയത്തിന്റെ ദൈവമാതൃത്വം
- ♦ വെളി 12, 1 - മറിയത്തിന്റെ മഹത്വീകരണം

മറിയത്തെക്കുറിച്ചുള്ള വി. ഗ്രന്ഥത്തിലെ പരാമർശം രക്ഷാകര ചരിത്രവുമായി ബന്ധപ്പെട്ടാണു കാണുന്നത്. ഇതിലെ അന്തരാർത്ഥം ഒരുമിച്ചുനോക്കിയാൽ ആദ്യസുവിശേഷ പ്രവചനവും (ഉൽപ 3, 15) മറിയത്തിന്റെ മഹത്വവും (വെളി 12, 1) ക്രിസ്തു കേന്ദ്രീകൃതമാകുന്നു. സഭയുടേയും സഭാതനയരുടെയും മഹത്വമാണു സൂചിപ്പിക്കുന്നതെന്നും മനസ്സിലാക്കാവുന്നതാണ്.

## മറിയവും പരിശുദ്ധാത്മാവും

ദൈവശാസ്ത്രത്തിന്റെ ക്രമാനുഗതവളർച്ചയിൽ, ക്രിസ്തുശാസ്ത്രത്തിന്റെ സ്വാധീനംമൂലമാകാം, പരിശുദ്ധാത്മശാസ്ത്രം അർഹമായി വളർന്നില്ല. അതുകൊണ്ടുതന്നെ മറിയവും പരിശുദ്ധാത്മാവും എന്ന വിഷയംതന്നെ പരിഗണിക്കപ്പെട്ടില്ല. എന്നാൽ, പൗരസ്ത്യ പിതാവായ മാർ അപ്രേം ഈ വിഷയം, ദിയാത്തസരോൺ വ്യാഖ്യാനത്തിൽ മംഗളവാർത്ത വിശദീകരണത്തിലൂടെ പഠിപ്പിച്ചു. തുടർന്നുള്ള കാലഘട്ടത്തിൽ പരിശുദ്ധാത്മശാസ്ത്രത്തിലധിഷ്ഠിതമായ ഒരു മരിയശാസ്ത്രം ഉടലെടുക്കുന്നതിനുമുമ്പു, പല സഭാപിതാക്കന്മാരും മറിയവും പരിശുദ്ധാത്മാവും തമ്മിലുള്ള ദൈവികബന്ധം സൂചിപ്പിക്കുന്ന സംജ്ഞകളും പ്രതിരൂപകാത്മകതയും നല്കി മറിയത്തെ വിശേഷിപ്പിച്ചിരുന്നു. "ആത്മാവിന്റെ പണിപ്പുര" "ആത്മാവിന്റെ ഇരിപ്പിടം" (മാർ അപ്രേം), "ആത്മാവിന്റെ ആലയം" (ആംബ്രോസ്), "ആത്മാവിന്റെ മദ്ബഹ", "ആത്മാവിന്റെ സക്രാരി" (സാവില്ലിലെ ഇസിദോർ) എന്നീ വിശേഷണങ്ങൾ ഇവയിൽ പ്രാധാന്യമർഹിക്കുന്നതാണ്. "ആത്മാവിന്റെ മണവാട്ടി" എന്ന അപരനാമം നല്കി മറിയത്തെ വിശേഷിപ്പിച്ച ആദ്യസഭാപിതാവ് വി. പ്രുഡൻസിയൂസ് (Prudentius) ആണ്.

രണ്ടാംവത്തിക്കാൻ സൂനഹദോസിനുമുമ്പു, സഭാപിതാക്കന്മാരുടെ പരാമർശങ്ങൾ കൂടാതെ, വി. ബേസിൽ മരിയദ, മോൺഫോർട്ട്- തുടങ്ങിയ ചില പുണ്യാത്മാക്കൾ മറിയവും പരിശുദ്ധാത്മാവും തമ്മിലുള്ള ബന്ധം സൂചിപ്പിച്ചിരുന്നതായി കാണാം. ഇവരിൽ ചിലരുടെ കൃതികളിൽ "പ്രവാചക", "ആത്മാവിൽ വിശുദ്ധീകരിക്കപ്പെട്ടവൾ" എന്നീ സംജ്ഞകൾ മറിയത്തിനു നല്കി ബഹു

മാനിച്ചിരുന്നതായും കാണാം. ലെയോ 13, പീയൂസ് പന്ത്രണ്ട് തുടങ്ങിയ മാർപാപ്പാമാർ മറിയത്തെ "ആത്മാവിന്റെ മണവാട്ടി" എന്നു വിശേഷിപ്പിച്ചിരിക്കുന്നതു സ്മർത്തവ്യമാണ്.

പരിശുദ്ധാത്മാവിനെക്കുറിച്ചും ത്രിത്വത്തെക്കുറിച്ചുതന്നെയുമുള്ള വെളിപ്പെടുത്തലുകൾ പഴയനിയമത്തിൽ അപൂർണ്ണമാണ്. പുതിയ നിയമത്തിലാണ് ഇതു പൂർണ്ണതയിലെത്തുന്നത്. മറിയവും പരിശുദ്ധാത്മാവും തമ്മിലുള്ള സവിശേഷ ദൈവികബന്ധം വിശദീകരിക്കുവാൻ മംഗലവാർത്തയും (ലൂക്ക 1, 35) പന്തെക്കൊസ്ത അനുഭവവിശദീകരണവു (നടപടി 1, 2-14)മാണ് അടിസ്ഥാനമായി കണക്കിലെടുക്കുന്നത്.

പഴയനിയമത്തിൽ, സൃഷ്ടിയിലും പ്രവാചകന്മാരിലും പ്രവർത്തിച്ച ആത്മാവ്, മംഗലവാർത്തയിൽ മറിയത്തിൽ ആവസിച്ചു പ്രവർത്തിക്കുന്നു. ഇതേ ആത്മാവുതന്നെയാണു ശ്ലീഹന്മാരോടൊപ്പം പെന്തക്കൊസ്താ ദിനത്തിൽ പ്രാർത്ഥനനിരതയായിരുന്ന മറിയത്തിലും പ്രവർത്തിച്ചത്. ഈ രണ്ടു സംഭവങ്ങളും മറിയത്തിലുള്ള പരിശുദ്ധാത്മാവിന്റെ വെളിച്ചത്തിൽ കാണേണ്ടതുണ്ട്. മംഗലവാർത്ത, പെന്തക്കൊസ്ത അനുഭവത്തിൽ പൂർത്തീകരിക്കപ്പെടുന്നു.

**ഡോ. ജോർജ്ജ് കറുകപ്പറമ്പിൽ**
**ഡോ. മൈക്കിൾ കാരിമറ്റം**
**ഡോ. ടോം ഓലിക്കരോട്ട്**

# 02

# അപ്രമാണിക ഗ്രന്ഥങ്ങളിലെ മറിയം

ഇന്നു കാനോനികമായി സഭ അംഗീകരിക്കുന്ന വി. ഗ്രന്ഥത്തിലെ 73 ഗ്രന്ഥങ്ങൾ കൂടാതെ, ഇസ്രായേലിന്റെ ചരിത്രവും ജീവിതരീതികളും, മിശിഹായുടെ ജനനവും ജീവിതവും മരണവും ഉത്ഥാനവും ആദ്യകാലസഭയിലെ പാരമ്പര്യങ്ങളും ആരാധനരീതികളും മറ്റും വിവരിക്കുന്ന ഗ്രന്ഥങ്ങളാണ് അപ്രമാണികഗ്രന്ഥങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നത്. പൊതുവെ ഇവയെല്ലാംതന്നെ ബി. സി. രണ്ടാംനൂറ്റാണ്ടിനുശേഷവും എ. ഡി. രണ്ടാംനൂറ്റാണ്ടിനുമുമ്പുമായി എഴുതപ്പെട്ടതാണ്. പുതിയനിയമ അപ്രമാണികരേഖകൾ പലതും സുവിശേഷങ്ങളെക്കാൾ പുരാതനമാണ്. ഗ്രീക്കിലും സുറിയാനിയിലും എഴുതപ്പെട്ട ഈ രേഖകളിൽ അധികവും ഐതിഹ്യങ്ങൾ ഉൾക്കൊള്ളുന്നവയാണ്. എന്നാൽ കാനോനിക സമുച്ചയത്തിനും ആദ്യകാലസഭാവിശ്വാസവും ആചാരമര്യാദകളും ജീവിതരീതികളും പാരമ്പര്യങ്ങളും മറ്റും മനസ്സിലാക്കുന്നതിനും ഈ രേഖകൾ ഉപകരിക്കുന്നവയാണ്. സഭ ഇന്ന് അംഗീകരിച്ചു വിശ്വസിച്ചുപോരുന്ന പല വിശ്വാസസത്യങ്ങൾക്കുമെതിരായ ചിന്തകളും ഈ രേഖകളിലുണ്ട്

എന്നതും ഇവിടെ വിസ്മരിക്കുന്നില്ല. ഇവ വിശ്വസിച്ചു പഠിപ്പിച്ചതു കൊണ്ടു ചില സഭാപിതാക്കന്മാർപോലും അംഗീകരിക്കപ്പെടാതെ പോയിട്ടുണ്ട്. പരിശുദ്ധകന്യകാമറിയത്തെക്കുറിച്ചു പ്രത്യേകമായിട്ടു പരാമർശിക്കുന്ന ഇത്തരത്തിലുള്ള രേഖകളും അവയിലെ പ്രധാനാശയങ്ങളുമാണ് ഈ ഭാഗത്തെ പ്രതിപാദ്യം. അപ്രമാണികഗ്രന്ഥ സമുച്ചയം പ്രധാനമായും രണ്ടുഗണങ്ങളായി തിരിച്ചിരിക്കുന്നു.

## 1. യഹൂദക്രിസ്തീയ അപ്രമാണികഗ്രന്ഥങ്ങൾ

യഹൂദരുടെ ചിന്താഗതികളുടെ അടിസ്ഥാനത്തിൽ പുതിയനിയമചരിത്രത്തെയും വ്യക്തികളെയും ആലങ്കാരികമായും അതിശയോക്തിനിറഞ്ഞതുമായ രീതിയിൽ ഈ ഗ്രന്ഥങ്ങളിൽ വിവരിച്ചിരിക്കുന്നു.

### നസറായന്റെ സുവിശേഷം (Gospel of the Nazaraeans)

ഇതിൽ രക്ഷകന്റെ അമ്മയും അവന്റെ സഹോദരന്മാരുമാണു മറിയവുമായി ബന്ധപ്പെട്ട പരാമർശം. സ്നാപകന്റെ പാപമോചനത്തിനുള്ള മാമ്മോദീസ സ്വീകരിക്കുന്നതിനായി നമുക്കു പോകാമെന്ന് അവന്റെ സഹോദരന്മാർ പറയുന്നു. അതിന് ഈശോ ഇങ്ങനെ മറുപടി പറയുന്നു. “പാപം ചെയ്യാത്ത ഞാൻ എന്തിനു പാപമോചനത്തിനുള്ള മാമ്മോദീസ സ്വീകരിക്കാൻ പോകണം?”

### എബിയോണൈറ്റ്സിന്റെ സുവിശേഷം

നിരവധി പാഷണ്ഡചിന്താഗതികൾ നിറഞ്ഞതാണ് ഈ രേഖ. ഇതിൽ പ്രധാനപ്പെട്ടത് ഈശോയുടെ സഹോദരന്മാരെക്കുറിച്ചുള്ള പരാമർശങ്ങളും മിശിഹാ ദൈവത്തിന്റെ ദത്തുപുത്രനാണെന്നുള്ള ആശയവുമാണ്.

### പത്രോസിന്റെ സുവിശേഷം

ഇതിൽ യൗസേപ്പ് നേരത്തെ ഒരു വിവാഹം കഴിച്ചിരുന്നു എന്നും അദ്ദേഹത്തിന്റെ പുത്രന്മാരെയാണ് ഈശോയുടെ സഹോദരന്മാർ എന്നു വിളിച്ചിരുന്നതെന്നും രേഖപ്പെടുത്തിയിരിക്കുന്നു. പീഡാനുഭവത്തെയും ഉത്ഥാനത്തെയുംകുറിച്ചുള്ള പത്രോസിന്റെ സുവിശേഷത്തിൽ (Gospel of Peter on the Passion and Resurrection) കന്യകമറിയം കുരിശിൻ ചുവട്ടിൽ ഉണ്ടായിരുന്നതായി പറയുന്നില്ല.

### പാത്രീയർക്കുമാരുടെ ഉടമ്പടി (Testaments of the Twelve Patriarchs)

കന്യകമറിയവുമായി ബന്ധപ്പെട്ട ഈ രേഖയിലെ ഭാഗം 19-ാമത്തെ അദ്ധ്യായത്തിലെ 8-ാമത്തെ വാചകമാണ്. ഇത് യൗസേ

പ്പിന്റെ ഒരു ദർശനമാണ്. ദൈവീകശക്തിയാൽ അലംകൃതവും കന്യകയുമായ ഒരു യുവതിയെക്കുറിച്ചുള്ള യൗസേപ്പിന്റെ ദർശനമാണിവിടെ വിവരിച്ചിരിക്കുന്നത്.

ഇതിൽ രേഖപ്പെടുത്തിയിരിക്കുന്ന "വിവിധ വർണ്ണശബളമായ മേലങ്കിയണിഞ്ഞവൾ" എന്ന പരാമർശം വെളിപാട് 19,8, സങ്കീർത്തനം 44,14 എന്നിവയുടെ പശ്ചാത്തലത്തിൽ വിരചിതമാണെന്നാണു പണ്ഡിതമതം. ഇതിന്റെ അടിസ്ഥാനത്തിൽ അലംകൃതയായ ഈ കന്യക മിശിഹായുടെ വധുവായ സഭയാണ്. മറിയം സഭയുടെ പ്രതിരൂപം എന്ന വർണ്ണന സഭാപിതാക്കന്മാർ നല്കിയിരിക്കുന്നത് ഒരുപക്ഷെ ഈ അപ്രമാണികരേഖയുടെ അടിസ്ഥാനത്തിലായിരിക്കാം.

### ഏശയ്യായുടെ കരേറ്റം (Ascension of Isaiah)

ഈശോയുടെ അദ്ഭുതകരമായ ജനനത്തെക്കുറിച്ച് ഇതിൽപരാമർശിക്കുന്നു. മറിയം കന്യകയായിരിക്കെത്തന്നെ പ്രസവവേദനകൂടാതെ പുത്രനു ജന്മം നല്കുന്നു. എന്നാൽ അവൻ മറ്റു കുട്ടികളെപ്പോലെതന്നെയായിരുന്നു. മറിയം പരിപൂർണ്ണ കന്യകയായിരുന്നു (*Parthenos agne*) എന്നു വി. ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ വ്യാഖ്യാനിച്ചിരിക്കുന്നതാണെന്നാണു (ഉല്പ 4,1; ഏശയ്യ 7,14) പണ്ഡിതന്മാർ സമർത്ഥിക്കുന്നത്. സോളമന്റെ ഗീതങ്ങളിലെ (*Odes of Solomon*) 19-ാം ഗീതം ഇതിന്റെ അടിസ്ഥാനത്തിൽ വിവരിച്ചതാകാം എന്നും പഠിപ്പിക്കുന്നു. അതോടൊപ്പംതന്നെ മറിയത്തിന്റെമാദ്ധ്യസ്ഥ്യശക്തി വെളിപ്പെടുത്തുന്ന ഭാഗങ്ങളും ഈ രേഖയിൽ കാണാം.

## 2. മനുഷ്യാവതാരവും ബാല്യകാലവും വിശദീകരിക്കുന്ന സുവിശേഷങ്ങളിലെ മറിയം (Mary in the Nativity and Infancy Gospel)

### മറിയത്തിന്റെ ജനനം (The Nativity of Mary)

യാക്കോബിന്റെ സുവിശേഷം അല്ലെങ്കിൽ പ്രോട്ടോഎവൻഗേലിയോൻ (Proto evange-lium) എന്നതിന്റെ ആദ്യനാമം മറിയത്തിന്റെ ജനനം എന്നതായിരുന്നു. പരിശുദ്ധ കന്യകമറിയത്തിന്റെ മാതാപിതാക്കളെക്കുറിച്ചും മറിയത്തിന്റെ അമലോദ്ഭവത്തെക്കുറിച്ചും അവളുടെ കന്യകാത്വത്തെക്കുറിച്ചും ഈ ഗ്രന്ഥത്തിൽ പരാമർശമുണ്ട്. മറിയവുമായി ബന്ധപ്പെട്ട, അവളുടെ ഗർഭധാരണം, ജന

നം, ദൈവാലയത്തിലെ കാഴ്ചവയ്ക്കൽ എന്നീ മൂന്നുപ്രധാന തിരുന്നാളുകളെക്കുറിച്ചുള്ള പരാമർശം ഈ രേഖയിൽ കാണാവുന്നതാണ്. സഭയിലെ ഈ തിരുന്നാളുകളെയും മരിയശാസ്ത്രത്തെയും പൗരസ്ത്യസഭകളിലെ മരിയൻ പാരമ്പര്യത്തെയും ഈ ഗ്രന്ഥം സ്വാധീനിച്ചിട്ടുണ്ട്.

**ബാല്യകാലത്തെക്കുറിച്ചുള്ള അറബിക്സുവിശേഷം (Arabic Gospel of the Infancy)**

ഇതിൽ പരിശുദ്ധകന്യകാമറിയത്തിന്റെ താൽപര്യത്തിൽ ശിശുവായ ഈശോ രണ്ട് അദ്ഭുതങ്ങൾ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. മറിയത്തിന്റെ മാദ്ധ്യസ്ഥ്യത്തെക്കുറിച്ചുള്ള പാരമ്പര്യവും ഇതിന്റെ സവിശേഷതയാണ്.

**തോമ്മായുടെ സുവിശേഷം (Gospel of Thomas)**

ഈശോയുടെ ബാല്യകാലവും മറിയത്തിന്റെ മാതൃത്വവും മാദ്ധ്യസ്ഥ്യശക്തിയും വിവരിക്കുന്ന ഈ ഗ്രന്ഥത്തിൽ പ്രാർത്ഥിക്കുന്ന മറിയത്തെക്കുറിച്ചുള്ള വിവരണവുമുണ്ട്. ഇതിന്റെ ഫലമായി മറിയം പുത്രനെ ദൈവാലയത്തിൽ കണ്ടതു വിവരിച്ചുകൊണ്ടാണ് ഈ ഗ്രന്ഥം അവസാനിക്കുന്നത്.

**തച്ചനായ യൗസേപ്പിന്റെ ചരിത്രം (History of Joseph the Carpenter; TR.B.H. Cowper)**

ഈജിപ്തിൽ ഏതാണ്ട് 7-ാം നൂറ്റാണ്ടിൽ വിരചിതമായ ഈ ഗ്രന്ഥം പൊതുവെ രണ്ടു ഭാഗങ്ങളായി (1 മുതൽ 11 വരെയും, 12 മുതൽ 32 വരെയുമുള്ള അദ്ധ്യായങ്ങളായി) തിരിച്ചിരിക്കുന്നു. ഇതിലെ ആദ്യഭാഗത്ത് യൗസേപ്പിന്റെ രണ്ടാംവിവാഹത്തെക്കുറിച്ചും പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനായി അദ്ഭുതകരമായി ജനിച്ച മിശിഹായെക്കുറിച്ചും ഈജിപ്തിലെക്കുള്ള പലായനത്തെക്കുറിച്ചും രേഖപ്പെടുത്തിയിട്ടുണ്ട്. 40 വയസ്സുള്ളപ്പോൾ വിവാഹിതനായ യൗസേപ്പ് 49 വർഷം ഭാര്യയൊത്തുജീവിച്ചു. അതിൽ നാലുപുത്രന്മാരും രണ്ടുപുത്രിമാരും ഉണ്ടായിരുന്നു. ഭാര്യയുടെ മരണത്തിനുശേഷം ഒരു വർഷം കഴിഞ്ഞാണ് ദൈവനിയോഗപ്രകാരം 12 വയസ്സുള്ള മേരിയെ വിവാഹം കഴിച്ചത്. ഇതിനു രണ്ടു വർഷത്തിനുശേഷമാണ് ഈശോയുടെ ജനനം. യൗസേപ്പിന്റെ മരണസമയത്ത് ഇളയപുത്രനായ യാക്കോബിനെയാണു മറിയത്തെ ഏല്പിച്ചത്. സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന മംഗലവാർത്തയെക്കുറിച്ചോ മറിയം ഏലീശ്ബായെ സന്ദർശിച്ചതിനെക്കുറിച്ചോ

ജ്ഞാനികളുടെ സന്ദർശനത്തെക്കുറിച്ചോ ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നില്ല.

ഈ ഗ്രന്ഥത്തിലെ രണ്ടാം ഭാഗം 111-ാം വയസ്സിൽ യൗസേപ്പു മരിക്കുന്നതിനെക്കുറിച്ചാണു പ്രധാനമായും വിവരിക്കുന്നത്.

മറിയത്തിന്റെ പൂർണ്ണകന്യകത്വത്തെക്കുറിച്ച് ഈ ഗ്രന്ഥത്തിൽ പരാമർശമുണ്ട്. ഇതു യൗസേപ്പുതന്നെ അംഗീകരിക്കുന്നതായിട്ടാണ് ഇതിൽ വിവരിച്ചിരിക്കുന്നത് (അദ്ധ്യായം 17). മറിയം ദൈവമാതാവാണെന്ന് ഈ ഗ്രന്ഥത്തിൽ സംബോധന ചെയ്തിട്ടില്ലെങ്കിലും, യൗസേപ്പ് ഈശോയെ "എന്റെ കർത്താവേ എന്റെ ദൈവമേ" യെന്നും, "എന്റെ രക്ഷകനായ ദൈവപുത്രനെന്നും" വിളിച്ചുകാണുന്നതു മറിയത്തിന്റെ ദൈവമാതൃത്വത്തെ യൗസേപ്പ് അംഗീകരിക്കുന്നതിനു തെളിവാണ്.

## ബർത്തലോമിയോയുടെ സുവിശേഷം (Gospel of Barthalomeo)

മരിയഭക്തി കുറെയൊക്കെ വളർന്നുവന്ന ഒരു കാലഘട്ടത്തിലാണ് ഈ ഗ്രന്ഥം എഴുതപ്പെട്ടതെന്നാണ് അനുമാനം. കാരണം ഈ ഗ്രന്ഥത്തിലാണു മറിയത്തിന്റെ വിശേഷതരത്തിലുള്ള ചില സംബോധനകളായ മറിയം ഏറ്റവും അംഗീകരിക്കപ്പെട്ടവൾ (*Kechariotomene*), അത്യുന്നതന്റെ കൂടാരം (സക്രാരി), ലോകത്തിന്റെ രക്ഷ, മാതാവ്, രാജ്ഞി, ശുശ്രൂഷ, സ്വർഗ്ഗീയ രാജാവിന്റെ മാതാവ് തുടങ്ങിയവ ഉപയോഗിച്ചിരിക്കുന്നതായി കാണുന്നത്.

ശ്ലീഹന്മാർ തങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ മറിയത്തോട് അപേക്ഷിക്കുന്നതും മറിയം ശിഷ്യരുടെ സംശയം ദൂരീകരിക്കുന്നതിനായി മംഗലവാർത്ത സംഭവം വിശദീകരിച്ചുകൊടുക്കുന്നതും ഈ ഗ്രന്ഥത്തിന്റെ പ്രത്യേകതയാണ്.

## നിക്കോദേമൂസിന്റെ സുവിശേഷം (Gospel of Nicodemos)

പീലാത്തോസിന്റെ നടപടി (Acts of Pilate) എന്നപേരിലും ഈ ഗ്രന്ഥം അറിയപ്പെട്ടുവരുന്നു. ഇതിലെ, മറിയവുമായ ബന്ധപ്പെട്ട പരാമർശം, അവളുടെ കുരിശിൻചുവട്ടിലെ വേദന നിറഞ്ഞ വാക്കുകളാണ്.

## വെളിപാടുകളും നടപടികളും (Acts and Apocalypses)

രണ്ടാംനൂറ്റാണ്ടിന്റെ (160-170) എഴുതിയ പൗലോസിന്റെ നടപടികൾ (Acts of Paul) എന്ന ഗ്രന്ഥത്തിന്റെ മറിയത്തിന്റെ പൂർണ്ണക

ന്യകത്വത്തെക്കുറിച്ചു പരാമർശിക്കുന്നു.

### പത്രോസിന്റെ നടപടികൾ (Acts of Peter)

എ.ഡി. 150നും 200നുമിടയിൽ ഏഷ്യാമൈനറിൽ വച്ച് രചിച്ചതാണ് ഈ രേഖ. ഏശയ്യ 7,14; 53,8, ദാനിയേന്റെ 2, 34; ലൂക്കാ 1, 34 –35; മത്തായി 1,18–19; യോഹന്നാൻ 3,13 എന്നീ വി. ഗ്രന്ഥഭാഗങ്ങളുടെ അടിസ്ഥാനത്തിന്റെ മറിയത്തിന്റെ കന്യകാമാതൃത്വത്തെക്കുറിച്ച് ഈ രേഖയിൽ ദീർഘമായ പരാമർശങ്ങളുണ്ട്. അന്നു സഭയിൽ ഉണ്ടായ ഡോസെറ്റിസം (ഈശോ യഥാർത്ഥത്തിൽ മനുഷ്യനല്ല, മനുഷ്യനെപ്പോലെ കാണപ്പെടുന്നതേയുള്ളു എന്ന പാഷണ്ഡതയാണിത്. ഇതുവഴി ഇക്കൂട്ടർ മനുഷ്യാവതാരവും പ. ത്രിത്വവും കുരിശുമരണവും നിഷേധിക്കുന്നു) എന്ന പാഷണ്ഡതയ്ക്കെതിരെയുള്ള പഠനമാണ് ഈ രേഖയിൽ പ്രധാനമായും കാണുന്നത്. എ.ഡി. 431 ലെ കൗൺസിലും മറിയം ദൈവമാതാവാണെന്ന പ്രഖ്യാപനവും ഈ രേഖയുടെ സ്വാധീനമാകാമെന്ന ചിന്ത നിലനില്ക്കുന്നു.

### അന്ത്രയോസിന്റെ പീഡാനുഭവങ്ങൾ, ബർത്തലോമിയോയുടെ പീഡാനുഭവങ്ങൾ (Passion of St. Andrew, Passion of Bartholomeo)

കലർപ്പില്ലാത്തതും കറയില്ലാത്തതുമായ മണ്ണിൽനിന്നുള്ള മറിയത്തിന്റെ ജനനം എന്ന പിതാക്കന്മാരുടെ മരിയചിന്തകളുടെ ചുവടുപിടിച്ചു മറിയത്തിന്റെ കന്യത്വം നിർവചിക്കുന്ന രണ്ടു പ്രധാന രേഖകളാണിവ.

### ഫിലിപ്പോസിന്റെ സുവിശേഷം (Gospel of Philip)

ഈ രേഖയിൽ കന്യാമറിയത്തെ ഒരു വലിയ ശക്തിയായിട്ടാണു ചിത്രീകരിക്കുന്നത്. അതു പരിശുദ്ധ റൂഹായാണ്. മറിയത്തിന്റെ കന്യാത്വം ഈ രേഖയിൽ അംഗീകരിച്ച് ഏറ്റുപറയുകയും, ഈശോയുടെ യഥാർത്ഥ പിതാവ് സ്വർഗ്ഗത്തിലുള്ള പിതാവാണെന്ന് അംഗീകരിച്ചു പറയുകയും ചെയ്യുന്നു.

### തോമ്മായുടെ സുവിശേഷം (Gospel of Thomas)

114 ഉദ്ധരണികളുടെ (Sayings, Logia) ഒരു സമുച്ചയമാണ് ഈ രേഖ. 79, 99, 101, 114 എന്നീ ഉദീരണങ്ങൾ മറിയത്തിന്റെ അപദാനങ്ങൾ കീർത്തിക്കുന്നതും അവളുടെ കന്യാത്വത്തെ പ്രകീർത്തിക്കുന്നതുമാണ്.

മേൽപ്പറഞ്ഞ അപ്രമാണികരേഖകൾ കൂടാതെ പരിശുദ്ധ കന്യക മറിയത്തെ പരോക്ഷമായി പ്രതിപാദിക്കുന്നതും മറിയത്തെക്കുറിച്ചും തിരുക്കുടുംബത്തെക്കുറിച്ചുമുള്ള ഐതിഹ്യങ്ങൾ ഉൾക്കൊള്ളുന്നതുമായ മറ്റുനിരവധി രേഖകൾ ലഭ്യമാണ്. ഇവയും ഇവയുടെ പഠനങ്ങളും മരിയശാസ്ത്രത്തിനും ദൈവശാസ്ത്രത്തിന് പൊതുവെയും മുതൽക്കൂട്ടാണ്.

## യാക്കോബിന്റെ സുവിശേഷം

രണ്ടാംനൂറ്റാണ്ടിൽ എഴുതപ്പെട്ട ഈ അപ്രമാണികഗ്രന്ഥം വി. ഗ്രന്ഥത്തിൽനിന്നു വിരചിതമായ മറിയത്തിന്റെ ദൈവമാതൃത്വം, അമലോദ്ഭവം, കന്യാത്വം തുടങ്ങിയ മരിയൻ വിശ്വാസസത്യങ്ങൾക്കു ആഴം നല്കുന്നതാണ്. അതോടൊപ്പം വി. ഗ്രന്ഥത്തിൽ പരാമർശിച്ചിട്ടില്ലാത്ത, മറിയത്തിന്റെ ജീവിതത്തിലെ മറ്റു പല സംഭവങ്ങളും രംഗങ്ങളും, ഭാവനാത്മകമായി ഇതിൽ ചിത്രീകരിച്ചിട്ടുണ്ട്.

### പ്രസക്തമായ ആശയങ്ങൾ

ധനികരും ദൈവഭക്തരുമായ യൊവാക്കിം, അന്ന ദമ്പതിമാർ സന്താനരഹിതരായിരുന്നു. മക്കളെ ജനിപ്പിക്കാത്തവർ ബലിയർപ്പിക്കുന്നതു ശരിയല്ലെന്നു ചിലർ യൊവാക്കിമിനോടു പറഞ്ഞു. യൊവാക്കിം ഇസ്രായേൽ ചരിത്രം പരിശോധിച്ചപ്പോൾ വൃദ്ധനായ അബ്രഹാമിന് ഇസഹാക്ക് എന്ന സന്താനത്തെ ദൈവം നൽകിയതായി കണ്ടെത്തി. യൊവാക്കിം ദുഃഖിതനായി മരുഭൂമിയിൽ കൂടാരമടിച്ചു 40 രാവും 40 പകലും ഉപവസിച്ചു. “ദൈവം എന്നെ സന്ദർശിക്കുന്നതുവരെ എന്റെ ഭക്ഷണവും പാനീയവും പ്രാർത്ഥനമാത്രം ആയിരിക്കും” എന്നദ്ദേഹം ശഠിച്ചു. സന്താന ഭാഗ്യത്തിനായി പ്രാർത്ഥിച്ചു.

### അന്നയുടെ ഗർഭധാരണം

വൃദ്ധയായ അന്ന തന്റെ വിവാഹവസ്ത്രമണിഞ്ഞ് ഉദ്യാനത്തിൽ ഒരു പൂചെടിയുടെ ചുവട്ടിലിരുന്ന് ഇപ്രകാരം പ്രാർത്ഥിച്ചു. “ഞങ്ങളുടെ അമ്മയായ സാറായുടെ ഉദരം അനുഗ്രഹിച്ച് ഇസഹാക്ക് എന്ന പുത്രനെ നൽകിയ ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമേ, എന്നെ അനുഗ്രഹിക്കുകയും എന്റെ പ്രാർത്ഥനശ്രവിക്കുകയും ചെയ്യണമെ”, ഇസ്രായേൽ മക്കളുടെ ഇടയിൽ താനൊരു ശാപമാണെന്ന് അവൾ വിലപിച്ചു. ആകാശത്തിലെ പറവകൾക്കും ചിന്താശക്തിയില്ലാത്ത മൃഗങ്ങൾക്കും സന്താനപുഷ്ടി നൽകുന്ന ദൈവത്തോടവൾ പ്രാർത്ഥിച്ചു. ആ സമയത്ത് ഒരു മാലാഖ

അവൾക്കു പ്രത്യക്ഷപ്പെട്ട് "അന്ന, അന്ന, ദൈവം നിന്റെ പ്രാർത്ഥന ശ്രവിച്ചിരിക്കുന്നു. നീ ഗർഭം ധരിച്ചു പ്രസവിക്കും". അന്നാ ദൈവത്തോടു വാഗ്ദാനം ചെയ്തു. "എന്റെ ദൈവമായ കർത്താവിനു സാക്ഷിയാക്കി ഞാൻ പറയുന്നു, ഞാൻ ഗർഭം ധരിക്കുന്ന കുഞ്ഞ് ആണായാലും പെണ്ണായാലും ദൈവമായ കർത്താവിനു കാഴ്ചയായി സമർപ്പിക്കും". അപ്പോൾ രണ്ടു ദൂതന്മാർ പ്രത്യക്ഷപ്പെട്ട് അന്നായെ അറിയിച്ചു. "ദൈവം യൊവാക്കിമിന്റെ പ്രാർത്ഥന കേട്ടതിനാൽ അവൻ ഇതാ ആട്ടിൻപറ്റവുമായി വീട്ടിലേക്കു മടങ്ങുന്നു". യൊവാക്കിം പത്ത് ആട്ടിൻകുട്ടികളെ കർത്താവിനു ബലിയായി നൽകുകയും പന്ത്രണ്ടു പശുക്കിടാങ്ങളെ പുരോഹിതന്മാർക്കു നൽകുകയും 100 കോലാട്ടിൻ കുട്ടികളെ ജനങ്ങൾക്കായി മാറ്റി നിറുത്തുകയും ചെയ്തു. അന്നാ തിടുക്കത്തിൽ ഓടി യൊവാക്കിമിനെ ചുംബിച്ചു സ്വീകരിച്ചു.

**മറിയത്തിന്റെ ജനനം**

അന്നാ ഒരു പെൺകുട്ടിയെ പ്രസവിച്ചു. ദിവസങ്ങൾ തികഞ്ഞപ്പോൾ ശുദ്ധീകരണകർമ്മം നടത്തുകയും കുഞ്ഞിനു മറിയം എന്നു പേരിടുകയും ചെയ്തു. ആറുമാസമായ കുഞ്ഞിനെ അമ്മ നിലത്തുനിറുത്തിയപ്പോൾ കുഞ്ഞ് ഏഴുചുവടുവച്ച് അമ്മയുടെ മടിയിലെത്തി. അവൾ കുഞ്ഞിനെ കൈയിലെടുത്തു പറഞ്ഞു: "കർത്താവിന്റെ ആലയത്തിൽ ഞാൻ നിന്നെ കൊണ്ടുചെല്ലുവോളം നീ ഈ മണ്ണിൽ ഇനി കാലുകുത്തുകയില്ല". കുഞ്ഞിനെ കിടക്കയിൽ വയ്ക്കുകയും യഹൂദകന്യകകളെ വിളിച്ചു മറിയത്തിന്റെ ഉല്ലാസത്തിനുള്ള സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്തു.

കുട്ടിയുടെ ഒന്നാംജന്മദിനത്തിൽ എല്ലാ മഹാപുരോഹിതന്മാരെയും നിയമജ്ഞരെയും മൂപ്പന്മാരെയും വിളിച്ച് ഒരു വിരുന്നൊരുക്കി. പുരോഹിതന്മാർ കുഞ്ഞിനെ അനുഗ്രഹിച്ചു. അന്നാ കുഞ്ഞിനെ കിടക്കയിൽ സജ്ജീകരിച്ച അൾത്താരയിൽ കിടത്തുകയും ദൈവത്തിനു സ്തോത്രം ആലപിക്കുകയും ചെയ്തു.

**ദൈവാലയത്തിൽ സമർപ്പണം**

മറിയത്തിനു മൂന്നു വയസ്സായപ്പോൾ അവളെ ദൈവാലയത്തിൽ പുരോഹിതന്മാരെ ഏല്പിച്ചു. പുരോഹിതൻ ശിശുവിനെ ചുംബിച്ച ശേഷം അനുഗ്രഹിച്ചു. സമയത്തിന്റെ പൂർണ്ണതയിൽ അവളിലൂടെ ദൈവം ഇസ്രായേൽ മക്കൾക്കു രക്ഷ വെളിപ്പെടുത്തും എന്നു പറഞ്ഞു. ശിശുവിനെ അൾത്താരയുടെ മൂന്നാം പടിയിൽ കിടത്തുകയും അവൾ എഴുന്നേറ്റു സന്തോഷംകൊണ്ടു നൃത്തം ചെയ്യുകയും

ചെയ്തു. മാലാഖമാരിൽനിന്നു ഭക്ഷണം സ്വീകരിച്ച് ഒരു പ്രാവിനെപ്പോലെ മറിയം ദൈവാലയത്തിൽ വളർന്നു.

**മറിയത്തിന്റെ വിവാഹം**

മറിയത്തിനു പന്ത്രണ്ടു വയസ്സായപ്പോൾ അവളുടെ ഭാവി നിശ്ചയിക്കാൻ മഹാപുരോഹിതൻ തിരുവസ്ത്രങ്ങളണിഞ്ഞു അതിവിശുദ്ധസ്ഥലത്തു പ്രവേശിച്ചു പ്രാർത്ഥിച്ചു. പെട്ടെന്നു കർത്താവിന്റെ ദൂതൻ പ്രത്യക്ഷപ്പെട്ടു പറഞ്ഞു: "ജനങ്ങൾക്കിടയിലെ വിഭാര്യന്മാരെ വിളിച്ചു കൂട്ടുക. അവർ ഓരോ വടിയും കൈയിലെടുക്കട്ടെ. ദൈവം അവരിൽ ആർക്കെങ്കിലും ഒരടയാളം കാണിച്ചാൽ അയാൾക്കു മറിയം ഭാര്യയായിരിക്കും". പ്രധാന പുരോഹിതന്റെ അടുത്ത് അവർ എത്തിയപ്പോൾ അവരുടെ വടികൾ അദ്ദേഹം സ്വീകരിച്ചു പ്രാർത്ഥിക്കുകയും അവരവരുടെ വടികൾ തിരിച്ചുകൊടുക്കുകയും ചെയ്തു. യൗസേപ്പിന്റെ വടി തളിർത്ത് പുഷ്പിച്ചു. ദൈവത്തിൽ നിന്നുള്ള അടയാളം ദർശിച്ചു. പുരോഹിതൻ യൗസേപ്പിനോടു പറഞ്ഞു: "നിനക്കാണു കർത്താവിന്റെ കന്യകയെ സ്വീകരിക്കാനുള്ള ഭാഗ്യം ലഭിച്ചിരിക്കുന്നത്. നീ അവളുടെ സംരക്ഷണം ഏറ്റെടുക്കുക. ദൈവനിശ്ചയം നടക്കട്ടെ എന്നു പറഞ്ഞ് പുരോഹിതന്മാരുടെ മുന്നിൽ യൗസേപ്പുസമ്മതം നല്കി.

**മംഗലവാർത്ത**

മറിയം കുടവുമായി വെള്ളം കോരാൻ പോയപ്പോൾ അവൾ ഒരു അശരീരിവാക്കു കേട്ടു. "ദൈവകൃപ നിറഞ്ഞവളേ സ്വസ്തി, കർത്താവു നിന്നോടുകൂടെ, നീ സ്ത്രീകളിൽ അനുഗ്രഹീതയാകുന്നു". മറിയം ഭയചകിതയായി വീട്ടിലെത്തി കുടം വച്ചിട്ടു തുന്നൽപ്പണി ആരംഭിച്ചു. അപ്പോൾ കർത്താവിന്റെ ദൂതൻ പ്രത്യക്ഷപ്പെട്ടു പറഞ്ഞു: "മറിയമേ, നീ ഭയപ്പെടേണ്ട, നീ സർവ്വശക്തന്റെ മുമ്പിൽ കൃപ കണ്ടെത്തിയിരിക്കുന്നു; അവന്റെ വചനത്താൽ നീ ഗർഭം ധരിക്കും; അവൾ ചോദിച്ചു: "ഞാൻ ദൈവത്തിൽനിന്നു ഗർഭം ധരിക്കുമെന്നോ?" ദൂതൻ പറഞ്ഞു: "അങ്ങനെയല്ല, കർത്താവിന്റെ ശക്തി നിന്റെമേൽ ആവസിക്കും. അതുകൊണ്ടു നിന്നിൽനിന്നു ജനിക്കാനിരിക്കുന്നവൻ അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും. നീ അവന് ഈശോ എന്നു പേരിടണം. അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിക്കും." മറിയം പറഞ്ഞു: "ഇതാ കർത്താവിന്റെ ദാസി നിന്റെ വചനംപോലെ എന്നിൽഭവിക്കട്ടെ."

**ന്യായാധിപസംഘത്തിന്റെ മുമ്പിൽ:**

നിയമജ്ഞനായ അന്നാസ് യൗസേപ്പിനെ സന്ദർശിച്ചപ്പോൾ ഗർഭിണിയായ മറിയത്തെ കാണുകയും പ്രധാനപുരോഹിതന്റെ അടുത്തു ചെന്നു യൗസേപ്പ് കന്യകയായ മറിയത്തെ കളങ്കപ്പെടുത്തിയെന്നും അവൾ ഗർഭിണിയാണെന്നും അറിയിച്ചു. മറിയം ന്യായാധിപസംഘത്തിന്റെ മുമ്പിലേക്ക് ആനയിക്കപ്പെട്ടു. ചോദ്യങ്ങൾക്കു മറുപടിയായി "ഞാൻ നിർമ്മലയാണ്, ഞാൻ പുരുഷനെ അറിയുന്നില്ല" എന്ന് മറിയം പറഞ്ഞു. താൻ നിർമ്മലനാണെന്നു യൗസേപ്പും പറഞ്ഞു. പ്രധാനപുരോഹിതൻ "കർത്താവിന്റെ വിധിയുടെ ജലം" യൗസേപ്പിനു നൽകുകയും അതു തെറ്റുകൾ യൗസേപ്പിനു വെളിപ്പെടുത്തുമെന്നു പറയുകയും ചെയ്തു. അതു കുടിച്ച ശേഷം മലമ്പ്രദേശത്തുള്ള വിജനസ്ഥലത്തേയ്ക്കു പറഞ്ഞയച്ചു. അയാൾ ആരോഗ്യവാനായി തിരിച്ചുവന്നു. മറിയത്തിനും അതു നല്കി. അവളും ആരോഗ്യവതിയായിത്തന്നെയിരുന്നു. പാപമൊന്നും വെളിപ്പെട്ടുമില്ല. മറിയത്തെയും കൂട്ടി യൗസേപ്പ് സ്വഭവനത്തിലേയ്ക്കുപോയി.

**ഈശോയുടെ അദ്ഭുതകരമായ ജനനം:**

യഹൂദരായിട്ടുള്ളവരെല്ലാം പേരെഴുതിക്കണമെന്ന് അഗസ്റ്റസ് രാജാവിന്റെ കല്പനയുണ്ടായി. മറിയത്തെ ഭാര്യയോ മക്കളോ ആയി ചേർക്കുവാൻ യൗസേപ്പിനു ഭയമായിരുന്നു. ദൈവം വെളിപ്പെടുത്തുമെന്ന രീതിയിൽ മറിയവുമൊത്തു ബെദ്ലഹേമിലേയ്ക്കു കഴുതപ്പുറത്തു യാത്രയായി. യൗസേപ്പിന്റെ രണ്ടു പുത്രന്മാരും അനുഗമിച്ചിരുന്നു. മറിയത്തിനു പ്രസവത്തിനുള്ള സമയമായപ്പോൾ അവളെ ഒരു ഗുഹയിൽ ആക്കിയശേഷം യൗസേപ്പ് ഒരു സൂതികർമ്മിണിയെ അന്വേഷിച്ചുകൊണ്ടു വന്നു. സൂതികർമ്മിണി ഗുഹയിൽ എത്തിയപ്പോൾ ഒരു മേഘം വലയം ചെയ്തു. അദ്ഭുതകരമായ കാഴ്ച കണ്ട് അവൾ ദൈവത്തെ മഹത്വപ്പെടുത്തി. ഗുഹയിൽ വലിയ ഒരു പ്രകാശം ദൃശ്യമായി. അല്പസമയത്തിനുശേഷം ശിശു പ്രത്യക്ഷപ്പെടുകയും പ്രകാശം അപ്രത്യക്ഷമാവുകയും ചെയ്തു. നവ്യമായ ഈ കാഴ്ചകണ്ട ദിവസം എത്ര ശ്രേഷ്ഠമെന്നവൾ പറഞ്ഞു. അസ്വാഭാവികമായ രീതിയിൽ ഒരു കന്യക പ്രസവിച്ചിരിക്കുന്നു എന്ന് അവൾ പരസ്യപ്പെടുത്തി. ഇത് ഒരു വിവാദ വിഷയമായി. സലോമി എന്നൊരു സ്ത്രീ നേരിൽക്കണ്ട് ഈ സംഭവം സാക്ഷ്യപ്പെടുത്തി എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

(ഈ ഗ്രന്ഥത്തിൽ അന്ത്യത്തിൽ ഗ്രന്ഥ കർത്താവ് സ്വയം പരിചയപ്പെടുത്തുന്നത് ഇപ്രകാരമാണ്. "ഹേറോദേസിന്റെ മരണത്തെത്തുടർന്ന് ഉണ്ടായ ലഹളയുടെ സമയം മുഴുവനും വിജന പ്രദേശത്തു പോയി വസിച്ച യാക്കോബാണു ഞാൻ").

## മറിയത്തിന്റെ മരണം

മറിയത്തിന്റെ മരണത്തെ Dormition of Teotokos ദൈവമാതാവിന്റെ ഉറക്കം എന്നാണ് പാരമ്പര്യത്തിൽ വിശേഷിപ്പിച്ചിരിക്കുന്നത്. രണ്ട് പാരമ്പര്യങ്ങളാണ് മറിയത്തിന്റെ ഭൗമിക ജീവിതത്തിന്റെ അന്ത്യമായി ബന്ധപ്പെടുത്തിയുള്ളത്: ഒന്ന്, മറിയം മരിച്ചിട്ടില്ല, ആത്മ ശരീരത്തോടെ എടുക്കപ്പെട്ടു (ഏലിയ, ഹേനോക്ക് എന്നിവരെപ്പോലെ) എന്നതും രണ്ടാമത്തെ പാരമ്പര്യം AD 46-ാം ആണ്ടിൽ മറിയം മരിച്ച് അടക്കപ്പെട്ടു എന്നും. പിന്നീട് ശ്ലീഹന്മാർ കബറിടം മൂന്നാം ദിവസം തുറന്നപ്പോൾ അത് ശൂന്യമായിരുന്നു എന്നുമാണ്.

മറിയം മരിച്ചില്ലെന്നും തന്റെ പുത്രനു സമാനമാകാൻ മരിച്ചെന്നും രണ്ടു സിദ്ധാന്തങ്ങൾ നിലനിന്നിരുന്നു.

1. ദൈവം തീരുമാനിച്ച അവളുടെ അന്ത്യദിനത്തിൽ സ്വർഗത്തിലേയ്ക്ക് മറിയം എടുക്കപ്പെട്ടു എന്നതാണ് ആദ്യ സിദ്ധാന്തം. മരണം പാപത്തിന്റെ ഫലമാകയാൽ പാപരഹിതമായ മറിയം മരിക്കേണ്ടിയിരുന്നില്ല. ആ കാരണത്താൽ അവളുടെ സരീരവും ആത്മാവും സ്വർഗ്ഗത്തിലേയ്ക്ക് എടുക്കപ്പെടുകയും നിത്യമഹത്വമണിഞ്ഞ അവളെ സ്വർഗ്ഗത്തിന്റെയും ഭൂമിയുടേയും റാണിയാക്കുകയും ചെയ്തു.

2. പൊതുവായ അഭിപ്രായം മറിയം മരിച്ചു എന്നതാണ്. അവൾ തന്റെ പുത്രനെപ്പോലെ മരിച്ച് അടക്കപ്പെട്ടു. ജീർണ്ണിക്കാതെ മൂന്നാംദിവസം ശരീരവും ആത്മാവും സ്വർഗ്ഗത്തിലെയ്ക്കെടുക്കപ്പെട്ടു. മറിയത്തിന്റെ സ്വർഗ്ഗാരോപണത്തെക്കുറിച്ചുള്ള 12-ാം പീയൂസ് മാർപാപ്പയുടെ വിശ്വാസസത്യ പ്രഖ്യാപനം ഈ രണ്ട് അഭിപ്രായങ്ങളിലുള്ള വ്യത്യാസം പരാമർശിച്ചിട്ടില്ല. വി.ജോൺ ഡമിഷനാണ് ഈ രണ്ടാം സിദ്ധാന്തത്തിന്റെ പ്രയോക്താവ്.

മരണവേളയിൽ തോമ്മാശ്ലീഹാ ഒഴിച്ച് എല്ലാ ശിഷ്യരും അത്ഭുതകരമാംവിധം മറിയത്തിന്റെ മരണക്കിടയ്ക്ക ്ക്കടുത്ത് എത്തിച്ചേർന്നു. സമാധാനത്തിൽ വേദന കൂടാതെ മരിച്ചെന്നും

അവർ അവളെ കബറടക്കം ചെയ്തെന്നും വിവരിക്കുന്നു. അഭൗമികമായ സുഗന്ധം പരക്കവെ മാലാഖമാരുടെ ഗാനം അവളുടെ കബറിടത്തിൽ കേൾക്കാമായിരുന്നു. മൂന്നാം ദിവസം തോമ്മാശ്ലീഹാ വന്നു നിർബന്ധപൂർവ്വം ശവകുടീരം തുറപ്പിച്ചു എന്നും പറയുന്നു. അപ്പോൾ ശൂന്യമായ കബറിടമാണ് കണ്ടത്. അവളെ സ്വർഗത്തിലേയ്ക്കു സംവഹിച്ച കർത്താവിനെ അവർ സ്തുതിച്ചു. വി. ഗ്രന്ഥത്തിൽ ഈ വിഷയം പരാമർശിക്കുന്നില്ലെങ്കിലും അതു പാരമ്പര്യം വഴി 'ദൈവികവെളിപാടാ'ണെന്നും വിശ്വാസപ്രഖ്യാപനരേഖ പ്രസ്താവിക്കുന്നു. കാരണം

1. മറിയത്തിന്റെ ശരീരം ഉത്ഭവപാവമില്ലാതെ സൃഷ്ടിക്കപ്പെട്ടതാണ്.
2. അവൾ കർമ്മപാപരഹിതയായിരുന്നു
3. അവൾ ജീവിതം മുഴുവനും നിത്യകന്യകയായിരുന്നു
4) ദൈവപുത്രനു ശരീരം നൽകിയ അവൾ ജീർണ്ണിക്കുന്നതു യുക്തമല്ല.

12ാം പീയൂസ് മാർപാപ്പയുടെ കാലഘട്ടത്തിൽ മറിയത്തിന്റെ സ്വർഗാരോപണം കത്തോലിക്കരുടെ വിശ്വാസവും ഭക്തിയും കേന്ദ്രീകരിച്ചുള്ള ഒരു വിഷയമായി മാറി. നിഷ്കൃഷ്ടമായ ഒരു വേദപുസ്തക തെളിവിനേക്കാൾ സഭയുടെ വിശ്വാസം ഇതിന് ആധാരമായി 12ാം പീയൂസ് മാർപാപ്പ കണക്കിലെടുത്തു.

1950 നവംബർ 1-ാം മുൻഫിച്ചെന്തീസിമൂസ് ദേയൂസ് (Munificentisimus) എന്ന അപ്പസ്തോലിക ലേഖനം വഴി മാതാവിന്റെ സ്വർഗാരോപണം 12-ാം പീയൂസ് മാർപാപ്പ വിശ്വാസസത്യമായി പ്രഖ്യാപിച്ചു.

**മറിയത്തിന്റെ കബറിടം**

ജറുസലേമിലേക്ക് കെദ്രോൺ താഴ്വരയിൽ ഒലിവ് മലയുടെ താഴെത്തട്ടിലാണ് മറിയത്തിന്റെ കബറിട ദേവാലയം സ്ഥിതിചെയ്യുന്നത്. കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കാലത്താണ് ആദ്യത്തെ ദേവാലയം പണിയുന്നത്. പിന്നീട് മുസ്ലീം ആക്രമണങ്ങളിൽ പലതവണ നശിപ്പിക്കപ്പെടുകയും പുനർ നിർമ്മിക്കുകയും ചെയ്യപ്പെട്ടിട്ടുണ്ട്. 14-ാം നൂറ്റാണ്ടിൽ ഫ്രാൻസിസ്കൻ സന്യാസിമാർ പുനർ നിർമ്മിച്ചതാണ് ഇപ്പോഴുള്ള ദേവാലയം. ഈസ്റ്റേൺ ഓർത്തഡോക്സ് സഭയാണ് ദേവാലയത്തിന്റെ നടത്തിപ്പ് ചുമതല നിർവ്വഹിക്കുന്നത്.

# 03

## മരിയൻ വിശ്വാസസത്യങ്ങൾ

സഭ ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടുള്ള മരിയൻ വിശ്വാസസത്യങ്ങൾ നാലെണ്ണമാണ്:

1. മറിയം ദൈവമാതാവ് (*Theotokos*, AD 431-എഫേസൂസ് കൗൺസിൽ)
2. മറിയം നിത്യകന്യക (2-ാം കോൺസ്റ്റാന്റി നോപ്പിൾ കൗൺസിൽ AD; 553 ലാറ്ററൻ സിനഡ് AD-649)
3. മറിയം അമലോത്ഭവ (Pius IX, *Ineffabilis Deus* 8.ഡിസംബർ 1854)
4. മറിയം സ്വർഗ്ഗാരോപിത (Pius XII, *Munifice-ntissimus Deus*, 1 നവംബർ 1950)

തിരുസഭയുടെ മാതാവും മാതൃകയുമായ പരിശുദ്ധ മറിയത്തെക്കുറിച്ചുള്ള വിശ്വാസസത്യങ്ങൾ സഭാവി ജ്ഞാനീയത്തിന്റെ ഭാഗമായാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നത്.

സകലതലമുറകളാലും ഭാഗ്യവതി എന്നു വിശേ ഷിപ്പിക്കപ്പെടാൻ ദൈവം പരിശുദ്ധ മറിയത്തിനു വരം കൊടുത്തു (ലൂക്കാ 1:51). രക്ഷാകരചരിത്രത്തിന്റെ പ്രാരംഭത്തിൽ പിശാചിന്റെ തല തകർക്കാൻ ദൈവ

ത്താൽ നിയോഗിക്കപ്പെട്ട സ്ത്രീയാണവൾ (ഉൽപ 3:15). നന്മനിറഞ്ഞവളായി ദൈവം കണ്ടെത്തിയവളും (ലൂക്കാ 1:35) വിശ്വസിക്കുന്ന സകലർക്കും അമ്മയായി ക്രിസ്തുനാഥൻ തന്നെ അന്ത്യസമ്മാനമായി നൽകിയവളുമാണ് മറിയം (യോഹ 19:25-27). പരിശുദ്ധ മറിയത്തെ സംബന്ധിക്കുന്ന നാലു വിശ്വാസസത്യങ്ങളാണ് കത്തോലിക്കാ സഭയിലുള്ളത്. ദൈവമാതൃത്വം, അമലോത്ഭവം, എന്നിവയെക്കുറിച്ചുള്ള ലഘുപഠനങ്ങളാണ് ചുവടെ ചേർക്കുന്നത്.

## ദൈവമാതൃത്വം

പരിശുദ്ധമറിയം ദൈവമാതാവാണ് എന്നത് സഭയുടെ വിശ്വാസസത്യമാണ്. "അവിടുന്നു കന്യകാമറിയത്തിൽനിന്ന് ശരീരം സ്വീകരിച്ച് മനുഷ്യനായി പിറന്നു" എന്നത് നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം ഏറ്റുപറയുന്നുണ്ട്. നെസ്തോറിയൻ പാഷണ്ഡതയുടെ പ്രചാരകർ മറിയത്തെ ദൈവമാതാവെന്നല്ല (Theotokos) ക്രിസ്തുവിന്റെ മാതാവ് (Christotokos) എന്നാണു വിളിക്കേണ്ടത് എന്നു വാദിച്ചിരുന്നു. പ്രത്യക്ഷത്തിൽ നിരുപദ്രവകരം എന്നു തോന്നാവുന്ന ഈ വാദത്തിൽ ഒരു വിശ്വാസസത്യലംഘനമുണ്ട്. മനുഷ്യാവതാരം ചെയ്ത ഈശോയിൽ ദൈവികവ്യക്തിത്വവും മാനുഷിക വ്യക്തിത്വവും ഒന്നായി നിലകൊള്ളുന്നു എന്ന വിശ്വാസസത്യം നിഷേധിച്ചുകൊണ്ടു മാത്രമേ ദൈവമാതാവ്, ക്രിസ്തുവിന്റെ മാതാവ് എന്ന വ്യത്യസ്ത അഭിധാനങ്ങൾ ഉപയോഗിക്കാനാകൂ. മനുഷ്യാവതാരം ചെയ്ത ഈശോ പൂർണ്ണമനുഷ്യനും പൂർണ്ണദൈവവുമാണ്. എന്നാൽ അവിടുത്തെ വ്യക്തിത്വം ദൈവിക വ്യക്തിത്വമാണ്. അതിനാൽ യേശുവിന്റെ അമ്മയെ ദൈവമാതാവ് എന്നു വിശേഷിപ്പിക്കണമെന്ന് 431 ലെ എഫേസൂസ് സൂനഹദോസ് പ്രഖ്യാപിച്ചു. ഈ വിശ്വാസ പ്രഖ്യാപനത്തിൽ രണ്ടു കാര്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്:

(i) എല്ലാ അമ്മമാരും തങ്ങളുടെ കുഞ്ഞിന്റെ രൂപീകരണത്തിനു കാരണമാകുന്നതുപോലെ യേശുവിന്റെ മനുഷ്യത്വത്തിനാവശ്യമായതെല്ലാം സംഭാവന ചെയ്തത് മറിയമാണ്.

(ii) പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻ തമ്പുരാനെ ഗർഭംധരിച്ചു പ്രസവിച്ചതിനാൽ മറിയം ദൈവമാതാവാണ്. അനാദിയിലേയുള്ള അവിടുത്തെ അസ്ഥിത്വത്തിന്റെ മാതാവ് എന്ന നിലയിലല്ല മനുഷ്യാവതാരം ചെയ്ത പുത്രൻ തമ്പുരാന്റെ മാതാവ്

എന്ന നിലയിലാണ് മറിയം ദൈവമാതാവാകുന്നത്.

മറിയത്തിന്റെ ദൈവമാതൃത്വത്തെ തിരുവചനവും വിശുദ്ധ പാരമ്പര്യവും ഒരുപോലെ പിന്തുണയ്ക്കുന്നുണ്ട്:

- ലൂക്കാ 1:39 ൽ എലിസബത്ത് പരിശുദ്ധ മറിയത്തെ ''കർത്താവിന്റെ അമ്മ'' എന്നാണ് വിളിക്കുന്നത്.
- മറിയം ''യേശുവിന്റെ അമ്മ'' എന്നു വിളിക്കപ്പെടുന്നു (യോഹ 2:1) ''അവന്റെ അമ്മ'' (മത്താ 1:18; 2:11, 13:20; 12:46; 13:55) എന്നും ''കർത്താവിന്റെ അമ്മ'' (ലൂക്കാ 1:43) എന്നും മറിയം വിളിക്കപ്പെടുന്നുണ്ട്.
- എമ്മാനുവേൽ പ്രവചനത്തിൽ മറിയത്തിന്റെ മാതൃത്വം പരാമർശിക്കുന്നുണ്ട് (ഏശ 7:14).
- ''നിന്നിൽ നിന്നു പിറക്കുന്നവൻ...... ദൈവപുത്രൻ എന്നു വിളിക്കപ്പെടും'' എന്ന മംഗളവാർത്ത ദൈവമാതൃത്വത്തിനു തെളിവാണ് (ലൂക്കാ 1:35).
- കാലത്തിന്റെ പൂർണ്ണതയിൽ ദൈവപുത്രൻ സ്ത്രീയിൽനിന്ന് ജാതനായി (ഗലാ 4:4) എന്ന വി. പൗലോസിന്റെ പരാമർശവും സമാനാർത്ഥത്തിലാണ്

ദൈവമാതാവ് എന്ന അർത്ഥത്തിലാണ് സഭാപാരമ്പര്യം മറിയത്തെ വിശേഷിപ്പിക്കാൻ പല പഴയനിയമ പ്രതീകങ്ങളും ഉപയോഗിക്കുന്നത്: സമാഗമകൂടാരം (സങ്കീ 86:3) സീയോൻ നഗരം (സങ്കീ 45:5; 131:13), ദിവ്യജ്ഞാനത്തിന്റെ സിംഹാസനം (സുഭാ 8:22) ഉത്തമഗീതത്തിലെ വധുവിന്റെ മാതൃകയിൽ (4:7) പരിശുദ്ധാത്മാവിന്റെ മണവാട്ടി, വാഗ്ദാനപേടകം, ദാവീദിന്റെ കോട്ട, സ്വർഗ്ഗത്തിന്റെ കവാടം മുതലായ വിശേഷണങ്ങളെല്ലാം ദൈവമാതൃത്വത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

### അമലോത്ഭവ

ദൈവമാതാവായതിനാൽ മറിയത്തിന് അമലോത്ഭയാകാനുള്ള അനുഗ്രഹം ദൈവം നൽകി. ജന്മപാപത്തിന്റെ കറപുരളാതെ ജനിച്ചവൾ എന്ന അർത്ഥത്തിലാണ് മറിയത്തെ അമലോത്ഭവ എന്നു വിശേഷിപ്പിക്കുന്നത്.

ദൈവത്തിന്റെ കൃപാവരത്താൽ നിറഞ്ഞ മറിയം അവളുടെ ഉത്ഭവനിമിഷംമുതൽത്തന്നെ രക്ഷിക്കപ്പെട്ടവളാണെന്ന സത്യം നൂറ്റാണ്ടുകളായി സഭ ഏറ്റുപറഞ്ഞിരുന്നതാണ്. 1854 ൽ ഒൻപതാം പീയൂസ്

മാർപാപ്പ *Inefabilis Deus* എന്ന തിരുവെഴുത്തിലൂടെ മറിയത്തിന്റെ അമലോത്ഭവം സഭയുടെ വിശ്വാസസത്യമായി പ്രഖ്യാപിച്ചു: "അനന്യമായ ദൈവകൃപയാലും സർവ്വശക്തനായ ദൈവത്തിന്റെ ആനുകൂല്യത്താലും മനുഷ്യവർഗ്ഗത്തിന്റെ രക്ഷകനായ യേശുക്രിസ്തുവിന്റെ യോഗ്യതകളെ മുൻനിറുത്തിയും ഏറ്റവും പരിശുദ്ധയായ കന്യകാമറിയം അവളുടെ ഉത്ഭവത്തിന്റെ ആദ്യനിമിഷംമുതൽ ഉത്ഭവപാപത്തിന്റെ എല്ലാ മാലിന്യങ്ങളിൽനിന്നും പരിരക്ഷിക്കപ്പെട്ടു." ഉത്ഭവപാപത്തിന്റെ കറയിൽനിന്ന് ഉത്ഭവത്തിന്റെ ആദ്യനിമിഷംമുതൽ മറിയം പരിരക്ഷിക്കപ്പെട്ടത് ക്രിസ്തുവിന്റെ കുരിശിലെ ബലിയുടെ മുൻയോഗ്യതയാലാണ്. വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപോലെ "സ്വപുത്രന്റെ യോഗ്യതകളെ മുൻനിറുത്തി, കൂടുതൽ ഉന്നതമായ രീതിയിൽ രക്ഷിക്കപ്പെട്ടവളാണ് അവൾ" (LG 53).

പരിശുദ്ധ അമ്മയുടെ അമലോത്ഭവത്തിന് വിശുദ്ധ ഗ്രന്ഥത്തിലും സഭാപാരമ്പര്യത്തിലും അടിസ്ഥാനമുണ്ട്.

- ഉൽപ 3:15 ൽ സാത്താന്റെ തല തകർക്കാൻ ജനിക്കുന്ന സന്തതിയുടെ മാതാവായ സ്ത്രീയായി പരാമർശിക്കുന്നത് മറിയത്തെയാണ്. സാത്താനുമായുള്ള (തിന്മയുമായുള്ള) അവളുടെ നിത്യമായ ശത്രുതയാണ് ഈ വാക്കുകളിൽ വ്യക്തമാകുന്നത്.

- ലൂക്കാ 1:28 ൽ "കൃപയായവളേ" (കൃപനിറഞ്ഞവളേ) എന്നാണ് ദൂതൻ മറിയത്തെ അഭിസംബോധന ചെയ്യുന്നത്. അവളിൽ പാപത്തിന്റെ മാലിന്യമില്ല എന്നതിനുള്ള സ്വർഗ്ഗത്തിന്റെ സാക്ഷ്യമാണ് ഈ വാക്കുകൾ.

- ലൂക്കാ 1:41, "നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ, നിന്റെ ഉദരഫലവും വാഴ്ത്തപ്പെട്ടത്" എന്ന എലിസബത്തിന്റെ ഏറ്റുപറച്ചിലിൽ മറിയത്തിന്റെ പാപമില്ലായ്മയെ അവളുടെ ഉദരഫലമായ ഈശോയുടെ പാപമില്ലായ്മയോടാണ് താരതമ്യം ചെയ്തിരിക്കുന്നത്.

മറിയത്തിന്റെ അമലോത്ഭവത്തെക്കുറിച്ച് ഏറ്റവും സുവ്യക്തമായ പഠനങ്ങളുള്ളത് പൗരസ്ത്യ സഭാപിതാവായ വി. എഫ്രേമിന്റെ രചനകളിലാണ്: "നിന്നിൽ കളങ്കമില്ലാത്തതുപോലെ അല്ലയോ ദൈവമേ നിന്റെ അമ്മയും കളങ്കരഹിതയാണ്. നീയും നിന്റെ അമ്മയും മാത്രമേ പൂർണ്ണമായും പാപരഹിതരായിട്ടുള്ളൂ" (*Carm. Nisib.*, 27). പൗരസ്ത്യ സഭാപിതാക്കന്മാർ മറിയത്തെ "സർവ്വവിശുദ്ധ" (Panagia) എന്നാണ് വിശേഷിപ്പിച്ചിരുന്നത്. പാപസ്പർശമേൽക്കാത്തവൾ, പരിശുദ്ധാത്മാവിനാൽ സവിശേഷമാംവിധം രൂപപ്പെടു

ത്തപ്പെട്ട നവസൃഷ്ടി എന്നിങ്ങനെയും മറിയം വിശേഷിപ്പിക്കപ്പെട്ടിരുന്നു. സഭാപിതാവായ വി. അഗസ്റ്റിനും സമാനമായ പഠനം നൽകുന്നുണ്ട് (*De natura et gratia*, 36, 42). ദൈവകൃപയാൽ മറിയം തന്റെ ജീവിതകാലം മുഴുവൻ വ്യക്തിപരമായ എല്ലാ പാപങ്ങളിൽനിന്നും വിമുക്തയായിരുന്നു.

ചിന്തകനായ എയാഡ്മർ അമലോത്ഭവത്തിനു നൽകിയ മൂന്നു വാക്കുകളിലൊതുങ്ങുന്ന വ്യാഖ്യാനം പിന്നീട് മധ്യകാല ദൈവശാസ്ത്രത്തിന്റെ മുദ്രവാക്യമായി മാറി: potuit, decuit, ergo fecit എന്നതായിരുന്നു ഈ വ്യാഖ്യാനം.

potuit - ദൈവത്തിന് മറിയത്തെ അമലോത്ഭവയാക്കുവാൻ സാധ്യമായിരുന്നു.

decuit - തന്റെ പുത്രനു മാതാവാക്കേണ്ടവളെ ദൈവത്തിന് പാപരഹിതയായി സൃഷ്ടിക്കേണ്ടതുണ്ടായിരുന്നു.

fecit - അതിനാൽ ദൈവം അപ്രകാരം മറിയത്തെ അമലോത്ഭയായി സൃഷ്ടിച്ചു.

പരിശുദ്ധ മറിയത്തെക്കുറിച്ചുള്ള വിശ്വാസസത്യങ്ങളായ നിത്യകന്യാത്വം സ്വർഗ്ഗാരോപണം എന്നീ രഹസ്യങ്ങളാണ് ഈ അധ്യായത്തിന്റെ ഉള്ളടക്കം.

## നിത്യകന്യക

അവിടുന്ന് "കന്യകാ"മറിയത്തിൽനിന്നും ശരീരമെടുത്ത് മനുഷ്യനായി പിറന്നു എന്ന വിശ്വാസപ്രഖ്യാപനംവഴി മറിയത്തിന്റെ നിത്യകന്യാത്വം സഭയുടെ വിശ്വാസസത്യമാകുന്നു. മാർട്ടിൻ ഒന്നാമൻ മാർപാപ്പയുടെ നേതൃത്വത്തിൽ ഏ.ഡി. 649 ൽ നടന്ന ലാറ്ററൻ സൂനഹദോസ് ഈ വിശ്വാസസത്യത്തെ കൂടുതൽ വ്യക്തതയോടെ നിർവ്വചിക്കുന്നുണ്ട്: "അനുഗൃഹീത കന്യകയും അമലോത്ഭവയുമായ മറിയം പുരുഷസംസർഗ്ഗംകൂടാതെ പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥയാവുകയും തന്റെ കന്യാത്വത്തിനു ഭംഗംവരാതെ പുത്രനു ജന്മം നൽകുകയും യേശുവിന്റെ ജനനശേഷവും അവളുടെ കന്യാത്വം അഭംഗുരം കാത്തുസൂക്ഷിക്കുകയും ചെയ്തു." ഈ വിശ്വാസപ്രഖ്യാപനത്തിൽ യേശുവിന്റെ (1) ജനനത്തിനുമുമ്പും (2) ജനനസമയത്തും (3) ജനനത്തിനുശേഷവും മറിയത്തിന്റെ കന്യാത്വം അഭംഗുരം പരിരക്ഷിക്കപ്പെട്ടു എന്ന വിശ്വാസമാണ് ഏറ്റുപറയുന്നത്.

യേശുവിന്റെ ജനനത്തിനുമുമ്പ് മറിയം കന്യകയായിരുന്നു: മംഗളവാർത്ത ലഭിക്കുന്ന സമയംവരെ അവൾ കന്യകയായിരുന്നു എന്ന്

ലൂക്കാ 1:26 ൽ നിസ്സംശയം പറയുന്നുണ്ട്. മറിയം ഗർഭം ധരിച്ചത് പുരുഷ സംസർഗ്ഗത്താലല്ല പരിശുദ്ധാത്മാവിലാണ് എന്നതിനാൽ ഗർഭധാരണത്തിലൂടെ അവളുടെ കന്യാത്വത്തിനു ഭംഗം വന്നില്ല. എമ്മാനുവേലിന്റെ അമ്മ കന്യകയായിരിക്കുമെന്ന് ഏശയ്യാ പ്രവചിച്ചിരുന്നു (ഏശ 7:4).

യേശുവിന്റെ ജനനസമയത്ത് മറിയം കന്യകയായിരുന്നു. വേദ പാരംഗതനായ വി. തോമസ് അക്വീനാസ് പഠിപ്പിക്കുന്നതുപോലെ "സാധാരണ പ്രസവങ്ങളിൽ സംഭവിക്കുന്നതുപോലെ സ്ത്രീയുടെ കന്യാത്വത്തിന്റെ അടയാളങ്ങൾ ഭേദിച്ചുകൊണ്ടുള്ള ജനനമായിരുന്നില്ല തിരുപ്പിറവിയിൽ സംഭവിച്ചത് (ST. III. 28.2). എന്നാൽ കന്യാത്വത്തെ കേവലം ശാരീരിക അടയാളവുമായി (hymen) ബന്ധിപ്പിക്കുന്ന ഈ വാദഗതിക്കുപരിയായി യേശുവിന്റെ ജനനം മറിയത്തിന്റെ കന്യാത്വത്തിനു ഭംഗം വരുത്തിയില്ല എന്ന വിശ്വാസത്തിനാണ് നാം ഊന്നൽ കൊടുക്കേണ്ടത്. കന്യാത്വഭംഗം കൂടാതെയുള്ള ജനനം ദൈവം മറിയത്തിൽ അനുവദിച്ച അത്ഭുതമായിരുന്നു എന്ന് കാത്സിഡോൺ കൗൺസിൽ (451) പഠിപ്പിക്കുന്നുണ്ട്. സഭാപിതാവായ വി. അഗസ്തീനോസിന്റെ ഭാഷ്യമനുസരിച്ച് കണ്ണാടിയ്ക്കു പോറലേല്പിക്കാതെ സൂര്യപ്രകാശം കടന്നുപോകുന്നതുപോലെ, അടഞ്ഞ വാതിൽ തുറക്കാതെ ഉത്ഥിതൻ അകത്തുകടന്നതുപോലെ പരിശുദ്ധ മറിയത്തിന്റെ ഉദരത്തിൽനിന്ന് അമ്മയുടെ കന്യാത്വത്തിനു ഭംഗംവരാതെ പുത്രൻ ജന്മമെടുത്തു എന്നാണ് ഈ വിശ്വാസസത്യം പഠിപ്പിക്കുന്നത്.

**മറിയത്തിന് മറ്റ് മക്കളുണ്ടോ?**

ഈശോയുടെ ജനനശേഷവും മറിയം കന്യകയായിത്തന്നെ തുടർന്നു എന്ന് സഭാപാരമ്പര്യങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. 553 ലെ അഞ്ചാം സാർവ്വത്രിക സൂനഹദോസ് മറിയത്തിന്റെ നിത്യകന്യാത്വം (eiparthenos) വിശ്വാസസത്യമായി പ്രഖ്യാപിച്ചു. "ഞാൻ പുരുഷനെ അറിയുന്നില്ല" (ലൂക്കാ 1:34) എന്ന മറിയത്തിന്റെ പ്രസ്താവനയും മരണനേരത്ത് ഈശോ തന്റെ അമ്മയെ യോഹന്നാനു ഭരമേൽപിച്ചു എന്ന സത്യവും (യോഹ 19:27) മറിയത്തിന് യേശുവിനെക്കൂടാതെ മറ്റുമക്കൾ ഇല്ലായിരുന്നു എന്നതിനു തെളിവായി സഭാപിതാവായ ഒരിജൻ സാക്ഷ്യപ്പെടുത്തുന്നുണ്ട് (In Ioan I. 4.23).

യേശുവിന്റെ സഹോദരന്മാർ എന്ന പരാമർശം പുതിയനിയമത്തിലുണ്ടെങ്കിലും "മറിയത്തിന്റെ മക്കൾ" എന്ന് ഒരിടത്തും പരാമർശിച്ചിട്ടില്ല എന്നത് ശ്രദ്ധേയമാണ്. യേശുവിന്റെ സഹോദരന്മാ

രായി പരാമർശിക്കപ്പെടുന്ന യാക്കോബും ജോസെയും (മർക്കോ 6:3) യേശുവിനെ അനുഗമിച്ചിരുന്ന സ്ത്രീകളിൽ ഒരുവളായ മറിയത്തിന്റെ മക്കളായിരുന്നു എന്ന് മർക്കോസ് സുവിശേഷകൻതന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട് (15:40). ഈ മറിയത്തെയാണ് ‘‘മറ്റേ മറിയം’’ എന്ന് മത്തായി (27:56) വിശേഷിപ്പിക്കുന്നത്. ഈ മറിയം കന്യകാമറിയത്തിന്റെയോ യൗസേപ്പിതാവിന്റെയോ ബന്ധുവായിരുന്നു എന്നു കരുതാം. തന്മൂലം ഇവളുടെ മക്കളെ യേശുവിന്റെ സഹോദരന്മാരായി (Cousins) പൊതുജനം കരുതുക തികച്ചും സ്വഭാവികമാണല്ലോ. യേശുവിന്റെ സഹോദരനായി പരാമർശിക്കപ്പെടുന്ന യൂദാ തന്റെ ലേഖനത്തിൽ പ്രാരംഭ വാക്യത്തിൽതന്നെത്തന്നെ യേശുക്രിസ്തുവിന്റെ ദാസനായിട്ടാണ് (സഹോദരനായിട്ടല്ല) വിശേഷിപ്പിക്കുന്നത് എന്ന വസ്തുതയും ശ്രദ്ധേയമാണ്. ഗലാത്തിയ ലേഖനം 1:18–19 നെ ആധാരമാക്കി കർത്താവിന്റെ സഹോദരനും അപ്പസ്തോലനുമായ യാക്കോബ് ഹെൽപ്പയുടെ പുത്രനായ യാക്കോബ് (മാർക്കോ 3:13–19) ആണ് എന്ന് അനുമാനിക്കാം. ചുരുക്കത്തിൽ യേശുവിന്റെ സഹോദരങ്ങളായി വിശേഷിക്കപ്പെട്ടവരാരും പരി. കന്യാമറിയത്തിന്റെ മക്കളല്ല. മറിച്ച് മറിയത്തിന്റെയും യൗസേപ്പിന്റെയും കുടുംബ ബന്ധുക്കളുടെ മക്കളാണെന്ന് വി. ഗ്രന്ഥം തന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

മത്താ 1:25 ൽ ‘‘പുത്രനെ പ്രസവിക്കുന്നതുവരെ അവളെ അവൻ അറിഞ്ഞില്ല’’ എന്ന പരാമർശത്തെ മറിയത്തിനു മറ്റു മക്കളുണ്ടായിരുന്നു എന്നതിനു തെളിവായി ചിലർ ചൂണ്ടിക്കാട്ടാറുണ്ട്. എന്നാൽ ഇതു ശരിയല്ല. യവനകാലഘട്ടത്തിലെ ഭാഷാശൈലിയെക്കുറിച്ചുള്ള അജ്ഞതമൂലമാണ് ഇപ്രകാരമുള്ള തെറ്റിദ്ധാരണകൾ ഉളവാകുന്നത്. ‘‘അതുവരെ’’ എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന *‘‘ഹെയ്യോസ്’’* എന്ന ഗ്രീക്കുപദത്തിന് ‘‘അതിനുശേഷം വിപരീതമായത് സംഭവിച്ചു’’ എന്ന ധ്വനിയില്ല.

ചില ഉദാഹരണങ്ങൾ ശ്രദ്ധിക്കുക:

2 സാമു 6:23 ‘‘സാവൂളിന്റെ പുത്രി മിഖേൽ മരണം വരെ സന്താനരഹിതയായിരുന്നു.’’ മരിച്ചതിനുശേഷം സന്താനഭാഗ്യമുണ്ടായി എന്ന് ഇതിനർത്ഥമില്ലല്ലോ.

ഏശ 46: 4 ‘‘നിങ്ങളുടെ വാർദ്ധക്യം വരെ ഞാൻ........ നിങ്ങളെ രക്ഷിക്കും.’’ വാർദ്ധക്യത്തിനുശേഷം നശിപ്പിക്കും എന്ന് വ്യാഖ്യാനിക്കുന്നത് വിഡ്ഢിത്തമല്ലേ?.

സങ്കീ 110:1 ”ഞാൻ നിന്റെ ശത്രുക്കളെ പാദപീഠമാക്കുന്നതു

വരെ നീ എന്റെ വലത്തുഭാഗത്തിരിക്കുക.'' ശത്രുക്കളെ തോൽപ്പിച്ചു കഴിഞ്ഞാൽ നീ എഴുന്നേറ്റുപോകണം എന്ന അർത്ഥം ഈ വചനത്തിലില്ല. തന്മൂലം ഈശോയുടെ ജനനശേഷം മറിയത്തിനു മക്കളുണ്ടായി എന്ന അർത്ഥത്തിൽ ഈ വചനം വ്യാഖ്യാനിക്കാനാവില്ല.

അവൻ അവളെ അറിഞ്ഞില്ല എന്ന പ്രസ്താവനയിലെ *അറിയുക* എന്ന ക്രിയാരൂപത്തിന് ദാമ്പത്യബന്ധത്തിലേർപ്പെടുക എന്ന അർത്ഥംകൂടി ചില പഴയനിയമ ഭാഗങ്ങളിലുണ്ട് എന്നതിനാലാണ് ഈ വചനത്തിന് മറിയവും യൗസേപ്പും തമ്മിലുള്ള ദാമ്പത്യബന്ധം എന്ന അർത്ഥം കൈവന്നത്. എന്നാൽ അറിയുക എന്ന ക്രിയയുടെ സാമാന്യഗതിയിലുള്ള അർത്ഥം മനസ്സിലാക്കുക, ഗ്രഹിക്കുക, വെളിപാട് സ്വീകരിക്കുക എന്നൊക്കെയാണ്. തന്മൂലം ഈ വചനഭാഗത്തിലെ അറിയുക എന്ന ക്രിയയെ അതിന്റെ സാമാന്യ അർത്ഥത്തിലാണ് മനസ്സിലാക്കേണ്ടത്. അപ്രകാരം വ്യാഖ്യാനിക്കുമ്പോൾ ''പുത്രനെ പ്രസവിക്കുന്നതുവരെ മറിയത്തെ (മറിയത്തിലൂടെ വെളിപ്പെടുന്ന ദൈവീകമായ രക്ഷാകര രഹസ്യത്തെ) യൗസേപ്പിനു മനസ്സിലായില്ല'' എന്ന അർത്ഥത്തിലാണ് മത്തായി 1:25 നെ മനസ്സിലാക്കേണ്ടത്.

മറിയവും യൗസേപ്പും തമ്മിലുള്ള ബന്ധം എപ്രകാരമായിരുന്നുവെന്ന് സഭാപിതാവായ എഫ്രേം കീർത്തിക്കുന്നത് ശ്രദ്ധിക്കുക:

> പരിപാവനമാം വസ്തുക്കൾ
> നിറയും പെട്ടക സവിധത്തിൽ
> വിരവൊടു ശുശ്രൂഷകൾ ചെയ്യും
> ആചാര്യനു തുല്യം..........

വിശുദ്ധ സക്രാരിക്കു മുന്നിൽ ശുശ്രൂഷ ചെയ്യുന്ന പുരോഹിതന്റെ മനോഭാവത്തോടെയാണ് മറിയത്തോടൊപ്പം യൗസേപ്പ് ജീവിച്ചത് എന്നാണ് വി. എഫ്രേം പാടുന്നത്.

മധ്യപൗരസ്ത്യദേശങ്ങളിലെയും യവന പുരാണങ്ങളിലെയും അത്ഭുതജനനകഥകളെ അവലംബമാക്കി രൂപപ്പെട്ട ഐതിഹ്യമാണ് മറിയത്തിന്റെ കന്യാത്വത്തിലുള്ള വിശ്വാസമെന്ന് ആക്ഷേപിക്കുന്നവരുണ്ട്. എന്നാൽ കന്യകാജനനം എന്ന വിശ്വാസത്തിന്റെ പേരിൽ ക്രൈസ്തവർ ഒന്നാം നൂറ്റാണ്ടുമുതൽ ഏറെ അവഹേളനങ്ങളും അപമാനങ്ങളും സഹിച്ചിരുന്നു എന്നതാണ് വസ്തുത (Justin, *Dia-*

*logue* 99.7; Origen, *Contra Celsum* 1.32.69). യേശു ജാരസന്തതിയാണെന്നുള്ള അധിക്ഷേപംപോലും സഹിച്ച് ആദിമസഭ ഈ വിശ്വാസം മുറുകെപ്പിടിച്ചെങ്കിൽ അത് അത്രമേൽ സത്യമായിരുന്നതുകൊണ്ടാണ് എന്ന് സാർവ്വത്രിക മതബോധനഗ്രന്ഥം (498) ചൂണ്ടിക്കാട്ടുന്നുണ്ട്.

വി. അഗസ്റ്റിന്റെ പ്രസ്താവന മറിയത്തിന്റെ കന്യാത്വത്തെക്കുറിച്ചുള്ള വിശ്വാസപ്രഖ്യാപനമായി സഭ എക്കാലവും കൊണ്ടാടുന്നുണ്ട്: Virgo Concepit, Virgo Perperit, Virgo Permanist (ഗർഭധാരണത്തിലും കന്യക, പ്രസവത്തിലും കന്യക, നിത്യമായും കന്യക - *Sermo* 196.1.1).

## സ്വർഗ്ഗാരോപിത

പരിശുദ്ധ മറിയം ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്നത് 1950 നവംബർ 1 ന് പരി. പിതാവ് പന്ത്രണ്ടാം പീയൂസ് പാപ്പ Munificentissimus എന്ന തിരുവെഴുത്തിലൂടെ വിശ്വാസസത്യമായി പ്രഖ്യാപിച്ചു: "അമലോത്ഭവയും നിത്യകന്യകയും ദൈവമാതാവുമായ മറിയം തന്റെ ഇഹലോകവാസം പൂർത്തിയാക്കിയപ്പോൾ ആത്മശരീരങ്ങളോടെ സ്വർഗ്ഗീയ മഹത്വത്തിലേക്കു സംവഹിക്കപ്പെട്ടു." 1946 മുതൽ പന്ത്രണ്ടാം പീയൂസ് മാർപാപ്പാ സഭയിലെ എല്ലാ മെത്രാന്മാരുടെയും വിശ്വാസികളുടെയും അഭിപ്രായം ആരാഞ്ഞശേഷമാണ് ഈ വിശ്വാസസത്യം പ്രഖ്യാപിച്ചത് എന്നതിനാൽ ഏറ്റവും ജനകീയമായി പ്രഖ്യാപിക്കപ്പെട്ട വിശ്വാസസത്യം എന്ന പ്രത്യേകതയും ഇതിനുണ്ട്.

സ്വർഗ്ഗാരോപണം എന്ന വിശ്വാസസത്യത്തിന് വി. ഗ്രന്ഥത്തിൽ അടിസ്ഥാനമുണ്ട്. 1 കോറി 15:23 ൽ ഓരോരുത്തരും താന്താങ്ങളുടെ ക്രമമനുസരിച്ചായിരിക്കും ഉയിർക്കുക; ആദ്യം ക്രിസ്തു. പിന്നെ.... അവനുള്ളവരും. ഈ ക്രിസ്തുവിനുള്ളവരിൽ ഏറ്റവും പ്രധാനപ്പെട്ടവൾ എന്ന നിലയിൽ മറിയത്തിന്റെ ഉയിർപ്പും സ്വർഗ്ഗാരോപണവും യുഗാന്ത്യത്തിനു മുൻപേ സംഭവിച്ചു എന്ന് ന്യായമായും കരുതാം. കൂടാതെ മത്താ 27:52-53 ൽ വിശുദ്ധർ യേശുവിന്റെ മരണനേരത്ത് ഉയിർക്കുന്നതിന്റെ വിവരണമുള്ളതിനാൽ യുഗാന്ത്യത്തിനു മുമ്പേയുള്ള ഉയിർപ്പ് എന്ന ആശയം വി. ഗ്രന്ഥത്തിന് അന്യമാണെന്ന് കരുതാനാവില്ല.

ലൂക്കാ 1:28 ൽ മറിയത്തെ കൃപയായവൾ (കൃപനിറഞ്ഞവൾ) എന്നാണു വിളിക്കുന്നത്. കൃപതന്നെയായ മറിയത്തിന് അക്ഷയത്വം

നൽകാൻ ദൈവം തിരുമനസ്സായി എന്നു കരുതുന്നത് തികച്ചും യുക്തിസഹമാണ്. മരണം പാപത്തിന്റെ ഫലമാകയാൽ പാപരഹിതയായവൾ മരണമെന്ന ഉറക്കത്തെ (Dormition of Mary) മറികടന്ന് സ്വർഗ്ഗത്തിലെത്തി എന്ന വിശ്വാസം യുക്തിഭദ്രമാണ്.

വെളി 12:1 ൽ പരാമർശിക്കുന്ന സ്ത്രീ ഒരേസമയം സഭയുടെയും മറിയത്തിന്റെയും പ്രതീകമാകയാൽ, "സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെടുന്ന ആ സ്ത്രീ" സ്വർഗ്ഗാരോപിതയാകുന്ന മറിയത്തെക്കുറിച്ചുള്ള പരോക്ഷ സൂചനയായി വ്യാഖ്യാനിക്കാം. സങ്കീ 131:8 ൽ വാഗ്ദാനപേടകം അക്ഷയമായ തടികൊണ്ടു നിർമ്മിച്ചതാണെന്ന പരാമർശവും ഉത്ത 8:5 ൽ തന്റെ മണവാളനോടു ചാരിനിൽക്കുന്ന വധുവിനെക്കുറിച്ചുള്ള പരാമർശവും മറിയത്തിന്റെ അക്ഷയത്വത്തെയും സ്വർഗ്ഗപ്രവേശനത്തെയും സൂചിപ്പിക്കുന്നതായി സഭാപിതാക്കന്മാർ വ്യാഖ്യാനിച്ചിട്ടുണ്ട്.

പാപരഹിതയായിരുന്നു എന്നതും ക്രിസ്തുവിന്റെ ശരീരം രൂപം കൊണ്ട ശരീരം എന്നനിലയിലും അവിടുത്തെ രക്ഷാകര പദ്ധതിയിൽ ആദ്യന്തം സഹകാരിയായി വർത്തിച്ചവൾ എന്നതും നിത്യകന്യക എന്നതും അവളുടെ ശരീരത്തിന് ദൈവം അക്ഷയത്വവും സ്വർഗ്ഗപ്രവേശനവും ഉറപ്പുവരുത്താൻ കാരണമായി.

പൗരസ്ത്യ സഭകൾ ആറാം നൂറ്റാണ്ടുമുതലും റോമൻസഭ ഏഴാം നൂറ്റാണ്ടുമുതലും ആഗസ്ത് 15 ന് മറിയത്തിന്റെ ഉറക്കത്തിരുനാൾ (ലത്തീനിൽ Dormito എന്നും ഗ്രീക്കിൽ Koimesis എന്നും ഇത് അറിയപ്പെടുന്നു) ആഘോഷിച്ചിരുന്നു. ഗ്രിഗോറിയൻ ആരാധനാക്രമപഞ്ചാംഗമാണ് ഉറക്കത്തിരുനാളിനെ "സ്വർഗ്ഗാരോപണതിരുനാൾ" എന്ന് പുനർനാമകരണം ചെയ്തത്.

സ്വർഗ്ഗാരോപിതയായ മറിയം സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും രാജ്ഞിയായി അവരോധിക്കപ്പെട്ടതായി 1954 ൽ പന്ത്രണ്ടാം പീയൂസ് പാപ്പാ പ്രഖ്യാപിച്ചു.

**ഡോ. ജോസഫ് പാംപ്ലാനി**

# 04

## മരിയവിജ്ഞാനീയം: നൂറ്റാണ്ടുകളിലൂടെ

മരിയശാസ്ത്രത്തിനു രക്ഷാകരചരിത്രത്തോളം തന്നെ പഴക്കുമുണ്ട്. പാപം ചെയ്ത മാതാപിതാക്കളോടു ദൈവം ചെയ്ത ശിക്ഷാനടപടികളും വാഗ്ദാനവും (ഉല്പ 3,15) മരിയശാസ്ത്രപരമായി വ്യാഖ്യാനിച്ചുകൊണ്ടു രക്ഷ വാഗ്ദാനം ചെയ്തതു മുതൽ മറിയത്തെയും ചൂണ്ടിക്കാണിക്കുന്നു എന്നു വിശ്വസിക്കുന്നു. ഇവിടെ സ്ത്രീയുടെ സന്തതി മിശിഹായാണ്; സ്ത്രീ പരി. കന്യകമറിയവുമാണ്. ഈ രക്ഷകൻ കന്യകയിൽനിന്നു പിറക്കുമെന്ന ഐസയാസിന്റെ പ്രവചനവും (7,14) അവൻ ''എമ്മാനുവൽ'' ആയിരിക്കുമെന്ന വാഗ്ദാനവും മരിയശാസ്ത്രത്തിന്റെ അടിസ്ഥാനങ്ങളായി കരുതുന്നു. ഇസ്രയേലിന്റെ രക്ഷയ്ക്കായി ഇവൻ ബത്ലഹേമിന്റെ ജനിക്കുമെന്ന പ്രവചനം (മിക്ക 5, 2-3) പ്രതീക്ഷയോടെ പഴയനിയമജനത കാത്തിരുന്നു.

രക്ഷകനെക്കുറിച്ചും അവന്റെ മാതാവിനെക്കുറിച്ചുമുള്ള പ്രതീക്ഷയാണു പഴയനിയമത്തിലെ നിരവധി സംഭവങ്ങളും വ്യക്തികളും മറിയത്തിന്റെ പ്രതീകമായി ചിത്രീകരിക്കുവാൻ കാരണമായത്. രക്ഷയുടെ അട

യാളമായ നോഹിന്റെ പേടകവും (ഉല്പ 6, 9) സ്വർഗ്ഗത്തിലേയ്ക്ക്, രക്ഷകന്റെ സന്നിധിയിലേക്ക് എന്ന അർത്ഥത്തിലുള്ള യാക്കോബിന്റെ കോവണിയും ദൈവസാന്നിദ്ധ്യമായ എരിയാത്ത മുൾപ്പടർപ്പും (പുറ 3, 2) അടയ്ക്കപ്പെട്ട ഉദ്യാനവും (ഉത്തമഗീതം 4, 4–12) കർത്താവിന്റെ ദൈവാലയവും (1 രാജാ 8) മറിയത്തിന്റെ പ്രതീകങ്ങളാണ്. ഉടമ്പടിയുടെ പേടകം മറിയത്തിന്റെ വ്യക്തമായ പ്രതീകമായി കരുതുന്നു. ഉടമ്പടിയുടെ പേടകവും ദൈവസാന്നിദ്ധ്യത്തിന്റെ അടയാളമായി ഇസ്രായേന്റെ ജനം കണ്ടിരുന്ന യഥാർത്ഥ്യങ്ങളും രക്ഷയ്ക്കായി ദൈവത്തിന്റെ നേരിട്ടുള്ള ഇടപെടലുകളും രക്ഷകനെ പ്രദാനം ചെയ്യാനുള്ള മറിയത്തിന്റെ പ്രതീകങ്ങളായി മനസ്സിലാക്കാം. മറിയത്തിന്റെ അമലോദ്ഭവം പ്രഖ്യാപിച്ചു കൊണ്ടു 9-ാം പീയൂസ് മാർപാപ്പ പ്രസിദ്ധീകരിച്ച അപ്പസ്തോലിക പ്രബോധനത്തിൽ ഇതു വ്യക്തമാക്കുന്നുണ്ട്. ഇവൾ രക്ഷകനെപ്പോലെതന്നെ ജനത്തിന്റെ പ്രതീക്ഷയായിരുന്നു എന്നു രണ്ടാം വത്തിക്കാൻ കൗൺസിലും പഠിപ്പിക്കുന്നു.

## പുതിയനിയമം

ദൈവപുത്രനായ മിശിഹായോടു ബന്ധപ്പെടുത്തി മറിയത്തെ ദൈവമാതാവായി വണങ്ങുന്നതിന് അടിസ്ഥാനപരമായി 14 സംഭവങ്ങളാണു പുതിയനിയമത്തിൽ കാണുവാൻ സാധിക്കുന്നത്. മംഗലവാർത്ത് (ലൂക്ക 1, 26–38) എലിസബത്തിനെ സന്ദർശിക്കുന്നത് (ലൂക്ക 1, 39–45), മറിയത്തിന്റെ സ്തോത്രഗീതം (ലൂക്ക 1, 46–56) മനുഷ്യാവതാരം (ലൂക്ക 2, 4–20), ഈശോയെ ദൈവാലയത്തിൽ സമർപ്പിക്കുന്നത് (ലൂക്ക 2, 22–38) ഈശോയെ ദൈവാലയത്തിൽ കണ്ടുമുട്ടുന്നത് (ലൂക്ക 2, 41–52), പൂജരാജാക്കന്മാരുടെ സന്ദർശനം (മത്താ 2, 1–12) ഈജിപ്തിലേക്കുള്ള പലായനം (മത്ത 2, 13–18), ഈജിപ്തിൽനിന്നുള്ള തിരിച്ചുവരവ് (മത്ത 2, 19–23), കാനായിലെ കല്യാണവിരുന്നിലെ സാന്നിദ്ധ്യവും മാദ്ധ്യസ്ഥ്യവും (യോഹ 2,1 –11). കുരിശിൻചുവട്ടിലെ മറിയത്തിന്റെ സാന്നിദ്ധ്യം (യോഹ 19, 25 –27), ശ്ലീഹന്മാരോടൊപ്പമുള്ള മറിയത്തിന്റെ കാത്തിരുപ്പ് (നടപടി1, 13–2, 4). പൗലോസ് ശ്ലീഹായുടെ പരാമർശം (ഗാല 4,4). വെളിപാടുഗ്രന്ഥത്തിലെ സഭയുടെ പ്രതീകമായ മറിയം (വെളി 12, 1) എന്നിവയാണിവ. അപ്രമാണികഗ്രന്ഥങ്ങളിലേതു കൂടാതെയുള്ള ഈ 14 പരാമർശങ്ങളാണു മരിയശാസ്ത്രത്തിന് അടിസ്ഥാനമായി നിൽക്കുന്നത്. മരിയശാസ്ത്രത്തിൽ ഇന്നു വിശ്വാസസത്യങ്ങളായിത്തന്നെ സഭ സ്വീകരിച്ചിരിക്കുന്ന മരിയസത്യങ്ങളും അവയ്ക്കെതിരെ സഭാ

ചരിത്രത്തിൽ ഉണ്ടായ എതിർപ്പുകൾ നേരിടുന്നതിനും ഈ വി. ഗ്രന്ഥഉദ്ധരണികളും പരാമർശങ്ങളുമാണ് ഉപോയഗിക്കുന്നത്. നൂറ്റാണ്ടുകളിലൂടെ വളർന്നുവന്ന മരിയഭക്തിപ്രസ്ഥാനങ്ങൾക്കും ഈ വി. ഗ്രന്ഥഭാഗങ്ങൾ തന്നെ അടിസ്ഥാനമായി നിലകൊള്ളുന്നു.

### വേദപുസ്തകാധിഷ്ഠിതമായ ഒന്നാംനൂറ്റാണ്ട്

മറിയത്തെ സംബന്ധിക്കുന്ന വി. ലൂക്കായുടെ സുവിശേഷത്തിലെ ഭാഗങ്ങളിൽ പലതും ആരാധനാവിവരണമാണെന്നും ചരിത്രവിവരണമല്ലെന്നുമാണു ദൈവശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. എലിസബത്തിനെ സന്ദർശിച്ച വേളയിൽ എലിസബത്തിന്റെയും മറിയത്തിന്റെയും അധരങ്ങളിൽന്നും പുറപ്പെട്ട സംഭാഷണവും കീർത്തനവും വിശ്വാസത്തിന്റെ സന്തോഷദായകമായ പ്രഘോഷണമായിരുന്നു. ആദിമസഭയിൽ വിശുദ്ധന്മാർക്കു മറിയത്തോടുണ്ടായിരുന്ന വണക്കത്തിന്റെ ബഹിർസ്ഫുരണങ്ങളാണ് ഈ രീതിയിൽ അവതരിപ്പിക്കുന്നതെന്നു നിഗമനത്തിലെത്തുന്നവരുണ്ട്. "നന്മ നിറഞ്ഞവളെ" (ലൂക്കാ 1, 28) എന്നതും മറിയത്തിലുള്ള ആദിമക്രൈസ്തവ സമൂഹത്തിന്റെ വിശ്വാസത്തിന്റെ നിദർശനമാണ്. മറിയത്തെക്കുറിച്ചുള്ള വിശ്വാസപ്രബോധനം ഉണ്ടാകുന്നതിനുമുമ്പു വിശ്വാസികളുടെ മനസ്സിൽ അവളെപ്പറ്റിയുണ്ടായിരുന്ന ആദരവും ബഹുമാനവുമാണു സുവിശേഷത്തിൽ വ്യക്തമാക്കിയതെന്നു ചില ദൈവശാസ്ത്രജ്ഞരെങ്കിലും പഠിപ്പിക്കുന്നു.

ആദിമസഭയിലെ മാതൃഭക്തിയുടെ ഒരു സാക്ഷ്യംകൂടിയാണ് ഈശോയെക്കുറിച്ചുള്ള ബാല്യകാലവിവരണങ്ങൾ (Infancy Narratives). ഈ വിവരണത്തിലെ മറിയത്തിന്റെ അപദാനങ്ങൾ വെറും വിശേഷണങ്ങളല്ല, ആരാധനക്രമപരവും സൈദ്ധാന്തികവുമായ പ്രകാശനങ്ങളാണ്. പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിന്റെ മറിയത്തിനു നൽകപ്പെട്ട "എന്റെ കർത്താവിന്റെ അമ്മ" (ലൂക്കാ 1, 43) "ഭാഗ്യവതി" (ലൂക്കാ 1, 45) വിശ്വസ്തത (1, 45) എല്ലാ ജനതകളും ഭാഗ്യവതി എന്നു വിളിക്കപ്പെടുന്നവൾ (1, 48) എന്നിങ്ങനെയുള്ള അപദാനങ്ങൾ സഭാസമൂഹത്തിന്റെ വിശ്വാസത്തിന്റെയും ദൈവാരാധനയുടെയും ഭാഗമാണ്.

### ആദിമസഭകാലം

ആദിമസഭയുടെ വിശ്വാസം മിശിഹായിലുള്ള വിശ്വാസമായിരുന്നു. യഹൂദമത പശ്ചാത്തലത്തിൽ എല്ലാവിധ എതിർപ്പുകളും അതിജീവിച്ചുകൊണ്ട് ഈശോ വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായാ

ണെന്നും അവൻ മരണോത്ഥാനങ്ങളിലൂടെ ലോകത്തിനു മുഴുവൻ രക്ഷ പ്രദാനം ചെയ്തു എന്നും നിത്യതയിലേക്കു മനുഷ്യവംശത്തെ കൂട്ടിച്ചേർക്കുവാൻ അവൻ രണ്ടാമതും വരുമെന്നും പഠിപ്പിച്ചിരുന്ന കാലമായിരുന്നു അത്. രക്ഷകനായ മിശിഹായിലുള്ള വിശ്വാസം പങ്കിടുക എന്നതായിരുന്നു അപ്പസ്തോലന്മാരുടെയും ആദിമസഭയുടെയും ലക്ഷ്യം. ഈ വിശ്വാസത്തിനു ദൈവശാസ്ത്രപരമായി വ്യാഖ്യാനം നല്കി വിവിധ സഭകളെ പഠിപ്പിച്ച വി. പൗലോസിന്റെ ലേഖനങ്ങളിലെ പ്രധാന പ്രതിപാദ്യവിഷയം മിശിഹാ മാത്രമായിരുന്നു. സുവിശേഷത്തിനു മറ്റൊരു മാനമാണല്ലോ ഉള്ളത്. മിശിഹാനുഭവം കാലാനുക്രമത്തിൽ എഴുതപ്പെട്ടതാണല്ലോ സുവിശേഷം. അതിലെയും പ്രധാനപ്രതിപാദ്യം ഈശോ എന്ന രക്ഷകൻതന്നെ.

എന്നാൽ, ആദിമക്രിസ്ത്യാനികൾ ക്രിസ്തുവിൽ അചഞ്ചലമായി വിശ്വസിച്ചിരുന്നതോടൊപ്പം മാതാവായ കന്യകാമറിയത്തിലും വിശ്വസിച്ചിരുന്നു. ഇതു മിശിഹായിലുള്ള വിശ്വാസം ആഴപ്പെടുവാൻവേണ്ടിയുള്ളതായിരുന്നു. ഈ വിശ്വാസം ആദിമക്രിസ്ത്യാനികളുടെ അനുദിന ജീവിതത്തെ സ്വാധീനിച്ചിരുന്നു എന്നതിന്റെ തെളിവാണ്. അന്നു പലയിടങ്ങളിലും കാണുന്ന മറിയത്തിന്റെ ചുവർചിത്രങ്ങൾ. മംഗലവാർത്തയും പൂജരാജാക്കളുടെ സന്ദർശനങ്ങളും ഭൂഗർഭാലയങ്ങളിലെ ചുവർചിത്രങ്ങളാണ്. ഇവിടെ മറിയത്തെ കന്യാത്വത്തിന്റെ മകുടമായും പ്രാർത്ഥനയുടെ പ്രതീകമായും ചിത്രീകരിച്ചിട്ടുണ്ട്. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ നടുവിൽ കൈവിരിച്ചു നിൽക്കുന്ന മറിയത്തിന്റെ ചിത്രം (വി. ആഗ്നസിന്റെ നാമത്തിലുള്ള ഭൂഗർഭാലയം) മറിയത്തെ സഭയുടെ മാതാവെന്നു ചിത്രീകരിക്കുന്നതായിട്ടാണു പണ്ഡിതമതം. ഈ ചിത്രങ്ങളെല്ലാംതന്നെ മറിയത്തിലുള്ള ആദിമസഭാവിശ്വാസികളുടെ വിശ്വാസമാണു പ്രകടമാക്കുന്നത്. മറിയത്തിന്റെ നിർമ്മലത, കന്യാത്വം, അവളുടെ പരിരക്ഷ, മാദ്ധ്യസ്ഥ്യം, ആത്മീയമാതൃത്വം എന്നിവയിലുള്ള വിശ്വാസം ഈ ചിത്രങ്ങളിലൂടെ ആദിമസഭാവിശ്വാസികൾ പ്രകടിപ്പിച്ചിരുന്നു.

## സഭാപിതാക്കന്മാരുടെ കാലം

അപ്പസ്തോലന്മാരുടെകാലം മുതൽ 8-ാം നൂറ്റാണ്ടുവരെ ജീവിച്ചു, സത്യവിശ്വാസം അഭംഗുരം പഠിപ്പിച്ചിരുന്ന വിശ്വാസശ്രേഷ്ഠരെയാണു സഭാപിതാക്കന്മാർ എന്നു പൊതുവായി പറയു

ന്നത്. ഇവരിൽ ഭൂരിപക്ഷവും മെത്രാന്മാരായിരുന്നു. ഇതിൽ വിശ്വാസശ്രേഷ്ഠരായ വ്യക്തികൾ മാത്രമല്ല, വിശ്വാസവളർച്ചയ്ക്കും പഠനത്തിനും അടിസ്ഥാനമായി നിലകൊള്ളുന്ന രേഖകളും (ഉദാ. ഡിഡാക്കേ) വിശ്വാസപ്രമാണങ്ങളും (Apostlet's Creed) ഉൾക്കൊള്ളുന്നു. ഇവരെ സഭാപിതാക്കന്മാരായി കരുതുന്നതു നാല് അടിസ്ഥാനകാരണങ്ങളിലാണ്. 1) പഠനങ്ങളിലെ കറ തീർന്ന വിശ്വാസം (Orthodoxy of doctrine) 2) വിശുദ്ധമായ ജീവിതം (Holiness of life) 3) സഭയുടെ ഭാഗത്തുനിന്നുള്ള അംഗീകാരം (Ecclesiastical approval) 4) പൗരാണികത്വം (Antiquity - erudity). ഇതിന്റെ അടിസ്ഥാനത്തിൽ ലത്തീൻസഭ മഹാനായ ഗ്രീഗറി (St. Gregory the Great AD 540-604) വരെയുള്ളവരെയും പൗരസ്ത്യഗ്രീക്കു സുറിയാനി സഭകൾ ദമാസ്ക്കസിലെ വി. ജോൺ (St. John Damascene AD 749)വരെയുള്ള സഭാശ്രേഷ്ഠരെയും പഠിതാക്കളെയും ഗ്രന്ഥകാരന്മാരെയുമാണു സഭാപിതാക്കന്മാർ എന്നു പഠിപ്പിക്കുന്നത്.

ക്രിസ്തുവിജ്ഞാനീയവുമായി ബന്ധപ്പെട്ട പഠനങ്ങളും അബദ്ധപഠനങ്ങളും വന്നതോടെ മിശിഹായുടെ മാതാവായ മറിയത്തെക്കുറിച്ചുള്ള ചോദ്യങ്ങളും ഉയർന്നുവന്നു. "മറിയം ദൈവമാതാവാണോ" മനുഷ്യനായ ക്രിസ്തുവിന്റെ മാതാവാണോ രക്ഷാകരകർമ്മത്തിൽ അവളുടെ സ്ഥാനം എന്താണ് എന്നിങ്ങനെ മറിയത്തെക്കുറിച്ചു നിരവധി സംശയങ്ങളും അബദ്ധപഠനങ്ങളും ഉണ്ടായിത്തുടങ്ങി. ഇതിനെതിരായി സഭാപിതാക്കന്മാർ പഠിപ്പിച്ചു. ആദ്യകാലത്തെ വിശ്വാസം കൃത്യമായും രൂപീകൃതമായ നാലു സൂനഹദോസുകൾ (നിഖ്യ 325, കോൺസ്റ്റാന്റിനോപ്പിൾ 381, എഫേസൂസ് 431, കാൽസിഡോൺ 451) പിതാക്കന്മാരുടെ ശ്രമഫലമായിരുന്നു. ഈ സൂനഹദോസുകളുടെ പഠനങ്ങളിലൂടെയും (പ്രത്യേകിച്ച് എഫേസൂസ് സൂനഹദോസ് പഠനങ്ങൾ) മറ്റു ദൈവശാസ്ത്ര പഠനങ്ങളിലൂടെയും മറിയത്തെക്കുറിച്ചുള്ള വിശ്വാസാധിഷ്ഠിതബോധ്യം കൃത്യമായും വിരചിതമായി. രക്തസാക്ഷിയായ വി. ജസ്റ്റിൻ മുതലുള്ള പിതാക്കന്മാരും അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസിന്റെതു മുതലുള്ള രേഖകളും മരിയശാസ്ത്രത്തിന്റെ അടിസ്ഥാനതത്വങ്ങൾ പഠിപ്പിച്ചു. ഇതിനായി പിതാക്കന്മാർ ഉപമ- ഉപമാനങ്ങളും - പ്രതീകങ്ങളും പ്രതിരൂപങ്ങളും ഉപയോഗിച്ചു രക്ഷകനായ ഈശോയിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ മരിയശാസ്ത്രചിന്തകൾ പഠിപ്പിച്ചു. ഇന്നു സഭ വിശ്വസിച്ചു പഠിപ്പിക്കുന്ന മറിയത്തിന്റെ ദൈവമാതൃത്വം, നിത്യകന്യത്വം, അമലോദ്ഭവം, സ്വർഗ്ഗാരോപണം,

മദ്ധ്യസ്ഥത എന്നീ മരിയൻ വിശ്വാസസത്യങ്ങൾക്കു സഭാപിതാക്ക ന്മാർ താത്വിക രൂപം നൽകി. സഭാപിതാക്കന്മാരുടെ കാലം മരിയ ശാസ്ത്രത്തിന്റെ സുവർണ്ണകാലമായിരുന്നു എന്നു പറയാം.

## പ്രാർത്ഥനകളിലെ മറിയം

മരിയശാസ്ത്രത്തിലെ തുടർന്നുള്ള കാലഘട്ടം മറ്റൊരു പ്രത്യേ കതയിലേയ്ക്കു വിരൽ ചൂണ്ടുന്നതാണ്. മറിയം ദൈവപുത്രനായ ഈശോയുടെ മാതാവാണെന്ന വിശ്വാസത്തിൽ അവളോടു പ്രാർത്ഥിക്കുന്നതും അവളുടെ മാദ്ധ്യസ്ഥ്യം അപേക്ഷിക്കുന്നതും വിശ്വാസജീവിതത്തിന്റെ ഭാഗമായിത്തീർന്ന കാലമായിരുന്നു ഇത്. ഇതിനുള്ള തെളിവുകളും ഉപോദ്ബലകമായി കാണുന്ന പഠന ങ്ങളും സഭാപിതാക്കന്മാരുടേതുതന്നെയാണ്. മറിയത്തിന്റെ മാദ്ധ്യസ്ഥ്യം അംഗീകരിച്ചു വിശ്വാസിച്ചുകൊണ്ടുള്ള Sub Tuum Praesidium എന്ന മൂന്നാം നൂറ്റാണ്ടിലെ പ്രാർത്ഥന ഇതിനു തെളി വാണ്. ഇത്തരത്തിൽ മറിയത്തിന്റെ മാദ്ധ്യസ്ഥ്യം യാചിക്കുന്നതും മറിയത്തോടു പ്രാർത്ഥിക്കുന്നതുമായ പഠനങ്ങളും പ്രാർത്ഥനകളും വി. ഇരണേവൂസ്, ഗ്രിഗറി തൗമാറ്റിംഗു (Gregory Taumatingus 350), ഗ്രിഗറി നസിയാൻസൻ (330-389), മാർ അപ്രേം (306-373) എന്നീ പിതാക്കന്മാരുടെ കൃതികളിൽ കാണാവുന്നതാണ്. മറിയത്തെ രക്ഷ കന്റെ അമ്മയായി കണ്ടു രക്ഷയുടെ പാതയിൽ സഹായകയായും നാരകീയ ശക്തികളിൽനിന്നുള്ള രക്ഷാമാർഗ്ഗമായും ചൂണ്ടിക്കാണി ച്ചിരുന്നു. ഇവയെല്ലാം മേൽപ്പറഞ്ഞ മരിയൻ വിശ്വാസസത്യങ്ങളിൽ അധിഷ്ഠിതമായിരുന്നു.

## എഫേസൂസ് സൂനഹദോസ്

മറിയത്തെക്കുറിച്ചു നാലു നൂറ്റാണ്ടായി ക്രിസ്ത്യാനികൾ വിശ്വ സിച്ചിരുന്നതും സഭാപിതാക്കന്മാർ പഠിപ്പിച്ചിരുന്നതുമായ വിശ്വാ സമാണ് എഫേസൂസ് സൂനഹദോസിൽ (എ.ഡി. 431). "മറിയം ദൈവ മാതാവാണ്" എന്നു നിർവചിച്ചത്. മരിയശാസ്ത്രത്തിലെ വലിയ വഴിത്തിരിവും പരമ്പരാഗതവിശ്വാസം ആഴപ്പെടുത്തിക്കൊണ്ടുള്ള പ്രഖ്യാപനവുമായിരുന്നു അത്. നിഷേധാത്മകമായതലത്തിൽ സഭ യിലെ ആദ്യവിഭജനത്തിന് ഇതു തുടക്കമായി എന്നു കാണാമെ ങ്കിലും ദൈവശാസ്ത്ര വഴിത്താരയിൽ പുതിയ ചിന്താഗതികൾക്ക് അടിസ്ഥാനമായി. മറിയത്തോടുള്ള "ഭക്തി" വളരുന്നതിനും മരിയ ശാസ്ത്രം വളരുന്നതിനും ഇതു കാരണമായി. പഴയനിയമത്തിലെ നിരവധി അടയാളങ്ങൾ മറിയത്തിന്റെ പ്രതീകങ്ങളായി ഉപയോഗി

ച്ചു തുടങ്ങി; ദൈവത്തിന്റെ മല, എരിയാത്ത മുൾപ്പടർപ്പ്, അഹറോന്റെ പുഷ്പിതദണ്ഡ്, പേടകത്തിന്റെ വിലതീരാത്ത തടി, നിത്യമായി ജ്വലിക്കുന്ന ദീപം, മന്നയുടെ പേടകം, യാക്കോബിന്റെ ഗോവണി തുടങ്ങിയവ "ദൈവമാതൃത്വ"ത്തിന്റെ പ്രതീകങ്ങളായി മരിയശാസ്ത്രത്തിൽ ഉപയോഗിച്ചു തുടങ്ങിയത് ഈ സൂനഹദോസിനുശേഷമാണ്. അതോടൊപ്പം മറിയത്തിന്റെ നാമത്തിലുള്ള നിരവധി ദൈവാലയനിർമ്മാണങ്ങൾക്കും തിരുനാളുകൾക്കും ഈ പ്രഖ്യാപനം കാരണമായി.

### 10–15 നൂറ്റാണ്ടുകൾ

ദൈവശാസ്ത്രത്തിനു പുതിയ രൂപഭാവങ്ങൾ കൈവന്ന കാലമായിരുന്നു മദ്ധ്യകാലം; അരിസ്റ്റോട്ടലിന്റെ തത്വശാസ്ത്രത്തിന്റെ വെളിച്ചത്തിൽ വിശ്വാസസത്യങ്ങൾ വിശദീകരിക്കാൻ ശ്രമിച്ച കാലമായിരുന്നു അത്. ഇത്തരത്തിലുള്ള ദൈവശാസ്ത്രവളർച്ചയിൽ മരിയശാസ്ത്രത്തിന് അർഹമായ ഒരു സ്ഥാനം ഉണ്ടാകണമെന്ന് അന്നത്തെ സന്ന്യാസികൾ ആഗ്രഹിച്ചു. "സിസ്റ്റേഴ്സ്യൻ" സന്ന്യാസികളായിരുന്നു ഇതിനു മുൻകൈ എടുത്തത്. പൊതുവെ ആശ്രമ കേന്ദ്രീകൃതമായി പ്രാർത്ഥനകളും തിരുന്നാളുകളും അതോടനുബന്ധിച്ചുള്ള രീതികളും ഇക്കാലത്തു പ്രചരിച്ചു. ഇതു കുരിശുയുദ്ധങ്ങളുടെ കാലമായിരുന്നതുകൊണ്ടു മറിയത്തെ സേനയുടെ മദ്ധ്യസ്ഥയായി അവരോധിക്കാൻ തുടങ്ങി.

10–ാം നൂറ്റാണ്ടു മുതൽ 15–ാം നൂറ്റാണ്ടു വരെയുള്ള കാലഘട്ടമാണു മരിയശാസ്ത്രം താത്വിക വളർച്ച പ്രാപിച്ച സമയം. ഈ പഠനത്തിൽ മിശിഹായുടെ രക്ഷാകരകർമ്മത്തിലുള്ള മറിയത്തിന്റെ ഭാഗഭാഗിത്വമായിരുന്നു പ്രധാനം. അവളുടെ വ്യാകുലത, മാദ്ധ്യസ്ഥ്യം, ആത്മീയമാതൃത്വം തുടങ്ങിയവ ഇതിൽ പ്രധാനപ്പെട്ടതായിരുന്നു. 12–ാം നൂറ്റാണ്ടിൽ Richard of St.Lawrens പ്രസിദ്ധപ്പെടുത്തിയ Mariale എന്ന പഠനത്തിൽ ഈ ആശയങ്ങൾ വ്യക്തമാണ്. തുടർന്നുള്ള കാലഘട്ടത്തിന്റെ സ്കൊളാസ്റ്റിക് ദൈവശാസ്ത്രജ്ഞന്മാർ മറിയത്തിന്റെ അനന്യമായ പ്രത്യേകതകൾക്കു പ്രാധാന്യം നൽകി. രക്ഷയിൽ മറിയം സഹപ്രവർത്തക, അമലോദ്ഭവ, സ്വർഗ്ഗാരോപിത എന്നിവ പ്രധാന പഠന വിഷയങ്ങളായിരുന്നു.

ഫ്രാൻസിസ്കൻ, ഡൊമിനിക്കൻ സന്ന്യാസികളുടെ നേതൃത്വ

ത്തിൽ 13-ാം നൂറ്റാണ്ടിൽ മറിയത്തിന്റെ മാനുഷികത പ്രകീർത്തിച്ചുകൊണ്ടുള്ള ദൈവശാസ്ത്രചിന്തകൾ വളർന്നുവന്നു. മനുഷ്യന്റെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം നൽകാൻ കഴിയുന്ന കരുണ നിറഞ്ഞ അമ്മയായി തുടർന്നുള്ള നൂറ്റാണ്ടുകളിൽ മറിയത്തെ ചിത്രീകരിച്ചു. ഇതിന്റെ ഫലമായി മരിയശാസ്ത്രത്തിൽ ചില അപചയങ്ങളും ഈ കാലഘട്ടത്തിൽ ഉണ്ടായി എന്നതും നിസ്തർക്കമാണ്.

## 15-19 നൂറ്റാണ്ടുകൾ

15 മുതൽ 19 വരെയുള്ള നൂറ്റാണ്ട് മരിയ ഭക്തിയുടെ ഉത്ഭവത്തിന്റെയും വളർച്ചയുടെയും കാലഘട്ടമായിരുന്നു. മറിയം ഏറ്റവും പ്രധാന മദ്ധ്യസ്ഥ, അനുകരണീയസ്ത്രീ, നമ്മുടെ വനിത, മദോണ എന്നീ സംജ്ഞകൾ ഈ കാലത്തിന്റെ സംഭാവനയാണ്. പ്രൊട്ടസ്റ്റന്റുകാർ ഈ പഠനങ്ങൾ പൂർണ്ണമായും എതിർത്തു. വി. ഗ്രന്ഥത്തിലെ വിവരണങ്ങളിൽ കൂടുതലായതൊന്നും അവർക്കു സ്വീകാര്യമായിരുന്നില്ല. എന്നാൽ ഇതിനു കൃത്യമായി മറുപടി നൽകുവാനുള്ള ഒരു മരിയശാസ്ത്രാടിസ്ഥാനം ട്രെന്റ് കൗൺസിലിൽ ക്രമപ്പെടുത്തിയിട്ടില്ല. ഉദ്ഭവപാപം, നീതീകരണം എന്നിവ പരമാർശിക്കുമ്പോൾ മറിയത്തെക്കുറിച്ചു പരമാർശിക്കുക മാത്രം ചെയ്തു. ഫ്രാൻസിൽ Louis Marie Grignon de Monfort ന്റെ നേതൃത്വത്തിൽ വളർന്നു ആത്മീയ വിപ്ലവം മരിയശാസ്ത്രത്തിൽ ഒരു വഴിത്തിരിവായി തീർന്നു. The True Devotion to the Blessed Virgin എന്ന പ്രസിദ്ധമായ ഗ്രന്ഥത്തിന്റെ പ്രകാശനത്തിലൂടെ മറിയത്തിന്റെ പേരിലുള്ള സംഘടനകൾ ഈ കാലഘട്ടത്തിന്റെ സംഭാവനയാണ്.

## നവീകരണകാലം

നവീകരണകാലം ദൈവശാസ്ത്രത്തിൽ പൊതുവെയും മരിയശാസ്ത്രത്തിൽ പ്രത്യേകിച്ചും എടുത്തു പറയേണ്ട കാലമായിരുന്നു. ലൂഥർ വ്യക്തിപരമായി ഒരു പരിധിവരെ മറിയത്തെ അംഗീകരിച്ചിരുന്നു. അമലോദ്ഭവവും സ്വർഗ്ഗാരോപണവും വിശ്വാസസത്യമായി പ്രഖ്യാപിച്ചിട്ടില്ലായിരുന്ന ഈ കാലത്തു മറിയത്തെ വിശ്വാസത്തിന്റെ മാതൃകയായി ചിത്രീകരിച്ചുകൊണ്ടാണു ലൂഥർ മരിയശാസ്ത്രം വിശദീകരിച്ചത്. മറിയത്തിന്റെ മഹത്വവും മഹനീയസ്ഥാനവും ക്രിസ്തുവിൽനിന്നാണെന്നും മറിയത്തെ ബഹുമാനിക്കുവാനുള്ള പ്രധാനകാരണം അവൾ വിശ്വാസത്തിന്റെ ഉദാത്തമാതൃക

യായതുമാണെന്നു ലൂഥർ വിശ്വസിച്ചിരുന്നു. അതോടൊപ്പം, ഒരു പരിധിവരെ മറിയത്തിന്റെ മാദ്ധ്യസ്ഥ്യവും മറിയത്തോടും മറിയത്തോടൊപ്പവുമുള്ള പ്രാർത്ഥനയും ലൂഥർ അംഗീകരിച്ചിരുന്നു. എന്നാൽ മദ്ധ്യകാലഘട്ടത്തിൽ വളർന്നുവന്ന ആശാസ്യമല്ലാത്തതും അർത്ഥമില്ലാത്തതുമായ ഭക്തിപ്രസ്ഥാനങ്ങളെ ലൂഥർ എതിർത്തു പഠിപ്പിച്ചു. ഈ പഠനങ്ങളുടെ യാഥാർത്ഥ്യം മനസ്സിലാക്കിയ ട്രെന്റ് കൗൺസിൽ മരിയശാസ്ത്രവിശദീകരണത്തിൽ വളരെയധികം ശ്രദ്ധ ചെലുത്തി. മരിയശാസ്ത്ര വളർച്ചയിൽ ദൈവശാസ്ത്രാടിസ്ഥാനം ഉണ്ടാകണമെന്നും അതു പൊതു ഭക്തിപ്രസ്ഥാനങ്ങളിൽ ഒതുങ്ങി നില്ക്കുന്നതാകരുതെന്നും പ്രൊട്ടസ്റ്റന്റ് പഠനങ്ങളിൽനിന്നും സഭ പഠിച്ച ഒരു കാലമായിരുന്നു ഇത്.

18-ാം നൂറ്റാണ്ടിൽ ഇതിനെതിരായുള്ള ഒരു പ്രതിഭാസം വളർന്നുവന്നു. അതിർവരമ്പുകളില്ലാത്ത മരിയഭക്തി പ്രസ്ഥാനങ്ങൾ അപ്രധാനങ്ങളായി കാണാൻ തുടങ്ങി. എന്നാൽ, അതിരു കവിഞ്ഞ ഈ തത്വശാസ്ത്ര സ്വതന്ത്രസ്വാധീന ചിന്ത മരിയശാസ്ത്ര വളർച്ചയെ വ്രണപ്പെടുത്തി എന്നു പറയുന്നതാകും ശരി.

19-ാം നൂറ്റാണ്ടു മരിയൻ വെളിപ്പെടുത്തലുകളുടെയും ദർശനങ്ങളുടെയും കാലമായി കണക്കാക്കാം. ഇവയെല്ലാം മാനസാന്തരത്തിനുള്ള ആഹ്വാനമായിട്ടാണ് മരിയഭക്തർ കാണുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ മാർപാപ്പമാർ മറിയത്തിന്റെ നാമത്തിൽ പിതിയ ഭക്താനുഷ്ഠാനങ്ങൾ പ്രോത്സാഹിപ്പിക്കുകയും പുതിയ തിരുനാളുകൾ ആരംഭിക്കുകയും, ചാക്രിക ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുകയും എല്ലാറ്റിലുമുപരി പുതിയ വിശ്വാസസത്യങ്ങൾ ക്രമപ്പെടുത്തുകയും ചെയ്തു. ഇവയെല്ലാം 20-ാം നൂറ്റാണ്ടിലെ മരിയശാസ്ത്രത്തിന് അടിസ്ഥാനമായി.

## 2-ാം വത്തിക്കാൻ കൗൺസിൽവരെ

19, 20 നൂറ്റാണ്ടുകൾ ആധുനികയുഗത്തിലെ മരിയൻ ദൈവശാസ്ത്രത്തിന്റെ സുവർണ്ണകാലഘട്ടമായിരുന്നു. മരിയഭക്തി ദൈവശാസ്ത്രാടിസ്ഥാനത്തിൽ ഈ നൂറ്റാണ്ടുകളിൽ വളരുവാൻ തുടങ്ങി. വി. അൽഫോൻസ് ലിഗോരിയുടെ The Glories Mary എന്ന ഗ്രന്ഥവും മറിയത്തിന്റെ അമലോദ്ഭവ വിശ്വാസ സത്യപ്രഖ്യാനവും (1854) മറിയത്തിന്റെ പ്രത്യക്ഷപ്പെടലുകളും (പാരീസ് 1830, റോം

1842 ലാസലെറ്റാ, 1846 ലൂർദ് 1858, ഐർലൻഡ് 1879) 'മറിയത്തിലൂടെ ഈശോയിലേയ്ക്കു' എന്ന മരിയഭക്തി വളർന്നു വരുവാൻ കാരണമായി.

20-ാം നൂറ്റാണ്ട് ഇതേ ചിന്തകളും ചൈതന്യവും തുടർന്നു പോന്നു. ഫാത്തിമ ദർശനം (1917) സ്വർഗ്ഗാരോപണ വിശ്വാസസത്യപ്രഖ്യാപനം (1950) എന്നിവ വർദ്ധിച്ച മരിയഭക്തിക്ക് അടിസ്ഥാനമായി. ലീജിയൻ ഓഫ് മേരി (1921) ബ്ലു ആർമി (1947) തുടങ്ങിയ പ്രസ്ഥാനങ്ങളും മറ്റു പല മരിയൻ സംഘടനകളും മരിയ ഭക്തിയെ കൂടുതൽ ജനകീയമാക്കി. 20-ാം നൂറ്റാണ്ടിലെ മരിയശാസ്ത്ര പഠനം തികച്ചും വിഭിന്നമായ അന്തരീക്ഷത്തിലായിരുന്നു. മരിയഭക്താനുഷ്ഠാനങ്ങൾ യഥാർത്ഥത്തിൽ മരിയശാസ്ത്രത്തിന്റെ ശരിയായവളർച്ചയായിരുന്നില്ല. അതുകൊണ്ടു കാലഘട്ടത്തിന്റെ ചൈതന്യത്തിൽ മരിയശാസ്ത്രം വളർന്നത് 20-ാം നൂറ്റാണ്ടിലാണ്. ഉറവിടങ്ങളിലേയ്ക്കു തിരിച്ചുപോയി പിതാക്കന്മാരുടെ പഠനങ്ങളുടെ വെളിച്ചത്തിൽ സഭാശാസ്ത്രം വളർന്നുവന്നു എന്നത് ഈ നൂറ്റാണ്ടിന്റെ പ്രത്യേകതയാണ്. സഭയെ ദൈവികരഹസ്യവും രക്ഷയുടെ കൂദാശയുമായി കണ്ടപ്പോൾ മരിയശാസ്ത്രവും ഈ പഠനത്തോടു ചേർന്നു വളർന്നു. ഈ കാലഘട്ടത്തിന്റെ പ്രത്യേകതകൾ.

1. മറിയത്തെ ക്രിസ്തുവെന്ന രഹസ്യവുമായി ബന്ധപ്പെടുത്തി മനസ്സിലാക്കുവാൻ തുടങ്ങി. (A Christo - typical mariology) ഇവിടെ മറിയം ക്രിസ്തുവിനോടൊത്തു സഭയിലേയ്ക്കുള്ള ദർശനമായി നിലകൊള്ളുന്നു.

2. Ecclesio-typical Mariology മറിയത്തെ സഭയെന്ന രഹസ്യവുമായി ബന്ധപ്പെടുത്തികാണാൻ ശ്രമിച്ച പഠനം. ഈ അർത്ഥത്തിൽ അവൾ സഭയിൽ ക്രിസ്തുവിന്റെ രക്ഷകനും മദ്ധ്യസ്ഥനുമായി കാണുന്ന രീതിയാണിത്.

ഈ രണ്ടു വീക്ഷണങ്ങളുടെ സമന്വയമാണു മറിയത്തിന്റെ സ്വർഗ്ഗാരോപണ പ്രഖ്യാപനവും (1950 Nov. 1. Pope Pius XII) ലൂർദ്ദിലെ മരിയൻ കോൺഗ്രസും (1958).

**ഡോ. ജോർജ്ജ് കറുകപ്പറമ്പിൽ**

**ഡോ. ജേക്കബ് വെള്ളിയാൻ**

# 05

# മരിയൻ തിരുനാളുകൾ

'മരിയാലീസ്കുൾത്തൂസ്" എന്ന അപ്പസ്തോലിക് പ്രബോധനവും "രക്ഷകന്റെ അമ്മ" എന്ന ചാക്രികലേഖനവും പൗരസ്ത്യ-പാശ്ചാത്യസഭകൾക്കു വിശ്വാസത്തിലും ആരാധനയിലും യോജിപ്പുണ്ടെന്നും കന്യകാമറിയം എല്ലാവരുടെയും പൊതുമാതാവാണെന്നും ഐക്യത്തിന്റെ മാതാവാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

## പൗരസ്ത്യരും പാശ്ചാത്യരും പരസ്പരം കൈമാറിയതിരുനാളുകൾ

മരിയഭക്തിയിൽ പൗരസ്ത്യസഭയും പാശ്ചാത്യസഭയും പരസ്പരം സ്വാധീനിക്കപ്പെട്ടിട്ടുണ്ടെങ്കിലും പൗരസ്ത്യസഭയാണു പാശ്ചാത്യസഭയുടെമേൽ മരിയശാസ്ത്രത്തിൽ കൂടുതൽ സ്വാധീനം ചെലുത്തിയിട്ടുള്ളത്. അതുകൊണ്ടാണു ജറുസലേംസഭ മരിയൻ തിരുനാളുകളുടെ കാര്യത്തിൽ മറ്റു സഭകളുടെ മാതാവാണെന്നു പറയുന്നത്. പാശ്ചാത്യകത്തോലിക്കാസഭയിലെ മരിയൻ തിരു

ന്നാളുകൾ പൗരസ്ത്യകത്തോലിക്കാസഭകളിൽ വളരെ വിരളമായി സ്വീകരിച്ചിട്ടുണ്ട്. പാശ്ചാത്യസഭ പലതിരുനാളുകൾ പൗരസ്ത്യസ ഭയിൽനിന്നു സ്വീകരിച്ചെങ്കിലും പൗരസ്ത്യസഭകളുടെ ആരാധനാ സവിശേഷതയോ തിരുക്കർമ്മഗാനങ്ങളുടെ ധന്യതയോ അധികം ഉൾക്കൊണ്ടിട്ടില്ല. പരിശുദ്ധ അമ്മയെ പൗരസ്ത്യർ ബഹുമാനി ക്കുന്ന രീതികണ്ട് പാശ്ചാത്യർ അദ്ഭുതസ്തബ്ധരായിനിൽക്കുന്നു എന്നതാവാം കൂടുതൽ യാഥാർത്ഥ്യം.

പൗരസ്ത്യസഭകളിലെ ആരാധനയും ഭക്താഭ്യാസവും തമ്മി ലുള്ള ആഴമായ ബന്ധം റോമൻ റീത്തിൽ വ്യക്തമല്ല. ആരാധനയും മരിയഭക്താഭ്യാസവും തമ്മിലുള്ള ബന്ധം മറ്റുള്ളവർക്കു മനസ്സി ലാക്കാൻ എളുപ്പമാകണമെന്നില്ല. മരിയഭക്തിയുടെ വളർച്ചയെപ്പ റ്റിയും സ്വാധീനത്തെപ്പറ്റിയും പലപഠനങ്ങളും ഉണ്ടായിട്ടുണ്ട്.

റിതംതോരിസ് മാത്തർ "രക്ഷകന്റെ അമ്മ", "Ecclesiastca Diplomatica" എന്നീ രേഖകളിൽ (വത്തിക്കാൻ 1987) വിവിധ റീത്തു കളിലെ മരിയൻ തിരുന്നാളുകളെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. ക്രിസ്തു വുമായി ബന്ധപ്പെട്ട മംഗളവാർത്ത, തിരുപ്പിറവി, ഈശോയുടെ ദൈവാലയസമർപ്പണം എന്നിവ പൗരസ്ത്യരും പാശ്ചാത്യരും പൊതുവായി ആഘോഷിക്കുന്നവയാണ്. എന്നാൽ, ഈശോയ്ക്കോ മറിയത്തിനോ ആർക്കാണു പ്രാധാന്യം നൽകുന്നത് എന്നതിൽ വ്യത്യാസമുണ്ടെന്നും പഠനത്തിൽ വ്യക്തമായികാണാം.

### ജറുസലേമിൽ ആരംഭിച്ചവ

മറിയത്തെ സംബന്ധിച്ച തിരുനാളുകളായ അന്നാഉമ്മയുടെ ഉദ രത്തിൽ മറിയം ജനിക്കുന്നത്, മറിയത്തിന്റെ ജനനം, ദൈവാലയ ത്തിൽ സമർപ്പിക്കുന്നത്, സ്വർഗ്ഗത്തിലേയ്ക്കെടുക്കപ്പെടുന്നത് എന്നിവ ജറുസലേം സഭയിൽ ആരംഭിച്ചു മറ്റു സഭകളിലേയ്ക്കു പ്രചരിച്ചതാണ്. ഒരുപക്ഷേ, ദൈവശാസ്ത്രത്തിലും ആഘോഷരീ തിയിലും തീയതിയിലും ഓരോ സഭയിലും വ്യത്യാസം കണ്ടെന്നു വരാം. മറിയത്തിന്റെ മരണം ജനുവരിയിലും സ്വർഗ്ഗാരോപണം ആഗ സ്റ്റിലും ഏതാണ്ട് 206 ദിവസം അകന്ന് ആഘോഷിക്കുന്നതു ശ്രദ്ധാർഹമാണ്. അലക്സാൺഡ്രിയായിലെ തിയഡോഷ്യസ് (566) ഈ രീതിക്കു സാക്ഷ്യം നൽകുന്നുണ്ട്. മറിയത്തിന്റെ തിരുശേഷി പ്പുകളായി അങ്കിയും അരക്കെട്ടും കണ്ടു ബഹുമാനിക്കുന്ന രീതി കോൺസ്റ്റാന്റിനോപ്പിളിൽ ആരംഭിച്ച് ബൈസന്റയിൻ സഭയിൽ പ്രച

രിച്ചിരുന്നു. പ്രാദേശികതലത്തിൽ റോമൻ സഭയിലും ഈ ദൃശ്യവ ണക്കം കാണാവുന്നതാണ്. അർമ്മേനിയൻ റീത്തിലും പാശ്ചാത്യ സുറിയാനി റീത്തിലും മറിയത്തെ ഈ രീതിയിലുള്ള തിരുശേഷി പ്പുകൾ വഴി ബഹുമാനിക്കുന്നുണ്ട്. മറിയത്തിന്റെ ഐക്കണും മറ്റു ചിത്രങ്ങളും വഴി അദ്ഭുതങ്ങൾ നടക്കുന്നതായിക്കാണുന്നു. അങ്ങ നെയുള്ള സ്ഥലങ്ങളിലെ മരിയനാമത്തിലുള്ള ദൈവാലയങ്ങൾ തീർത്ഥാടനകേന്ദ്രങ്ങളായി തീർന്നിട്ടുണ്ട് പൗരസ്ത്യസഭയിലും.

## മറ്റു തിരുനാളുകൾ

സ്ലാവ് ക്രിസ്ത്യാനികളുടെ ഇടയിൽ "സജീവ അരൂപി"യായി മറിയത്തെ പെസഹാവെള്ളിയാഴ്ച അനുസ്മരിക്കുന്നതും അവളുടെ ബഹുമാനാർത്ഥമുള്ള ഒരു കീർത്തനം പഠിപ്പിക്കുവാൻ മറിയം പ്രത്യക്ഷപ്പെട്ടതിന്റെ തിരുനാൾ ആചരിക്കുന്നതും ശ്രദ്ധാർഹമാ ണ്. എത്യോപ്യൻ ക്രിസ്ത്യാനികളുടെ ഇടയിൽ "കാരുണ്യത്തിന്റെ ഉടമ്പടി" (Kedana Mehrat) എന്ന പേരിൽ ഏറ്റവും പ്രധാനമായ ഒരു തിരുനാളും ആഘോഷിക്കുന്നുണ്ട്. പാശ്ചാത്യസഭയിലുള്ള ഈ ദൃശ്യതിരുനാളുകൾ രണ്ടാം സഹസ്രാബ്ദത്തിൽ തുടങ്ങിയവയാണ് (ഉദാഹരണം- ജപമാല, മറിയത്തിന്റെ രാജ്ഞിത്വം, മറിയത്തിന്റെ വിമലഹൃദയം, വ്യാകുലമാതാവ്). പൗരസ്ത്യസഭകളിൽ ഈ തിരു നാളുകൾ ഇപ്പോൾ ആഘോഷിക്കുന്നുണ്ട്.

കൃഷിയും കർഷകരുമായി ബന്ധപ്പെട്ട മൂന്നു തിരുനാളുകൾ പാശ്ചാത്യസുറിയാനി സഭയിൽ കാണാം-വിത്തിന്റെ മാതാവ് (ജനുവരി മാസം) കതിരിന്റെ മാതാവ് (മെയ് മാസം) ഫലത്തിന്റെ മാതാവ് (മുന്തിരിങ്ങ മാതാവ്-ഓഗസ്റ്റ് മാസം). പൗരസ്ത്യസുറി യാനി സഭയിലും കൃഷിയോടുബന്ധപ്പെട്ടു മറിയത്തിന്റെ തിരുനാ ളുകളുണ്ട്. എത്യോപ്യൻ സഭയിലെ "മീറയുടെയും ഗ്രാമ്പുവിന്റെയും തോട്ടം" എന്ന ശീർഷകത്തിൽ മറിയത്തെ ബഹുമാനിക്കുന്നു.

കർത്താവിന്റെ തിരുനാളുകളോടനുബന്ധിച്ചുള്ള മാതാവിന്റെ അനുസ്മരണകാലം പൗരസ്ത്യസഭകളിലും പാശ്ചാത്യസഭയിലും ദൃശ്യമാണ്. "സുബാറാ" എന്ന പേരിൽ സുറിയാനിസഭകളിലും "കിയാക്" എന്ന പേരിൽ കോപ്റ്റിക്സഭയിലും "ആഗമനകാലം" എന്ന പേരിൽ ലത്തീൻ സഭകളിലും ഉള്ള കാലഘട്ടങ്ങൾ ഈ രീതി യിലുള്ളവയാണ്. ആരാധനക്രമവത്സരത്തിൽ മറിയത്തിന്റെ നിദ്ര, സ്വർഗ്ഗാരോപണം, കടന്നുപോകൽ എന്നീ പേരുകളിലറിയപ്പെടുന്ന

തിരുനാളുകൾക്ക് ഒരുക്കമായി നോമ്പും തുടർന്നുള്ള എട്ടാമിടവും പൊതുവായിട്ടുള്ളതാണ്. മെയ്മാസവണക്കം അക്കാലത്തെ ആരാധനക്രമവത്സരവുമായി ചേർന്നുപോകാത്തതുമാണ്.

## ആഴ്ചയിലെ അനുസ്മരണം

ആഴ്ചയിലൊരു ദിവസം മറിയവണക്കത്തിനായി നിയോഗിക്കുന്നരീതി പൗരസ്ത്യസഭകളിൽ ദൃശ്യമാണ്. ബൈസന്റയിൻ സഭ, പാശ്ചാത്യ സുറിയാനി സഭ, അർമേനിയൻ സഭ എന്നിവ ബുധനാഴ്ച മറിയത്തെ അനുസ്മരിക്കുന്നു. ബുധനാഴ്ചയാണു മറിയം ജനിച്ചതെന്നും മംഗളവാർത്ത സ്വീകരിച്ചതെന്നും മരിച്ചതെന്നുമുള്ള പാരമ്പര്യമാണിതിനാധാരം. 10-ാം നൂറ്റാണ്ടുമുതൽ പാശ്ചാത്യസഭയിൽ മറിയത്തെ ശനിയാഴ്ച അനുസ്മരിക്കുന്നു. കർത്താവിന്റെ ഉത്ഥാനദിവസമായ ഞായറാഴ്ചയുടെ തലേദിവസം മാതാവ് വിശ്വാസത്തോടെ കർത്താവിനെ കാത്തിരുന്നതാവാം ഈ ദിനമാചരിക്കാൻ കാരണം.

## മരിയൻ തിരുനാളുകൾ ലത്തീൻസഭയിൽ

വിശുദ്ധരോടും പരി. കന്യകമറിയത്തോടുമുള്ള ബഹുമാനവും ഭക്തിയും പ്രകടിപ്പിക്കുന്നതിനും വിശ്വാസം വർദ്ധിപ്പിക്കുന്നതിനുമായി പലമാർഗ്ഗങ്ങൾ വിശ്വാസികൾ ഉപയോഗിച്ചു വന്നിരുന്നു. അതിൽ പ്രധാനമായ ഒന്നാണു തിരുന്നാളാഘോഷങ്ങൾ. കർത്താവിന്റേതിനേക്കാൾ എണ്ണത്തിൽ കൂടുതൽ തിരുനാളുകൾ ആഘോഷിക്കുന്നതു പരി. കന്യകാമറിയത്തിന്റെ നാമത്തിലാണ്. ഒരേ തിരുനാളുതന്നെ കത്തോലിക്ക, ഓർത്തഡോക്സ്, യാക്കോബായ സഭകളിലും, പാശ്ചാത്യപൗരസ്ത്യസഭകളിലും വ്യത്യാസപ്പെട്ട തീയതികളിൽ ആഘോഷിച്ചു വരുന്നു. ആദ്യനൂറ്റാണ്ടുകളിൽത്തന്നെ പല തിരുനാളുകളും പരി. കന്യകാമറിയത്തിന്റെ നാമത്തിൽ ആഘോഷിച്ചു വന്നിരുന്നു.

രണ്ടാം നൂറ്റാണ്ടുമുതൽ, ജനുവരി 6-ാം തീയതി ഈശോയുടെ ജനനത്തിന്റെയും ബാല്യകാലത്തിന്റെയും തിരുനാളായി സഭ ഘോഷിച്ചിരുന്നു. നാലാം നൂറ്റാണ്ടായപ്പോഴേയ്ക്കും ഈശോയെ ദൈവാലയത്തിൽ സമർപ്പിക്കുന്ന തിരുനാൾ ജെറുസലേമിൽ ആഘോഷിച്ചിരുന്നതായി ഏജേറിയ എന്ന സ്പാനിഷ് തീർത്ഥാടക സാക്ഷ്യപ്പെടുത്തുന്നുണ്ട്. A.D. 400-ാം.ആണ്ടിനുമുമ്പു പാല

സ്തീനായ്ക്കു പുറത്തുള്ള പൗരസ്ത്യസഭകളിൽ ഡിസംബർ 25ന് കർത്താവിന്റെ ജനനത്തിരുനാൾ കൊണ്ടാടിയിരുന്നു.

മംഗളവാർത്തക്കാലത്തും ക്രിസ്തുമസ്സിനോടനുബന്ധിച്ചും മറിയത്തിനു പ്രത്യേകമായിട്ടുള്ള അനുസ്മരണം ഉണ്ടായിരുന്നു. ഡിസംബർ 26-ാം തീയതി ദൈവമാതാവിന്റെ ഒരു തിരുനാളുതന്നെ ആഘോഷിച്ചു. റോമൻസഭ ജനുവരി ഒന്ന് മാതാവിന്റെ ജനനത്തിരുനാളായി ആഘോഷിച്ചു പോരുന്നു (600). ഗാള്ളിയ്ക്കൻ സഭ (ഫ്രാൻസ്) ജനുവരി 18 മാതാവിന്റെ തിരുനാളായി ഏഴാം നൂറ്റാണ്ടു മുതൽ ഘോഷിച്ചുപോന്നു. ഈശോയുടെ ജനനത്തിരുനാളിനോടനുബന്ധിക്കാതെ ആദ്യമായിട്ടു ദൈവമാതാവായ മറിയത്തിന്റെ തിരുനാൾ ജറുസലേം സഭയിൽ 430-ാമാണ്ടോടുകൂടി ആഘോഷിച്ചു. ഈ തിരുനാൾ ആഗസ്റ്റ് 15ന് ആയിരുന്നു. ബെത്‌ലഹേമിലേയ്ക്കു പോകുന്നവഴി വി. യൗസേപ്പും മറിയവും വിശ്രമിച്ചു എന്നു കരുതുന്ന സ്ഥലത്താണ് ഒരു ദൈവാലയം പണികഴിപ്പിച്ചു തിരുനാൾ ആഘോഷിച്ചു തുടങ്ങിയത്. ജറുസലേമിലെ ജുവനാൽ മെത്രാൻ, ഒലിവുമലയിൽ മറിയം ജീവിച്ചു മരിച്ചു എന്നു കരുതപ്പെടുന്ന സ്ഥലത്ത്, ഒരു ദൈവാലയം പണിതതോടെ "മറിയത്തിന്റെ ഉറക്കം" (സ്വർഗ്ഗാരോപണം) അവിടെ തിരുനാളായി ആഘോഷിച്ചു തുടങ്ങി.

നാലാം നൂറ്റാണ്ടിൽ മറിയത്തിന്റെ പിറവി, ദൈവാലയ സമർപ്പണം എന്നീ രണ്ടു തിരുനാളുകൾകൂടി ആരംഭിച്ചു. Proto Evangelium ത്തിന്റെ സ്വാധീനത്തിൽ സെപ്തംബർ 8 ഉം, നവംബർ 24 ഉം ഈ തിരുനാളുകളായി. 550 നോടുകൂടി ജറുസലേമിൽത്തന്നെ മാർച്ച് 25ന് മംഗലവാർത്തതിരുനാൾ ആരംഭിച്ചതായി കരുതപ്പെടുന്നു. ഏഴാം നൂറ്റാണ്ടോടുകൂടി മാതാവിന്റെ ഈ നാലുതിരുനാളുകൾ (ഫെബ്രുവരി 2, മാർച്ച് 25, ആഗസ്റ്റ് 15, സെപ്റ്റംബർ 8) റോമിലും ബൈസന്റിയൻ സാമ്രാജ്യം മുഴുവനിലും പ്രചരിച്ചു. സേർജിയൂസ് ഒന്നാമൻ മാർപാപ്പായുടെ കാലത്ത് (687-701) ഈ തിരുനാളുകൾക്കെല്ലാം ഓരോ പ്രദക്ഷിണവും കൂട്ടിച്ചേർത്തു. ജറുസലേമിലെ വി. അന്നയുടെ ദൈവാലയത്തിൽ ഏഴാം നൂറ്റാണ്ടുമുതൽ വൃദ്ധദമ്പതികൾക്കുണ്ടായ പുത്രിയായ മാതാവിന്റെ ജനനം ആഘോഷിക്കാൻ തുടങ്ങി. കാന്റെർബറിയിലെ അൻസലം, ഈയാഡ്മെർ എന്നിവരുടെ സ്വാധീനത്തിൽ ഈ തിരുനാൾ ഇംഗ്ലണ്ടിലും ആചരിച്ചു. ഫ്രാൻസിസ്കൻ സഭാംഗമായിരുന്ന സിക്സ്റ്റസ് നാലാമൻ

മാർപാപ്പ റോമൻകുർബാനക്രമത്തിൽ ഈ തിരുനാൾ ഉൾക്കൊള്ളിച്ചു. 12-ാം നൂറ്റാണ്ടു മുതൽ പാശ്ചാത്യദേശത്തും മറിയത്തെ ദൈവാലയത്തിൽ സമർപ്പിച്ച തിരുനാൾ ആഘോഷിച്ചു തുടങ്ങി. ജൂലൈ 2-ാം തീയതി മാതാവിന്റെ അങ്കിയുടെ തിരുനാൾ കോൺസ്റ്റാന്റിനോപ്പിളിൽ ആരംഭിച്ചു (Deposition of Mary's Robe). അഞ്ചാം പീയൂസ് മാർപാപ്പ മറിയത്തിന്റെ ഏഴു തിരുനാളുകളെ നിർദ്ദേശിച്ചിരുന്നുള്ളു (Feb-2, March-21, July-2, August-15, Sept.-8, Dec.-8) എന്നതു ശ്രദ്ധേയമാണ്.

നവംബർ 21-ലെ സമർപ്പണത്തിരുനാൾ ഉപേക്ഷിച്ചെങ്കിലും ഫ്രാൻസിസ്കൻ അംഗമായിരുന്ന സിക്സ്റ്റസ് അഞ്ചാമൻ മാർപാപ്പ അതു (1985-90) വീണ്ടും ആഘോഷിക്കുവാൻ അനുവദിച്ചു.

ഒരു നൂറ്റാണ്ടിനുശേഷം ഇവയോടൊപ്പം പല നൂറ്റാണ്ടിലും ആചരിച്ചിരുന്ന തിരുനാളുകൾ കൂട്ടിച്ചേർത്തു. അങ്ങനെ, മറിയത്തിന്റെ നാമം സെപ്റ്റംബർ 8 കഴിഞ്ഞു വരുന്ന ഞായറാഴ്ചയും (1716-മുതൽ) കർമ്മല മാതാവിന്റെ തിരുനാൾ ജൂലൈ 16-നും (1726-മുതൽ) ലൂർദ്ദ് മാതാവിന്റെ തിരുനാൾ ഫെബ്രുവരി 13നും മാതാവിന്റെ മാതൃത്വം ഒക്ടോബർ - 11നും (1931 എഫേസൂസ് സൂനഹദോസിന്റെ 15-ാം ശതാബ്ദി) മാതാവിന്റെ വിമലഹൃദയം ആഗസ്റ്റ് 22 (1942)നും മാതാവിന്റെ രാജ്ഞിത്വം മെയ് 31 (1954)നും സഭയിൽ ആഘോഷിച്ചു തുടങ്ങി.

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ആരാധനക്രമം (Sacrosanctum Concilium) എന്ന രേഖയിൽ വിശുദ്ധരുടെ തിരുനാൾ കർത്താവിന്റെ തിരുനാളിന്റെ പ്രാധാന്യം നഷ്ടപ്പെടുത്താതെ മാത്രമേ നടത്താവൂ എന്നു നിർദ്ദേശിച്ചു (107-178, 103). തത്ഫലമായി 1969ലെ ലത്തീൻ കുർബാനക്രമത്തിൽ മധ്യയുഗങ്ങളിൽ ചേർത്ത പല അപ്രധാന മരിയൻ തിരുനാളുകളും ഉപേക്ഷിച്ചു. ആഗമനകാലത്തിന്റെ അവസാനത്തെ ആഴ്ച (ഡിസംബർ 18-25)യിലെ പ്രാർത്ഥനകളിൽ പാശ്ചാത്യസഭയ്ക്കു ശക്തമായുണ്ടായിരുന്ന മരിയൻ ആഭിമുഖ്യം പുനഃസ്ഥാപിച്ചു.

വിവിധ സ്ഥലങ്ങളിലെ സാംസ്കാരിക പാരമ്പര്യത്തിൽ വളർന്നുവന്നതും പൊതുസഭ അംഗീകരിച്ചതുമായ 380 മരിയൻ തിരുന്നാളുകളാണ് ലത്തീൻസഭയിൽ ഉള്ളത്. ഈ തിരുന്നാളുകളെ പ്രാധാന്യമനുസരിച്ചു മൂന്നായി തിരിച്ചിരിക്കുന്നു. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതും അവയുടെ തീയതിയും താഴെ ചേർത്തിരിക്കുന്നു.

| | | |
|---|---|---|
| 1 | മറിയത്തിന്റെ ദൈവമാതൃത്വം | ജനുവരി 1 |
| 2 | മറിയം സഹായക | ജനുവരി 8 |
| 3 | മറിയത്തിന്റെ ശുദ്ധീകരണം | ഫെബ്രുവരി 2 |
| 4 | ലൂർദ്ദുമാതാവ് | ഫെബ്രുവരി 11 |
| 5 | മംഗലവാർത്ത | മാർച്ച് 25 |
| 6 | ആലോചനാ മാതാവ് | ഏപ്രിൽ 26 |
| 7 | സ്വർഗ്ഗീയ റാണി | മെയ് 1 |
| 8 | ഫാത്തിമ മാതാവ് | മെയ് 13 |
| 9 | ക്രിസ്ത്യാനികളുടെ സഹായക | മെയ് 24 |
| 10 | മറിയത്തിന്റെ സന്ദർശനത്തിരുന്നാൾ | മെയ് 31 |
| 11 | നിത്യസഹായമാതാവ് | ജൂൺ 27 |
| 12 | കർമ്മലമാതാവ് | ജൂലൈ 16 |
| 13 | മാലാഖമാരുടെ രാജ്ഞി | ഓഗസ്റ്റ് 2 |
| 14 | മരിയമജോറ സമർപ്പണത്തിരുന്നാൾ | ഓഗസ്റ്റ് 5 |
| 15 | സ്വർഗ്ഗാരോപണം | ഓഗസ്റ്റ് 15 |
| 16 | നോക്ക്മാതാവ് | ഓഗസ്റ്റ് 21 |
| 17 | രാജ്ഞിപദത്തിരുന്നാൾ | ഓഗസ്റ്റ് 22 |
| 18 | ചെക്കോസ്ലാവിയായിലെ കറുത്ത മാതാവ് | ഓഗസ്റ്റ് 22 |
| 19 | മറിയം മദ്ധ്യസ്ഥ | ഓഗസ്റ്റ് 31 |
| 20 | മറിയത്തിന്റെ ജനനം | സെപ്റ്റംബർ 8 |
| 21 | മറിയത്തിന്റെ നാമത്തിരുന്നാൾ | സെപ്റ്റംബർ 12 |
| 22 | വ്യാകുലമാതാവ് | സെപ്റ്റംബർ 15 |
| 23 | ലാസലറ്റ് മാതാവ് | സെപ്റ്റംബർ 19 |
| 24 | വാന്റസിംഗം മാതാവ് | സെപ്റ്റംബർ 24 |
| 25 | ജപമാലരാജ്ഞി | ഒക്ടോബർ 7 |
| 26 | കരുണയുടെ മാതാവ് | നവംബർ 16 |
| 27 | മറിയത്തിന്റെ സമർപ്പണം | നവംബർ 21 |
| 28 | അമലോദ്ഭവമാതാവ് | ഡിസംബർ 8 |
| 29 | ഗ്വാഡലപ്പ മാതാവ് | ഡിസംബർ 12 |
| 30 | അപ്പസ്തോലന്മാരുടെ മാതാവ് സ്വർഗ്ഗാരോപണത്തിന്റെ പിറ്റേന്നാൾ | |
| 31 | സഭയുടെ മാതാവ് : പന്തക്കുസ്താത്തിരുന്നാളിന്റെ പിറ്റേന്നാൾ | |
| 32 | മറിയത്തിന്റെ വിമലഹൃദയം: കുർബാനയുടെ തിരുന്നാളിന് ഒമ്പ താംദിവസം | |
| 33 | മെയ്മാസറാണി | മെയ് മാസം |
| 34 | ജപമാലറാണി | ഒക്ടോബർ മാസം |

## മരിയൻ തിരുനാളുകൾ പൗരസ്ത്യസഭകളിൽ

മറിയത്തിന്റെ തിരുന്നാളുകൾ സമുചിതമായി ആഘോഷിക്കുന്ന പതിവ് എല്ലാ സഭകളിലും നിലനിൽക്കുന്നുണ്ട്. സഭാവിശ്വാസത്തിന്റെ ഭാഗമായാണ് ഇതു തുടരുന്നത്. വെളിപാടുകളുടെ വെളിച്ചത്തിലും തുടർന്നു സംസ്കാരിക പാശ്ചാത്തലത്തിലും പ്രദേശികമായ നിരവധി തിരുന്നാളുകളും പൗരസ്ത്യസഭകളിലാണു തുടക്കം കുറിച്ചത്. ഇവയിൽ പ്രധാനപ്പെട്ടവ എല്ലാംതന്നെ പൗരസ്ത്യസഭാപിതാക്കന്മാരായ മാർ അപ്രേം, നർസെ, ബാബായ്, മഹാനായ തിമോത്തി, ജോർജ് വർദാ, ഗ്രീക്കു സഭാപിതാക്കന്മാർ തുടങ്ങിയവരുടെ പഠനങ്ങളുടെയും ആദ്യനൂറ്റാണ്ടുകളിലും സൂനഹദോസുകളിലും നിർവചിക്കപ്പെട്ട മരിയശാസ്ത്രത്തിന്റെയും വെളിച്ചത്തിലായിരുന്നു. ഇങ്ങനെ തുടങ്ങിയ തിരുന്നാളുകൾ എല്ലാംതന്നെ ബൈസന്റൈൻ സഭയിൽ ഇന്നു ആഘോഷിച്ചു വരുന്നു. കാലക്രമത്തിൽ പൗരസ്ത്യസഭകളിൽനിന്നു പാശ്ചാത്യസഭകളിലേയ്ക്കും ഈ തിരുന്നാളുകൾ കടന്നുവന്നു. പൗരസ്ത്യസഭകളിലെ (ഗ്രീക്കു -സുറിയാനി) മരിയൻ തിരുന്നാളുകളുടെ പ്രത്യേകത അവയിലെ പ്രധാനപ്പെട്ടവ സഭ ഔദ്യോഗികവിശ്വാസസത്യമായി പ്രഖ്യാപിക്കുന്നതിനുമുമ്പു തന്നെ ദൈവശാസ്ത്രാടിസ്ഥാനത്തിൽ ആഘോഷിച്ചു തുടങ്ങി എന്നതാണ്.

1 സെപ്റ്റംബർ 1-ാം തീയതി ആരാധനക്രമവത്സരം ആരംഭിക്കുന്നസഭകളിൽ, ആദ്യ ഞായറാഴ്ച മറിയത്തിന്റെ തിരുന്നാൾ ആഘോഷിച്ചുവരുന്നു. A.D 850ൽ മറിയത്തിന്റെ ഒരു ഐക്കൺ miasena എന്ന സ്ഥലത്തു കണ്ടുപിടിച്ചതിന്റെ ഓർമ്മയാണിത്. മറിയത്തിന്റെ പരിരക്ഷണത്തിനും നിയന്ത്രണത്തിനുമായി ഈ തിരുന്നാളിൽ പ്രാർത്ഥിക്കുന്നു. ബൈസന്റൈൻസഭയിൽ ഈ തിരുന്നാൾ ആചരിച്ചുവരുന്നു.

2 ഒക്ടോബർ 1-ാം തീയതി മറിയത്തിന്റെ "മേലങ്കിയുടെ സുരക്ഷിതത്വം" എന്ന ഒരു തിരുന്നാൾ ആഘോഷിച്ചിരുന്നു. ഒരു വലിയ പകർച്ചവ്യാധി പിടിപെട്ടതിനെത്തുടർന്നു മറിയം തന്റെ മേലങ്കി വിരിച്ചു രക്ഷിച്ചു എന്ന വെളിപാടിൽ നിന്നു തുടങ്ങിയതാണ് ഈ തിരുന്നാൾ.

3 മറിയം ജീവജലത്തിന്റെ ഉറവ എന്ന ഒരു തിരുന്നാൾ എഡി 474 മുതൽ ഒക്ടോബറിൽ ആചരിച്ചുവരുന്നു.

4 കോൺസ്റ്റാന്റിനോപ്പിൾ പട്ടണത്തിന്റെ സംരക്ഷക എന്ന ചിന്തയിൽ എഡി 330 മാർച്ച് 11 മുതൽ സംരക്ഷക എന്ന പേരിൽ ഒരു തിരുന്നാൾ ആഘോഷിച്ചുതുടങ്ങി.

5 എഡി 940 മുതൽ "മറിയത്തിന്റെ അരക്കെട്ടിന്റെ തിരുന്നാൾ" ആചരിച്ചുതുടങ്ങി.

6 ജനുവരി 6-ാം തീയതി ഈശോയുടെ ജനനത്തിന്റെയും ബാല്യകാലത്തിന്റെയും തിരുന്നാൾ ആഘോഷിച്ചു തുടങ്ങി.

7 ഈശോയെ ദൈവാലയത്തിൽ സമർപ്പിക്കുന്ന തിരുന്നാൾ 4-ാം നൂറ്റാണ്ടുമുതൽ ജറുസലത്ത് ആഘോഷിച്ചിരുന്നു എന്ന് എജേറിയ രേഖപ്പെടുത്തിയിട്ടുണ്ട്.

8 പാലസ്തീനയ്ക്കു പുറത്ത് എ.ഡി. 400-നു മുമ്പ് ഡിസംബർ 25-ന് ഈശോയുടെ ജനനത്തിരുന്നാളായി ആഘോഷിച്ചിരുന്നു.

9 എ.ഡി. 430ൽ ദൈവമാതാവായ മറിയത്തിന്റെ തിരുന്നാൾ ജറുസലമിൽ ആഘോഷിച്ചു തുടങ്ങി. ആദ്യകാലത്ത് ഓഗസ്റ്റ് 15 നായിരുന്നു ഈ തിരുന്നാൾ. പൗരസ്ത്യസഭകളിൽ പുരാതനകാലം മുതൽ ആഘോഷിച്ചിരുന്ന ഏറ്റവും പ്രധാന തിരുന്നാളാണിത്.

10 മറിയത്തിന്റെ സ്വർഗ്ഗാരോഹണം: (മറിയത്തിന്റെ ഉറക്കം, മറിയത്തിന്റെ വാങ്ങിപ്പ്) ജറുസലമിലെ യുവനാൽ ബിഷപ്പ്, ഒലിവുമലയിൽ മറിയം വസിച്ചിരുന്നു എന്നു കരുതുന്ന സ്ഥലത്തു നിർമ്മിച്ച ദൈവാലയത്തിന്റെ പ്രതിഷ്ഠയോടെയാണ് ഈ തിരുന്നാൾ ആഘോഷിച്ചുതുടങ്ങിയത്.

11 മംഗലവാർത്തതിരുന്നാൾ: എ.ഡി. 550 മുതൽ മാർച്ച് 25ന്, മറിയത്തിനു ലഭിച്ച മംഗലവാർത്തയുടെ തിരുന്നാൾ ആഘോഷിച്ചു തുടങ്ങി.

12 കർത്താവിന്റെ ജനനത്തിരുന്നാൾ: മൂന്നാംനൂറ്റാണ്ടോടെ ആഘോഷിച്ചുതുടങ്ങി.

13 ഡിസംബർ 8ന് മറിയത്തിന്റെ അമലോദ്ഭവത്തിരുന്നാൾ 8-ാം നൂറ്റാണ്ടോടെ ആഘോഷിച്ചുതുടങ്ങി. എവുബോയിലെ വി. യോഹന്നാൻ (John of Euboea) ആണ് ഇത്തരത്തിൽ ഇതു നാമകരണം ചെയ്തിരിക്കുന്നത്

14 എ.ഡി. 700 മുതലെങ്കിലും നവംബർ 21ന് മറിയത്തിന്റെ ദൈവാലയസമർപ്പണത്തിരുന്നാൾ ആഘോഷിച്ചുതുടങ്ങി

15 ഏഴാംനൂറ്റാണ്ടോടെ ഫെബ്രുവരി 2ന് ഈശോയെ ദൈവാലയത്തിൽ സമർപ്പിച്ചതിന്റെ ഓർമ്മത്തിരുന്നാൾ തുടങ്ങി.

16 7–ാം നൂറ്റാണ്ടു മുതൽ മറിയത്തിന്റെ ജനനത്തിരുന്നാൾ സെപ്റ്റംബർ 8–നു ആഘോഷിച്ചുതുടങ്ങി.

17 12–ാം നൂറ്റാണ്ടു മുതൽ കോൺസ്റ്റാന്റിനോപ്പിളിൽ മറിയത്തിന്റെ അങ്കിയുടെ തിരുന്നാൾ ആഘോഷിച്ചുതുടങ്ങി. എല്ലാ പൗരസ്ത്യ സഭകളിലും ഈ തിരുന്നാളുകൾ എല്ലാം ആഘോഷിക്കുന്നില്ലെങ്കിലും എല്ലാ സഭകളിലെയും ആരാധനക്രമകലണ്ടറിൽ ഇവ രേഖപ്പെടുത്തിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട പ്രാർത്ഥനകളും ഗീതകങ്ങളും യാമപ്രാർത്ഥനകളിൽ ഇന്നും കാണാവുന്നതാണ്.

**ഡോ. ജോർജ്ജ് കറുകപ്പറമ്പിൽ**

# 06

## പൗരസ്ത്യ സുറിയാനി സഭയുടെ മരിയ വിജ്ഞാനീയം

ആരാധനക്രമവത്സരത്തിനു നല്കുന്ന പ്രാധാന്യത്തിന്റെ വെളിച്ചത്തിൽ ആഴ്ചകളുടെ പ്രാധാന്യം എടുത്തുപറയേണ്ട ഒന്നാണ്. ആഴ്ചയിലെ ഏറ്റവും പ്രധാനദിവസം ഞായറാഴ്ചയാണ്. ആദ്യകാലം മുതൽ ഇന്നുവരെ അതിനു പ്രാധാന്യം നല്കി ആഘോഷിച്ചുവരുന്നു. രക്ഷകന്റെ ഉയിർപ്പിന്റെ അനുസ്മരണദിവസമായതുകൊണ്ട് ആ ദിവസം ഉപവാസവും മാംസവർജ്ജനവും നിയമപരമായി നിരോധിച്ചിരുന്നു. ആഴ്ചയിലെ ഉയിർപ്പായിട്ടാണു വി. അഗസ്തിനോസ് ഞായറാഴ്ചയെ ദർശിക്കുന്നത്.

ഞായറാഴ്ച കഴിഞ്ഞാൽ ഏറ്റവും പ്രാധാന്യം കൊടുത്ത് ആചരിച്ചിരുന്ന ദിവസങ്ങളാണു ബുധനാഴ്ചയും വെള്ളിയാഴ്ചയും (ഡിഡാക്കേ 8, 1). ഈ രണ്ടു ദിവസങ്ങളും ഈശോയുടെ പീഡാനുഭവവുമായി ബന്ധപ്പെടുത്തി ഉപവാസദിനങ്ങളായിട്ടാണ് ആചരിച്ചിരുന്നത് (ഡിഡസ്ക്കാലിയ 2, 1; അദ്ദായിയുടെ സിദ്ധാന്തം 2, 2-4). തുടർന്ന് ഹെർമസിലെ ഇടയൻ എന്ന രേഖയും അലക്സാണ്ട്രിയായിലെ ക്ലെമന്റ്, തെർത്തുല്യൻ എന്നീ സഭാപിതാക്കന്മാരും ഇവ പ്രായ

ശ്ചിത്തദിനങ്ങളായും ഉപവാസദിനങ്ങളായും പഠിപ്പിച്ചു. ആദ്യനൂറ്റാണ്ടുകളിൽ പശ്ചാത്യ പൗരസ്ത്യവ്യത്യാസം കൂടാതെ ഈ ദിവസങ്ങൾ ആരാധനക്രമപരമായും ആദ്ധ്യാത്മികജീവിതമായി ബന്ധപ്പെടുത്തിയും ആചരണദിനങ്ങളായി അനുഷ്ഠിച്ചു പോന്നു. പിന്നീട്, റോമാസഭ അതോടൊപ്പം ശനിയാഴ്ചയും കൂട്ടിച്ചേർത്തു. ഇതോടെ ഏതാണ്ടു 10-ാം നൂറ്റാണ്ടോടുകൂടി ബുധനാഴ്ചയുടെ പ്രാധാന്യം കുറഞ്ഞുവന്നു. എങ്കിലും, മൂന്നുമാസം കൂടുമ്പോളുണ്ടാകുന്ന നോമ്പുദിവസങ്ങളിൽ (Ember days) ബുധനാഴ്ചയ്ക്ക് അർഹമായ പ്രാധാന്യം പശ്ചാത്യസഭയിൽ നല്കിയിരുന്നു. എന്നാൽ ബുധനാഴ്ചയിലെയും വെള്ളിയാഴ്ചയിലെയും ആരാധനരീതി മറ്റൊരു കാര്യം വ്യക്തമാക്കുന്നു. ആ ദിവസങ്ങളിലെ പ്രാർത്ഥനകൾ പൊതുവായിട്ടുള്ളതായിരുന്നു. പ്രാർത്ഥനകളിൽ വി. ഗ്രന്ഥവായന നടത്തുകയും പൊതുവെ വ്യാഖ്യാനങ്ങൾ നടത്തുകയും ചെയ്തിരുന്നു. ആ ദിവസം (ഞായറാഴ്ചകളിൽനിന്നു വ്യത്യസ്തമായി) കാഴ്ച സമർപ്പണം ഒഴികെ മറ്റെല്ലാം നടത്തിയിരുന്നു എന്നാണ് ഈ ദിവസങ്ങളിലെ പ്രാർത്ഥന കൂട്ടായ്മയെക്കുറിച്ചു (ആരാധനസമ്മേളനങ്ങൾ) അലക്സാണ്ട്രിയൻ സഭകളിലെ രേഖകൾ സൂചിപ്പിക്കുന്നത്. സഭാചരിത്രകാരനായ സൊക്രാട്ടസ്, ഇത്തരത്തിലുള്ള ആരാധനാ കൂട്ടായ്മകളെക്കുറിച്ച് നടത്തിയ പഠനത്തെക്കുറിച്ചു പരാമർശം നടത്തുന്നുണ്ട് [Socrates, *Historica Ecclesiastica* 5,22(PG 67, 636-37)]. മഹാനായ വി. ലെയോയുടെ കാലത്തും ഇത്തരത്തിലുള്ള രീതികൾ നിലനിന്നിരുന്നതായി പറയപ്പെട്ടു വരുന്നു.

കാപ്പദോഷ്യൻ, ആഫ്രിക്കൻ, ജറുസലെം സഭകളിൽ ഈ ദിനങ്ങളിൽ ബലിയർപ്പണവും നടത്തിയിരുന്നു. 12-ാം നൂറ്റാണ്ടുവരെ പ്രത്യേക വായനകളോടുകൂടി ബുധനാഴ്ചയും വെള്ളിയാഴ്ചയും പശ്ചാത്യസഭയിലും പ്രത്യേകിച്ച്, ഫ്രാൻസിലും ബലിയർപ്പണം നടത്തിയിരുന്നു.

"അപ്പസ്തോലന്മാരുടെ പ്രബോധനത്തിൽ" (Teaching of the Apostles) വി. എപ്പിഫാനസ് (... 413) എന്തുകൊണ്ട് ബുധനാഴ്ചയ്ക്ക് ഇത്ര പ്രാധാന്യം കൊടുക്കുന്നു എന്നു രേഖപ്പെടുത്തുന്നു. "ഒമ്പതാംമണിക്കൂർവരെ ബുധനാഴ്ചയും വെള്ളിയാഴ്ചയും ഉപവസിച്ചിരുന്നു. കാരണം, ബുധനാഴ്ചയാണ് ഈശോയെ ബന്ധനസ്ഥനാക്കിയത്. വെള്ളിയാഴ്ചയാണ് അവിടുത്തെ കുരിശിലേറ്റിയത് [St. Epiphanius, *De Fide* 22, ed. K. Holl (GCS 37) 522. see i bid

p. 26]. പൗരസ്ത്യ സഭാപിതാവായ മാർ അപ്രേം ബുധനാഴ്ച യുടെ പ്രാധാന്യം മറ്റൊരു രീതിയിൽ ഈശോയുമായി ബന്ധപ്പെടുത്തിയാണു കാണുന്നത്. വിശുദ്ധന്റെ കണക്കു കൂട്ടലിൽ ബുധനാഴ്ചയാണു മംഗലവാർത്ത നടന്നതും ഈശോ ബത്ലഹേമിൽ ജനിച്ചതും ഈശോയെ ഒറ്റിക്കൊടുക്കുവാൻ യൂദാസ് പ്രധാനപുരോഹിതരുമായി കരാറുണ്ടാക്കിയതും.

സീറോമലബാർസഭയുമായി ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ ബുധനാഴ്ചയെക്കുറിച്ച് ഉദയംപേരൂർ സൂനഹദോസ് (1599) നടത്തിയ പഠനം ഇവിടെ ശ്രദ്ധേയമാണ്. സൂനഹദോസ് സാർവ്വത്രികസഭയുടെ പതിവനുസരിച്ചു മലബാർ സഭയിലും ശനിയാഴ്ച മാംസം ഭക്ഷിക്കരുത് എന്നു കല്പിച്ചു: “എന്നാൽ, വിശേഷിച്ച് ഇടവകയിൽ മിക്കെടുത്തും ബൊധനാഴ്ചനാൾ എറച്ചി തിന്നാത്ത മരിയാത അനേകം ശുദ്ധതയും ബഹുമാനവും ആയതിനെക്കൊണ്ട് അങ്ങനെ അതഎത്തണം എന്ന് ശുദ്ധമാന സൂനഹദോസ് അപേക്ഷ. എങ്കിലും ആ ദിവസത്തിൽ എറച്ചി തിന്നുക ചാവദോഷം എന്നു വരാം. ഇതിനെക്കൊണ്ട ബൊധനാഴ്ചനാൾ എറച്ചി തിന്നരുത് എന്നില്ല” (ഏഴാം കൂടിവിചാരം, പന്ത്രണ്ടാം കാനോന്). മാതാവിന്റെ ബഹുമാനാർത്ഥം ബുധനാഴ്ച സീറോമലബാർ സഭാതനയർ മാംസവർജനം നടത്തിയിരുന്നു.

മറിയത്തിന്റെ ബഹുമാനത്തിനു സുറിയാനി സഭകൾ പ്രത്യേകം നിയോഗിച്ചിരിക്കുന്നതു ബുധനാഴ്ചയാണ്. അന്നത്തെ യാമപ്രാർത്ഥനയിൽ ഇതു വളരെ വ്യക്തമാണ്. ഞായറാഴ്ച കർത്താവിന്റെ ദിവസമായും പരിശുദ്ധ കുർബാന പരികർമ്മം ചെയ്യാനുള്ള ദിവസമായും നിശ്ചയിച്ചു. വെള്ളിയാഴ്ചകൾ കർത്താവിന്റെ മരണത്തിരുന്നാളും അതോടൊപ്പം രക്തസാക്ഷികളുടെ അനുസ്മരണവും അനുഷ്ഠിച്ചു പോന്നു. ഇടദിവസങ്ങളിൽ മറ്റൊന്നു മതാത്മകമാക്കി മാറ്റിയതു ബുധനാഴ്ചയായിരുന്നു. ‘‘നിങ്ങൾ മറ്റുള്ളവരെപ്പോലെ (യഹൂദർ) തിങ്കളാഴ്ചയും വ്യാഴാഴ്ചയും ഉപവസിക്കരുത്”; മറിച്ച് നിങ്ങൾ ബുധനാഴ്ചയും വെള്ളിയാഴ്ചയും ഉപവസിക്കുക (ഡിഡാക്കേ 8, 1).

മറിയത്തെ മംഗലവാർത്ത അറിയിച്ചതും ഈശോ ജനിച്ചതും ബുധനാഴ്ചയായിരുന്നുവെന്നും ഒരു പാരമ്പര്യമുണ്ടായിരുന്നു (ദാനിയേൽ പ്രവാചകനെപ്പറ്റി ഹിപ്പോളിറ്റസിന്റെ വ്യാഖ്യാനം). സൂര്യൻ ദക്ഷിണായന രേഖ കടക്കുന്ന ഏപ്രിൽ 25 നാണു മംഗലവാർത്ത. ദൈവം ആകാശത്തിലെ രണ്ടു ഗോളങ്ങളെ, സൂര്യചന്ദ്രന്മാരെ

സൃഷ്ടിച്ചത് ബുധനാഴ്ചയാണ്. അതുകൊണ്ടു സൃഷ്ടിയുടെ പൗർണ്ണമിയുടെ വാർഷികമായ ബുധനാഴ്ചതന്നെ വേണം പെസഹാ ആഘോഷിക്കേണ്ടത്. അക്കാരണത്താൽ ബുധനാഴ്ച ഒരു പ്രധാന ദിവസമാണ്. ഇത് ആഘോഷിക്കാനുള്ള ദിവസമാണ്. മറിയത്തോടുള്ള ഭക്തി വർദ്ധിച്ചുവന്നപ്പോൾ അതു സ്പഷ്ടമായി ആചരിക്കാൻ സ്വാഭാവികമായി ബുധനാഴ്ച തെരഞ്ഞെടുത്തതാകാം.

## ബുധനാഴ്ച യാമപ്രാർത്ഥന: സീറോമലബാർ റീത്തിൽ

വിശുദ്ധഗ്രന്ഥത്തിലും പാരമ്പര്യത്തിലും പടുത്തുയർത്തിയ ആദ്ധ്യാത്മികകളരിയാണു യാമപ്രാർത്ഥന. ശിരസ്സായ ക്രിസ്തുവിനോടു ചേർന്നു മൗതികശരീരമായ സഭ, പരിശുദ്ധാരൂപിയുടെ ഐക്യത്തിൽ പിതാവിനർപ്പിക്കുന്ന അതിശ്രേഷ്ഠമായ പ്രാർത്ഥനയെന്നാണു രണ്ടാം വത്തിക്കാൻ കൗൺസിൽ യാമപ്രാർത്ഥനയെ വിശേഷിപ്പിക്കുന്നത്. സഭയാമപ്രാർത്ഥനകൾവഴി ദൈവസ്തുതികൾ ആലപിച്ചു ദിനരാത്രങ്ങൾ വിശുദ്ധീകരിക്കുകയും മിശിഹാരഹസ്യത്തിന്റെ ആഴങ്ങളിലേക്കു കടന്നു ദൈവാനുഭവം സ്വന്തമാക്കുകയും ചെയ്യുന്നു. മിശിഹാരഹസ്യത്തിൽ കേന്ദ്രീകരിച്ചിരിക്കുന്ന പൗരസ്ത്യസുറിയാനി ആരാധനാവത്സരത്തിൽ വിവിധകാലങ്ങളുടെ ചൈതന്യം യാമപ്രാർത്ഥനയിലൂടെ പ്രകടമാകുന്നു.

മിശിഹാരഹസ്യത്തിൽ മറിയത്തിനുള്ള സ്ഥാനം വ്യക്തമാക്കിക്കൊണ്ട്, ആദിമനൂറ്റാണ്ടു മുതൽ പൗരസ്ത്യസുറിയാനി ആരാധനവത്സരത്തിലെ ബുധനാഴ്ചദിവസങ്ങളിൽ മറിയത്തിന്റെ ഓർമ്മ ആചരിക്കാൻ കടപ്പെടുത്തിയിരുന്നു. രക്ഷാകരചരിത്രത്തിന്റെ ആരംഭം മുതൽ മറിയത്തെ കണ്ടുമുട്ടുന്ന സഭാപിതാക്കന്മാരുടെ, പ്രത്യേകിച്ച് സുറിയാനിസഭാപിതാവായ വി. എഫ്രേമിന്റെ ചിന്താധാരകളാണു ബുധനാഴ്ച യാമപ്രാർത്ഥനകളിൽ നിറഞ്ഞു നില്ക്കുന്നത്. പഴയനിയമത്തിലും പുതിയനിയമത്തിലുമുള്ള വിവിധ പ്രതീകങ്ങളിലൂടെ മറിയത്തിനു മിശിഹാരഹസ്യത്തിലും സഭാരഹസ്യത്തിലുമുള്ള പങ്കാളിത്തം ബുധനാഴ്ച യാമപ്രാർത്ഥനകൾ അനാവരണം ചെയ്യുന്നു.

## മറിയം: പഴയനിയമ പ്രതീകങ്ങളിൽ

പഴയനിയമത്തിൽ രക്ഷകനായ മിശിഹായെ പ്രതിപാദിക്കുന്നിടത്തെല്ലാംതന്നെ രക്ഷകന്റെ അമ്മയെയും പരാമർശിക്കുന്നുണ്ട്. യാമപ്രാർത്ഥനയിൽ മറിയത്തെ പഴയനിയമ പ്രതീകങ്ങളിൽ ചിത്രീകരിച്ചിരിക്കുന്നത് ഇത്തരത്തിലാണ്.

**1. മറിയം: രണ്ടാംഹവ്വാ**

ബുധനാഴ്ച യാമപ്രാർത്ഥനകളിൽ മറിയത്തിനു രണ്ടാമത്തെ ഹവ്വാ, പുതിയ ഹവ്വാ എന്നീ പേരുകൾ നൽകി പ്രകീർത്തിക്കുന്നു. ആദിമാതാവായ ഹവ്വാ മൂലമുണ്ടായ ശാപം നീക്കി മനുഷ്യവർഗ്ഗത്തിനു പ്രത്യാശയുടെയും രക്ഷയുടെയുംവഴി തുറന്നുകൊടുത്ത രണ്ടാമത്തെ ഹവ്വായാണു മറിയം (ശ്ലീഹ-കാറോസൂസ, പള്ളിക്കൂദാശ-തേശ്ബോഹ്ത്ത) "ഹവ്വാ സർപ്പം ഉച്ചരിച്ച ചതിയുടെ പാഴ്മൊഴിക്കു ചെവികൊടുത്തു. എന്നാൽ മറിയം ദൈവദൂതന്റെ രക്ഷാവചനത്തിനു ചെവികൊടുത്തു". (കൈത്ത-ഒനീസാ ദ്-മൗത്വ). "ഹവ്വ കയ്പു നിറഞ്ഞ മരണത്തിന്റെ ഫലം മാനവർക്കു നല്കിയപ്പോൾ മറിയം മധുരമുള്ള ജീവന്റെ ഫലം മാനവമക്കൾക്കു നല്കി" (കൈത്ത, ഓനീസാ ദ്ക്കദം). "ആദ്യ പറുദീസാ നഷ്ടപ്പെടുവാൻ ഹവ്വാ കാരണമായി. എന്നാൽ മറിയം മരണത്തിന്റെ ശാപത്തിൽനിന്നും മാനവകുലത്തെ രക്ഷിച്ചു" (നോമ്പ്, ഒനീസാ ദ്ക്കദം). "ഹവ്വാ മാനവകുലത്തെ മുഴുവനും പാപത്തിന്റെ ചെളിക്കുണ്ടിലേയ്ക്കു വലിച്ചെറിഞ്ഞപ്പോൾ മറിയം മനുഷ്യവർഗ്ഗത്തെ രക്ഷയിലേയ്ക്കു കൈപിടിച്ചുയർത്തി" (ഏലിയ, ഒനീസാ ദ് മൗത്വാ) "ഹവ്വാ വഴി അടച്ചിട്ട ജീവന്റെ കവാടം മറിയം വഴി നരനു തുറന്നു കിട്ടി" (ഉയിർപ്പ്, ഒനിസാ ദ് ക്കദം). ഇങ്ങനെ ഹവ്വാ ഈ ലോകത്തിൽ മരണത്തിന്റെ മാതാവായി, മറിയമാകട്ടെ ജീവന്റെ മാതാവായിത്തീർന്നു.

ഹാവായൊരുനാൾ ലോകത്തിൽ
മൃതിയും രോഗവുമുളവാക്കി
ഭീതിവളർത്തും മരണത്തിൽ
മാതാവായവൾ തീർന്നെങ്കിൽ
മറിയത്തിൻ പ്രിയ സുതനോതൻ
മർത്യസ്വഭാവം വഴി നൂനം
സഹനം ചുമലിലെടുത്തിളയിൽ
മനുജനു നൽകീ നവജീവൻ

*(ഉയിർപ്പ്, ഓനീസാ ദ് റംശ)*

മാർ അപ്രേം മിശിഹായുടെ ജനനത്തെ ധ്യാനിച്ചു പാടുന്ന കീർത്തന (*Nativity Hymns1, 29*) ഭാഗമാണു മുകളിൽ കൊടുത്തിരിക്കുന്നത്. രക്ഷാകരസംഭവത്തിൽ മറിയത്തിന്റെ സ്ഥാനം വ്യക്തമാക്കുവാൻ വിശ്വാസികളുടെ ചിന്തകൾ രക്ഷാകരചരിത്രത്തിന്റെ

ആരംഭത്തിലേയ്ക്കു നയിക്കുകയാണ്. അവിടെ ആദ്യത്തെ ഹവാ യിൽ രണ്ടാമത്തെ ഹവ്വായായ മറിയത്തെ കണ്ടുമുട്ടുന്നു. മാർ അപ്രേ മിന്റെ കീർത്തനങ്ങൾ ഏറ്റുപാടി യാമപ്രാർത്ഥനകൾ മറിയത്തെ പുകഴ്ത്തുന്നു.

## 2. മറിയം: എരിയാത്ത മുൾപ്പടർപ്പ്

ഹൊറീബ് മലയിൽ കത്തിജ്വലിക്കുന്ന അഗ്നിയിൽ ദഹിക്കാതെ നിലകൊണ്ട മുൾപ്പടർപ്പായിട്ടു (പുറ 3, 2) മറിയത്തെ ചിത്രീകരിച്ചി രിക്കുന്നു.

"കർത്താവിൻ ഗിരിശൃംഗത്തിൽ
അഗ്നിജ്വാലകൾ തൻ നടുവിൽ
കത്തിയെരിഞ്ഞു ദഹിക്കാതെ
നിലകൊണ്ടൊരുമുൾപ്പടലം നീ"

*(ശ്ലീഹാക്കാലം-ഓനീസാ ദ് മൗത്വാ)*

കത്തിജ്വലിക്കുന്ന മുൾപ്പടർപ്പിൽനിന്നും ഇസ്രായേലിന്റെ വിമോ ചകനാകാനുള്ള ദൈവത്തിന്റെ വിളി ശ്രവിച്ച മോശയ്ക്ക് മുൾപ്പടർപ്പു സമീപിക്കാൻപോലും സാധിച്ചില്ല (പുറ 3, 4-5). എന്നാൽ രക്ഷകന്റെ അമ്മയാകാനുള്ള വിളിക്കു പ്രത്യുത്തരം നൽകിയ മറിയത്തിൽ പരി ശുദ്ധാത്മാവായ അത്യുന്നതന്റെ ശക്തി ഇറങ്ങി വസിച്ചിട്ടും (ലൂക്കാ 1, 35) അവൾ എരിയുകയോ ദഹിക്കുകയോ ചെയ്തില്ല.

"കന്യകയിൽ വിരവോടഗ്നിജ്വലിക്കുകിലും
ഇല്ലദഹിച്ചില്ല-ജ്വാലയിലവൾതെല്ലും"

*(മംഗള, ഓനീസാ ദ് വാസർ)*

"പാവകനവളിലെരിഞ്ഞിട്ടും
ഇല്ലദഹിച്ചില്ലവളൊട്ടും" *(ദനഹ, ഒനിദസാ ദ് സപ്ര)*

ജ്വലിക്കുന്ന അഗ്നിയിലും ദഹിക്കാത്ത മുൾപ്പടർപ്പായി മറിയത്തെ കണ്ടു മാർ അപ്രേം പാടുന്ന കീർത്തനത്തിൽ (*Epiphany Hymns 4, 3*) മറിയത്തിന്റെ പരിശുദ്ധി വെളിവാക്കുന്നു. പച്ചകെടാതെ നിൽക്കു ന്ന, ഹാനി സംഭവിക്കാത്ത, മറിയത്തിന്റെ കന്യാത്വപരിശുദ്ധി ഈ രൂപകത്തിന്റെ വെളിച്ചത്തിൽ ഏറ്റുപറഞ്ഞു സദാ മറിയത്തെ പ്രകീർത്തിക്കുന്നു.

### 3. മറിയം: വെൺമേഘം

ഇസ്രായേൽ ജനത്തിനു മരുഭൂമിയിൽ ദൈവസാന്നിധ്യത്തിന്റെ പ്രതീകമായിരുന്ന വെൺമേഘത്തോടു (പുറ 40,37) മറിയത്തെ ഉപമിക്കുന്നു. ഇസ്രായേലിനു തണൽ നൽകി അവരോടൊത്തുവസിച്ച വെൺമേഘം പോലെ മറിയം തിരുസഭയിൽ ദൈവജനത്തിനു തണലായി വർത്തിക്കുന്നുവെന്നു മാർ അപ്രേം ഉൾക്കണ്ണാൽ കാണുന്നു (*Hymns on Faith 81,4*):

"മധുരം നിറയും മലരിനുതുല്യം
തിരുവുദരത്തിൽ നാഥനുമോദാൽ
വാസം നൽകിയ മറിയംപാരിൽ
സഭയുടെ ശോഭന പ്രതിരൂപം താൻ
ഇസ്രായേലിനു വെൺമേഘത്തിൽ
ദൈവത്തിൻ തിരുസാന്നിധ്യംപോൽ"

*(പള്ളിക്കൂദാശ, ഓനീസാ ദ് വാസർ; നോമ്പു, ഓനീസാ ദ്സപ്ര)*

നീതിസൂര്യനായ മിശിഹായെ വഹിക്കുന്ന വെൺമേഘമായും മറിയത്തെ പ്രകീർത്തിക്കുന്നു. "വെൺമേഘത്തിന്റെ ഉള്ളറയിൽ സൂര്യൻ ഒതുങ്ങി വസിക്കുന്നതുപോലെ കന്യകയുടെ ഉദരത്തിൽ സർവ്വേശ്വരൻ വസിച്ചു" (ശ്ലീഹ, ഒനീസാ ദ് വാസർ) പാപാന്ധകാരം നിറഞ്ഞ ലോകത്തിനുപ്രത്യാശയുടെ കിരണമായി പ്രകാശിക്കുന്ന ഉദയസൂര്യനായ മിശിഹാ (ലൂക്ക 1, 78–79)യുടെ മാതാവിനെ ശ്ലീഹാക്കാലത്തു സഭ പ്രകീർത്തിക്കുന്നത് (ശ്ലീഹാകാലം, ഓനീസാ ദ്റാസെ) ഇത്തരത്തിലുള്ള ഉപമകളിലൂടെയാണ്.

### 4. മറിയം: മോഹനമായ മണിദീപം

ദൈവം നിശ്ചയിച്ച രീതിയിൽ ഉണ്ടാക്കിയ ഏഴുതിരിയുള്ള മണിദീപത്തോടു (പുറ 25, 31–40) മറിയത്തെ ഉപമിക്കുന്നു. ഏഴുതിരികൾ ഒരുമിച്ചു കത്തിക്കാവുന്ന വിളക്ക് ഇസ്രായേലിന്റെ തനിമ സൂചിപ്പിക്കുന്നു. ലോകത്തിന്റെ പ്രകാശമായ മിശിഹായെ സംവഹിച്ച മറിയത്തെ മനോഹരമായ മണിദീപമായിക്കണ്ടു പ്രകീർത്തിക്കുന്നു (ദനഹ, ഒനിസാദ്ക്കദം). ശ്ലീഹാക്കാലത്തെ ലെലിയായിൽ, ദിവ്യതേജസ്സായ മിശിഹായെ ഉദരത്തിൽ വഹിച്ച മറിയം ഭാഗ്യം നിറഞ്ഞവളായതുകൊണ്ട് അവളുടെ പ്രാർത്ഥനകൾ യാചിക്കുന്നു (ശ്ലീഹാ ഒനിസാ, ദ്മൗത്വ, തേശ്ബോഹ്ത്ത).

## 5. മറിയം: വാഗ്ദാനപേടകം, ദൈവാലയം

ദൈവകല്പനകൾ പൊതിയുന്ന വാഗ്ദാന പേടകവും അതു സ്ഥാപിച്ചിരുന്ന ദൈവാലയവും ഇസ്രായേൽ ജനത്തിനു ദൈവ സാന്നിധ്യത്തിന്റെ പ്രതീകമായിരുന്നു (പുറ 25, 22). ദൈവമനുഷ്യ സംഗമത്തിന്റെ വേദിയും ദൈവാനുഗ്രഹത്തിന്റെ സങ്കേതവുമായി രുന്നു മറിയം. ദൈവവചനം ഉദരത്തിൽ വഹിച്ച മറിയത്തെ ദൈവ കല്പനകൾ സൂക്ഷിച്ചിരുന്ന വാഗ്ദാനപേടകത്തോട് ഉപമിച്ചു കൊണ്ടു യാമപ്രാർത്ഥനയിൽ പ്രകീർത്തിക്കുന്നു:

ഈശൻ സദയം നല്കിയ ഫലകം
പെട്ടകമൊന്നിലടയ്ക്കുകിലും
മഹിയിൽ നൂനമതിൽനിന്നും
മഹിമാകാന്തിപരന്നെങ്ങും
ഈ ദൃശ്യമെന്നും വിനയത്തിൽ
മറയിൽ മറിയം കഴിയുകിലും
അവൾ വഴി ധരയിൽ സുവിശേഷം
സുവിദിതമാക്കിയ കർത്താവിൻ
കൃപയെ വാഴ്ത്തുന്നേൻ

*(മംഗളവാർത്ത, ഓനീസാ ദ് മൗത്വ)*

സീറോമലബാർ സഭയിലെ പള്ളിക്കൂദാശാക്കാലത്തെ സായാ ഹപ്രാർത്ഥനയിൽ, സൃഷ്ടികളുടെ നാഥനായ ദൈവപുത്രനെ ഉദ രത്തിൽ സംവഹിച്ച മറിയത്തെ ദൈവത്തിന്റെ ആലയമായി-ദൈ വാലയമായി പുകഴ്ത്തുന്നു.

"അഖിലാണ്ഡത്തെ നയിച്ചീടും
നാഥനു വാസം നൽകുകയാൽ
അവളൊരുദൈവാലയമാണെ
ന്നറിവൂനാമിന്നകതാരിൽ"

*(പള്ളിക്കൂദാശ, ഓനീസാ ദ്റംശ)*

പഴയനിയമവും പുതിയനിയമവും മറിയമാകുന്ന ദൈവാലയ ത്തിൽ സംയോജിക്കുന്നു. ഇസ്രായേലിന്റെ ദൈവമായ കർത്താവ് ദൈവാലയത്തിലേയ്ക്കു പ്രവേശിച്ച കവാടമായും മറിയത്തെ ഉപ മിക്കുന്നു.

"വാതിലിതിങ്ങനെ നിലനില്ക്കും
ഇസ്രായേലിൻ കർത്താവീ

വാതിലിലൂടവിടെത്തീടും
നിവ്യകണ്ടോരീവാതിൽ
മറിയത്തിൻ പ്രതിരൂപം താൻ”

*(ശ്ലീഹാക്കാലം, ഓനീസാ ദ്സപ്രാ)*

കന്യാത്വകവാടഭേദനമില്ലാതെ ദൈവത്തെ ഉൾക്കൊണ്ടവളായി മറിയത്തെ എസക്കിയേൽ പ്രവാചകൻ ദർശിച്ചു “ഈ കവാടം എപ്പോഴും അടച്ചിരിക്കും. അതു തുറക്കപ്പെടുകയില്ല. എന്തെന്നാൽ, ഇസ്രായേലിന്റെ ദൈവമായ കർത്താവ് അതിലൂടെ പ്രവേശിച്ചിരിക്കുന്നു” (എസക്കിയേൽ 44, 2). ശ്ലീഹാക്കാലത്തെ പ്രഭാതപ്രാർത്ഥനയിൽ മറിയത്തെ പ്രവാചകന്റെ കണ്ണുകളിലൂടെ ദർശിച്ചു പ്രകീർത്തിക്കുന്നത് ഇങ്ങനെയാണ്.

ദർശനവേളയിലൊരുവാതിൽ
ഭദ്രമടഞ്ഞുകിടന്നപ്പോൾ
നിവ്യാകേട്ടിദമാത്മാവിൽ
“വാതിലിതിങ്ങനെ നിലനില്ക്കും;
ഇസ്രായേലിൻ കർത്താവീ
വാതിലിലൂടിവിടെത്തീടും”.
നിവ്യാകേട്ടോരീവാതിൽ
മറിയത്തിൻ പ്രതിരൂപം താൻ

*(ശ്ലീഹാക്കാലം, ഓനീസാ ദ്സപ്ര)*

മറിയത്തിന്റെ നിത്യകന്യാത്വം പ്രകീർത്തിക്കുവാൻ, മറിയത്തെ അഹറോന്റെ പുഷ്പിച്ച വടിയായും യാമപ്രാർത്ഥനയിൽ ചിത്രീകരിച്ചിട്ടുണ്ട്. മണ്ണും ജലവും കൂടാതെ അഹറോന്റെ വടി തളിർത്തു ഫലം ചൂടിയതുപോലെ (സംഖ്യ 17, 8) ജഢസംവേശം കൂടാതെ പരിശുദ്ധാത്മശക്തിയാൽ മറിയം കന്യാത്വത്തിന്റെ മുടിചൂടി (മംഗളവാർത്ത, ഓനീസാ ദ്മൗത്വ). നിത്യം നിർമ്മലയായ കന്യകയെ, നന്മ തളിർത്തു നില്ക്കുന്ന പൂവനമായും (ശ്ലീഹാക്കാലം, ഓനീസാ ദ്മൗത്വ) ഉദ്യാനമായും (കൈത്ത, ഒനിസാ ദ്മൗത്വ) കണ്ടു സഭ പ്രകീർത്തിക്കുകയും വണങ്ങുകയും ചെയ്യുന്നു.

ഈശോയുടെ അമ്മയായ മറിയത്തെ പുതിയ നിയമത്തിൽ, വിശിഷ്യ സുവിശേഷങ്ങളിലും അപ്പസ്തോലപ്രവർത്തനങ്ങളിലും വെളിപാട് ഗ്രന്ഥത്തിലും പരാമർശിക്കുന്നു. സ്രഷ്ടാവിന്റെ സൃഷ്ടി ഉദരത്തിൽ സംവഹിക്കുന്ന അദ്ഭുതാവാഹവും നിഗൂഢവുമായ ദിവ്യ

രഹസ്യം; ഈ ദിവ്യരഹസ്യം ധ്യാനിച്ചു കൊണ്ടു ബുധനാഴ്ച യാമ പ്രാർത്ഥനകൾ മറിയത്തെ പുകഴ്ത്തുന്നു. മിശിഹായുടെ മാതാവ് (നോമ്പ്, ഒനീസ ദ്‌വാസർ, ഏലിയ്, ഒനീസ ദ്സപ്ര) രക്ഷകന്റെ മാതാവ് (മംഗള-കാറോസൂസ), സർവ്വേശ്വരന്റെ മാതാവ് (മംഗള, ഒനീസ ദ്മൗത്വ, ഒനീസ ദ് സപ്ര; നോമ്പ്-തേശ് ബോഹ്ത്ത, ശ്ലീഹാ -ഒനീസ ദ് വാസർ) സ്രഷ്ടാവിന്റെ മാതാവ് (മംഗള, തേശ ബോഹ് ത്ത, ശ്ലീഹാ-ഒനീസ ദ് വാസർ) സ്വർഗ്ഗത്തിന്റെ രാജ്ഞി (ദനഹാ, ഒനീസ ദ് റംശ) തുടങ്ങി മാതൃത്വത്തിന്റെ മഹനീയപദവികൾ സുവ്യ ക്തമാക്കുന്ന പേരുകൾ നൽകി മറിയത്തെ യാമപ്രാർത്ഥനയിൽ പുകഴ്ത്തുന്നു. ഏതു പേരുവിളിച്ചു മറിയത്തെ പ്രകീർത്തിക്കും എന്ന അദ്ഭുതചിന്തയും ദനഹാക്കാലത്തെ പ്രഭാതപ്രാർത്ഥനയിൽ മുഴ ങ്ങിനില്ക്കുന്നു.

"ഏതൊരു നാമം, നാഥാ, ഞാൻ
നൽകും നിൻ ജനനിക്കീമന്നിൽ"

*(ദനഹ, ഒനിസാ ദ്സപ്ര), (Nativity Hymns II,1)*

### 6. മറിയം: കൃപയുടെ നിറകുടം

മംഗളവാർത്തയിൽ മാലാഖ മറിയത്തെ അഭിസംബോധന ചെയ്യു ന്നത് "ദൈവകൃപ നിറഞ്ഞവൾ" എന്ന പ്രശംസാവാക്കുപയോഗിച്ചു (ലൂക്ക 1, 28) കൊണ്ടാണ്. മറിയത്തെ ഏറ്റവും കൂടുതൽ പ്രകീർത്തി ക്കുന്ന മംഗളവാർത്താക്കാലത്തെ ബുധനാഴ്ച (ലെലിയ-തേശ് ബോഹ്ത്ത) ഏഴു വിശേഷണങ്ങൾ നൽകി മറിയത്തെ കൃപയുടെ നിറകുടമായി ആവർത്തിച്ചു പ്രകീർത്തിക്കുന്നു. സർവ്വേശ്വരന്റെ മാതാവ്, രക്ഷകന്റെ അമ്മ, നിത്യവചനത്തിന്റെ വസതി, മനുഷ്യന്റെ പ്രത്യാശയുടെ മാതാവ്, ദിവ്യസൂര്യന് ഉദയം നൽകിയവൾ, പ്രവാ ചകവചനങ്ങൾ ചെന്നു നിലച്ച തുറമുഖം, വിൺ മഞ്ഞുതുള്ളി ഉറ ഞ്ഞുരുവായ നീരുറവ-എന്നീ വിശേഷണങ്ങളാൽ സഭ മറിയത്തെ ബഹുമാനിക്കുകയും അവളിൽ അദ്ഭുതം കാണുകയും ചെയ്യുന്നു.

"നാരീമണി നീ ലോകത്തിൽ
പാരമൊരത്ഭുതമാണെന്നും
നിഖിലേശൻ തൻ മാതാവേ,
സ്വസ്തി-കൃപയുടെ നിറകുടമേ"

*(മംഗള, തേശ്ബോഹ്ത്ത)*

ദൈവം മറിയത്തിനു നൽകിയ കൃപയെ ഭൂവാസികൾ ഒന്നു ചേർന്നു വാഴ്ത്തി പുകഴ്ത്തുന്നു. ശ്ലീഹാക്കാലത്തെ സായാഹ്ന പ്രാർത്ഥനയിൽ, കൃപയുടെ നിറകുടമായ മറിയത്തിന്റെ മഹിമ പ്രകീർത്തിക്കുവാൻ സഭ അശക്തയാണെന്ന് ഏറ്റുപറയുന്നു (ശ്ലീഹാ, ഓനീസാദ്ക്കദം).

### 7. മറിയം: കർത്താവിന്റെ അമ്മ

മറിയത്തിന്റെ വരവിൽ ഏലീശ്ബായുടെ അദ്ഭുതം ഇങ്ങനെ ആയിരുന്നു: "എന്റെ കർത്താവിന്റെ അമ്മ എന്റെ അടുക്കൽ വരുവാനുള്ള ഭാഗ്യം എനിക്കെവിടെനിന്ന്?" (ലൂക്ക 1, 43). മറിയത്തിന്റെ സാന്നിധ്യം ഇളയമ്മയായ എലിസബത്തിൽ ചലനങ്ങൾ സൃഷ്ടിച്ചു. ആത്മാവിൽ പ്രചോദിതയായി അവൾ അദ്ഭുതസ്തബ്ധയായി. മറിയത്തെ ആദ്യമായി കർത്താവിന്റെ അമ്മ" എന്നു വിളിച്ച് അവൾ ഉദ്ഘോഷിച്ചു. മറിയത്തിന്റെ ഓർമ്മ സഭയിൽ ആനന്ദത്തിന്റെയും അദ്ഭുതത്തിന്റെയും അലകളുയർത്തി പാടുന്നു.

"കർത്താവേ, നിൻമാതാവെന്നും
ഞങ്ങളിലദ്ഭുതമുളവാക്കീടുന്നു
അവളിലനാദ്യൻനീകുടികൊണ്ടു"

*(എഫ്രേം, Nativity Hymns 11, 6)*

"മഹിയിൽ ദാസപദംകൈകൊണ്ടു
നിഖിലം പോറ്റിവളർത്തും നിന്നെ
മന്നിൽ പോറ്റിയതവളാണല്ലോ"

*(ദനഹാ, ഒനിസാദ്വാസർ)*

മിശിഹായുടെ ജനനത്തെ ധ്യാനിച്ചു കൊണ്ടു മാർ അപ്രേം എഴുതിയ ഈ കീർത്തനത്തിൽ നിത്യകന്യത്വത്തെയും കന്യകയിൽനിന്നുള്ള മനുഷ്യാവതാരത്തെയും വ്യക്തമാക്കുന്നു. ഭൂസ്വർഗ്ഗങ്ങൾ സൃഷ്ടിച്ചവൻ ഒരു കന്യകയിൽനിന്നും ജനിച്ചു (നോമ്പ്-തേശ്ബോഹ്ത്ത). ഭൂസ്വർഗ്ഗങ്ങൾ നിറഞ്ഞുനില്ക്കുന്നവൻ ഒരു കന്യകാസുതനായി (ശ്ലീഹ, ഒനീസാ ദ് വാസർ). മറിയം നിത്യവും ഒരദ്ഭുതമായി ലോകത്തിൽ നിലകൊള്ളുന്നു (മംഗള, ഒനീസാ ദ് മൗത്വ).

### 8. മറിയം: സഭയുടെ മാതൃകയും പ്രതിരൂപവും

രക്ഷകന്റെ അമ്മയായി ദൈവം തെരഞ്ഞെടുത്ത മറിയം രക്ഷിക്കപ്പെട്ടവരിൽ പ്രഥമസ്ഥാനീയയാണ്. മിശിഹായുടെ മനുഷ്യാവ

താരരഹസ്യത്തിൽ സഹകാരിണിയായ മറിയം സഭയുടെ മാതൃക യാണ് (മംഗള-കാറോസൂസ). ജീവദായകവചനത്തിന് ഉദരത്തിൽ വാസം നൽകിയ മറിയം സഭയുടെ പ്രതിരൂപമാണ് (പള്ളിക്കൂദാ ശ, ഓനീസാ ദ് വാസർ). പള്ളിക്കൂദാശക്കാലത്തിലെ ബുധനാഴ്ച യാമപ്രാർത്ഥനകൾ സഭയെയും മറിയത്തെയും തമ്മിൽ അഭേദ്യ മായി ബന്ധപ്പെടുത്തി, മറിയത്തെ സഭയുടെ പ്രതിരൂപമായി പ്രകീർത്തിക്കുന്നു.

“മധുരം നിറയും മലരിനുതുല്യം
തിരുവുദരത്തിൽ നാഥനുമോദാൽ
വാസം നിന്നിൽ മറിയം പാരിൽ
സഭയുടെ ശോഭന പ്രതിരൂപം താൻ”

*(പള്ളിക്കൂദാശ, ഒനിസാ ദ്വാസർ)*

“ദൈവം നിന്നിൽ വസിച്ചതുപോൽ
സഭയിലുമൻപോടുവാഴുകയാൽ
കന്യാംബിക നീ തിരുസഭയിൽ
മോഹനമായൊരു പ്രതിരൂപം”

*(പള്ളിക്കൂദാശ, ഒനിസാ ദ്മൗത്വ)*

നിശാപ്രാർത്ഥനയിൽ (പള്ളിക്കൂദാശ, തേശ്ബോഹ്ത്ത) മറി യത്തെ വിശുദ്ധരുടെ പട്ടണമായും ദൈവകുമാരന്റെ പാർപ്പിടമായും ഭൂമിയിലെ സ്വർഗ്ഗമായും മിശിഹാരാജന്റെ ഭൂമിയിലെ സിംഹാസന മായും പ്രകീർത്തിക്കുന്നു. ഈ ലോകമാകുന്ന സാഗരത്തിൽ യാത്ര ചെയ്യുന്ന സഭയാകുന്ന കപ്പലിന് അഭയം നൽകുന്ന തുറമുഖമാണു മറിയം *(ദനഹ, ഒനിസാ ദ്സ്വ്പ്ര).*

സഭ കൈവരിക്കാനിരിക്കുന്ന ഭാവിമഹത്വം മറിയത്തിന്റെ ജീവി തത്തിൽ സഭ ദർശിക്കുകയാണ്. ദനഹാക്കാലത്തെ സായാഹ്ന പ്രാർത്ഥനയിൽ സഭയുടെ ഈ പ്രത്യാശ പ്രകടമാകുന്നുണ്ട്.

“സ്വയമീധരയിൽ സുതനേകാൻ
സിംഹാസനമായ്തീർന്നൊരാ
മറിയത്തെ സകലേശസുതൻ
സ്വർഗ്ഗകിരീടം ചൂടിച്ചു”.

*(ദനഹാ, ഒനിസാ ദ്റംശ)*

രക്ഷകന്റെ ജനനത്തെക്കുറിച്ചുപാടുന്ന കീർത്തനത്തിൽ (Nativity Hymns 2, 5) മാർ അപ്രേം മറിയത്തിന്റെ സ്വർഗ്ഗപ്രവേശവും

രാജ്ഞീപദവും ധ്യാനിച്ചുകൊണ്ടു പാടുന്നു. മറിയത്തിന്റെ സ്വർഗ്ഗാരോപണവും കിരീടധാരണവും സഭയുടെ പാരമ്പര്യത്തിലും ആദ്യകാലം മുതലുള്ള ആരാധനക്രമത്തിലും ഉണ്ടായിരുന്നു എന്നതിന്റെ തെളിവാണ് ഈ കീർത്തനം.

ഇപ്രകാരം ആരാധനാവത്സരത്തിലെ എല്ലാ കാലങ്ങളിലെയും ബുധനാഴ്ചയിലെ യാമപ്രാർത്ഥനകളിൽ മറിയത്തിന്റെ മാധ്യസ്ഥ്യം യാചിച്ചു പ്രാർത്ഥിക്കുന്നതു സുറിയാനി സഭയുടെ സവിശേഷതയാണ്. ബുധനാഴ്ച സായാഹ്നപ്രാർത്ഥനയിൽ, ഒനീസാ ദ്‌റംശയ്ക്കു ശേഷം വരുന്ന സ്ലോസാ മറിയത്തിന്റെ മാധ്യസ്ഥ്യപ്രാർത്ഥനയുടെ അന്തസത്ത വ്യക്തമാക്കുന്നു. "ഞങ്ങളുടെ കർത്താവായ ദൈവമേ, നിന്റെ അനുഗൃഹീതയായ മാതാവ് പരിശുദ്ധ കന്യകാമറിയത്തിന്റെ പ്രാർത്ഥനയാൽ ഞങ്ങൾക്ക് ആത്മീയവും ശാരീരികവുമായ സഹായവും സംരക്ഷണവും പ്രദാനം ചെയ്യണമേ. നിന്റെ രാജ്യത്തിലെ നിത്യവിരുന്നിൽ അവളോടു കൂടെ ഞങ്ങളെയും പങ്കാളികളാക്കണമേ".

സഭയുടെ ആദ്ധ്യാത്മിക കളരിയായ യാമപ്രാർത്ഥനയിൽ മറിയം പ്രധാനാദ്ധ്യാപികയാണ്. ബുധനാഴ്ച ദിവസങ്ങളിൽ സഭ ഈ അദ്ധ്യാപികയുടെതന്നെ സ്തോത്രഗീതം ആലപിച്ച് അവളെ പ്രകീർത്തിക്കുന്നു. രക്ഷാകരചരിത്രത്തിൽ ദൈവം മറിയത്തിൽ ചൊരിഞ്ഞ വൻകൃപകൾ മറിയത്തോടൊപ്പം ഏറ്റുപാടി ദൈവത്തെ സ്തുതിക്കുകയും മറിയത്തിന്റെ വ്യക്തിത്വസവിശേഷതകളിലേയ്ക്കു കടന്നുചെന്ന് അവളെ പുകഴ്ത്തുകയും ചെയ്യുന്നു. മണ്ണും വിണ്ണും കൂട്ടിയിണക്കുന്ന സ്വർണ്ണക്കണ്ണിയാണു മറിയം (കൈത്ത, തേശ്ബോഹ്ത്ത). യാമപ്രാർത്ഥനയിൽ സഭയോടുചേർന്നു ദൈവസ്തുതികൾ ആലപിക്കുകയും അമ്മയും ഗുരുനാഥയുമായി മിശിഹാരഹസ്യം ജീവിക്കാൻ ദൈവാനുഭവത്തിന്റെ പൂർണ്ണതയിലേയ്ക്കു നയിക്കുകയും ചെയ്യുന്നു.

## ശനിയാഴ്ച: മരിയഭക്തി

ആരാധനക്രമവത്സരാനുഷ്ഠാനവുമായി ബന്ധപ്പെടുത്തിത്തന്നെ ആഴ്ചയിലെ ചിലദിവസങ്ങൾ ചില നിയോഗങ്ങളിൽ ആഘോഷിക്കുന്ന പതിവു പാശ്ചാത്യപൗരസ്ത്യസഭകളിൽ കാണാവുന്നതാണ്. പൗരസ്ത്യസഭകളിൽ ബുധനാഴ്ചയാണു മറിയത്തിനു പ്രത്യേകമായി പ്രതിഷ്ഠിച്ചിരിക്കുന്ന ദിവസം. പാശ്ചാത്യസഭയിൽ ശനി

യാഴ്ചയാണു മറിയത്തിന്റെ ദിനമായി ആചരിച്ചു വരുന്നത്. അതിന്റെ തുടർച്ചയായി മറിയത്തിന്റെ വിമലഹൃദയ ഭക്തിയും ഫാത്തിമയിലെ ദർശനത്തിന്റെ ശനിയാഴ്ച ഭക്തിയും പാശ്ചാത്യസഭയിൽ വളർന്നു വന്നിട്ടുണ്ട്.

ശനിയാഴ്ച ഭക്തിയുടെ തുടക്കമായി റോമിൽ നിലനിന്നിരുന്ന ഒരു പാരമ്പര്യം ചൂണ്ടിക്കാണിക്കുന്നുണ്ട്. വലിയ ശനിയാഴ്ച രാത്രി യിൽ മാമ്മോദീസ സ്വീകരിച്ചവർ എട്ടാംനാൾ വെള്ള വസ്ത്രം ധരിച്ചു ലാറ്ററൻ ബസിലിക്കയിൽനിന്നു മേരിമേജർ ബസിലിക്കയിലേയ്ക്കു പ്രദക്ഷിണം നടത്തിയിരുന്നു. ഇതിന്റെ പശ്ചാത്തലത്തിൽ മറിയ ത്തിന്റെ സന്നിധിയിലേയ്ക്ക് എന്ന ചിന്ത ശനിയാഴ്ച അനുഷ്ഠാ നത്തിൽ സംജാതമാകുന്നതിനും, അന്നു മറിയത്തെ പ്രത്യേകമായി ഓർക്കുന്നതിനും കാരണമായി എന്നു വിശ്വസിച്ചുപോരുന്നു. പൗര സ്ത്യപിതാക്കന്മാരിൽ ഏറ്റവും അവസാനത്തേതായി കരുതുന്ന ദമാസ്ക്കസിലെ യോഹന്നാൻ (+787) മറിയത്തെ ബഹുമാനിച്ചു പ്രാർത്ഥന നടത്തിയിരുന്നതായി അദ്ദേഹത്തിന്റെ കൃതികളിൽ സൂച നകളുണ്ട്.

മധ്യയുഗത്തിലെ ആരാധനക്രമപണ്ഡിതനായിരുന്ന വിശുദ്ധ ആൽക്വിൻ (Alcuin 735-804) എന്ന ബനഡിക്ടൈൻ സന്യാസി യാണു ശനിയാഴ്ച മരിയഭക്തി സഭയിൽ ഔദ്യോഗികമായി തുട ങ്ങിയത്. ആഴ്ചയിലെ എല്ലാ ദിവസത്തെയും ബലിയർപ്പണത്തിൽ അദ്ദേഹം പ്രത്യേക പ്രാർത്ഥനകൾ ക്രമപ്പെടുത്തി. പ്രത്യേകമായി മറിയത്തിന്റെ മഹത്വത്തിനുവേണ്ടിയുള്ള ശനിയാഴ്ച മറിയത്തിനായി നീക്കി വയ്ക്കുകയും ചെയ്തു. ഇങ്ങനെ ചെയ്തതിന് അദ്ദേഹം പ്രത്യേകമായി കാരണങ്ങളൊന്നും നല്കിയില്ല. എന്നാൽ, പിന്നീടു ദൈവശാസ്ത്രജ്ഞന്മാർ വി. ഗ്രന്ഥത്തിന്റെയും രക്ഷാകരചരിത്ര ത്തിന്റെയും വെളിച്ചത്തിൽ ശനിയാഴ്ചമരിയഭക്തിക്ക് അടിസ്ഥാനം നൽകി. 13-ാം നൂറ്റാണ്ടിൽ ദൈവശാസ്ത്രജ്ഞന്മാർ നല്കിയ കാര ണങ്ങൾ ഇവയൊക്കെയാണ്:

1 ശനിയാഴ്ച ദൈവം അനുഗ്രഹിച്ച ദിവസമാണ് (ഉല്പ. 2, 3). മറിയമാണു "സ്ത്രീകളിൽ അനുഗൃഹീത" (ലൂക്ക 1, 42) അത്യു ന്നതന്റെ അനുഗ്രഹീതയ്ക്ക് ഈ ശനിയാഴ്ച യോജിച്ചതാണ്.

2 ശനിയാഴ്ച ദൈവം വിശുദ്ധീകരിച്ച ദിവസമാണ്. മറിയം നന്മ നിറഞ്ഞവളാണ് (ലൂക്ക 1, 28)

3 സൃഷ്ടികർമ്മത്തിനുശേഷം ദൈവം വിശ്രമിച്ച ദിവസമാണത് (ഉല്പ 2, 2)'എന്നെ സൃഷ്ടിച്ചവൻ എന്റെ കൂടാരത്തിൽ വിശ്രമിച്ചു" (പ്രഭാഷകൻ 24, 8) എന്നതു മറിയത്തിലുള്ള ഈശോയുടെ വാസം സൂചിപ്പിക്കുന്നു.

4 ഞായറാഴ്ചയുടെ കവാടമാണു ശനിയാഴ്ച. മിശിഹാ ലോകത്തിലേയ്ക്കു പ്രവേശിച്ച കവാടമാണു മറിയം.

5 വെള്ളിയാഴ്ചയ്ക്കും (ദുഃഖം) ഞായറാഴ്ചയ്ക്കും (സന്തോഷം) ഇടയ്ക്കുള്ള ദിവസമാണ് ശനിയാഴ്ച. ദുഃഖത്തിൽനിന്നും സന്തോഷത്തിലേയ്ക്ക് അതിലൂടെയേ കടക്കാനാവൂ-കണ്ണീരിന്റെ ഈ താഴ്വരയ്ക്കും സ്വർഗ്ഗസൗഭാഗ്യമായ ക്രിസ്തുവിനും ഇടയ്ക്കുള്ള മധ്യവർത്തിയാണു മറിയം.

6 ദുഃഖശനിയാഴ്ച ഈശോയുടെ മൃതശരീരം കബറിടത്തിങ്കലായിരിക്കെ യഹൂദന്മാരെ ഭയപ്പെട്ട് അവിശ്വാസികളായ ശിഷ്യന്മാർ ഒളിച്ചിരിക്കുകയായിരുന്നു (യോഹ 20, 19). തത്സമയം സഭയുടെ വിശ്വാസം മറിയത്തിൽ സ്പഷ്ടമായിരുന്നു. വിശ്വസിക്കുകയും പുത്രന്റെ ഉത്ഥാനം കാത്തിരിക്കുകയും ചെയ്ത മറിയത്തിന്റെ ഓർമ്മ ശനിയാഴ്ച നടത്തുന്നത് ഉചിതമാണ്.

7 കോൺസ്റ്റാന്റിനോപ്പിളിലെ ബ്ലാക്കേർണെ ദൈവാലയത്തിൽ പരിശുദ്ധ അമ്മ ശനിയാഴ്ചയോടുള്ള പ്രതിപത്തി അദ്ഭുതകരമായി കാണിച്ചു വന്നിരുന്നു. ദൈവമാതാവിന്റെ ഐക്കൺ മറച്ചിരുന്ന വിരി വെള്ളിയാഴ്ച വൈകുന്നേരം മനുഷ്യന്റെ ഇടപെടൽ കൂടാതെ തനിയെ ഉയർന്നു നിൽക്കുകയും ശനിയാഴ്ച മൂന്നുമണിവരെ ആ നില തുടരുകയും ചെയ്തിരുന്നു. വിശദീകരണങ്ങളെല്ലാം ചോദ്യം ചെയ്യപ്പെടാവുന്നവയത്രേ. മറിയംവഴി ഈശോയിലേയ്ക്ക് എന്ന മരിയ ശാസ്ത്രജ്ഞരുടെ പഠനം 16 -ാം നൂറ്റാണ്ടു മുതൽ കൂടുതൽ ആഴപ്പെട്ടു. ഈ ചിന്തയും ശനിയാഴ്ച ഭക്തിക്കു കൂടുതൽ ശക്തി പകർന്നു. ആഴ്ചയിലെ ഉയിർപ്പായ ഞായറാഴ്ച (അഗസ്തീനോസ്)യിലേയ്ക്കുള്ള പ്രവേശനം മറിയത്തിലൂടെ എന്ന ആത്മീയചിന്ത വളർന്നുവന്നതും ശനിയാഴ്ചഭക്തി വളരുവാൻ കാരണമായി. ശനിയാഴ്ച ഞായറാഴ്ചയ്ക്കുള്ള ഒരുക്കമാണ്. അതു മറിയത്തിന്റെ വിശ്വാസപ്രകാശനദിനമായി പരിഗണിക്കുന്നതിൽ തെറ്റില്ല എന്നാണു പണ്ഡിത മതം.

ശനിയാഴ്ചയാചരണത്തിന്റെ തുടർച്ചയായി സ്വർണ്ണവെള്ളികൾ എന്ന പേരിൽ മിഖായേൽ മാലാഖയുടെ തിരുന്നാളിനുശേഷം വരുന്ന മൂന്നുശനിയാഴ്ചകൾ മറിയത്തിന്റെ ദർശനപ്രകാരമെന്നു പറഞ്ഞു ലത്തീൻസഭയിൽ ആചരിച്ചു. തുടർന്നു, ശനിയാഴ്ചകളിൽ മറിയത്തിന്റെ വിമലഹൃദയശനി, ജപമാല ശനിയാഴ്ചഭക്തി, 15 ശനി യാഴ്ചകളിൽ ജപമാല ചൊല്ലുന്ന പതിവ് എന്നിവ ഇന്നും തുടർന്നു വരുന്നു.

## ആദ്യശനി

ശനിയാഴ്ച ഭക്തിയുടെ തുടർച്ചയായിട്ടാണ് ആദ്യശനിയാഴ്ച ഭക്തി ആരംഭിച്ചത്. വി. തോമസ് അക്വീനാസ്, വി. ബർണാർദ് എന്നി വർ ശനിയാഴ്ചഭക്തി പ്രോത്സാഹിപ്പിച്ചവരാണ്. വലിയ ശനിയാഴ്ച കർത്താവിന്റെ ശരീരം കബറിടത്തിലായിരുന്നു. സ്നേഹിതരും ശിഷ്യന്മാർപോലും ഭയംമൂലം ഒളിച്ചിരുന്ന ദിവസമായിരുന്നു അത്. എന്നാൽ മറിയംമാത്രം പ്രതീക്ഷയോടെ കർത്താവിന്റെ ഉയിർപ്പു പ്രതീക്ഷിച്ചിരുന്നു. മൂന്നാംദിവസം ഉയിർത്തെഴുന്നേൽക്കുമെന്ന പ്രവ ചനത്തിലുള്ള പ്രതീക്ഷയാണ് ഇതിനു കാരണം. അതുകൊണ്ടു മറിയത്തെ പ്രത്യേകമായി ശനിയാഴ്ച ഓർക്കുന്നത് ഉചിതമാണെ ന്നാണു ഈ വിശുദ്ധർ പഠിപ്പിക്കുന്നത്. ഇതിന്റെ വെളിച്ചത്തിൽ Congregation for Divine Worship and the discipline of the Sacraments, പ്രസിദ്ധപ്പെടുത്തിയ Directory on Popular Piety and the Liturgy (2001) എന്ന രേഖയിൽ മറിയം വലിയശനിയാഴ്ച മാതൃസ ഹജമായ സ്നേഹത്തോടും ശിഷ്യനടുത്ത പ്രതീക്ഷയോടും ഉയിർപ്പ് പ്രതീക്ഷിച്ചിരുന്നു എന്നു രേഖപ്പെടുത്തുന്നു. ഇതു സഭയിൽ അവ ളുടെ സാന്നിധ്യത്തിന്റെയും പ്രവർത്തനങ്ങളുടെയും അടയാളമാ ണ്. അതുകൊണ്ടു ശനിയാഴ്ച മറിയത്തിനായി നീക്കിവയ്ക്കുന്നത് ഉചിതമാണെന്നു പഠിപ്പിക്കുന്നു.

ഉർബൻ രണ്ടാമൻ മാർപാപ്പ, (1088-1099) കർദ്ദിനാൾ പീറ്റർ ഡാമി യൻ, (...1072) ഫ്രാൻസിസ്കൻ സന്ന്യാസസമൂഹം, പരോക്ഷമായി രണ്ടാം വത്തിക്കാൻ സൂനഹദോസും ഈ ശനിയാഴ്ച ഭക്തി പ്രോത്സാഹിപ്പിക്കുന്നു.

**ഡോ. ജേക്കബ് വെള്ളിയാൻ**
**ഡോ. ജോർജ്ജ് കറുകപ്പറമ്പിൽ**
**ഡോ. സി. ഗ്രേയ്സ് കൊച്ചുപാലിയത്തിൽ**

# 07

# മരിയൻ ആധ്യാത്മികത

ദൈവമനുഷ്യബന്ധത്തെ സൂചിപ്പിക്കാനാണ് ആധ്യാത്മികത എന്നപദം പൊതുവെ ഉപയോഗിക്കുന്നത്. ദൈവത്തെക്കുറിച്ചുള്ള കാഴ്ചപ്പാടും ദൈവത്തോടുള്ള ബന്ധവും ഇതരമനുഷ്യരോടും തന്നോടുതന്നെയും പ്രപഞ്ചത്തോടുമുള്ള ബന്ധത്തെയും നിർണ്ണായകമായ വിധം സ്വാധീനിക്കും. അതേ സമയം ഈ ബന്ധങ്ങളുടെ വിവിധ വശങ്ങൾക്കു നല്കുന്ന ഊന്നൽ അനുസരിച്ചു ആധ്യാത്മികതയിലും വ്യത്യാസങ്ങൾ ഉണ്ടാകും. അങ്ങനെ ഒരേ വിശ്വാസത്തിൽ പങ്കുചേരുകയും ഒരേ കത്തോലിക്കാ സഭയുടെ അംഗങ്ങളാകുകയും ചെയ്യുന്നവരുടെ ഇടയിൽ തന്നെ വ്യത്യസ്ത ഊന്നലുകളുള്ള ആധ്യാത്മികതകൾ രൂപം കൊള്ളുന്നു.

ദാരിദ്ര്യം, കന്യാവ്രതം, അനുസരണം എന്നീ മൂന്നു വ്രതങ്ങൾ വഴി ജീവിതത്തെ മുഴുവനായി ദൈവത്തിന് സമർപ്പിക്കുന്ന സന്യസ്തരുടെയിടയിൽ തന്നെ വ്യത്യസ്തങ്ങളായ ആധ്യാത്മികത കാണാൻ കഴിയും. ഓരോ സന്യാസ സഭയും സ്ഥാപക പിതാവിന്റെ/മാതാവിന്റെ

പ്രത്യേക ഉദ്ദേശലക്ഷ്യങ്ങളെ കാരിസമായി സ്വീകരിച്ച് തനതായ രീതിയിലുള്ള ആധ്യാത്മികജീവിതം നയിക്കാൻ ശ്രമിക്കുന്നു, പ്രേരിപ്പിക്കുന്നു.

ദൈവത്തോടും സഹജീവികളോടുമുള്ള സമീപനത്തെ നിർണ്ണായകമായി സ്വാധീനിക്കുന്നതാണ് ആധ്യാത്മികത. രക്ഷകന്റെ അമ്മയാകാൻ പ്രത്യേകം തിരഞ്ഞെടുക്കപ്പെടുകയും ലഭിച്ച വിളിയോട് പൂർണ്ണമായും വിശ്വസ്തത പുലർത്തുകയും ചെയ്ത പരിശുദ്ധകന്യകാമറിയത്തിൽ പ്രകടമായ ആധ്യാത്മികതയുടെ വ്യത്യസ്തമാനങ്ങളും തലങ്ങളും പരിശോധിക്കാനാണ് അടുത്തതായി ശ്രമിക്കുന്നത്. ബൈബിളിൽ, പ്രത്യേകിച്ചും പുതിയനിയമത്തിൽ കാണുന്ന, ചുരുക്കമെങ്കിലും സുപ്രധാനങ്ങളായ ഘടകങ്ങൾ ആദ്യകാലത്ത് ചൂണ്ടികാണിക്കാൻ ശ്രമിച്ചു. ആ ഘടകങ്ങൾ കൂടുതൽ വിശദമായി അപഗ്രഥിക്കാനും അവയുടെ ആനുകാലികപ്രസക്തി മനസ്സിലാക്കാനുമാണ് ഈ രണ്ടാംഭാഗത്ത് ശ്രമിക്കുന്നത്. ആദ്യഭാഗത്തു കണ്ട കാര്യങ്ങൾ വീണ്ടും വിശകലനം ചെയ്യുമ്പോൾ ആവർത്തന വിരസത അനുഭവപ്പെട്ടേക്കാം. അതിനാൽ ഒരിക്കൽ കണ്ടവ വീണ്ടും ആവർത്തിക്കാതെ, അവയിൽനിന്ന് അനുദിന ജീവിതത്തിൽ സ്വാധീനം ചെലുത്തേണ്ടത് അനുകരണാർഹവുമായ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്താൻ ശ്രമിക്കുന്നതാണ്. മറിയത്തിന്റെ പ്രകടമായ ആധ്യാത്മികഭാവങ്ങളാണ് ഇവിടെ പഠനവിഷയമാക്കാൻ ശ്രമിക്കുന്നത്.

**മറിയം വിശ്വാസജീവിതത്തിന്റെ മാതൃക**

മറിയത്തിന്റെ ആധ്യാത്മികതയെക്കുറിച്ചു ചിന്തിക്കുമ്പോൾ ഏറ്റം ആദ്യമേ ശ്രദ്ധയിൽപ്പെടുന്നത് അമ്മയുടെ വിശ്വാസമാണ്, മറിയത്തിന്റെ യഥാർത്ഥ മഹത്വത്തിനു നിദാനമായി എലിസബത്ത് എടുത്തു കാട്ടിയത് അവളുടെ വിശ്വാസം തന്നെ. "എന്റെ കർത്താവിന്റെ അമ്മ" എന്ന വിശേഷണത്തിലൂടെ മറിയത്തിന്റെ ദൈവമാതൃത്വം ഏറ്റുപറഞ്ഞതിനുശേഷമാണ് ഈ ഉദ്ഘോഷണം. എന്താണ് വിശ്വാസത്തിന്റെ വിഷയമെന്നും എലിസബത്തിന്റെ വാക്കുകളായി സുവിശേഷകൻ ലൂക്കാ എടുത്തു കാട്ടുന്നു, "കർത്താവ് അരുൾ ചെയ്തവ നിറവേറും" എന്ന് വിശ്വസിച്ചു.

തികച്ചും അസാധാരണ എന്നുമാത്രമല്ല, അസാധ്യമെന്നും തോന്നാവുന്നതാണ് ഇവിടെ സൂചിപ്പിക്കുന്ന കർത്താവ് അരുളി ചെയ്ത കാര്യങ്ങൾ. പുരുഷസംസർഗ്ഗം കൂടാതെ കന്യക ഗർഭം ധരിക്കുക - ഏശയ്യാ പ്രവചനം ഉണ്ടെങ്കിലും അതു തന്നിൽ സംഭ

വിക്കുമെന്ന് വിശ്വസിക്കുക എളുപ്പമായിരുന്നില്ല. സംഭവിച്ചാൽ ഉണ്ടാകുന്ന ഭവിഷ്യത്തുകൾ തികച്ചും ഭയാനകമായിരുന്നു. എന്നിട്ടും മറിയം വിശ്വസിച്ചു. അതാണ് അവളെ ഭാഗ്യവതി എന്ന് എലിസബത്ത് പ്രകീർത്തിക്കാൻ കാരണം.

‘‘ഭാഗ്യവതി’’ എന്ന് വിവർത്തനം ചെയ്യുന്ന ‘‘മക്കാരിയാ’’ എന്ന ഗ്രീക്കുവാക്കിന് കൂടുതൽ ആഴവും വ്യാപ്തിയും ഉണ്ട്. സുവിശേഷഭാഗങ്ങളിൽ ആവർത്തിക്കുന്ന ഒരു പദമാണ് ‘മക്കാരിയോസ്’(മക്കാരിയ, മക്കാരിയോയ് എന്നു ബഹുവചനം). ദൈവത്തിന്റെ പ്രത്യേക കൃപ ലഭിച്ചയാൾ, ആ കൃപയിൽനിന്ന് സംജാതമാകുന്ന സന്തോഷത്തിന് ഉടമ എന്നൊക്കെ ഈ പദം വിവർത്തനം ചെയ്യാം. നിന്റെ അവസ്ഥ എത്രയോ സന്തോഷപ്രദം, അനുഗ്രഹീതൻ എന്നായിരിക്കും ഈ ഉദ്ഘോഷണത്തിന്റെ അർത്ഥം. ഈ അർത്ഥത്തിലാണ് ‘‘ഭാഗ്യവതി’’ എന്ന് വിവർത്തനം ചെയ്യുന്നത്.

വിശ്വസിക്കുന്ന പിതാവായ അബ്രാഹത്തിന്റേതിലും വലുതായിരുന്നു ദൈവപുത്രന്റെ അമ്മയാകാൻ വിളിക്കപ്പെട്ട മറിയത്തിന്റെ വിശ്വാസം. തുടക്കംതന്നെ വലിയ സാഹസമാണ്. ദൈവദൂതൻ പറഞ്ഞ കാര്യങ്ങളെല്ലാം ബുദ്ധികൊണ്ട് അപഗ്രഥിച്ച് മനസ്സിലാക്കാൻ കഴിയുന്നവയല്ല. കന്യകയായിരിക്കെത്തന്നെ ഗർഭിണിയാകുക; ദൈവപുത്രന്റെ അമ്മയാവുക! പിതാക്കന്മാർ സംപൂജ്യമായി കാത്തുസൂക്ഷിച്ചിരുന്ന പ്രവചനങ്ങൾ വെറും ഗ്രാമീണകന്യക, അതും വിവാഹനിശ്ചയം കഴിഞ്ഞ, തന്നിൽ നിറവേറുന്നു എന്നു വിശ്വസിക്കുക എളുപ്പമായിരുന്നില്ല. പക്ഷേ മറിയം പതറിയില്ല; ചോദ്യം ചെയ്തില്ല; അടയാളം ആവശ്യപ്പെട്ടതുമില്ല. ഞാൻ എന്തു ചെയ്യണം? ദൈവം എന്നിൽനിന്ന് എന്താണ് പ്രതീക്ഷിക്കുന്നത്? ഇതുമാത്രമേ മറിയത്തിന് അറിയേണ്ടതുള്ളൂ. ദൂതൻ കൊടുത്ത മറുപടിയിൽ അവൾ തൃപ്തയായി. ഇനി ഒന്നേ അവശേഷിച്ചിട്ടുള്ളൂ, സ്വയം അടിയറ വയ്ക്കുക. ‘‘ഇതാ കർത്താവിന്റെ ദാസി. നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ’’ (ലൂക്കാ 1:38).

അതൊരു തുടക്കം മാത്രമായിരുന്നു. ഇനി അങ്ങോട്ടുള്ള യാത്രയുടെ ഓരോ നിമിഷവും അവളുടെ വിശ്വാസജീവിതം കഠിനമായി പരീക്ഷിക്കപ്പെട്ടു. വിവാഹനിശ്ചയം ചെയ്തിരിക്കുന്ന വരൻ ജോസഫ് എങ്ങനെ പ്രതികരിക്കും? എന്തായിരിക്കും തനിക്കു സംഭവിക്കുക? അവൾ ചോദിച്ചില്ല. വിളിച്ചവൻ വിശ്വസ്തനാണ്; അവന്റെ കൈകളിൽ എന്റെ ജീവിതം സുരക്ഷിതമാണ് എന്ന് അവൾ ഉറച്ചു വിശ്വസിച്ചു. ഒരിക്കൽ മാത്രം മനസ്സു കൊണ്ടെടുക്കുന്ന ഒരു തീരുമാനമോ നല്കുന്ന ഒരു സമ്മതമോ അല്ല വിശ്വാസം. അത് നിശ്ച

ലമായ ഒരു അവസ്ഥയല്ല, ക്രിയാത്മകമായ, നിരന്തരം പ്രവർത്തിക്കുന്ന ഒരു ഭാവമാണ്. ദൈവത്തിന്റെ കൈകളിലേക്ക് എന്നും എപ്പോഴും സമർപ്പിച്ചു കൊണ്ടിരിക്കുന്ന ചലനാത്മകമായ പ്രക്രിയ.

അനേകം പ്രതിസന്ധികളിലൂടെ കടന്നു പോയതാണ് മറിയത്തിന്റെ വിശ്വാസജീവിതം. കാലിത്തൊഴുത്തിലെ ദാരിദ്ര്യം, ശിമയോൻ ഹൃദയത്തിൽ ഇറക്കിയ വാൾ, മകന്റെ ജീവൻ രക്ഷിക്കാൻ വേണ്ടി അഭയാർത്ഥിയെപ്പോലെ ഈജിപ്തിലേക്ക് ഒളിച്ചോട്ടം, പന്ത്രണ്ടാം വയസ്സിലെ വിരഹ ദു:ഖം, നസ്രത്തിലെ അജ്ഞാതവാസം, കാനായിലെ സംശയം ജനിപ്പിക്കാവുന്ന മകന്റെ ചോദ്യം, അവസാനം കുരിശിന്റെ വഴി, ഒരു സാധാരണ കുറ്റവാളിയെപ്പോലെ, പോരാ കലാപകാരിയെപ്പോലുള്ള മകന്റെ മരണം. കുരിശിന്റെ നിലവിളി: ''എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തേ എന്നെ നീ കൈവെടിഞ്ഞു!'' ചവിട്ടി നില്ക്കുന്ന മണ്ണ് തനിക്കു കീഴിൽ വിണ്ടുകീറുന്നതുപോലെ, താൻ പാതാളത്തിലേക്ക് വീഴുന്നതുപോലെ അമ്മയ്ക്ക് തോന്നിയോ? ഇല്ല എന്നാണ് സുവിശേഷകൻ നൽകുന്ന സാക്ഷ്യം. കുരിശിൻ ചുവട്ടിൽ അവന്റെ അമ്മ നിന്നു, മകനെ കിടത്തിയ ബലിപീഠത്തിനരികെ ഉയർത്തിയ കത്തിയും പിടിച്ചു നിന്ന അബ്രാഹത്തെപ്പോലെ.

ഇതാണ് മറിയം കാട്ടിത്തരുന്ന ആധ്യാത്മികതയുടെ കാതൽ, വിശ്വസിക്കുക; ചോദ്യം ചെയ്യാതെ സ്വീകരിക്കുക. മടിക്കാതെ അനുസരിക്കുക. സാഹചര്യങ്ങൾ പ്രതികൂലമാകുമ്പോഴും പിൻതിരിയാതെ മുന്നേറുക. ജീവിതചക്രവാളങ്ങളിൽ ഇരുൾ പരക്കുമ്പോഴും വിശ്വാസത്തിന്റെ ദീപം ഹൃദയത്തിൽ കെട്ടുപോകാതെ കാത്തുസൂക്ഷിക്കുക. ഇഷ്ടപ്പെട്ട പലതും വിട്ടുപേക്ഷിക്കേണ്ടി വരും. നാടും വീടും കുടുംബവും ഉറ്റവരും ഉടയവരുമെല്ലാം വിട്ടുപേക്ഷിക്കേണ്ടതിന്റെ പട്ടികയിൽ പെട്ടെന്ന് വരും. ഒട്ടും പ്രതീക്ഷിക്കാത്ത, തികച്ചും അപരിചിതവും ഭയാനകവുമായ വഴികളിലൂടെ നടക്കേണ്ടി വരും. പ്രതീക്ഷിക്കുന്ന കേന്ദ്രങ്ങളിൽനിന്ന് അഭയം ലഭിച്ചില്ലെന്നും വരും. ഒരുപക്ഷേ ഉറ്റവർ പോലും കൈവിട്ടെന്നു വരും. ഇതെല്ലാം വിശ്വാസജീവിതത്തിന്റെ ഭാഗം തന്നെ.

ഇവിടെയെല്ലാം പിടിച്ചു നില്ക്കാൻ, വിളിച്ചവനെ വിടാതെ പിന്തുടരാൻ സഹായിക്കുന്നത് അവനിലുള്ള വിശ്വാസമാണ്. പ്രേഷ്ഠശിഷ്യനായ തിമോത്തിക്ക് അപ്പസ്തോലൻ തന്റെ അന്തിമ വിൽപത്രം എന്നപോലെ എഴുതുന്ന കത്തിൽ എടുത്തു പറയുന്ന ഒരു വാക്യം വെളിച്ചം പകരും; ''ആരിലാണ് ഞാൻ വിശ്വാസം അർപ്പിച്ചിരിക്കുന്നതെന്ന് എനിക്കറിയാം. എന്നെ ഭരമേല്പിച്ചിരിക്കുന്നവയെ ആ

ദിവസം വരെ ഭദ്രമായി കാത്തുസൂക്ഷിക്കാൻ അവന് കഴിയുമെന്ന് എനിക്ക് പൂർണ്ണബോധ്യമുണ്ട്''(2 തിമോ 1:12). ആരിലാണ് താൻ വിശ്വാസം അർപ്പിച്ചതെന്ന് മറിയത്തിന് അറിയാമായിരുന്നു. ആ സമർപ്പിത ജീവിതം അന്ത്യനിമിഷംവരെ വിശ്വസ്തതയോടെ അവൾ ജീവിച്ചു തീർത്തു. വിശ്വസിച്ച ആ ഭാഗ്യവതിക്ക് ഒരേ ഒരു ലക്ഷ്യമേ ഉണ്ടായിരുന്നുള്ളൂ, വിളിച്ചവന്റെ തിരുഹിതം നിറവേറ്റുക; ഏല്പിച്ച ദൗത്യം പൂർണ്ണവിശ്വസ്തതയോടെ പൂർത്തിയാക്കുക. അതിന് അവളെ ശക്തയാക്കിയത് ഒരിക്കലും കുറയാത്ത അവളുടെ വിശ്വാസമായിരുന്നു.

ജീവിതത്തിൽ നേരിടേണ്ടിവന്ന ക്ലേശങ്ങൾ, പ്രതിസന്ധികൾ, സഹനങ്ങൾ എല്ലാം ആ വിശ്വാസത്തെ ക്ഷയിപ്പിക്കുകയല്ല, കൂടുതൽ ശക്തിപ്പെടുത്തുകയാണ് ചെയ്തത്. ''അഗ്നിശോധനയെ അതിജീവിക്കുന്ന നശ്വരമായ സ്വർണ്ണത്തെക്കാൾ വിലയേറിയതായിരിക്കും പരീക്ഷകളെ അതിജീവിക്കുന്ന വിശ്വാസം'' (പത്രോ 1:7). എന്ന പത്രോസിന്റെ പ്രഖ്യാപനം മറിയത്തിൽ പൂർണ്ണമായും അന്വർത്ഥമായി. മരിയൻ ആധ്യാത്മികതയുടെ എന്നല്ല, യഥാർത്ഥമായ ഏത് ആധ്യാത്മികതയുടെയും അടിസ്ഥാനം ഈ വിശ്വാസമാണ്. പ്രതിബന്ധങ്ങളും പീഡനങ്ങളും ആ വിശ്വാസത്തെ കൂടുതൽ ശക്തിപ്പെടുത്തുകയേ ഉള്ളൂ.

**മറിയം വചനാധിഷ്ടിത ജീവിത മാതൃക**

''മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു'' (ലൂക്കാ 2:19).

മറിയത്തിന്റെ ജീവിതത്തെ നയിച്ചതും നിർണ്ണായകമാംവിധം സ്വാധീനിച്ചതും ദൈവവചനമായിരുന്നു. ഹൃദയം തുറന്ന് അവൾ വചനം സ്വീകരിച്ചു. അവളുടെ ശരീരത്തിൽനിന്നും ദൈവവചനം ശരീരം സ്വീകരിച്ചു. അങ്ങനെ അവൾ മാംസമായ വചനത്തിന്റെ മാതാവായി. ദൈവവചനത്തോടുള്ള മറിയത്തിന്റെ സമീപനവും ബന്ധവും മരിയൻ ആധ്യാത്മികതയുടെ ഒരു സുപ്രധാന ഘടകമായി.

ദൈവത്തിന്റെ വചനവുമായി കടന്നുവരുന്ന ദൂതനെ ചിത്രീകരിച്ചുകൊണ്ടാണ് സുവിശേഷകൻ മറിയത്തെക്കുറിച്ചുള്ള പ്രതിപാദനം ആരംഭിക്കുന്നത്. ''ആറാം മാസം ഗബ്രിയേൽ ദൂതൻ ഗലീലിയിൽ നസ്രത്ത് എന്ന പട്ടണത്തിൽ, ദാവീദിന്റെ വംശത്തിൽപ്പെട്ട ജോസഫ് എന്നുപേരായ പുരുഷനുമായി വിവാഹനിശ്ചയം ചെയ്തിരുന്ന കന്യകയുടെ അടുത്തേക്ക് ദൈവത്താൽ അയയ്ക്കപ്പെട്ടു. അവളുടെ പേര്

മറിയം എന്നായിരുന്നു. ദൂതൻ അവളുടെ അടുത്ത് വന്നു പറഞ്ഞു, ദൈവകൃപ നിറഞ്ഞവളേ സ്വസ്തി. കർത്താവ് നിന്നോടു കൂടെ! ഈ വചനം കേട്ടവൾ വളരെ അസ്വസ്തയായി; എന്താണ് ഈ അഭിവാദനത്തിന്റെ അർത്ഥം എന്നവൾ ചിന്തിച്ചു'' (ലൂക്കാ 1:26-29).

ദൈവവചനത്തിനു മറിയത്തിന്റെ ജീവിതത്തിലുള്ള സ്ഥാനവും പ്രാധാന്യവും വചനത്തോടുള്ള മറിയത്തിന്റെ പ്രതികരണവും ഈ വിവരണത്തിൽ പ്രകടമാകുന്നു. ദൈവവചനമാണ് അവളുടെ ജീവിതത്തെ നയിക്കുന്നത്. എന്നാൽ തന്നോടു പറയപ്പെട്ട വചനത്തിന്റെ പൊരുൾ ഗ്രഹിക്കാൻ അവൾക്കു കഴിഞ്ഞില്ല. ഇത് ദൂതന്റെ അഭിവാദനത്തെക്കുറിച്ചു മാത്രമല്ല, മറ്റു പല സാഹചര്യങ്ങളിലും, താൻ കേട്ടതിന്റെ അർത്ഥം ഗ്രഹിക്കാൻ മറിയത്തിനു കഴിഞ്ഞില്ല എന്നു സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ട്. ദൈവദൂത ദർശനമുണ്ടായ ഇടയന്മാർ വന്ന് പറഞ്ഞ കാര്യങ്ങൾ അത്ഭുതാവഹമായിരുന്നു. ''എന്നാൽ മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചു കൊണ്ടിരുന്നു'' (ലൂക്കാ 2:19). വചനം ഹൃദയത്തിൽ സൂക്ഷിക്കുക, നിരന്തരം ധ്യാനവിഷയമാക്കുക - ഇതു മറിയത്തിന്റെ സ്വഭാവത്തിന്റെ തന്നെ ഒരു സവിശേഷതയായിരുന്നു.

മകനെ നഷ്ടപ്പെട്ട്, മൂന്ന് ദിനരാത്രങ്ങൾ കണ്ണീരോടെ അന്വേഷിച്ച് അവസാനം ദേവാലയത്തിൽ വച്ചു കണ്ടുമുട്ടിയപ്പോൾ ഏത് അമ്മയും സ്വാഭാവികമായി ചോദിക്കുന്ന ചോദ്യമാണ് മറിയം ചോദിച്ചത്: ''മകനേ, നീ ഞങ്ങളോട് എന്താണ് ഇങ്ങനെ ചെയ്തത്? നിന്റെ പിതാവും ഞാനും ഉത്കണ്ഠയോടെ നിന്നെ അന്വേഷിക്കുകയായിരുന്നു'' (ലൂക്കാ 2:48). എന്നാൽ, മകൻ നല്കിയ മറുപടി അമ്മയ്ക്ക് മനസ്സിലായില്ല: ''നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിച്ചത്? ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ?'' (ലൂക്കാ 2:49). ഉത്തരം മുഴുവൻ മനസ്സിലായില്ലെങ്കിലും ''അവന്റെ അമ്മ ഇക്കാര്യമെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു'' (ലൂക്കാ 2:51).

വചനം ശ്രവിക്കുക, ഹൃദയത്തിൽ സംഗ്രഹിക്കുക, ഗാഢമായി ധ്യാനിക്കുക - ഇതാണ് ബാല്യകാല സുവിശേഷത്തിൽ ലൂക്കാ അവതരിപ്പിക്കുന്ന മറിയത്തിന്റെ ചിത്രത്തിൽനിന്ന് നമുക്ക് കിട്ടുന്ന പാഠം. വചനം ശ്രവിക്കുക മാത്രമല്ല, അത് വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്തു എന്നും സുവിശേഷകൻ എടുത്തുപറയുന്നുണ്ട്. ''കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറും എന്ന് വിശ്വസിച്ചവൾ ഭാഗ്യവതി'' (ലൂക്കാ 1:45) എന്ന് എലിസബത്ത് ഉദ്ഘോഷിക്കുമ്പോൾ മറിയത്തിന്റെ വചനത്തോടുള്ള സമീപന

ത്തെയാണ് പ്രഘോഷിക്കുന്നത്. വിശ്വാസം അനുസരണത്തിലേക്ക് നയിച്ചു. ദൂതന്റെ സന്ദേശത്തിന് നല്കുന്ന മറുപടിയിൽ ഇത് വ്യക്ത മാകുന്നു: മറിയം പറഞ്ഞു: "ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!" (ലൂക്കാ 1:38).

വചനോപാസനയാണ് തന്റെ അമ്മയുടെ യഥാർത്ഥ മഹത്വത്തിന് നിദാനം എന്ന് യേശു തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സമാന്ത ര സുവിശേഷകൻ മൂന്നുപേരും രേഖപ്പെടുത്തിയിരിക്കുന്നതാണ് ഈ സംഭവം. അമ്മയും സഹോദരങ്ങളും തന്നെ അന്വേഷിച്ചു വന്നി രിക്കുന്നു എന്നു കേട്ട യേശുവിന്റെ ചോദ്യം "ആരാണെന്റെ അമ്മയും സഹോദരങ്ങളും?" തികച്ചും ആശ്ചര്യകരമായി തോന്നാം. ആരാണ് അമ്മയെന്നു മറന്നുപോയോ? എങ്കിൽ അവനു സുബോധം നഷ്ടപ്പെട്ടിരിക്കുന്നു എന്ന വാർത്ത (മർക്കോ 3:21) സത്യമായിരി ക്കുമല്ലോ? അതോ മകൻ അമ്മയെ തള്ളിപ്പറയുകയാണോ? അങ്ങനെ വ്യാഖ്യാനിക്കുന്നവരും ഉണ്ട്. എന്നാൽ തുടർന്നുള്ള വാക്കുകൾ മറ്റൊരുത്തരമാണ് നൽകുന്നത്.

"ചുറ്റും ഇരിക്കുന്നവരെ നോക്കിക്കൊണ്ട് അവൻ പറഞ്ഞു: ഇതാ, എന്റെ അമ്മയും എന്റെ സഹോദരങ്ങളും. ദൈവത്തിന്റെ ഹിതം നിർവ്വഹിക്കുന്നവൻ ആരോ അവനാണ് എന്റെ അമ്മയും സഹോ ദരനും സഹോദരിയും" (മർക്കോ 3:34-35). യേശുവിന്റെ അടുത്തി രിക്കുക, അവന്റെ വചനങ്ങളിൽ നിന്ന് ദൈവഹിതം അറിയുക, ദൈവഹിതം സ്വജീവിതത്തിൽ നിറവേറ്റുക - ഇതാണ് ശിഷ്യന്റെ, മാത്രമല്ല, അമ്മയുടെ യഥാർത്ഥ ധർമ്മം. ശാരീരികമായ മാതൃത്വ ത്തിനുപരി മറിയത്തിന്റെ വചനശ്രവണത്തിലേക്കും അനുസരണ ത്തിലേക്കുമാണ് യേശു ശ്രദ്ധ ക്ഷണിക്കുന്നത്.

ലൂക്കായുടെ സുവിശേഷത്തിൽ ഇക്കാര്യം കൂടുതൽ വ്യക്തമാ കുന്നുണ്ട്. "ദൈവവചനം ശ്രവിക്കുകയും അതനുസരിച്ച് പ്രവർത്തി ക്കുകയും ചെയ്യുന്നവരാണ് എന്റെ അമ്മയും സഹോദരങ്ങളും" (ലൂക്കാ 8:21). വചനശ്രവണത്തിന് നല്കുന്ന ഊന്നൽ കാണാതെ പോകരുത്. "ദൈവഹിതം" എന്നു മർക്കോസ് രേഖപ്പെടുത്തിയത് "ദൈവവചനം ശ്രവിക്കുക" എന്ന് ലൂക്കാ വ്യാഖ്യാനിക്കുന്നു. ദൈവ വചനമാണ് ദൈവഹിതം വെളിപ്പെടുത്തി തരുന്നത്. വെളിപ്പെട്ടു കിട്ടുന്ന ദൈവഹിതം അനുസരിക്കുക - അതാണ് മറിയത്തിന്റെ മഹത്വം: അതാണ് മരിയൻ ആധ്യാത്മികതയുടെ ഒരു സവിശേഷ ത.

യേശുവിന്റെ വാക്കും പ്രവർത്തിയും വഴി ആശ്ചര്യഭരിതയായ

ഒരമ്മ "ഉച്ചത്തിൽ അവനോടു പറഞ്ഞു: നിന്നെ വഹിച്ച ഉദരവും നിന്നെ പാലൂട്ടിയ മുലകളും ഭാഗ്യമുള്ളവ. അവൻ പറഞ്ഞു: ദൈവ വചനം കേട്ട് അത് പാലിക്കുന്നവർ കൂടുതൽ ഭാഗ്യവാന്മാർ" (ലൂക്കാ 11:28). ദൈവവചനത്തിനു ശാരീരികമായി ജന്മം നല്കി എന്നതിന്റെ മഹത്വം നിഷേധിക്കാതെ തന്നെ, വചനം ശ്രവിക്കുകയും അതനു സരിച്ചു ജീവിക്കുകയും ചെയ്യുന്നതിന്റെ പ്രാധാന്യം എടുത്തു കാട്ടു ന്നതിലൂടെ യേശു വീണ്ടും മരിയൻ ആധ്യാത്മികതയിൽ വചനോ പാസനയ്ക്കുള്ള സുപ്രധാന സ്ഥാനത്തിലേക്കു ശ്രദ്ധ ക്ഷണിക്കു ന്നു.

മറിയത്തെ സംബന്ധിച്ച് ദൈവവചനം ജീവശ്വാസം പോലെ ആയിരുന്നു. ദൂതനിൽ നിന്നും കേട്ടതായാലും പുത്രനിൽ നിന്നു നേരിട്ട് കേട്ടതായാലും വിശുദ്ധഗ്രന്ഥ പാരായണത്തിലൂടെ ലഭിച്ച തായാലും ദൈവവചനമായിരുന്നു മറിയത്തെ നിരന്തരം വഴി ന യിച്ചിരുന്നത്. കേട്ടതെല്ലാം പലപ്പോഴും ഗ്രഹിക്കാൻ കഴിഞ്ഞില്ല. ദൂതന്റെ അഭിവാദനം മുതൽ കാനായിൽ വച്ച് മകന്റെ ചോദ്യം വരെ ഇതു തുടർന്നു. മനസ്സിലാക്കാൻ കഴിഞ്ഞില്ലെങ്കിലും കേട്ട വചനം ഹൃദയത്തിൽ സൂക്ഷിച്ചു. അതിനെക്കുറിച്ച് നിരന്തരം ധ്യാനി ച്ചു. അങ്ങനെ ജീവിതം തന്നെ ഒരു വചനധ്യാനമായി പരിണമിച്ചു.

കേട്ടപ്പോൾ ഗ്രഹിക്കാൻ കഴിയാതിരുന്ന വചനങ്ങളുടെ അർത്ഥം സാവധാനം അവൾ ഗ്രഹിച്ചു. ദൈവകൃപ നിറഞ്ഞവളേ എന്ന അഭി വാദനം പ്രത്യേകമായ ഒരു ദൗത്യത്തിനുവേണ്ടി തന്നെ ദൈവം തിരഞ്ഞെടുത്തിരിക്കുന്നു എന്ന് അറിയിക്കുകയാണെന്ന് അവൾ ജീവിതത്തിലൂടെ മനസ്സിലാക്കി. വിവാഹ വാഗ്ദാനം ചെയ്തിരി ക്കുന്ന കന്യക വരൻ അറിയാതെ ഗർഭിണിയായാൽ സംഭവിക്കാ വുന്ന ദുരന്തത്തെ മുന്നിൽ കണ്ടുകൊണ്ടു തന്നെ അവൾ ദൈവദൂ തന് സമ്മതം മൂളി. ദൈവം കൂടെ ഉണ്ടായിരിക്കും എന്ന വചനം അവൾ വിശ്വസിച്ചു. ആ വിശ്വാസം അവൾക്കു ശക്തി നൽകി.

ഹൃദയത്തിൽ തുളച്ചു കയറുന്ന വാളിനെക്കുറിച്ച് വൃദ്ധനായ ശിമ യോൻ നടത്തിയ പ്രവചനവും അവൾ സ്വീകരിച്ചു; ഹൃദയത്തിൽ സൂക്ഷിച്ചു. ഒന്നല്ല ഏഴല്ല, ഏഴെഴുപതു തവണ ആ വാൾ തന്റെ ഹൃദയത്തിൽ തുളച്ചു കയറുന്നതായി അവൾ അനുഭവിച്ചറിഞ്ഞു, പക്ഷേ പതറിയില്ല; കൊടുത്ത സമ്മതം തിരിച്ചെടുത്തതുമില്ല.

എന്തിനാണ് നിങ്ങൾ എന്നെ അന്വേഷിച്ചത് എന്ന മകന്റെ ചോദ്യം ഹൃദയം പിളർക്കുന്നതായിരുന്നു. പിതാവിന്റെ ജോലിയെ ക്കുറിച്ചു പുത്രൻ പറഞ്ഞതിന്റെ അർത്ഥവും പൂർണ്ണമായി മനസ്സി

ലായില്ല; കുരിശിൻ ചുവട്ടിൽ നില്ക്കുമ്പോഴാണ് ആ ജോലി എന്താ യിരുന്നു എന്നു ഗ്രഹിച്ചത്. വചനം ഹൃദയത്തിൽ സൂക്ഷിക്കുക, നിരന്തരം ധ്യാനിക്കുക - ഇതാണ് മറിയം ചെയ്തത്. അതിലൂടെ വചനത്തിന്റെ ആഴമേറിയ അർത്ഥതലങ്ങളിലേക്ക് ഇറങ്ങുക മാത്ര മല്ല, ആ വചനം അനുസരിക്കുകയും അതിൽ നിന്ന് ശക്തിയും പ്രചോദനവും ദിശാബോധവും ഉൾകൊണ്ട് ജീവിതയാത്ര തുടരു കയും ചെയ്തു.

ദൈവവചനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബൈബിൾ പറയുന്ന കാര്യങ്ങളെല്ലാം മറിയത്തിൽ അന്വർത്ഥമായി. ‘‘കർത്താവേ, അരുളി ചെയ്താലും. അങ്ങയുടെ ദാസൻ ഇതാ ശ്രവിക്കുന്നു’’(1 സാമു 3:10) എന്നു പറഞ്ഞ സാമുവേലിനെ മറിയം വചനത്തിന് കാതോർത്തു. നല്ല ഭാഗം തിരഞ്ഞെടുത്ത ബഥാനിയായിലെ മറി യത്തെപ്പോലെ (ലൂക്കാ 10:38-42) അവൾ സ്വസ്ഥമായിരുന്ന് വചനം ശ്രവിച്ചു. ശ്രവിക്കുക മാത്രമല്ല, അതു ജീവിച്ചു. ‘‘വചനം കേൾക്കുക മാത്രം ചെയ്യുന്ന ആത്മവഞ്ചകരാകാതെ അത് അനു വർത്തിക്കുന്നവരും ആയിരിക്കുവിൻ’’ (യാക്കോ 1:22) എന്ന ഉപ ദേശം അവൾക്കു ജീവിതനിയമമായിരുന്നു.

വചനച്ചുരുൾ വിഴുങ്ങിയ പ്രവാചകനെപ്പോലെ (എസെ 3:1, വെളി 10:8) ദൈവവചനം നിരന്തരം ഭക്ഷണമാക്കുക മരിയൻ ആധ്യാത്മി കതയുടെ കാതലാണ്. ‘‘അപ്പം കൊണ്ടു മാത്രമല്ല, കർത്താവിന്റെ നാവിൽ നിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് മനുഷ്യൻ ജീവിക്കുന്നത്’’(നിയ 8:3; മത്താ 4:4) എന്ന സത്യം തിരിച്ചറിഞ്ഞ് ജീവിതത്തിൽ പകർത്തുന്നതാണ് മരിയൻ ആധ്യാത്മികത. ആത്മാ വിനും ശരീരത്തിനും സൗഖ്യവും ശുദ്ധിയും നല്കുന്നതും ദൈവ വചനമാണ്. ‘‘മരുന്നോ ലേപനൗഷധമോ അല്ല, എല്ലാവരെയും സുഖ പ്പെടുത്തുന്ന അങ്ങയുടെ വചനമാണ്’’(ജ്ഞാനം 16:12) മറിയത്തിനു സൗഖ്യവും ശക്തിയും നല്കി നയിച്ചത്. ‘‘ഞാൻ നിങ്ങളോടു പറഞ്ഞ വചനം നിമിത്തം നിങ്ങൾ ശുദ്ധിയുള്ളവരായിരിക്കുന്നു’’ (യോഹ 15:3) എന്ന ഗുരുമൊഴി മറിയത്തിന്റെ ജീവിതത്തിലെന്ന പോലെ മരിയൻ ആധ്യാത്മികത ജീവിക്കാൻ ആഗ്രഹിക്കുന്ന ഏവർക്കും പ്രസക്തമാണ്.

മറിയത്തിന്റെ ജീവിതവഴിയിൽ ദൈവവചനമാണ് പ്രകാശം ചൊരിഞ്ഞത്. അവതരിച്ച ദൈവവചനമായ മകന്റെ കൂടെയുള്ള യാത്ര എളുപ്പമായിരുന്നില്ല. ഞാൻ ലോകത്തിന്റെ പ്രകാശമാണെന്നു പറഞ്ഞവന്റെ കുരിശിൻ ചുവട്ടിൽ നിന്നപ്പോൾ എന്താണ് അവൻ നല്കുന്ന പ്രകാശം എന്ന് അവൾ തിരിച്ചറിഞ്ഞു. ‘‘അങ്ങയുടെ

വചനം എന്റെ പാദത്തിനു വിളക്കും പാതയിൽ പ്രകാശവും ആണ്''(സങ്കീ 119,105) എന്ന സങ്കീർത്തന വാചകം അവളുടെ ജീവിതത്തിൽ എന്നും അന്വർത്ഥമായിരുന്നു. ചുറ്റിലും ഇരുൾ പരക്കുകയും ദു:ഖം മനസ്സിനെ അന്ധകാരത്തിൽ ആഴ്ത്തുകയും ചെയ്തപ്പോഴും ദൈവവചനം അവൾക്കു പ്രകാശവും പ്രത്യാശയും നൽകി. ഏകമകൻ ക്രൂരമായി കൊല്ലപ്പെടുന്നതിലൂടെ എല്ലാം നഷ്ടപ്പെട്ടു എന്നു കരുതുമ്പോഴാണ് കുരിശിൻ നിന്നൊരു മൊഴി: ''സ്ത്രീയേ, ഇതാ നിന്റെ മകൻ...ഇതാ നിന്റെ അമ്മ''(യോഹ 19:26-27) ഒരു മകൻ മരിക്കുമ്പോൾ ഒരായിരം കോടി മക്കൾക്ക് അമ്മയാകുന്ന മറിയം - അവളെ അമ്മയാക്കുന്ന തിരുവചനം.

ദൈവവചനത്തിനു കാതോർക്കുകയും കേട്ടവചനം വിശ്വസിച്ച് ഹൃദയത്തിൽ സ്വീകരിക്കുകയും നിരന്തരം ധ്യാനവിഷയമാക്കുകയും ചെയ്ത മറിയം എല്ലാവർക്കും എന്നും ഒരു മാതൃകയും പ്രചോദനവും ആണ്. വചനം നയിക്കുന്ന വഴിയെ ഉള്ള ജീവിതം എളുപ്പമായിരുന്നില്ല. പക്ഷേ മറിയം പതറിയില്ല. കൂടെയുണ്ടായിരിക്കും എന്ന വാഗ്ദാനം ചെയ്ത ദൈവത്തിന്റെ സാന്നിധ്യത്തിൽ നിന്നു ശക്തിയാർജ്ജിച്ച് കുരിശിന്റെ വഴിയിൽ മകനെ അനുഗമിക്കാനും കുരിശിൻ ചുവട്ടിൽ, ബലിപീഠത്തിനു മുമ്പിൽ പുരോഹിതനെപ്പോലെ നില്ക്കാനും മറിയത്തിനു കഴിഞ്ഞു. സംശയമില്ല, വചനോപാസന മരിയൻ ആധ്യാത്മികതയുടെ കാതൽ തന്നെ.

**ഡോ. മൈക്കിൾ കാരിമറ്റം**

# 08

## ജപമാലഭക്തി

സഭയിലെ വ്യത്യസ്തസാമൂഹിക പശ്ചാത്തലത്തിലും ജീവിതാന്തസിലും കഴിയുന്നവർക്കു സുപരിചിതവും പ്രാധാന്യമർഹിക്കുന്നതുമായ ഒരു പ്രാർത്ഥനയാണു ജപമാല. സഭാചരിത്രം പരിശോധിക്കുമ്പോൾ സെന്റ് പീറ്റർ കനീഷ്യസ്, സെന്റ് ലൂയീസ് മരിയ മോൺഫോർട്ട്, സെന്റ് അൽഫോൻസ് ലിഗോരി തുടങ്ങിയ വിശുദ്ധർ ജപമാല പ്രചരിപ്പിക്കാനായി വളരെയധികം പ്രയത്നിച്ചിതായി കാണാവുന്നതാണ്. ലിയോ 13-ാമൻ മുതൽ ജോൺ പോൾ 2-ാമൻ വരെയുള്ള മാർപാപ്പമാർ ജപമാല ചൊല്ലുവാൻ ആവർത്തിച്ച് ആഹ്വാനം ചെയ്തിട്ടുണ്ട്. ആദ്യകാലങ്ങളിൽ ജപമാല ഒരു സാധാരണ പ്രാർത്ഥനയല്ലായിരുന്നു. എന്നാൽ, ഇന്നു വി. കുർബാനയർപ്പണം കഴിഞ്ഞാൽ സാധാരണക്കാർക്കു ചൊല്ലാനുള്ള ഏറ്റവും എളുപ്പമുള്ള പ്രാർത്ഥനയായി ഇതു കണക്കാക്കപ്പെടുന്നു. കേരളത്തിൽ കുടുംബ പ്രാർത്ഥനകളിൽ ജപമാലയ്ക്കു പ്രധാനസ്ഥാനമാണുള്ളത്.

പരിശുദ്ധ ജപമാലയുടെ ചരിത്രത്തെക്കുറിച്ചുള്ള ഐതിഹ്യം വി. ഡൊമിനിക്കിന്റെ ജീവിതവുമായി

ബന്ധപ്പെട്ടാണു കാണുന്നത്. ഇതിനാൽ ഡൊമിനിക്കൽ സന്ന്യാസസമൂഹം ജപമാലയർപ്പണത്തിനു വളരെയധികം പ്രാധാന്യം കൽപ്പിക്കുന്നുണ്ട്. സാധാരണക്കാർക്ക് ഒരു നല്ല സമൂഹപ്രാർത്ഥന നൽകുക എന്നതായിരുന്നു ജപമാല രൂപംകൊണ്ടതിന്റെ പിന്നിലെ ലക്ഷ്യം. 150 സങ്കീർത്തനങ്ങളോടു സാധർമ്മ്യപ്പെടുത്തി 150 നന്മ നിറഞ്ഞമറിയം ചൊല്ലുക പതിവായി. ക്രമേണ ജപമാല മൂന്നായി വിഭജിച്ചു. ആദ്യകാലഘട്ടങ്ങളിൽ ജപമാലയുടെ തുടക്കം സങ്കീർത്തനങ്ങൾ ആലപിച്ചായിരുന്നു എങ്കിലും കാലാന്തരത്തിൽ പത്തു നന്മ നിറഞ്ഞ മറിയത്തിനുശേഷം ഒരു ദൈവരഹസ്യം ഓർമ്മിക്കുന്ന രീതി നിലവിൽ വന്നു. ഈശോയുടെ ജനനത്തിനുള്ള മുന്നറിയിപ്പു മുതൽ പരി. മറിയത്തിന്റെ മഹത്വീകരണം വരെയുള്ള ദിവ്യരഹസ്യങ്ങൾ സങ്കീർത്തനങ്ങളുടെ സ്ഥാനം ഏറ്റെടുത്തു. ആദ്യം സന്തോഷകരമായ രഹസ്യങ്ങളാണു വിവരിച്ചിരിക്കുന്നത്. അതിനാൽ 14-ാം നൂറ്റാണ്ടുവരെ സന്തോഷത്തിന്റെ രഹസ്യങ്ങൾ മാത്രമേ നിലനിന്നിരുന്നുള്ളു. 14-ാം നൂറ്റാണ്ടിൽ ദുഃഖത്തിന്റെ രഹസ്യങ്ങളും ചേർത്തു. 14-ാം നൂറ്റാണ്ടുവരെ 50 നന്മനിറഞ്ഞ മറിയം ഒരുമിച്ചു ചൊല്ലിയിരുന്നു. 1409-ൽ പ്രഷ്യയിലെ ഡൊമിനിക് എന്ന വൈദികൻ സന്തോഷരഹസ്യങ്ങളോടനുബന്ധിച്ചു മാതാവിനെയും കർത്താവിനെയുംകുറിച്ച് 50 വാക്യങ്ങൾ കൂട്ടിച്ചേർത്തു. ഓരോ ഭാഗത്തിന്റെയും ആദ്യം "ഒരു സ്വർഗ്ഗസ്ഥനായ പിതാവേ" എന്ന പ്രാർത്ഥനയും അവസാനം ത്രിത്വസ്തുതിയുംകൂടി ചേർത്തു ജപമാല എന്നു വിളിച്ചുപോന്നു. ഇത്തരത്തിൽ ജപമാല ക്രമപ്പെടുത്തിയതിന്റെ പിന്നിലെ കർത്തൂസിയൻ സന്ന്യാസികളുടെ പ്രവർത്തനങ്ങളും സ്മർത്തവ്യമത്രേ.

1483ൽ ഒരു ഡൊമിനിക്കൻ വൈദികൻ Our dear lady's psalter എന്ന ജപമാലപ്പുസ്തകം പ്രസിദ്ധപ്പെടുത്തി. ഇതിൽ 5 രഹസ്യങ്ങൾവീതം ഉൾക്കൊള്ളിച്ചുള്ള മൂന്നുഭാഗങ്ങൾ കൂട്ടിച്ചേർത്ത് 15 രഹസ്യങ്ങൾ വർത്തമാനകാലവുമായി ബന്ധപ്പെടുത്തിയിരുന്നു. പതിന്നാലും പതിനഞ്ചും രഹസ്യങ്ങളായ മറിയത്തിന്റെ സ്വർഗ്ഗാരോപണവും കിരീടധാരണവും അവസാനവിധിയുമായി ബന്ധപ്പെടുത്തി. 1521-ൽ ആന്റബർട്ടോ ഡി കാസ്റ്റർലോയുടെ പരിശ്രമഫലമായി 15 രഹസ്യങ്ങളുള്ള ജപമാല ഔദ്യോഗികമായി അംഗികരിക്കപ്പെട്ടു. 1569-ൽ വി. പീയൂസ് 5-ാമൻ മാർപാപ്പ ജപമാലയുടെ ആരംഭത്തിൽ മൂന്നു നന്മനിറഞ്ഞ മറിയവും ഒരു ത്രിത്വസ്തുതിയും

കൂട്ടിച്ചേർത്ത് ഇന്നുള്ള ജപമാലയ്ക്കു രൂപം നല്കി. "ഓ എന്റെ ഈശോയേ" എന്ന പ്രാർത്ഥന മറിയം ഫാത്തിമായിലെ വെളിപാടിൽവച്ച് ചൊല്ലുവാൻ നിഷ്കർഷിച്ചതാണെന്നു വിശ്വസിക്കുന്നു.

## ജപമാല: കൊന്ത

കൊന്ത എന്ന വാക്കുകൊണ്ട് എണ്ണുവാൻ ഉപയോഗിക്കുന്ന ഉപകരണം എന്നു മാത്രമാണ് അർത്ഥമാക്കുന്നത്. കൊന്ത എന്ന പോർച്ചുഗീസ് പദത്തിന്, കണക്ക്, കണക്കുകൂട്ടൽ എന്നും കൊന്താർ, എണ്ണുക, കൊന്താദോ - എണ്ണപ്പെട്ടത്; കൊന്താരെ- എണ്ണുക (ഇറ്റാലിയൻ), കൊമ്പുത്താരെ - എണ്ണുക (പത്തിൽ) കൊന്തദോർ എണ്ണുന്നവൻ, (to) count എണ്ണുക എന്നും അർത്ഥമുണ്ട്. ജപങ്ങൾ എണ്ണുന്നതിന് ഉപയോഗിക്കുന്ന മണികളുടെ മാല എന്നാണു ജപമാലയ്ക്ക് ഉപയോഗിക്കുന്ന കൊന്തയുടെ അർത്ഥം. ജപമാല പ്രാർത്ഥനയ്ക്ക് ഇതു ഉപയോഗിക്കണമെന്നു നിർബന്ധമില്ല. എന്നാൽ, കൂടുതൽ ഏകാഗ്രതയോടെ ഒരു മാനസിക പ്രാർത്ഥനയായി ഉരുവിടുന്നതിനു ജപമാല ഉപകരിക്കും. അതുപോലെതന്നെ ജപമാല മറിയത്തെ ഓർക്കുന്നതിനും മറിയത്തിന്റെ അനുഗ്രഹം ഉണ്ടാകുന്നതിനുമുള്ള ഒരു ബാഹ്യാടയാളവുമായി കരുതി വരുന്നു. ഈ ഉദ്ദേശ്യത്തോടെയാണു നവവധുവരന്മാർക്കും പ്രഥമദിവ്യകാരുണ്യം സ്വീകരിക്കുന്ന കുട്ടികൾക്കും ജപമാല സമ്മാനമായി നല്കുന്നത്.

## ചരിത്രം

ഏതൊരു ഭക്തിപ്രസ്ഥാനവും നൂറ്റാണ്ടുകളിലൂടെ ക്രമപ്പെടുന്നതാണ്. ജപമാലപ്രാർത്ഥനയ്ക്ക് ഇത്തരത്തിൽ ഏഴു നൂറ്റാണ്ടെങ്കിലും പഴക്കമുണ്ടെന്നു കാണാം. വിവിധ കാലങ്ങളിൽ വിവിധ രൂപങ്ങൾ പിന്നിട്ടാണ് ഈ പ്രാർത്ഥന ഇന്നത്തെ രീതിയിൽ എത്തിയിരിക്കുന്നത്. ആഴങ്ങളിലേക്കിറങ്ങുവാനും ധ്യാനാനുഭവം ഉണ്ടാകുവാനുമായി പ്രാർത്ഥന ആവർത്തിക്കുന്ന രീതി വിവിധമതങ്ങളിൽ നിലനിന്നിരുന്നു. വേദകാലം കഴിഞ്ഞുള്ള ഹിന്ദുമതത്തിലും ബുദ്ധമതത്തിലെ സന്ന്യാസികൾക്കിടയിലും ജൈനമതത്തിലും സിക്കുമതത്തിലും ഇസ്ലാംമതത്തിലും പ്രത്യേകതരത്തിലുള്ള ജപമാല ഉപയോഗിച്ചു പ്രാർത്ഥനകൾ എണ്ണി ആവർത്തിക്കുന്ന രീതി നിലനിന്നിരുന്നു. മദ്ധ്യകാലത്ത് ഇത്തരത്തിലൊരു രീതി പാശ്ചാത്യസഭയിൽ ആരംഭിച്ചു. വിദ്യാസമ്പന്നരായ സന്ന്യാസികൾ മിശിഹായുടെ രക്ഷാകരപ്രവർത്തനങ്ങൾ ധ്യാനിച്ചുകൊണ്ടു വി. ഗ്രന്ഥത്തിലെ 150

സങ്കീർത്തനങ്ങളും പ്രതിദിനം ഉരുവിടുന്ന പതിവുണ്ടായിരുന്നു. വി. ഡൊമനിക് ഈ പ്രാർത്ഥനയോടൊപ്പം "നന്മ നിറഞ്ഞ മറിയമേ..." എന്ന പ്രാർത്ഥന, കൂട്ടിച്ചേർത്തു ചൊല്ലുവാൻ ആഹ്വാനം ചെയ്തു. പിന്നീട് അതു മറിയത്തോടുള്ള ഭക്തി പ്രകടനമായി. 50 വീതമുള്ള മൂന്നുസെറ്റ് നന്മനിറഞ്ഞമറിയവും ഓരോസെറ്റിലും 10 നന്മനിറഞ്ഞമറിയമേ എന്ന പ്രാർത്ഥനയ്ക്കുശേഷം അഞ്ചു കർതൃപ്രാർത്ഥനയും ചൊല്ലണമെന്നും പഠിപ്പിച്ചു. ഇതേത്തുടർന്നു മറ്റൊരു രീതി സ്വാഭാവികമായി നിലവിൽവന്നു. ഇങ്ങനെ 50 പ്രാവശ്യം നന്മ നിറഞ്ഞ മറിയമേ... എന്ന പ്രാർത്ഥന ചൊല്ലുമ്പോൾ ഓരോ പ്രാവശ്യവും ഓരോ റോസപൂവ് മറിയത്തിൽ ചാർത്തി മാല കോർത്തു മറിയത്തിന്റെ തിരുസ്വരൂപം വണങ്ങുന്ന പതിവായിരുന്നു അത്. അങ്ങനെയാണു 13-ാം നൂറ്റാണ്ടു മുതൽ ഈ പ്രാർത്ഥനാരീതിക്ക് "റൊസാറിയം" എന്നും അതിൽനിന്നു "റോസറി" എന്നും പേരുണ്ടായത്. പ്രാർത്ഥനയും പ്രവർത്തനങ്ങളും കൂട്ടിച്ചേർത്ത ഈ രീതി അതിവേഗം പ്രചരിക്കുകയും വിശ്വാസികൾ സ്വാഗതം ചെയ്യുകയും ചെയ്തു. എന്നാൽ, ഇതു വെറുമൊരു അധരവ്യായാമം ആകാതിരിക്കുവാൻ സിസ്റ്റേഷ്യൻ സന്ന്യാസിമാർ ഈ പ്രാർത്ഥനയോടു കൂടി മിശിഹാസംഭവത്തിലെ 15 രഹസ്യങ്ങൾ കൂട്ടിച്ചേർത്തു. കർത്തുസ്യൻ, ഡൊമിനിക്കൻ സന്ന്യാസികൾ ഈ പുതിയ സമ്പ്രദായം പ്രചരിപ്പിച്ച് ഇന്നത്തെ രീതിയിലുള്ള ജപമാല പ്രാർത്ഥനയ്ക്കു നിയതരൂപം നല്കി. ഈ കാലത്തുതന്നെയാണു റോക്കിലെ ആലൈൻ (1475) എന്ന ഡൊമിനിക്കൻ സന്ന്യാസി മേല്പറഞ്ഞ രീതി അവലംബിച്ചു ഗാനരൂപത്തിൽ ജപമാല ക്രമപ്പെടുത്തി മറിയത്തിന്റെ സങ്കീർത്തനം എന്ന പേരിൽ പ്രചരിപ്പിച്ചത്. ജർമ്മനിയിൽ കൊളോണിലെ കത്തീഡ്രൽ ദൈവാലയത്തിൽ 1475-ലാണ് ഇത് ആദ്യമായി ആലപിച്ചത്.

തുടർന്ന്, ഈ 15 രഹസ്യങ്ങളോടുമൊപ്പം ഓരോ 10 നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥനയ്ക്കുശേഷം ത്രിത്വസ്തുതി കൂട്ടിച്ചേർത്തു. ഇവ മുന്നായി തിരിച്ചു മൂന്നുപ്രാവശ്യമായി ഉരുവിട്ടാലും മതി എന്ന നിബന്ധനയോടെ 1569ൽ പീയൂസ് 5-ാമൻ പാപ്പ ഈ പ്രാർത്ഥന സഭയിൽ ഔദ്യോഗികമായി അംഗീകരിച്ചു. 1858ൽ ലൂർദിലും 1917ൽ ഫാത്തിമയിലും മറിയം പ്രത്യക്ഷപ്പെട്ടപ്പോൾ അമ്മയുടെ കൈയിൽ ജപമാല ഉണ്ടായിരുന്നു എന്നതു ജപമാല പ്രാർത്ഥനയുടെ പ്രചാരണത്തിനു വേഗമേറുവാൻ കാരണമായി. ഫാത്തിമായിൽ ദർശനം ലഭിച്ച കുട്ടികളെ "ഓ! എന്റെ ഈശോയേ

ഞങ്ങളുടെ..." എന്ന പ്രാർത്ഥന മാലാഖ പഠിപ്പിച്ചതാണെന്ന് അവർ പറയുകയും ഉരുവിടുകയും ചെയ്തപ്പോൾ അതും ജപമാല പ്രാർത്ഥനയോടുകൂടി ചേർത്തു. മരിയ ഭക്തനായിരുന്ന വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പ "പ്രതീക്ഷയോടെ ഒരിക്കൽകൂടി ജപമാല കൈയിലെടുക്കുവാനായി" 2002 ഒക്ടോബർ മുതൽ 2003 ഒക്ടോബർവരെ ജപമാലവർഷം പ്രഖ്യാപിച്ചതും 2002 ഒക്ടോബർ 16ന് (*Rosarium Virginis Mariae*, RVM കാണുക : റൊസാരിയും വിർജിനീസ് മരിയെ) എന്ന അപ്പസ്തോലിക പ്രബോധനം പ്രസിദ്ധീകരിച്ചതും ജപമാല ഭക്തിരംഗത്തു വലിയ തരംഗംതന്നെ സൃഷ്ടിച്ചു. "വിശുദ്ധ ഗ്രന്ഥത്തിലും ആരാധനക്രമത്തിലും വേരൂന്നിയുള്ള ഈ പ്രാർത്ഥന അനുദിനജീവിത യാഥാർത്ഥ്യങ്ങളുമായി കൂട്ടിച്ചേർത്തു ധ്യാനാത്മകമായി ഉരുവിടണം. എന്റെ ഈ അപേക്ഷ നിങ്ങൾ നിരസിക്കുകയില്ല" (RVM 43) എന്ന മാർപാപ്പയുടെ ആഹ്വാനം വിശ്വാസികൾ സ്വീകരിച്ചു. ഉപരി ഉണർവ്വോടും പ്രതീക്ഷയോടുംകൂടി ഈ പ്രാർത്ഥനയിൽ തുടരുന്ന രീതി കൈവന്നു. തുടർന്നാണു വി. ഗ്രന്ഥഭാഗങ്ങൾ കൂട്ടിച്ചേർത്തു ജപമാല ചൊല്ലുന്നതു വിശ്വാസത്തിന്റെ ആഴത്തിലേക്കു നയിക്കുമെന്നു പ്രതിക്ഷയോടെ (RVM 30) മിശിഹായുടെ പരസ്യജീവിതത്തിലെ 5 സംഭവങ്ങൾ കൂട്ടിച്ചേർത്ത് (പ്രകാശത്തിന്റെ രഹസ്യങ്ങൾ) 20 രഹസ്യങ്ങളുള്ള ഉപമാല ക്രമപ്പെടുത്തിതത്. ക്രിസ്തുശാസ്ത്രപരമായ അർത്ഥം ജപമാലയിൽ പൂർത്തീകരിക്കപ്പെടുന്നതിന് അത് ഉപകരിക്കുമെന്നു മാർപാപ്പാ പഠിപ്പിക്കുന്നു.

## ജപമാലയും ആരാധനക്രമവും

ആരാധനക്രമപശ്ചാത്തലത്തിൽനിന്നു ചിന്തിക്കുമ്പോൾ ഒക്ടോബർ മാസത്തിലെ ജപമാലാചരണം ഒരു ഒറ്റപ്പെട്ട സംഭവമാണ്. കാരണം, ജപമാല പരി. കന്യകാമറിയത്തോടുള്ള വണക്കമായിട്ടു മാത്രമാണു നാം കാണുന്നത്. അങ്ങനെയെങ്കിൽ മറിയത്തെ ഏറ്റവും കൂടുതൽ ബഹുമാനിക്കേണ്ടതും അവളുടെ മാദ്ധ്യസ്ഥ്യം അപേക്ഷിക്കേണ്ടതും അവളോടൊപ്പം പ്രാർത്ഥിക്കേണ്ടതും മംഗലവാർത്താകാലത്താണ്. സഭാപിതാക്കന്മാരും സഭാപഠനങ്ങളും മരിയശാസ്ത്രവും ഇതുതന്നെയാണു പഠിപ്പിക്കുന്നത്.

എന്നാൽ, ജപമാലയെ ക്രിസ്തുശാസ്ത്രവും ആരാധനക്രമവുമായി ബന്ധപ്പെടുത്തി ചിന്തിക്കാവുന്നതാണ്. ജപമാലപ്രാർത്ഥനയിൽ ധ്യാനവിഷയമാക്കുന്നത്. ആരാധനക്രമത്തിലെ ക്രിസ്തുര

ഹസ്യം തന്നെയാണ്. മിശിഹായിൽ തുടങ്ങി അവിടുന്നുമായി നേരിട്ടുബന്ധമുള്ള 20 സംഭവങ്ങളാണ് ഇവിടെ ധ്യാനവിഷയമാക്കുന്നത്. അവിടുത്തെ രക്ഷാകരമായ ജനനത്തിൽ കേന്ദ്രീകൃതമായ ദൈവശാസ്ത്രത്തിന്റെ ഒരു രൂപമായി (Incarnational Theology) ഈ രഹസ്യങ്ങളെ കാണാൻ കഴിയും. തന്റെ ജനനത്തിൽ തുടങ്ങിയ രക്ഷാകരദൗത്യം പീഡാസഹനത്തിലൂടെ പൂർത്തീകരിക്കപ്പെട്ട മനുഷ്യവംശത്തിന്റെ രക്ഷയുടെ പ്രതീകമായ മറിയത്തിന്റെ മഹത്വീകരണവുമായാണ് ഇവിടെ മനനം ചെയ്യുന്നത് (Cotemplative remembrance). അതു സാധ്യമാകുന്നതിനാണു പ്രകാശത്തിന്റെ രഹസ്യങ്ങൾ കൂട്ടിച്ചേർത്തിരിക്കുന്നത് (RVM 30). ഭക്തിയോടെ ജപമാലയിൽ ക്രിസ്തുരഹസ്യങ്ങൾ ധ്യാനവിഷയമാക്കുമ്പോൾ മറിയത്തിന്റെ കണ്ണുകളിലൂടെ മിശിഹായെ കാണാൻ കഴിയുമെന്നാണു (*Marialis Cultus* 47). വി. ജോൺ പോൾ 2-ാമൻ മാർപാപ്പ ഓർമ്മിക്കുന്നത്.

ആരാധനക്രമപ്രാർത്ഥനകൾപോലെതന്നെ ജപമാല ഒരു സമൂഹപ്രാർത്ഥനയാണ്; ആരാധനാക്രമത്തിൽനിന്നാണു ജപമാല ചൈതന്യവും അർത്ഥവും സ്വീകരിക്കുന്നത്; ഇതിന്റെ ഉറവിടം. വി. ഗ്രന്ഥത്തിലാണു കാണാൻ കഴിയുന്നത്. അതു ക്രിസ്തുകേന്ദ്രീകൃതവുമാണ്. ഈ അർത്ഥം മനസ്സിലാക്കി ധ്യാനാത്മകമായി ജപമാല ഉരുവിടുമ്പോൾ, അത് ആരാധനക്രമമല്ലെങ്കിലും ആരാധനക്രമത്തിനൊരുക്കമായുള്ള പ്രാർത്ഥനയായി കാണാവുന്നതാണ്. ജപമാല ഒരേസമയം മിശിഹായോടുള്ള പ്രാർത്ഥനയും മറിയത്തോടൊപ്പം മിശിഹായെ അനുഭവിക്കാനുള്ള പ്രാർത്ഥനയുമാണ്. ദൈവശാസ്ത്രപരമായി അപഗ്രഥിക്കുമ്പോൾ ജപമാല മരിയഭക്തി വർദ്ധിപ്പിക്കുവാനുള്ള ഒരു പ്രാർത്ഥനാക്രമമല്ല. അതു മിശിഹായുടെ ജീവിതരഹസ്യങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രാർത്ഥനയായതുകൊണ്ടു ക്രിസ്തുശാസ്ത്രപരമായ ഒന്നാണ്. മറിയത്തോടൊപ്പവും മറിയത്തോടുകൂടെയും മിശിഹായിലേയ്ക്ക് അടുക്കുവാനും അനുഭവിക്കുവാനും സാധിക്കുന്ന ഒരു പ്രാർത്ഥനാരീതിയാണ്. ഇതിലെ കർത്തൃപ്രാർത്ഥനയിലും 'നന്മനിറഞ്ഞ മറിയമേ' എന്ന ജപത്തിലും ത്രിത്വസ്തുതിയിലും നിറഞ്ഞു നില്ക്കുന്നതു മിശിഹായും പരി. ത്രിത്വവുമാണ്; മറിയമല്ല. ഈ ചിന്ത മിശിഹായോടുള്ള നമ്മുടെ വ്യക്തിബന്ധം ആഴപ്പെടുവാൻ ഉപകരിക്കും.

## ജപമാലയുടെ പ്രാധാന്യം

ജപമാലയുടെ പ്രാധാന്യം നൂറ്റാണ്ടുകളായി സഭാമക്കൾ വ്യക്തിപരമായിട്ടുപോലും അനുഭവിക്കുന്നതാണ്. ജപമാല സഭാചരിത്രത്തിലെ സംഭവങ്ങളിലും ഏതു തലത്തിലുമുള്ള വിശ്വാസികളിലും എത്രയധികമായ സ്വാധീനമാണു ചെലുത്തിയിരിക്കുന്നത് എന്നതിനു ചരിത്രംതന്നെ സാക്ഷിയാണ്. ഈ പ്രാധാന്യം മനസ്സിലാക്കിയാണു സഭയുടെ 48 മാർപാപ്പമാർ 287 തിരുവെഴുത്തുകളിലൂടെ ജപമാലയുടെ പ്രധാന്യത്തെക്കുറിച്ച് എഴുതി പഠിപ്പിച്ചത്. ബനഡിക്ട് 16-ാം മാർപാപ്പ മുതൽ പിന്നോട്ടുള്ള 12 മാർപ്പാപ്പമാർ ജപമാല പ്രാർത്ഥനയ്ക്കു പ്രാധാന്യം കൊടുത്തതിന്റെ കാരണങ്ങൾ താഴെക്കൊടുക്കുന്നു:

1) ജപമാല, വിശ്വാസികൾ സ്നേഹിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്ന പ്രാർത്ഥനയാണ്.

2) ഏതു ജീവിതാവസ്ഥയിലുള്ളവർക്കും അർപ്പിക്കാവുന്ന ഒരു പ്രാർത്ഥനയാണിത്.

3) ഇതു മറിയത്തോടൊപ്പം ക്രിസ്തുവിനെ അനുഭവവേദ്യമാക്കാവുന്ന ഒരു പ്രാർത്ഥനയാണ്.

4) അനുദിനജീവിതത്തിൽ തുടരാവുന്ന ഒരു ധ്യാനരീതിയാണിത്.

5) ഇതു മിശിഹായിലുള്ള വിശ്വാസത്തിൽ ആഴപ്പെടുവാനുള്ള മാർഗ്ഗമാണ്. (ജപമാലയുടെ ശക്തിയെന്തെന്നാൽ അതു വിശ്വാസപ്രമാണത്തിന്റെ പ്രാർത്ഥനയാണ്. കാർഡിനൽ ന്യൂമാൻ).

6) ജപമാല മറിയത്തോടൊപ്പം എളിമയോടെയുള്ള അപേക്ഷയാണ് (മത്താ 15, 21-28; ലൂക്കാ 18, 1-8).

7) മാനസികപരിവർത്തനത്തിനും മിശിഹായിലേയ്ക്കു പിൻതിരിയുവാനുമുള്ള മാർഗ്ഗമാണു ജപമാല.

8) മരിയശാസ്ത്രത്തിന്റെ അടിസ്ഥാനമായ മറിയത്തിന്റെ ദൈവമാതൃത്വം പുകഴ്ത്തുന്ന പ്രാർത്ഥനയാണു ജപമാല.

9) മനുഷ്യജീവിതത്തിലെ വേദനാജനകവും സന്തോഷം നിറഞ്ഞതുമായ ജീവീതാനുഭവങ്ങളുമായി ബന്ധിച്ചു പ്രാർത്ഥിച്ചു സ്വാധീനിക്കാവുന്ന പ്രാർത്ഥനയാണു ജപമാല.

10) മനുഷ്യജീവിതത്തിലെ ഏതൊരു സാഹചര്യത്തിലും സഹായവും മാർഗ്ഗദർശനവും നല്കാൻ കഴിയുന്ന ചൈതന്യമാണു ജപമാലയിലുള്ളത്.

11) ജപമാല സ്വർഗ്ഗത്തിലേക്കുള്ള ഗോവണിയാണ്.
12) മറിയംവഴി ക്രിസ്തുവുമായി വ്യക്തിബന്ധം വർദ്ധിപ്പിക്കുവാൻ ഉപകരിക്കുന്ന പ്രാർത്ഥനാരീതിയാണു ജപമാല.
13) ജപമാലയർപ്പണത്തിലൂടെ ജീവിക്കുന്ന മിശിഹായെ വ്യക്തിപരമായി അനുദിന ജീവിതത്തിൽ അനുഭവിക്കാൻ കഴിയുന്നു.
14) ജപമാല സമൂഹമായി പൊതുവേദിയിലും കുടുംബങ്ങളിലും അർപ്പിക്കുന്നതുവഴി മിശിഹായിലുള്ള വിശ്വാസം പ്രഘോഷിക്കുവാനും കുടുംബങ്ങളിൽ ഐക്യവും സമാധാനവും ഉണ്ടാകുവാനും ഉപകരിക്കും.

സഭയിൽ തുടരുന്ന ഒരു പ്രാർത്ഥനാരീതിയാണ് ഒക്ടോബർ മാസജപമാലഭക്തി. എന്നാൽ, ഇത് ആരാധനക്രമത്തിലെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒന്നാണെന്നോ പാപപ്പൊറുതിക്കുള്ള മാർഗ്ഗമാണെന്നോ സഭ പഠിപ്പിക്കുന്നില്ല. ഇതൊരു ഭക്തിരൂപമായതുകൊണ്ട്, (Devotion) കൂദാശയ്ക്കു പകരമായിട്ടുള്ളതല്ല. എന്നാൽ, ആരാധനക്രമത്തിനും ആരാധനവത്സരത്തിനും അനുസൃതമായി ക്രമപ്പെടുത്തുന്നതു കൂടുതൽ അർത്ഥവത്താകും. ജപമാലയും മറ്റേതൊരു പ്രാർത്ഥനയും ഏറ്റവും വലിയ പ്രാർത്ഥനയായ പരി. കുർബാനയിലേക്കു നയിക്കണം; അവിടെയാണല്ലോ മിശിഹാസംഭവത്തിന്റെ പൂർണ്ണമായ ആഘോഷം നടക്കുന്നത്. മറിയത്തിനും വിശുദ്ധർക്കും രക്ഷസാക്ഷികൾക്കും അർഹമായ സ്ഥാനം നല്കി. ബഹുമാനിക്കുന്ന വിശ്വാസപാരമ്പര്യമാണു സഭയ്ക്കുള്ളത്. ഈ രീതി സഭ ശ്ലാഘിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. പരി. കന്യകമറിയം ഈശോ മിശിഹായുടെ അമ്മയാണെങ്കിലും മിശിഹായെക്കാൾ മറിയത്തെ ബഹുമാനിക്കുന്നതു മറിയംപോലും ആഗ്രഹിക്കാത്തതും സഭ താൽപര്യപ്പെടാത്തതുമാണെന്നു വിശുദ്ധ ജോൺപോൾ 2-ാമൻ മാർപാപ്പാ പഠിപ്പിക്കുന്നതു മറക്കാതിരിക്കാം.

## ജപമാല - ക്രിസ്തു കേന്ദ്രീകൃതധ്യാനം

മരിയഭക്തിക്കു തിരുസഭയോളം പഴക്കമുണ്ട്. പൗരസ്ത്യസഭകളിൽ ആദ്യമായി രൂപപ്പെട്ട തിരുനാളുകൾ മറിയത്തിന്റേതായിരുന്നു; മറിയത്തിന്റെ സ്വർഗ്ഗാരോപണവും ജനനത്തിരുനാളും അവളോടുള്ള സ്നേഹവും ബഹുമാനവും പ്രകടിപ്പിക്കുന്ന തിരുന്നാളുകളും ഉപവാസവും പ്രാർത്ഥനകളും ഇതിനു തെളിവാണ്. പരി. കന്യകമറിയത്തോടുള്ള ബഹുമാനത്തിന്റെ പ്രകടനമാണു കേരള ക്രൈസ്തവകുടുംബങ്ങളിൽ ഇന്നും മുടക്കംകൂടാതെ തുടരുന്ന ജപമാല പ്രാർത്ഥന അല്ലെങ്കിൽ കൊന്ത നമസ്കാരം.

## ജപമാല – ഒക്ടോബർമാസം

ഒക്ടോബർമാസം ജപമാലമാസമായി ആചരിക്കുന്ന പതിവ് ഇന്നു കേരളത്തിൽ തുടരുന്നു (ഇതിനു ദോഷപൊറുതിക്കാലം എന്നും പറഞ്ഞിരുന്നു). ഇങ്ങനെയൊരു ആചാരത്തിനു പിന്നിൽ ഒരു ചരിത്രമുണ്ട്. 1571ൽ തുർക്കികൾ ഇറ്റലിയും ഫ്രാൻസും സ്പെയിനും കീഴ്പ്പെടുത്തുവാൻ ലെപ്പാൻതോ പട്ടണത്തിൽവച്ച് ഒരു യുദ്ധം നടത്തി. ഇതിൽനിന്നു രക്ഷപെടുവാനും യൂറോപ്പിനെ രക്ഷിക്കുവാനുമായി ജപമാല ചൊല്ലി പ്രാർത്ഥിക്കുവാൻ പീയൂസ് 5–ാമൻ മാർപാപ്പ ആഹ്വാനം ചെയ്തു. അതേ വർഷം ഒക്ടോബർ 7ന് മാർപ്പാപ്പതന്നെ ജപമാലയർപ്പിച്ചുകൊണ്ടിരുന്നപ്പോൾ യുദ്ധം അവസാനിച്ചതായി അറിവു കിട്ടി. തുർക്കികൾ തോല്പിക്കപ്പെട്ടു. ഇതിന്റെ ഓർമ്മയായി ഒക്ടോബർ 7ന് ജപമാലയുടെ തിരുനാളായി പ്രഖ്യാപിച്ചു. തുടർന്ന്, 15–ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ലെയോ 13–ാമൻ മാർപാപ്പ മരിയഭക്തിയെക്കുറിച്ചു ചാക്രിക ലേഖനങ്ങൾ ഉൾപ്പെടെ 10 ഔദ്യോഗിക പ്രബോധനങ്ങൾ പ്രസിദ്ധപ്പെടുത്തുകയും 16–ാം നൂറ്റാണ്ടിൽ ആരംഭിച്ച തിരുനാളിന്റെ പശ്ചാത്തലത്തിൽ ഒക്ടോബർ മാസം ജപമാലമാസമായി പ്രഖ്യാപിക്കുകയും ജപമാല ചൊല്ലണമെന്നു നിഷ്കർഷിക്കുകയും ചെയ്തു. അതിനു ദണ്ഡവിമോചനവും വാഗ്ദാനം ചെയ്തു.

## ജപമാലയും മാർപാപ്പാമാരും

ജപമാലയുടെ ആത്മീയസൗന്ദര്യം നുകർന്ന നിരവധി പുണ്യാത്മാക്കളും പഠനങ്ങളും ചരിത്രത്തിലുണ്ട്. ഇതിൽ പ്രധാനപ്പെട്ടവയായി കരുതാവുന്നതു ഈ ഭക്തിയുടെ മഹനീയത പഠിപ്പിക്കാൻ ശ്രമിച്ച മാർപാപ്പമാരുടെ പ്രബോധനങ്ങളാണ്. ഇവയിൽ പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു.

**ഉർബൻ II (1261 – 64):** അനുദിനം ജപമാല പ്രാർത്ഥന അർപ്പിക്കുന്നതുവഴി നവമായ ചൈതന്യവും വിശ്വാസത്തിൽ ഉണർവും ഉണ്ടാകുവാൻ ഉപകരിക്കും. ലോകത്തിൽ അനുഭവിക്കുന്ന പൈശാചിക ശക്തികളിൽ നിന്നുള്ള മോചനത്തിനായി വിശ്വാസി കഴിയുന്നത്ര പ്രാവശ്യം “നന്മ നിറഞ്ഞ മറിയമേ” എന്ന പ്രാർത്ഥന ചൊല്ലണം. മറിയത്തിന്റെ സങ്കീർത്തനമാണ് ഈ പ്രാർത്ഥന.

**ബനഡിക്ട് XII (1334 – 42):** ലോകത്തിൽ ഇന്നു നിലനിൽക്കുന്ന തെറ്റുകൾക്കും തിന്മകൾക്കുമെതിരായ പരിഹാരമാണു ജപമാല സമർപ്പണം. സഭയെ ബാധിക്കുന്ന രോഗത്തിനുള്ള ഉചിതമായ ഔഷധമാണു ജപമാല.

**ഗ്രിഗറി XII (1406 – 15):** വിശ്വാസികൾ നഷ്ടപ്പെട്ട ദൈവാനുഗ്രഹം വീണ്ടെടുക്കുവാനുള്ള ഉത്തമമായ ഉപാധിയും കരുത്തുറ്റ ഉപകരണവുമാണു ജപമാല.

**എവുജിൻ IV (1431 – 47):** കത്തോലിക്കാസഭയിൽനിന്നു വേർപിരിഞ്ഞു നില്ക്കുന്ന സഭകളുടെ മാനസാന്തരത്തിനും തിരുച്ചുവരുവിനും ഉപകരിക്കുന്ന ശക്തമായ പ്രാർത്ഥനയാണു ജപമാല. ഇതിനായി പൗരസ്ത്യസഭകളിൽ ജപമാല ഭക്തി വർദ്ധിപ്പിക്കുന്നതിന് Advesperascente എന്ന പ്രബോധനം അദ്ദേഹം പ്രസിദ്ധീകരിച്ചു.

**സിക്സ്റ്റസ് XI (1471 – 1484):** ദൈവത്തോടുള്ള ബന്ധംപോലെതന്നെയാണു മറിയത്തോടുള്ള ബന്ധവും. മറിയത്തോടുള്ള ബന്ധം ആഴപ്പെടുത്തുവാനുള്ള പ്രധാനമാർഗ്ഗം ജപമാല ഉരുവിടുകയാണ്.

**ഇന്നസെന്റ് VIII (1484 – 92):** പരി. കന്യകമറിയത്തോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിനു ജപമാലസഖ്യം രൂപീകരിക്കുന്നതിന് ആരംഭം കുറിച്ചത് ഇന്നസെന്റ് VIII-ാമൻ മാർപാപ്പയാണ്.

**ലെയോ X (1513 – 21):** സഭാവിശ്വാസം പാഷണ്ഡ നിറഞ്ഞ പഠനങ്ങളിൽനിന്നു രക്ഷിക്കുന്നതിനും വിശ്വാസികളെ വിശ്വാസത്തിൽ ആഴപ്പെടുത്തുന്നതിനും ജപമാല ഏറ്റവും പ്രധാന മാർഗ്ഗമാണ്.

**അഡ്രിയാൻ IV (1522– 23):** ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നതു തിന്മക്കെതിരെയുള്ള ചാട്ടവാറടിയാണ്.

**ജൂലിയസ് III (1550):** ജപമാല സഭയുടെ മഹത്വമാണ്.

**പീയൂസ് V** :ജപമാല ചൊല്ലി പ്രാർത്ഥിച്ചു തുർക്കികളുടെ മേൽവിജയം വരിച്ചതിന്റെ ഓർമ്മയായി മാതാവിന്റെ തിരുന്നാൾ ആഘോഷിക്കുവാൻ നിഷ്കർഷിച്ചു.

**ഗ്രിഗറി XIII (1572 – 85):** പീയൂസ് 5-ാമൻ തുടങ്ങിവച്ച വിജയമാതാവിന്റെ തിരുന്നാൾ ഗ്രിഗറി 13-ാമൻ തന്റെ Monet Apostolus എന്ന തിരുവെഴുത്തു വഴി 1573 ഒക്ടോബർ 7-ന് ജപമാല രാജ്ഞിയുടെ തിരുനാളെന്നു പ്രഖ്യാപിച്ചു. ഈ തിരുന്നാൾ സാർവ്വത്രിക സഭ മുഴുവനും ആഘോഷിക്കുവാൻ നിഷ്കർഷിച്ചു. ജപമാലയർപ്പണം ദൈവകോപം ഇല്ലാതാക്കുമെന്നും അതു പരി. കന്യകാമറിയത്തിന്റെ മാദ്ധ്യസ്ഥ്യം തേടുവാനുള്ള മാർഗ്ഗമാണെന്നും പഠിപ്പിച്ചു.

**പോൾ V (1605 – 1621):** ജപമാലയർപ്പണം അനുഗ്രഹങ്ങളുടെ നിധിയാണ്.

**ഇന്നസെന്റ് XII (1484 – 92):** പൗരസ്ത്യസഭകളുടെ ഐക്യത്തിനും അവരുടെ ഇടയിൽ ജപമാലഭക്തി വളർത്തുന്നതിനും ഇന്നസെന്റ് മാർപാപ്പാ പരിശ്രമിച്ചു.

**ക്ലമന്റ് XI (1700 – 21):** എല്ലാ വർഷവും ഒരു പ്രത്യേക സമയത്തു ജപമാല ചൊല്ലി മറിയത്തെ ബഹുമാനിക്കണമെന്നു നിഷ്കർഷിച്ചു. അതോടൊപ്പം ജപമാല രാജ്ഞിയുടെ തിരുന്നാൾ ആരാധന ക്രമ കലണ്ടറിൽ ആദ്യമമായി കൂട്ടിച്ചേർത്തു.

**ഇന്നസെന്റ് XIII (1722 – 24):** ദൈവകോപത്തിൽനിന്നു ലോകത്തെ രക്ഷിക്കുവാൻ മറിയത്തിന്റെ മാദ്ധ്യസ്ഥ്യശക്തി ആവശ്യമാണ്. അതിനുള്ള പ്രധാനമാർഗ്ഗം ജപമാലയർപ്പണമാണ്.

**ബനഡിക്ട് XIII (1724 – 30):** ജപമാലയർപ്പണം എല്ലാവിധ തിന്മകൾക്കും തെറ്റായ പഠനങ്ങൾക്കുമെതിരായ അഭയകേന്ദ്രമാണ്.

**ഗ്രിഗറി XVI (1831 – 46):** എല്ലാമാസവും പതിനഞ്ചു വ്യക്തികൾ ഒരുമിച്ചുകൂടി ജപമാല അർപ്പിക്കുന്ന 'ലിവിങ്ങ് റോസറി' എന്ന പ്രത്യേക ജപമാല കൂട്ടായ്മയ്ക്കു മാർപാപ്പ രൂപം കൊടുത്തു. ദൈവരാജ്യസംസ്ഥാപനത്തിനും വിശ്വാസികളിലും സഭയിൽ മുഴുവനുമായി ദൈവകൃപ നിറയുവാനും പാപം നശിപ്പിക്കുവാനുമുള്ള അദ്ഭുതകരമായ ശക്തി ജപമാലയർപ്പണത്തിനുണ്ട്.

**ലെയോ XIII (1878 – 1903):** ജപമാലയെക്കുറിച്ച് 11 ചാക്രികലേഖനങ്ങളാണു ലെയോ മാർപാപ്പ എഴുതിയിട്ടുള്ളത്. ജപമാല പ്രാർത്ഥനകളുടെ സമുന്നതമായ മാതൃകയാണ്. ജപമാലയേക്കാൾ ഉദാത്തമായ മറ്റൊരു പ്രാർത്ഥനയില്ല. എല്ലാ തിന്മകൾക്കുമുള്ള മറുമരുന്നും എല്ലാ അനുഗ്രഹങ്ങളുടെയും ഉറവിടവുമാണ് ജപമാല. സമൂഹത്തിൽ ഉപയോഗിക്കാവുന്ന ഏറ്റവും സുന്ദരവും മാതൃകാപരവുമായ പ്രാർത്ഥനയാണ് അത്. സമൂഹത്തെ ബാധിച്ചിരിക്കുന്ന തിന്മകൾക്കെതിരെ പ്രയോഗിക്കാവുന്ന ഏറ്റവും മൂർച്ചയേറിയ ആയുധമാണു ജപമാല. വിശ്വാസത്തിനെതിരെ ഉണ്ടാകുന്ന മുറിവുകൾ വച്ചുകെട്ടുവാനുള്ള ഫലദായകമായ ഔഷധമാണു ജപമാല. (*Supremi Apostolatus Officio* No. 7) ജപമാലയെക്കുറിച്ചുള്ള ലെയോ മാർപാപ്പയുടെ ഏറ്റവും സുന്ദരമായ ചാക്രികലേഖനമാണ് ദൃഢ വിശ്വാസവും ഭക്തിയും (*Fidentem Piumque Animum*).

**പീയൂസ് X (1903–14):** മറിയത്തെ പ്രീതിപ്പെടുത്തുന്നതും സന്തോഷിപ്പിക്കുന്നതും ധന്യവുമായ പ്രാർത്ഥനയാണു ജപമാല. മറിയത്തിന്റെ വിമലഹൃദയത്തെ സ്പർശിക്കുന്നതും ഏറ്റവും സമ്പുഷ്ട

വുമായ പ്രാർത്ഥനയാണു ജപമാല. കുട്ടികൾ ദിവ്യകാരുണ്യഭക്തിയിൽ വളർന്നുവരുവാനുള്ള മാർഗ്ഗം ജപമാലയാണ്.

**ബനഡിക്ട് XV (1914–22):** ജപമാല ഏറ്റവും ഉത്തമമായ ഭക്തിയാണ്. ഭക്തജീവിതത്തിൽ പരിപോഷിപ്പിക്കുവാനുള്ള മാർഗ്ഗമാണ് ജപമാല. ജപമാലയിലൂടെ ലഭിക്കുന്ന വരപ്രസാദങ്ങൾ തിന്മയ്ക്കും സാത്താനുമെതിരായി പോരാടുവാനുള്ള ശക്തിയാണ്.

**പീയൂസ് XI (1922–39):** പൈശാചികശക്തികളിൽനിന്നുള്ള മോചനം സാധ്യമാകുന്നതു ജപമാല അർപ്പണത്തിലൂടെയാണ്. (*Ingravescentibus Malis* ഭാരം വഹിച്ചുകൊണ്ടിരിക്കുന്ന തിന്മകൾ) മറിയത്തോടുള്ള ഏറ്റവും മനോഹരമായ പ്രാർത്ഥനയാണു ജപമാല. വിവാഹജീവിതത്തിന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുവാനും ദാമ്പത്യ വിശ്വസ്തത പുലർത്തുവാനുമുള്ള ശക്തി ലഭിക്കുന്നതു ജപമാലയിൽനിന്നാണ്.

**പീയൂസ് XII (1939–58):** തിന്മകൾ പ്രതിരോധിക്കുവാനുള്ള ശക്തമായ ഉപകരണമാണു ജപമാല (*Ingruentium Malorum* ആസന്നമായിക്കൊണ്ടിരിക്കുന്ന തിന്മകൾ). മറിയത്തിന്റെ മാതൃസഹജമായ സഹായത്തിനുള്ള മാർഗ്ഗമാണു ജപമാല. കുടുംബങ്ങൾ ദൈവാനുഗ്രഹംകൊണ്ടു നിറയുവാൻ ജപമാലപോലെ ഉത്തമമായ മറ്റൊരു മാർഗ്ഗമില്ല. അനുദിനം ജപമാല ചൊല്ലുന്ന കുടുംബം ഭൂമിയിൽ വിശുദ്ധനിലവും പരിശുദ്ധിയുടെ ആലയവും ക്രിസ്തീയ പുണ്യാഭ്യസനത്തിന്റെ വേദിയുമാകും.

**ജോൺപോൾ II (1978–2005):** ജപമാല എന്റെ ഏറ്റവും പ്രിയപ്പെട്ട പ്രാർത്ഥനയാണ്. വിസ്മയകരമായ പ്രാർത്ഥന, അതിന്റെ ലാളിത്യംകൊണ്ടും ആഴംകൊണ്ടും അതുമഹനീയമാണ് (*Rosarium Virginis Mariae 2*).

**ജപമാല:**
**വിശുദ്ധരുടെ വചനങ്ങൾ**

1 “ജപമാല എല്ലാ ദാനങ്ങളുടെയും വരങ്ങളുടെയും ഖജനാവ് ആണ്”. “പരിശുദ്ധ കുർബാന കഴിഞ്ഞാൽ സഭയിൽ നിന്നുയരുന്ന മനോഹരമായ ആരാധനയാണു ജപമാല”.“അനുദിനം ജപമാല അർപ്പിക്കുന്നതിൽ വീഴ്ച വരുത്താതിരുന്നാൽ നിങ്ങളുടെ ആത്മാവിന്റെ രക്ഷയുടെ വലിയ അടയാളമായിരിക്കുമത്”.

2 "ഈശോയ്ക്കും മറിയത്തിനുമുള്ള ഏറ്റവും നല്ല പ്രാർത്ഥന നിങ്ങൾ ഭക്തിയോടെ ചൊല്ലി സമർപ്പിക്കുന്ന ജപമാലയാണ്" (വി. ലൂയിമരിയ മോൺഫോർട്ട്)."ദിനംപ്രതി ജപമാല ചൊല്ലി സമർപ്പിക്കുന്നവർ ഒരിക്കലും വഴിതെറ്റിപ്പോവുകയില്ല" (വി. ലൂയീസ് മോൺഫോർട്ട്).

3 "നിങ്ങൾ പ്രാർത്ഥിക്കണമെങ്കിൽ ഏറ്റവും നല്ലമാർഗ്ഗം ജപമാല യർപ്പണമാണ്" (വി. ഫ്രാൻസിസ് ഡി. സെയിൽസ്).

4 "പരിശുദ്ധമറിയം ജപമാലയിലൂടെയും ഉത്തരീയ (വെന്തിങ്ങ) ത്തിലൂടെയും ലോകത്തെ രക്ഷിക്കും" (വി. ഡൊമിനിക്)

5 "മരണംവരെ ജപമാലചൊല്ലി പ്രാർത്ഥിച്ചാൽ നിങ്ങളുടെ പാപ ത്തിന്റെ കാഠിന്യം ക്ഷമിക്കപ്പെടും. മഹത്വത്തിന്റെ ഒളിമങ്ങാത്ത കിരീടം നിങ്ങൾക്കു ലഭിക്കും" (വാ. ലൂയീസ് മോൺഫോർട്ട്).

6 "ജപമാല ഏറ്റവും നല്ല പടച്ചട്ടയാണ്" (വി. പാദ്രേപിയോ).

7 "നിങ്ങൾ മറിയത്തെ 'നന്മ നിറഞ്ഞവളേ' എന്നു വിളിക്കുമ്പോൾ അവൾ അനുഗ്രഹങ്ങൾ വാരിയെറിഞ്ഞു മറുപടി നല്കുന്നു" (സിയന്നായിലെ വി. ബെർണാർഡിൻ).

8 "തിന്മയുടെ സാഗരത്തിൽ നീന്തി തുടിക്കുന്ന ലോകത്തിനു പ്രത്യാശയുടെ മഴവില്ലാണു മറിയം" (വി. പത്താം പിയൂസ്).

9 "എന്റെ പതിവുകൾ ഏതെല്ലാം ഉപേക്ഷിച്ചാലും ഞാൻ ജപ മാല ഉപേക്ഷിക്കുകയില്ല. കാരണം എന്റെ പ്രവർത്തനം അതി ലാണ് അധിഷ്ഠിതമായിരിക്കുന്നത്" (വി. ഡോൺ ബോസ്കോ).

10 "ഒരു പാപിയെ അഭിമുഖീകരിക്കുന്നതിനുമുമ്പു ജപമാല ചൊല്ലു വാൻ എനിക്കു സമയം ലഭിക്കുകയാണെങ്കിൽ ആ പാപി മാന സാന്തരപ്പെടാതിരിക്കുന്നതായി ഞാൻ കണ്ടിട്ടില്ല" (വി. ക്ലെമന്റ് ഓഫ് ബോറവർ).

**ഡോ. ജേക്കബ് വെള്ളിയാൻ**

**ഡോ. ജോർജ്ജ് കറുകപ്പറമ്പിൽ**

09

# മരിയ ഭക്തിയിലെ വിവിധ സംജ്ഞകൾ

വിവിധ കാലങ്ങളിലും ദേശങ്ങളിലുമുള്ള വിശ്വാസികൾ പരിശുദ്ധ മറിയത്തെ വിശേഷിപ്പിക്കാൻ ഉപയോഗിച്ച സംജ്ഞകൾ ആണ് ഈ പാഠത്തിന്റെ ഉള്ളടക്കം. മാതാവ് പ്രത്യക്ഷപ്പെട്ട സ്ഥലങ്ങളോടും വിവിധ സംഭവങ്ങളോടും മരിയ ഭക്തിയിലെ അനുഷ്ഠാനങ്ങളോടും ബന്ധപ്പെട്ടാണ് ഈ സംജ്ഞകൾ രൂപം കൊണ്ടിട്ടുള്ളത്.

### തിരുസഭയുടെമാതാവ്

പരി. കന്യാമറിയത്തെ സഭയുടെ മാതാവ് എന്ന് ആദ്യമായി നാമകരണം ചെയ്തതു വി. അംബ്രോസാണ് (*De inst Virg* 98, PL 16, 328: QY, 876.) എന്നാൽ ഔദ്യോഗികമായി ഈ നാമം പ്രഖ്യാപനം ചെയ്തത് രണ്ടാംവത്തിക്കാൻ കൗൺസിൽ പോൾ 6-ാമൻ മാർപാപ്പയാണ്. (1964 സെപ്റ്റംബർ 21, Conclusione della III Sessione del concilio Vaticane II allocuzione del santo padre paolo VI, para 30). ലോകമെമ്പാടുമുള്ള വിശ്വാസികളും സഭാധികാരികളും ആഗ്രഹിച്ചതനുസ

രിച്ചാണ് ഈ പ്രഖ്യാപനം നടത്തുന്നതെന്നാണു പരി. പിതാവു പ്രഖ്യാപിച്ചത്. പരി.പിതാവ് ഇങ്ങനെ തുടർന്നു:

"പരിശുദ്ധ കന്യകയുടെ മഹത്വത്തിനും നമ്മുടെ സമാശ്വാസത്തിനും വേണ്ടി മറിയത്തെ തിരുസഭയുടെ മാതാവ് എന്ന് നാം അഭിസംബോധന ചെയ്യുന്നു. മുഴുവൻ ക്രിസ്തീയ ജനത്തിനും ഇടയന്മാർക്കും വിശ്വാസികൾക്കും അവൾ ഏറ്റം സ്നേഹയോഗ്യയായ മാതാവാണ്. ദൈവമാതാവായ മറിയത്തിന് ഉപരിബഹുമാനം എല്ലാവരും നൽകേണ്ടതാണെന്നും അവളുടെ നാമം വിളിച്ചു പ്രാർത്ഥിക്കേണ്ടതാണെന്നും നാം പ്രഖ്യാപിക്കുന്നു".

മറിയം ക്രിസ്തുവിന്റെ അമ്മയാണ്. മറിയത്തിന്റെ ഉദരത്തിൽ രൂപമെടുത്തപ്പോൾത്തന്നെ, അവിടുത്തെ ഭൗതികശരീരമായ സഭയുടെ ശിരസ്സായും അവൾ അവരോധിതയായി. മറിയം ക്രിസ്തുവിന്റെയും വിശ്വാസികളുടെ ഗണമായ സഭയുടെയും മാതാവു തന്നെ. മറിയം തിരുസഭയുടെ മാതാവ് എന്ന പ്രഖ്യാപനം രണ്ടാം വത്തിക്കാൻ കൗൺസിലിൽ തർക്കം ഉളവാക്കിയിരിക്കുന്നു. 1963 ലും 1964ലും മറിയത്തെക്കുറിച്ചുള്ള രേഖ പഠനത്തിനും ചർച്ചയ്ക്കും സമർപ്പിക്കപ്പെട്ടു. ഒടുവിൽ പൗലോസ് ആറാമൻ മാർപാപ്പ ഇടപെടുകയായിരുന്നു. അദ്ദേഹത്തിന്റെ പ്രഖ്യാപനം പിതാക്കന്മാർ സഹർഷം സ്വാഗതം ചെയ്തു.

ബനഡിക്ട് 14-മൻ മാർപാപ്പയും (Bullarium, series2, t.2n.61, P.428) ലെയോ 13-ാമൻ മാർപാപ്പയും (Acta Lenois XIII, 15,302) ക്രിസ്തുമരിക്കുമ്പോൾ തിരുസഭയുടെ മാതാവും ഗുരുനാഥയും ശ്ലീഹന്മാരുടെ രാജ്ഞിയുമായിരുന്ന് ആത്മീയരഹസ്യങ്ങൾ, അവർക്കായി മറിയം കൈമാറി എന്നു ചൂണ്ടിക്കാട്ടുന്നുണ്ട്. മാതാവെന്ന നിലയിൽ വിശ്വാസികൾ പരിശുദ്ധ മറിയത്തിന്റെ ഉദരത്തിൽ വസിച്ചുകൊണ്ടാണു തിരുസഭയുടെ ശിരസ്സായ ക്രിസ്തുവിനോട് ഗാഢമായി ഐക്യപ്പെട്ടിരുന്നതെന്നു വിശുദ്ധ പത്താം പീയൂസ് മാർപാപ്പ പഠിപ്പിക്കുന്നു. ശിശുവായിരുന്ന യേശുവിനെ പാലൂട്ടി വാത്സല്യത്തോടെ എപ്രകാരം മറിയം പരിപാലിച്ചുവോ അപ്രകാരം തന്നെയാണു മാതൃസഹജമായ ശ്രദ്ധയും സ്നേഹവും കൊണ്ടു, തിരുസഭയെ മറിയം ധന്യമാക്കുന്നത്. തിരുസഭയുടെ മാതാവ് എന്ന സംജ്ഞ അഞ്ചു പ്രാവശ്യം യോഹന്നാൻ 23-ാ മൻ പാപ്പ ഉപയോഗിച്ചിട്ടുണ്ട്. പോൾ ആറാമൻ പാപ്പ അനവധിതവണ പ്രസംഗ

ങ്ങൾക്കും പ്രഖ്യാപനങ്ങൾക്കുമിടയിൽ തിരുസ്സഭയുടെ മാതാവ് എന്ന് മറിയത്തെ വിശേഷിപ്പിച്ചിട്ടുണ്ട്. മരിയൻ പാപ്പയായിരുന്ന ജോൺപോൾ 2–ാമൻ മാർപാപ്പയും ബനഡിക്ട് 16–ാമൻ മാർപാപ്പയും മറിയത്തിന് ഈ നാമം നൽകി ബഹുമാനിക്കുന്നുണ്ട്.

ക്രിസ്തു കാൽവരിയിൽ മരിക്കുന്ന സമയത്തു മറിയത്തെക്കുറിച്ച് ഇതാ നിന്റെ അമ്മ (യോഹ 19,27) എന്നു പറഞ്ഞപ്പോൾ, സഭയുടെ ശിരസ്സായ മിശിഹായ്ക്കു മാത്രമല്ല, സഭാഗാത്രത്തിലെ അവയവങ്ങളായ എല്ലാ വിശ്വാസികൾക്കും കൂടി അവൾ അമ്മയായിത്തീർന്നു. വിരുന്നിന്റെ മുന്നോടിയായ കാനായിലെ കല്യാണവേളയിൽ ഈശോയോടൊത്ത് അമ്മയും സന്നിഹിതയാണ്. സുവിശേഷകന്റെ ദൃഷ്ടിയിൽ വിശ്വാസികളുടെ ജീവിതത്തിലും മാതാവിനുള്ള സാന്നിദ്ധ്യത്തിന്റെ യഥാർത്ഥ പ്രതീകമാണിത് എന്നു വിചാരിക്കേണ്ടതല്ലേ?

മറിയം തിരുസ്സഭയുടെ മാതാവാണ് എന്ന സത്യമാണ് ഇതിലൂടെയെല്ലാം പ്രകാശിതമാവുന്നത്. ലൂക്ക 1,2 അധ്യായങ്ങളിലെ വിവരണങ്ങൾ പരിശോധിക്കുമ്പോൾ യോശുവിന്റെ അമ്മയായിത്തീരുന്ന മറിയം പുതിയ ദൈവജനത്തിന്റെയും അമ്മയാകുന്നു എന്നു മനസ്സിലാക്കാം. ഇതിലുമുപരി അവൾ തിരുസ്സഭയുടെ മാതാവാണ്; ക്രിസ്ത്യാനികളുടെ അമ്മയാണ്. സഭയും മറിയവും ഒരുപോലെയാണ്. ഇപ്പോൾ സഭയിലൂടെയാണു യേശുവിന്റെ രക്ഷാപ്രവൃത്തിയുടെ കൃപകൾ നാം സ്വീകരിക്കുന്നത്. അതുപോലെതന്നെ, മറിയത്തിന്റെ സഹകരണവും മാധ്യസ്ഥ്യവും വഴിയാണു ക്രിസ്തുവിന്റെ കൃപകൾ നമ്മളിന്നു കൈക്കൊള്ളുന്നത്. മറ്റൊന്നു മറിയത്തിലുള്ള റൂഹായുടെ സാന്നിദ്ധ്യമാണ്. മംഗളവാർത്തയിൽ മറിയത്തിന്റെ മേലും പന്തെക്കോസ്താനാളിൽ ശിഷ്യന്മാരുടെമേലും ആവസിച്ച ആത്മാവ് ഒന്നുതന്നെയാണ്. ശ്ലീഹന്മാരിലൂടെ തുടർന്ന സഭയുമായി മറിയത്തിനുള്ള ബന്ധമാണ് ഇവിടെ കാണുന്നത്.

## നിത്യസഹായ മാതാവ്

വി.ലൂക്കാശ്ലീഹാ വരച്ച പരി. കന്യകാമറിയത്തിന്റെ ചിത്രമാണ് നിത്യസഹായ മാതാവിന്റെ ചിത്രമെന്ന പേരിൽ വണങ്ങി വരുന്നതെന്ന ഒരു പാരമ്പര്യം നിലനിൽക്കുന്നുണ്ട്. അപ്രമാണികഗ്രന്ഥങ്ങളിലെ കഥകൾ പോലെയും ഒരു കഥയും ഇതിനോടു ചേർന്നുണ്ട്. ഉണ്ണീശോയ്ക്ക് ഒരു ദർശനമുണ്ടായി. ഗബ്രിയേൽ, മിഖായേൽ മാലാഖമാർ ഈശോയുടെ പാർശ്വം കുത്തിത്തുറന്ന കുന്തവും അവി

ടുന്നു വഹിച്ച കുരിശും എടുത്തുകൊണ്ടു പ്രത്യക്ഷപ്പെട്ടു. ഉണ്ണീശോ ഭയപ്പെട്ടോടി അമ്മയിൽ അഭയം ഗമിച്ചു. ചിത്രത്തിൽ ഒരു കാലിലെ ചെരുപ്പിന്റെ വള്ളിപൊട്ടിത്തൂങ്ങിക്കിടക്കുന്നതായി കാണുന്നതിന്റെ പശ്ചാത്തലമിതാണ്. ഇന്നു റോമിലെ ലാറ്ററൻ, മേരിമേജർ ബസിലിക്കാകളുടെ അടുത്തുള്ള വി. മത്തായിയുടെ ചാപ്പലിൽ ഇതിന്റെ യഥാർത്ഥ ചിത്രം സൂക്ഷിച്ചിരിക്കുന്നു.

1978-ൽ ഫ്രഞ്ചുസേന വി. മത്തായിയുടെ നാമത്തിലുള്ള ഈ ദേവാലയം നശിപ്പിച്ചു. തുടർന്ന് ആ ചിത്രം അഗസ്തീനിയൻ ആശ്രമത്തിൽ സൂക്ഷിക്കുകയും റെഡംറ്ററിസ്റ്റുസന്യാസികൾ തങ്ങളുടെ മേൽനോട്ടത്തിൽ ഈ ചിത്രത്തിന്റെ അടിസ്ഥാനത്തിൽ നിത്യസഹായമാതാവ് എന്നപേരിൽ ഭക്തി പ്രചരിപ്പിക്കുകയും ചെയ്യുന്നു. ഇതിന്റെ തുടർച്ചയായിട്ടാണു മാതാവിന്റെ നവനാൾ എന്ന പേരിലുള്ള നൊവേന രൂപംകൊണ്ടത്. കേരളസഭയിൽ ഈ നവനാൾ ഇന്നു സാധാരണമായിരിക്കുന്നു.

## വ്യാകുലമാതാവ്

കുരിശിന്റെ ചുവട്ടിലെ മറിയത്തോടും വ്യാകുല മാതാവിനോടുള്ള ഭക്തി (സെപ്റ്റംബർ 15) പാശ്ചാത്യസഭയിൽ വളരെ പ്രാധാന്യത്തോടെയാണു കാണുന്നത്. വലിയ ആഴ്ചയിലെ ശനിയാഴ്ചയിലും ഞായറാഴ്ചയിലും ഈ ദൃശ്യഭക്തി ബൈസന്റയിൻറീത്തിൽ കാണാം. കുരിശിന്റെയും ദൈവമാതാവിന്റെയും ഓർമ എന്ന പേരിൽ എല്ലാ ബുധനാഴ്ചയും വെള്ളിയാഴ്ചയും ബൈസന്റയിൻ സഭയിൽ ആചരണവുമുണ്ട്.

വ്യാകുലമാതാവിനോടുള്ള ഭക്തിയും പ്രാർത്ഥനയും ലത്തീൻ സഭയിലും അതിന്റെ സ്വാധാനത്തിൽ സീറോ മലബാർ സഭയിലും ഇന്ന് ആചരിച്ചു വരുന്നു. ജനനത്തിരുനാളിന്റെയും (സെപ്റ്റംബർ 8) മറിയത്തിന്റെ നാമത്തിന്റെയും (സെപ്റ്റംബർ 12) ആചരണത്തിനു ശേഷമാണ് സെപ്റ്റംബർ 15 ന് ഈ തിരുനാൾ ആചരിക്കുന്നത്. മറിയം തന്റെ ജീവിതത്തിൽ അനുഭവിച്ച ദുസ്സഹമായ വേദനയുടെ ഏഴു സംഭവങ്ങളാണു മറിയത്തിന്റെ ഏഴു വ്യാകുലങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നത്. ഈ ഏഴുവ്യാകുലങ്ങൾ താഴെപ്പറയുന്നവയാണ്:

1. ശെമയോന്റെ പ്രവചനം (ലൂക്ക 2, 35)
2. ഈജിപ്തിലേയ്ക്കുള്ള യാത്ര (മത്താ 2, 13-18)

3. ഈശോയെ കാണാതാകുന്നത്(ലൂക്ക 2, 41-52)
4. കാൽവരിയിലേക്കു കുരിശുമായി നീങ്ങുന്ന ഈശോയെ കാണുന്നത്.
5. ഈശോ കുരിശിൽ മരിക്കുന്നത്. (മത്താ 27, 45-56)
6. ഈശോയുടെ മൃതശരീരം മറിയത്തിന്റെ മടിയിൽ കിടത്തുന്നത്.
7. ഈശോയുടെ തിരുശരീരം കല്ലറയിൽ സംസ്കരിക്കുന്നത്. (മത്താ 27, 57-61)

സ്ലീവാപാതയുടെ (കുരിശിന്റെ വഴി) രീതിയിൽ ഈ ഏഴു വ്യാകുലങ്ങളും ചിത്രീകരിച്ചുകൊണ്ടുള്ള മരിയൻ വ്യാകുലപാത പാശ്ചാത്യ നാടുകളിലെ പ്രമുഖ മരിയൻ തീർത്ഥാടന കേന്ദ്രങ്ങളിൽ ദൃശ്യമാണ്. ആ വഴിയിലൂടെ  തീർത്ഥാടനം നടത്തുന്ന ഭക്തകൃത്യം ഇന്നും നടന്നുവരുന്നു.

പൗരസ്ത്യ-പാശ്ചാത്യ സഭകളിൽ മറിയത്തോടുള്ള ഭക്തിയിൽ സാധർമ്മ്യങ്ങളുമുണ്ട്. രണ്ടു സഭകളിലും ആഘോഷിച്ചുവന്ന ഏറ്റം പുരാതനമായ മരിയൻ തിരുനാൾ തിരുപിറവിയോടനുബന്ധിച്ചുള്ള ദൈവമാതാവിന്റെ തിരുനാളാണ്. ഒരുപക്ഷേ ഇതാരംഭിച്ചത് ഈജിപ്റ്റിലാവാം. 5-ാം നൂറ്റാണ്ടിൽ ബൈസന്റിയിൻ റീത്തിലും തുടർന്ന് അന്ത്യോക്ക്യൻ പാശ്ചാത്യ, പൗരസ്ത്യസുറിയാനി, കോപ്റ്റിക് റീത്തുകളിലും അതു പ്രചാരത്തിൽ വന്നു. റോമിൽ ഇതാരംഭിച്ചത് അലക്സാഡ്രിയൻ സഭയുടെയോ ബൈസന്റയിൻ സഭയുടെയോ സ്വാധീനത്തിലാവാം. 7-ാം നൂറ്റാണ്ടിലാണ് റോമിൽ മംഗള വാർത്ത, സ്വർഗ്ഗാരോപണം, മറിയത്തിന്റെ പിറവി, ഈശോയെ ദേവാലയത്തിൽ സമർപ്പിക്കുന്നത് തുടങ്ങിയ നാലു തിരുനാളുകൾ ആരംഭിച്ചത്. അക്കാലഘട്ടത്തിൽ ദൈവമാതാവിന്റെ ബഹുമാനാർത്ഥമുള്ള ഒരു കുർബാനക്രമം റോമിൽ (ജലേഷ്യൻ-സാക്രിമെന്ററി) ഉണ്ടായിരുന്നെന്ന്, ബോട്ട്, കപ്പേൽ, ഷവാസ് (Botte, Capelle, Chavasse)എന്നിവരുടെ പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്. 4-ാം നൂറ്റാണ്ടിന്റെ അവസാനം, ഈശോയുടെ ദേവാലയസമർപ്പണത്തോടനുബന്ധിച്ചു ജറുസലേമിൽ മറിയത്തിന്റെ ഒരു തിരുനാളാഘോഷിച്ചിരുന്നു എന്ന് എജേറിയ (Egeria, The Diary of a Pilgrimage) തന്റെ യാത്രാവിവരണത്തിൽ പറയുന്നുണ്ട്. ഇതോടൊപ്പം പ്രദക്ഷിണവും കൂട്ടിച്ചേർത്തുബൈസന്റയിൻ റീത്തിൽ ഈ തിരുനാൾ കണ്ടുമുട്ടൽ (Hypapinte) എന്ന പേരിൽ നടത്തിപോന്നിരുന്നു.

**കർമ്മലമാതാവ്**

കർമ്മലഭക്തി കേരളത്തിൽ എന്നു തുടങ്ങി എന്നു തീർത്തു പറയുക സാധ്യമല്ല; വിദേശമിഷനറിമാരുടെ സംഭാവനയാവാനാണു സാധ്യത. കർമ്മലീത്താമിഷനറിമാരുടെ സവിശേഷശ്രദ്ധ ഈ കാര്യത്തിലുണ്ടായി എന്നു ന്യായമായും അനുമാനിക്കാം. അവരിൽനിന്നും സ്വീകരിച്ച ഈ ഭക്തി ഇന്നാട്ടിലെ വിശ്വാസികൾ ഔദാര്യത്തോടെ ഊട്ടിവളർത്തുകയും പ്രചരിപ്പിക്കുകയും ചെയ്തു. ദൈവമാതൃഭക്തിയിൽ കേരളം മുൻപന്തിയിലെത്താൻ കുറച്ചൊന്നുമല്ല ഇതു സഹായിച്ചത്. "ഉത്തരീയം മറിയത്തിന്റെ കൂദാശ" എന്നുപറയുന്നിടംവരെ അതുവളരുകയും ചെയ്തു.

എന്നാൽ, പാശ്ചാത്യനാടുകളിൽ 13-ാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽത്തന്നെ കർമ്മലമാതൃഭക്തി അതിന്റെ പാരമ്യത്തിലെത്തിയതായി കാണാം. കർമ്മലീത്താസഭയുടെ പ്രിയോർ ജനറലായ ഫാദർ സൈമൺ സ്റ്റോക്കിന് പരി. മറിയം പ്രത്യക്ഷപ്പെട്ടു കർമ്മലോത്തരീയം നൽകിയതു 1251 ജൂലായ് 16-നാണെന്നാണ് ചരിത്രം സാക്ഷിക്കുന്നത്. തങ്ങളുടെ സഭയെ കഷ്ടപ്പാടുകളിൽ നിന്നും പ്രതിസന്ധികളിൽനിന്നും രക്ഷിക്കണ മേയെന്നു തീക്ഷ്ണമായി പ്രാർത്ഥിച്ചുകൊണ്ടിരുന്ന സൈമൺ സ്റ്റോക്കിനു മറിയം നൽകിയ സമാശ്വാസം ഇങ്ങനെയായിരുന്നു: "പ്രിയ മകനേ, കണ്ടാലും! ഇതാ നിന്റെ സഭയുടെ വസ്ത്രം. ഇതു നിനക്കും മറ്റെല്ലാ കർമ്മലീത്താക്കാർക്കുമായി ഞാൻ സമ്പാദിച്ചിരി ക്കുന്ന പ്രത്യേകാനുകൂല്യങ്ങളുടെ ഒരു അടയാളമാകുന്നു. ഇതു ധരിച്ചു കൊണ്ടുമരിക്കുന്ന ഒരുവനും നിത്യനാശത്തിൽ പതിക്കുക യില്ല..." അനന്തരം മറിയം തന്റെ കൈയിലിരുന്ന ഉത്തരീയം സൈമൺ സ്റ്റോക്കിനു നൽകി. ഇതാണു കർമ്മലോത്തരീയത്തെപ്പറ്റിയുള്ള പരമ്പരാഗതവിശ്വാസം.

മാർപാപ്പമാർ ഈ ഭക്തി അംഗീകരിക്കുകയും ഉത്തരീയസഭയ്ക്കു വിവിധാനുകൂല്യങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്തു. പതിനഞ്ച് ഔദ്യോഗികരേഖകൾതന്നെ ഉത്തരീയഭക്തിയെയും കർമ്മലമാതൃ സമർപ്പണത്തെയുംകുറിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉത്തരീയദാനത്തിന്റെ 7-ാം ശതാബ്ദി പ്രമാണിച്ചു പന്ത്രണ്ടാം പീയൂസ് മാർപാപ്പ കർമ്മലീത്തസഭയുടെ സുപ്പീരിയർ ജനറലിനയച്ച കത്തിൽ ഇങ്ങനെ പറയുന്നു: "അംഗീകൃത ഭക്തികളുടെ കൂട്ടത്തിൽ കർമ്മലോത്തരീയത്തിനു പ്രഥമസ്ഥാനം നൽകേണ്ടതാണ്.

ഉത്തരീയഭക്തി ആചരിക്കുമ്പോൾ നിത്യജീവൻ പ്രാപിക്കുന്ന കാര്യത്തിലാണു നാം വ്യാപൃതരായിരിക്കുന്നത്. പരിശുദ്ധ കന്യകയിൽനിന്നു ലഭിച്ച വാഗ്ദാനത്തിന്റെ സാരാംശവും ഇതു തന്നെ. അമ്മയുടെ സ്ഥാനവസ്ത്രം എന്നറിയപ്പെടുന്ന തിരുവുത്ത രീയം ദൈവമാതാവു കാത്തുരക്ഷിക്കും എന്നുള്ളതിന്റെ അടയാള വും ഉറപ്പുമാണ്.''

ഉത്തരീയം നൽകിയതിന്റെ 7-ാം ശതാബ്ദിയാചരണാവസര ത്തിൽ തിരുക്കൊച്ചി സംസ്ഥാനത്തെ സഭാ മേലധ്യക്ഷന്മാർ പ്രസദ്ധീകരിച്ച സംയുക്ത ഇടയലേഖനത്തിൽ ഇങ്ങനെ എഴുതി യിരിക്കുന്നു: ''മാതാവുമായുള്ള നമ്മുടെ ധാർമ്മികഐക്യത്തിന്റെ അടയാളമാണ് ഉത്തരീയം. മറിയം നമ്മുടെ ശക്തിയേറിയ മധ്യസ്ഥയാണെന്നുള്ളതിന്റെ തെളിവാണിത്. എല്ലാ അനുഗ്രഹങ്ങളു ടെയും നീർച്ചാലും നിത്യരക്ഷയുടെ അച്ചാരവുമാണ് ഉത്തരീയ ഭക്തി. യാതനകളുടെയും പ്രലോഭനങ്ങളുടെയും അവസരത്തിൽ ഉത്തരീയം മാറോടണച്ചു സ്നേഹാശ്രയങ്ങളോടെ പ്രാർത്ഥിച്ചിരുന്ന ധന്യാത്മാക്കളെ നമുക്കനുകരിക്കാം.''

1831 ൽ സ്ഥാപിതമായ സി.എം.ഐ സഭയും തുടർന്നുണ്ടായ സി.എം.സി സന്ന്യാസിനീസഭയും ഏതദ്ദേശിയകർമ്മലീ ത്താസമൂഹങ്ങളെന്ന നിലയിൽ കർമ്മലമാതൃഭക്തി വളർത്തിയെ ടുക്കുന്നതിൽ പ്രശംസനീയമായ പങ്കുവഹിച്ചിട്ടുണ്ട്. ഈ സമൂഹ ങ്ങളുടെ സ്ഥാപനത്തിലും ഉദ്ദേശ്യലക്ഷ്യങ്ങളുടെ വിശുദ്ധിക്കായുള്ള നിയമക്രോഡീകരണത്തിലും വലിയൊരുപങ്കുവഹിച്ച വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ മരിയഭക്തനായിരുന്നു. ഉത്തരീയഭക്തി പ്രോത്സാഹിപ്പിക്കുന്നതിനും അതീവശ്രദ്ധാ ലുവായിരുന്നു അദ്ദേഹം.

പ്രഥമദിവ്യകാരുണ്യസ്വീകരണത്തോടൊപ്പം കുട്ടികളെ മറിയത്തിനു സമർപ്പിക്കുകയും ഉത്തരീയം ഔദ്യോഗികമായി ധരിപ്പിക്കുകയും ചെയ്യുന്ന പതിവ് ഇന്നും കേരളത്തിൽ നില നില്ക്കുന്നുണ്ട്. ഉണ്ണിയീശോയെ വളർത്തിയവൾതന്നെ 'ഈശോ യുടെ കുഞ്ഞുമക്കളെ' വളർത്തട്ടെ എന്നതിന്റെ അർത്ഥപൂർണ്ണമായ സൂചനയാണിത്.

**ലൂർദ്ദ് മാതാവ്**

പീയൂസ് XIാമൻ മാർപാപ്പ 1854 ഡിസംബർ 8-ന് മറിയത്തിന്റെ

അമലോദ്ഭവം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചതിന്റെ നാലാംവർഷം 1858 ഫെബ്രുവരി 11 മുതൽ ജൂലൈ 16 വരെ 18 പ്രാവശ്യമായി പരി. കന്യകാ മറിയം ഫ്രാൻസിലെ ചെറുഗ്രാമമായ ലൂർദ്ദിൽ പതിനാലുവയസ്സുകാരിയായ ബർണദിത്ത എന്ന ബാലികയ്ക്കു പ്രത്യക്ഷപ്പെട്ടു. അങ്ങ് ആരെന്ന ബാലികയുടെ ചോദ്യത്തിന് ഞാൻ "അമലോദ്ഭവ" യാണെന്നു മാതാവ് പ്രതിവചിച്ചു.

ആടുകളെ കാട്ടിലൂടെ നടത്തി മേയിച്ചിരുന്ന ബർണദീത്ത ഒരു പാവപ്പെട്ട കുടുംബത്തിലെ അംഗമായിരുന്നു. ഗാവു നദിയുടെ തീരത്തു വിറകുപെറുക്കുവാൻ മറ്റു രണ്ടു കുട്ടികളുമായി അവൾ പോയി. ചെറിയ തോടു നീന്തികടന്നപ്പോൾ ബർണദീത്ത പിമ്പിലായിപ്പോയി. പെട്ടൊന്നൊരു കൊടുങ്കാറ്റിന്റെ ഇരമ്പൽകേട്ട് അവൾ തിരിഞ്ഞു നോക്കി. ആരെയും കണ്ടില്ല. അവൾ ഭയന്നു. അപ്പോൾ അടുത്തുള്ള ഒരു മലയുടെ പിളർപ്പിൽ (ഗ്രോട്ടോ) സുവർണ്ണ നിറമുള്ള മേഘവും അതിനുള്ളിൽ സുന്ദരിയായ ഒരു യുവതിയും നില്ക്കുന്നതായി കണ്ടു. യുവതി പുഞ്ചിരിച്ചു ബാലികയോട് അടുത്തുവരുവാൻ ആംഗ്യം കാണിച്ചു. അവൾക്കു പരിസരപ്രജ്ഞ നഷ്ടപ്പെട്ടു. കണ്ണു തിരുമ്മി അടച്ചു തുറന്നപ്പോഴും യുവതിയെ കണ്ടു. ബർണദിത്ത പോക്കറ്റിൽനിന്നു കൊന്തയെടുത്തു ചൊല്ലാൻ തുടങ്ങി. വലതുകൈയിൽ തൂങ്ങി കിടന്ന ജപമാല യുവതിയും എടുത്തു. അവൾ "പിതാവിന്റെയും നാമത്തിൽ" എന്നുകൂടെ ചൊല്ലി. നന്മനിറഞ്ഞമറിയം ചൊല്ലിയപ്പോൾ കൂടെ ചൊല്ലിയില്ല. പുത്രനു സ്തുതി എന്നതുകൂടെ ചൊല്ലി. പക്ഷേ, താനാരെന്നു പറഞ്ഞില്ല.

ബർണദിത്ത സംഭവിച്ചതെല്ലാം അമ്മയോടു പറഞ്ഞു. പക്ഷേ അമ്മ വിശ്വസിച്ചില്ല. മാത്രമല്ല വളരെ നിർബന്ധിച്ചതിന്റെ പേരിൽ മാത്രമാണ് അവളെ തുടർന്നുള്ള ദിവസങ്ങളിൽ ഈ ഗ്രോട്ടോയിലേയ്ക്കു പോകാൻ അനുവദിച്ചത്. ഗ്രോട്ടോയിലെത്തിയ ബർണദീത്ത അഭൗമികാനന്ദത്തിലൂടെ കടന്നുപോയി. ഇതെല്ലാം കൂടെയുണ്ടായിരുന്ന സഹോദരി ടോയിനേറ്റ് മരിയ അമ്മയോടു പറഞ്ഞു കേൾപ്പിച്ചു. എങ്കിലും അമ്മ വിശ്വസിച്ചില്ല. ഈ ദർശനങ്ങൾ തുടർന്നു. ആറാമത്തെ ദർശനത്തിൽ ഒരു ഭിഷഗ്വരനും കൂടെയുണ്ടായിരുന്നു. പാപികൾക്കുവേണ്ടി പ്രാർത്ഥിക്കാൻ മാതാവ് ആവശ്യപ്പെട്ടു. പോലീസ് മേധാവികൾ ബർണദീത്തായെ ചോദ്യം

ചെയ്തു. അന്നു മറിയം മൂന്നു രഹസ്യങ്ങൾ വെളിപ്പെടുത്തി. അതു പരസ്യമാക്കിയിട്ടില്ല.

എട്ടാമത്തെ ദിവസം മറിയം ഒരു ഉറവ കാണിക്കുകയും അത് അരുവിയായിത്തീരുകയും അതിൽനിന്നും കുടിക്കാനും കുളിക്കാനും അവളോടു നിർദ്ദേശിക്കുകയും ചെയ്തു. അവൾ വെള്ളം കുടിക്കുകയും മുഖം കഴുകുകയും ചെയ്തു. അനന്തരം പാപികളുടെ മാനസാന്തരത്തിനായി നിലം ചുംബിക്കാനും മാതാവു നിർദ്ദേശിച്ചു ഫെബ്രുവരി 18 നു നടന്ന പതിനൊന്നാമത്തെ ദർശനത്തിൽ ഗ്രോട്ടോയുടെ സമീപം ഒരു ദേവാലയം നിർമ്മിക്കാൻ വൈദികരോടാവശ്യപ്പെടണമെന്നു നിർദ്ദേശിച്ചു. ഇതുവരെ ദർശനം നൽകിയ സ്ത്രീ ആരാണെന്നോ മറിയമാണെന്നോ അറിയിക്കാത്തതിനാൽ അതറിയിക്കുന്നതുവരെ ദേവാലയ നിർമ്മാണം സാധ്യമല്ലെന്നു വികാരി ശഠിച്ചു. 16-ാമത്തെ ദർശനം നടന്ന മംഗലവാർത്തതിരുനാളായ മെയ് 25ന് ആ സ്ത്രീ വെളിപ്പെടുത്തി: "ഞാൻ അമലോദ്ഭവയാണ് " (que soy era immaculada concepciou - I am the Immaculate conception).

ബർണദിത്ത മാനസികരോഗിയെല്ലെന്നു വീണ്ടും ഗവൺമെന്റ് അധികാരികൾ നടത്തിയ പരിശോധനയിൽ തെളിഞ്ഞു. പക്ഷേ ഗ്രോട്ടോ പ്രദേശം തീർത്ഥാടകർക്ക് അപ്രാപ്യമാക്കി. 1858 ൽ കർമ്മല മാതാവിന്റെ തിരുനാളായ ജൂലൈ 16 ന് പതിനാറാം തവണയും റിയം പ്രത്യക്ഷപ്പെട്ടു.

ഈ ദർശനം വിവാദവിഷയമായി. അതു പിശാചിന്റെ തട്ടിപ്പാണെന്നും മനസ്സിന്റെ വിഭ്രാന്തിയാണെന്നുമൊക്കെ വ്യാഖ്യാനങ്ങൾ ഉണ്ടായി. വളരെ ക്ലേശങ്ങൾ സഹിച്ചും നിർബന്ധം പിടിച്ചും അവൾ തുടർന്നുള്ള ദർശനങ്ങളിൽ പങ്കെടുത്തു. 16-ാം പ്രാവശ്യം പ്രത്യക്ഷപ്പെട്ടപ്പോൾമറിയം പറഞ്ഞതനുസരിച്ച് ബർണദിത്ത നിലത്തുവിരൽ കൊണ്ടു കുഴിച്ചു. തുടർന്നു രണ്ടു പ്രാവശ്യംകൂടി മറിയം ഈ സ്ഥലത്തുതന്നെ പ്രത്യക്ഷപ്പെട്ടു. അതിൽനിന്ന് ഉറവയിൽ നിന്നെന്നതുപോലെ ജലം ഒഴുകി വന്നു. ഇതു കണ്ടു ജനം ബോധ്യപ്പെട്ടു. ലൂയി ബൂറിയേറ്റ് എന്നൊരാൾക്കു ഖനിയിലെ സ്ഫോടനംകൊണ്ട് ഒരു കണ്ണു നഷ്ടപ്പെട്ടിരുന്നു. മുഖം ആ നീരുറവയിൽ കഴുകിയതോടെ അയാൾക്ക് അത്ഭുതകരാം വിധം കാഴ്ച തിരിച്ചുകിട്ടി, ഈ ആദ്യത്തെ അത്ഭുതത്തെ തുടർന്നു നിരവധി അത്ഭുതങ്ങൾ ലൂർദ്ദിൽ നടന്നുവരുന്നു.

**ഫാത്തിമാ മാതാവ്**

ലോകത്തിലെ മരിയൻതീർത്ഥാടന കേന്ദ്രങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവയിൽ ഒന്നാണ് പോർച്ചുഗലിലെ ഫാത്തിമ. 1917 ൽ പരിസുദ്ധ കന്യാമറിയം, ലൂസി, ജസീന്ത, ഫ്രാൻസിസ് എന്നീ മൂന്ന് ഇടയക്കുട്ടികൾക്കു പ്രത്യക്ഷപ്പെടുന്നതുവരെ ഈ സ്ഥലം അജ്ഞാതമായ ഒരു ഗ്രാമപ്രദേശമായിരുന്നു. എന്നാൽ, ഇന്നു ലോകത്ത് ഏറ്റവും കൂടുതൽ മരിയൻ തീർത്ഥാടകർ വന്നു കൂടുന്ന സ്ഥലങ്ങളിൽ ഒന്നായി ഫാത്തിമ മാറിയിരിക്കുന്നു. പോർച്ചുഗല്ലിലെ ലിസ്ബണിൽ നിന്ന് 88 കി.മീ വടക്കായി Nazare പട്ടണത്തിൽ നിന്നു 36 കി.മീ കിഴക്കായി സ്ഥിതിചെയ്യുന്ന പട്ടണമാണു ഫാത്തിമ. 40 ലക്ഷം തീർത്ഥാടകൾ ഓരോ വർഷവും ഇവിടെ വരുന്നു എന്നാണു കണക്കാക്കപ്പെട്ടിരിക്കുന്നത്. ഇവിടുത്തെ ഏറ്റവും പ്രധാനകേന്ദ്രം പരിശുദ്ധ കന്യകാമറിയത്തിനു പ്രത്യേകം പ്രതിഷ്ഠിച്ചിരിക്കുന്ന തീർത്ഥാടന ദൈവാലയമാണ് (Shrine of Our Lady of Fatima - Nossa de Rosario da Fatima)

ദൈവശാസ്ത്രജ്ഞന്മാർ പ്രത്യേക താത്പര്യമെടുത്തു പഠനം നടത്തുന്ന മരിയൻ കേന്ദ്രങ്ങളിലൊന്നു ഫാത്തിമയാണ്. 1917 ൽ നടന്ന പരിശുദ്ധ കന്യകാമറിയത്തിന്റെ പ്രത്യക്ഷപ്പെടൽ അധികം താമസിയാതെതന്നെ സഭ അംഗീകരിച്ചു. ഈ അദ്ഭുത സംഭവത്തിന്റെ രജതജൂബിലിയോടനുബന്ധിച്ച് 1942 ഒക്ടോബർ 31 ന് പീയൂസ് 12-ാം മാർപാപ്പ ലോകത്തെ മുഴുവനായി പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിനു സമർപ്പിച്ചു. ഈ വെളിപ്പെടുത്തലിന്റെ 50-ാം വാർഷികത്തിൽ പോൾ ആറാമൻ മാർപാപ്പ ഒരു ചാക്രിക ലേഖനം വഴി മറിയത്തോടുള്ള ഭക്തി ലോകമെമ്പാടും വളർത്തേണ്ടതിന്റെ ആവശ്യകത ഓർമ്മിപ്പിച്ചു. ഫാത്തിമയെക്കുറിച്ചുള്ള ഏറ്റവും പ്രധാന പഠനം J.M Alonso C. M.F പ്രസിദ്ധീകരിച്ച 17 വാല്യങ്ങളുള്ള ഗ്രന്ഥമാണ് (*Historica critica de Literatura sobre Fatima* (Fatima 1967).

ബെനഡിക്ട് പതിനഞ്ചാമൻ മാർപാപ്പ, ലോകമഹായുദ്ധത്തിൽ നിന്നു ലോകത്തെ രക്ഷിക്കാൻ രാഷ്ട്രത്തലവന്മാരെ ഉദ്ബോധിപ്പിച്ചു. തന്റെ ആഹ്വാനം വിഫലമായതിൽ അദ്ദേഹം ദു:ഖാർത്തനായി. പരിശുദ്ധ കന്യകാ മാതാവിന്റെ മാധ്യസ്ഥ്യമാണ് ഒരേയൊരു രക്ഷാമാർഗ്ഗമെന്ന് അദ്ദേഹം 1917 മെയ് 5-ാം തീയതി ഒരി വിശ്വലേഖനത്തിലൂടെ ലോകത്തെ അറിയിച്ചു. മെയ് 13-ാം തീയതി ജസീ

ന്താ, ലൂസി, ഫ്രാൻസിസ് എന്നീ മൂന്ന് കുട്ടികൾക്കു ഫാത്തിമായിൽ വച്ചു മാതാവ് പ്രത്യക്ഷപ്പെട്ടു. ആടുകളെ മേയ്ക്കുന്നതിനിടയിൽ ജപമാല ചൊല്ലിത്തീർത്തശേഷം അവർ കളിവീടുകൾ നിർമ്മിച്ച് ഉല്ലസിക്കുവാൻ തുടങ്ങി. മെയ് മാസത്തിൽ പതിവില്ലാത്ത ഒരു ഇടിമിന്നൽ ആകാശത്തു പ്രത്യക്ഷപ്പെട്ടു. ഒരു ഓക്കു വൃക്ഷത്തിന്റെ തളിരിലകൾക്കു മുകളിലായി ഒരു സൗന്ദര്യരൂപിണി പ്രകാശമധ്യേ കാണപ്പെട്ടു. ഭയചകിതരായ ഈ കുട്ടികളെ അവൾ അഭിസംബോധന ചെയ്തുപറഞ്ഞു: കുഞ്ഞുങ്ങളേ നിങ്ങൾ ഭയപ്പെടേണ്ട, ഞാൻ നിങ്ങളെ ഉപദ്രവിക്കുകയില്ല നാഥേ അങ്ങാരാണെന്ന് ലൂസി ചോദിച്ചപ്പോൾ മറുപടി ഇങ്ങനെയായിരുന്നു; ഞാൻ സ്വർഗ്ഗത്തിൽ നിന്നു വന്നു. അടുത്ത ഒക്ടോബർ വരെയുള്ള എല്ലാ 13-ാം തീയതിയും കൃത്യമായി നിങ്ങൾ ഇവിടെ വരണം, അപ്പോൾ പറയാം ഞാൻ ആരാണെന്ന്. ജപമാല തുടർന്നുചൊല്ലാനും മറിയം കുട്ടികളോടാവശ്യപ്പെട്ടു.

മറിയം ഫാത്തിമയിൽ പ്രത്യക്ഷപ്പെട്ട ആദ്യദിനമായ 1917 മെയ് 13-നാണ് റഷ്യയിൽ ലെനിൻ കമ്മ്യൂണിസ്റ്റ് വിപ്ലവം ആരംഭിച്ചത്. അന്നുതന്നെയാണു പിന്നീടു പന്ത്രണ്ടാം പീയൂസ് ആയിത്തീർന്ന എവൂജിൻ പച്ചെല്ലി അഭിഷിക്തനായതും. അദ്ദേഹം കമ്മ്യൂണിസത്തെപ്രതി ആഴത്തിൽ വേദനിച്ചിരുന്ന ഒരു വ്യക്തിയാണ്.

1917 ജൂൺ 13-ന് മാതാപിതാക്കളുടെ എതിർപ്പ്, വികാരിയച്ചന്റെ ശുപാർശകൊണ്ടു തരണം ചെയ്ത കുട്ടികൾ തങ്ങൾക്കു ദർശനം ഉണ്ടായ കോവ്ദാ എന്ന സ്ഥലത്തേയ്ക്കു പോയി. അന്നു മറ്റു പലരും വന്നിരുന്നു. മറിയം പ്രത്യക്ഷപ്പെട്ടപ്പോൾ തങ്ങൾ എന്തു ചെയ്യണമെന്ന ചോദ്യത്തിനു ജപമാല ഭക്തിപൂർവ്വം ചൊല്ലണമെന്നും ത്രിത്വസ്തുതിക്കുശേഷം ഓ എന്റെ ഈശോയെ, എന്റെ പാപങ്ങൾ ക്ഷമിക്കണമേ എന്ന പ്രാർത്ഥന ചൊല്ലണമെന്നും നിർദ്ദേശം ലഭിച്ചു. ജനങ്ങൾക്കു ദർശനം കിട്ടിയില്ലെങ്കിലും എന്തോ അഭൗമികമായതു സംഭവിച്ചു എന്ന് അവർക്ക് മനസ്സിലായി.

നാലാം ദർശനത്തിൽ (ആഗസ്റ്റ് 13) റഷ്യയെ തന്റെ വിമലഹൃദയത്തിനു സമർപ്പിച്ച് ആദ്യശനിയാഴ്ച പരിഹാരത്തിനായി ദിവ്യകാരുണ്യം സ്വീകരിക്കണമെന്നും, ജനതകൾ മറിയത്തിന്റെ ആഗ്രഹം സാധിച്ചാൽ റഷ്യ മാനസാന്തരപ്പെടുമെന്നും അറിയിച്ചു. കുട്ടികളെ ചോദ്യം ചെയ്തു രഹസ്യം വെളിപ്പെടുത്തുവാൻ പട്ടണത്തിലെ പ്രീഫെക്ട് ശ്രമിച്ചു. പ്രീഫെക്ടിന്റെ ഈ ശ്രമം വിഫലമായി. അന്നു

ദർശനസ്ഥലത്തു വന്നെത്തിയ 15000 തീർത്ഥാടകർക്ക് ആകാശത്തിൽ മിന്നൽപ്പിണരും ഇടിമുഴക്കവും അനുഭവപ്പെട്ടു. 5-ാം ദർശനം നടന്ന സെപ്റ്റംബർ 13-ന് ജനങ്ങൾ മറിയത്തിന്റെ പ്രഭാപൂരിതമായ പാദപീഠം കണ്ടു. അവർ ജപമാല ചൊല്ലി സ്തുതിച്ചുകൊണ്ടിരുന്നു. ഒക്ടോബർ 13ലെ ദർശനത്തിന് എഴുപതിനായിരം പേർ സാക്ഷികളായിരുന്നു. അന്നു ലൂസിയുടെ ചോദ്യത്തിനു ഞാൻ ജപമാലരാജ്ഞിയാണെന്നു മറിയം ഉത്തരം നൽകി. ഈ സമയത്തു തിരുക്കുടുംബത്തെ കുട്ടികൾ ദർശിച്ചു. അവസാനദിവസം ഒരു അഗ്നിഗോളം ആകാശത്തിൽ മൂന്നുപ്രാവശ്യം നൃത്തം ചെയ്യുന്നതായി എല്ലാവരും ദർശിച്ചു.

നാലുവർഷം നീണ്ടുനിന്ന ഒന്നാംലോകമഹായുദ്ധം അനേകരുടെ ജീവൻ അപഹരിച്ചു. സാംക്രമികരോഗം പടർന്നു പിടിച്ചു. ജസിന്തായും ഫ്രാൻസീസും സ്പാനിഷ് പനി പിടിപെട്ട് മരിച്ചു. ഫാത്തിമായിലെ ബസിലിക്കായുടെ ഇരുവശങ്ങളിൽ അവരുടെ ശവകുടീരങ്ങൾ കാണാം. എന്നാൽ ലൂസിയ വാർദ്ധക്യം വരെ സന്ന്യാസിനിയായി ജീവിച്ചു. 2005 ഫെബ്രുവരി 13-ന് നിര്യാതയായി. 2000 മെയ് 13 ജസീന്തായെയും ഫ്രാൻസിസിനെയും വാഴ്ത്തപ്പെട്ടവരായി സഭ പ്രഖ്യാപിച്ചു.

1981 മെയ് 13-ന് മുഹമ്മദലി ആലി അഗ്കായുടെ വെടിയേറ്റെങ്കിലും ജോൺപോൾ മാർപ്പാപ് അദ്ഭുതകരമായി രക്ഷപ്പെട്ടു. ആശുപത്രിയിൽ വച്ചുതന്നെ ഫാത്തിമരേഖകൾ വരുത്തി അതൊരു പ്രവചനദർശനമാണെന്നു മനസ്സിലായി. സുഖപ്പെട്ട മാർപാപ്പ ഫാത്തിമയിലേയ്ക്കു താമസംവിന ഒരുതീർത്ഥാടനം നടത്തി പരിശുദ്ധ അമ്മയ്ക്കു നന്ദി പറഞ്ഞു.

1984 മാർച്ച് 22-ാം തീയതി ഇറ്റാലിയൻ കമ്മ്യൂണിസ്റ്റു പാർട്ടി റോമിലേയ്ക്കു മാർച്ചു ചെയ്തു. ഇറ്റാലിൻ ഗവൺമെന്റിനെ തകിടം മറിക്കുന്ന സാഹചര്യത്തിൽ മാർപാപ്പയും അദ്ദേഹത്തോടൊപ്പം ലോകത്തിലെ എല്ലാ കത്തോലിക്ക മെത്രാന്മാരും സഭയെയും രൂപതയെയും മാതാവിന്റെ വിമലഹൃദയത്തിനു സമർപ്പിച്ചു. 1989 ഡിസംബറോടുകൂടി കിഴക്കൻ യൂറോപ്പിലെ രാജ്യങ്ങൾ കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം ഉപേക്ഷിച്ചു. 1991 ഓഗസ്റ്റു മാസം 19ന് റഷ്യൻ പ്രസിഡന്റ് മിഖായേൽ ഗോർബച്ചോവ് തൽസ്ഥാനത്തുനിന്നു നിഷ്കാസനം ചെയ്യപ്പെട്ടു. ഇങ്ങനെ കമ്മ്യൂണിസത്തിന്മേൽ വിജയം നേടും എന്ന ഫാത്തിമാ പ്രവചനം പൂർത്തിയായെന്നും വിശ്വസിക്കുന്നു.

**ഫാത്തിമ രഹസ്യം**

1917 ജൂലായ് 13-ാം തീയതി ഫാത്തിമായിൽ മറിയത്തിന്റെ ദർശനം ലഭിച്ച ലൂസി പിൽക്കാലത്ത് (പോർച്ചുഗല്ലിലെ കോയിംബ്രാ കോൺവെന്റിൽ) സിസ്റ്റർ മരിയ ലൂസി ആയി. 2000-ാം മാണ്ട് ഏപ്രിൽ 19-ാം തീയതി പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ മാർപാപ്പ ഈ സഹോദരിക്കെഴുതിയ ഒരു കത്തു ശ്രദ്ധാർഹമാണ്. സിസ്റ്റർ ലൂസിയോടൊത്തു മരിയദർശനം കിട്ടിയ ജസീന്താ, ഫ്രാൻസിസ് എന്നിവരെ ഭാഗ്യപ്പെട്ടവരെന്നു വിളിക്കാനിരുന്ന (2000 മെയ് 13) സംഭവവുമായി ബന്ധപ്പെട്ടാണ് ഈ കത്ത് അയച്ചത്. വിശ്വാസ സംരക്ഷണ സംഘത്തിന്റെ സെക്രട്ടറിയായ ആർച്ചു ബിഷപ്പിനെ ലൂസിയുടെ അടുത്തേയ്ക്കു വിടുന്നു എന്നും ഫാത്തിമാരഹസ്യത്തെപ്പറ്റി അദ്ദേഹം ചോദിക്കുന്ന ചോദ്യങ്ങൾക്കു തുറന്ന ഉത്തരം നൽകണമെന്നും പരിശുദ്ധപിതാവ് ആവശ്യപ്പെട്ടു. 2000 ഏപ്രിൽ 27-ന് ആർച്ചുബിഷപ്പ് ലൂസിയെ കാണുകയും അവളുടെ കൈപ്പടയിൽ എഴുതി മാർപാപ്പയ്ക്ക് അയച്ചിരുന്ന ഒരു കത്തു കാണിച്ച് അവളുടേതെന്ന് ഉറപ്പാക്കുകയും ചെയ്തു.

ദർശനത്തിൽ കണ്ടതു വെള്ളക്കുപ്പായമണിഞ്ഞ ഒരു മാർപാപ്പയായിരുന്നുവെന്നും അത് ഏതു മാർപാപ്പയായിരുന്നുവെന്ന് കുട്ടികൾക്ക് നിശ്ചയമില്ലായിരുന്നുവെന്നും സിസ്റ്റർ ലൂസി പറഞ്ഞു. മാർപാപ്പയുടെ നേർക്ക് ഒരു വെടിയുണ്ട പായുന്നതും അദ്ദേഹം നിലത്തുവീഴുന്നതുമായിരുന്നു രഹസ്യത്തിന്റെ മൂന്നാം ഭാഗത്തിന്റെ ഉള്ളടക്കം. 1960 -ന് ശേഷമെ ഫാത്തിമാരഹസ്യമെഴുതിയ കവർതുറക്കാവൂ എന്ന് എഴുത്തിന്റെ കവറിന്മേൽ എഴുതിയതിനു കാരണം 1960-നു ശേഷമേ ആ രഹസ്യം മനസ്സിലാകൂ എന്നുതന്നെയാണത്രേ. അതിനുശേഷം അതു വ്യാഖ്യാനിക്കാനുള്ള കഴിവു തനിക്കല്ല മാർപാപ്പയ്ക്കേ ഉണ്ടാകൂ എന്നും അവൾ പറഞ്ഞു. ലോകത്തിന്റെ നാനാഭാഗത്തിനിന്നുവന്ന മരിയഭക്തുടെ അന്വേഷണങ്ങൾക്കു മറുപടിയായി സിസ്റ്റർ ലൂസി വേദേപദേശരൂപേണ ഒരു ഗ്രന്ഥമെഴുതി. മരിയഭക്തി വ്യക്തമാക്കുന്ന ആ ഗ്രന്ഥത്തിന്റെ ശീർഷകം Os aspelos da Messagem de Fatima (ഫാത്തിമ സന്ദേശത്തിന്റെ കാഹളം, ആഹ്വാനം) എന്നതാണ്. സഭാധികാരികൾ അനുവദിച്ചാൽ മാത്രം അതു പ്രസിദ്ധീകരിക്കാമെന്നവൾ പറഞ്ഞു. പരിശുദ്ധപിതാവ് സിസ്റ്റർ ലൂസിക്ക് ഒരു ജപമാലയും തന്റെ ആശിർവാദവും ആർച്ചുബിഷപ് വഴികൊടുത്തയച്ചു. 2000 മെയ് 13-ാം തീയതി വത്തി

ക്കാൻ സംസ്ഥാന സെക്രട്ടറി കാർഡിനൽ സൊഡാനോ, പരിശുദ്ധ പിതാവു ഫാത്തിമായിൽ ബലി അർപ്പിച്ചപ്പോൾ നടത്തിയ പ്രസംഗത്തിൽ ഫാത്തിമാരഹസ്യത്തെപ്പറ്റി പരാമർശിച്ച കാര്യം ഓർമ്മിപ്പിച്ചു. ദർശനത്തിന്റെ രഹസ്യം ഒരു പ്രവചനമാണെന്നും അത് ഒരു വിധത്തിലും സമയബന്ധിതമല്ലെന്നും വളരെ വ്യക്തമായ ഒരു സന്ദേശം അതിലുണ്ടെന്നും അദ്ദേഹം പ്രസ്താവിച്ചു. 20-ാം നൂറ്റാണ്ടിൽ സഭയ്ക്കെതിരായി ഉണ്ടായ പോരാട്ടങ്ങളും വിശ്വാസ പ്രഘോഷണം നടത്തിയവർ അനുഭവിച്ച സഹനങ്ങളും 20-ാം നൂറ്റാണ്ടിലെ മാർപാപ്പമാരുടെ അനുസ്യൂതമായ കുരിശിന്റെ പാതയും സൂചിപ്പിക്കുന്നതാണ് അതെന്നും അദ്ദേഹം പറഞ്ഞു. ദർശനത്തിൽ കണ്ടതും വെള്ളക്കുപ്പായമണിഞ്ഞിട്ടുള്ളതും വിശ്വാസികൾക്കു വേണ്ടി പ്രാർത്ഥിക്കുന്നതും പരിശുദ്ധ മാർപാപ്പയാണെന്നും അദ്ദേഹം കുരിശിനെ സമീപിക്കുന്നതു രക്തസാക്ഷിത്വം വരിച്ച മെത്രാന്മാരുടെയും വൈദികരുടെയും സന്ന്യാസിനീ സന്ന്യാസികളുടെയും അൽമായരുടെയും മൃതദേഹങ്ങൾക്കിടയിൽക്കൂടെ നടന്നതാണെന്നും വ്യാഖ്യാനിച്ചുകൊടുത്തു. പരിശുദ്ധ അമ്മയുടെ കരങ്ങളാണ് 1981 മെയ് 13-ാം തീയതി തന്റെ നേർക്കു ചീറിവന്ന വെടിയുണ്ടയെ ഗതിമാറ്റി വിട്ടതെന്നുള്ള മാർപാപ്പയുടെ പ്രസ്താവന അദ്ദേഹം അനുസ്മരിച്ചു. (മാർപാപ്പ ഇറ്റാലിയൻ മെത്രാന്മാർക്കു നൽകിയ ധ്യാനം 1994) മാർപാപ്പയുടെ കാറിൽ പതിച്ച ഒരു വെടിയുണ്ട അന്നത്തെ ഫാത്തിമായിലെ ബിഷപ്പിനു കൊടുക്കുകയും അതു ഫാത്തിമാ മാതാവിന്റെ കിരീടത്തിൽ പതിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 1989 -നു ശേഷം പൂർവ്വ യൂറോപ്പിലെ റഷ്യയുൾപ്പെടെയുള്ള പലരാജ്യങ്ങളിലും കമ്മ്യൂണിസ്റ്റ് ആധിപത്യം തകർന്നു വീണതും ഈ ദർശനത്തിന്റെ വ്യാഖ്യാനത്തിലുൾപ്പെടുത്താം. ഇന്നു, കഴിഞ്ഞുപോയ സംഭവങ്ങളെപ്പറ്റിയാണ് ഫാത്തിമാരഹസ്യസൂചനയെങ്കിലും അന്നു മറിയം ആവശ്യപ്പെട്ട മാനസാന്തരവും പ്രായശ്ചിത്തവും ഇന്നും അവശ്യം ഉണ്ടാകേണ്ടതാണെന്നു ജോൺപോൾ രണ്ടാമൻ മാർപാപ്പ 1966-ൽ അനുസ്മരിപ്പിച്ചിട്ടുണ്ട്. രഹസ്യത്തിന്റെ മൂന്നാംഭാഗം യുക്തമായ വ്യാഖ്യാനത്തോടെ പ്രസിദ്ധീകരിക്കാൻ പരിശുദ്ധ പിതാവ് വിശ്വാസസത്യത്തിന്റെ കോൺഗ്രിഗേഷന് ഏല്പിച്ചുകൊടുത്തിട്ടുമുണ്ട്.

ആത്മാക്കളെ രക്ഷിക്കുക എന്നതാണു ഫാത്തിമാ രഹസ്യത്തിന്റെ ഒന്നും രണ്ടും ഭാഗങ്ങളുടെ ഉള്ളടക്കം. മൂന്നാംഭാഗത്തിന്റെ ആഹ്വാനം, പ്രായശ്ചിത്തം, പ്രായശ്ചിത്തം, പ്രായശ്ചിത്തം എന്നു തന്നെയാണ്. മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിക്കു

വിൻ (മർക്കോ 1,15). വിശ്വാസികൾ വിശ്വാസത്തിലും, പ്രത്യാശയിലും ഉപവിയിലും വളരുക എന്നതാണു ദർശനങ്ങളുടെ ലക്ഷ്യമെന്നു സിസ്റ്റർ ലൂസിക്ക് ഇപ്പോൾ ബോധ്യമാവുകയും അത് അവൾ ലോകത്തോട് പറയുകയും ചെയ്തിരുന്നു (Congregation for the Doctrine of the Faith. The Message of Fatima Vatican City, 2000).

**വേളാങ്കണ്ണി മാതാവ്**

തമിഴ്നാട്ടിലെ വേളാങ്കണ്ണി തീർത്ഥാടന കേന്ദ്രത്തിലെ പരിശുദ്ധ മറിയത്തെ വിളിക്കുന്ന നാമമാണു വേളാങ്കണ്ണി മാതാവ് (ഒരു സ്ഥലത്തോടു ചേർത്തു മറിയവും പുണ്യാത്മാക്കളും അറിപ്പെടുന്ന പതിവു സഭയിൽ നിലനില്ക്കുന്നതാണ്). ഈ തീർത്ഥാടന കേന്ദ്രത്തിന്റെ ഉത്ഭവത്തെക്കുറിച്ചു പറയുന്നത് 16 ഉം–17 ഉം നൂറ്റാണ്ടുകളിൽ സംഭവിച്ച രണ്ടു മരിയദർശനങ്ങളാണ്. ഇവയിൽ ആദ്യത്തേത് ഒരിടയബാലനും രണ്ടാമത്തേത് ഒരു മുടന്തൻ കുട്ടിക്കുമുണ്ടായ മരിയദർശനമാണ്.

ഇടയബാലൻ പതിവുപോലെ മദ്ധ്യാഹ്നത്തിൽ ആട്ടുടമയുടെ വീട്ടിലേക്കു പോയപ്പോൾ ക്ഷീണിതനായി, 'നമ്മുടെ നാഥയുടെ കുളം' എന്ന് ഇന്നറിയപ്പെടുന്ന കുളക്കരയിലുള്ള ആൽവൃക്ഷത്തിന്റെ ചുവട്ടിൽ കിടന്നുറങ്ങി. ഉറക്കത്തിൽ ശബ്ദം കേട്ടുണർന്ന അവനോടു ശിശുവിനെ കരങ്ങളിൽ വഹിച്ചിരിക്കുന്ന സുന്ദരിയായ ഒരു സ്ത്രീ പാൽ ചോദിക്കുന്നതായിട്ടാണ് അവൻ കണ്ടത്. യജമാനനു കൊടുക്കേണ്ട പാൽ ആഗ്രഹാനുസരണം അവൻ ആ സ്ത്രീയ്ക്കു കൊടുത്തു. ഭയവിഹ്വലനായി യജമാന്റെ അടുത്തു ചെന്നു പാത്രം തുറന്നപ്പോൾ അതിൽ നിറയെ പാൽ ഉണ്ടായിരുന്നു. സംഭവിച്ചതറിഞ്ഞ ഹൈന്ദവ യജമാനൻ അവനോ ടൊത്തു ദർശനസ്ഥലത്തു ചെന്നപ്പോൾ അയാൾക്കും ഇതേ ദർശനം ഉണ്ടായി. തത്ഫലമായി ഹൈന്ദവരീതിയിലുള്ള ഒരു വണക്കം അന്നുമുതൽ അവിടെ ആരംഭിച്ചു.

രണ്ടാമത്തേത് ഇന്നത്തെ വേളാങ്കാണ്ണിക്കടുത്ത് നടുത്തിടു എന്ന സ്ഥലത്തു മോരു വിൽപ്പന നടത്തിവന്ന മുടന്തനായ ഒരു ബാലനുണ്ടായ ദർശനമാണ്. പരി. മരിയം അവനു പ്രത്യക്ഷപ്പെട്ടു തന്റെ ദൈവപൈതലിനു മോരു വാങ്ങികൊടുത്തശേഷം അവന്റെ മുടന്തു സുഖപ്പെടുത്തി. ഈ വിവരം അറിയിക്കാൻ നിർദ്ദേശിച്ച നാഗപട്ടണത്തെ കത്തോലിക്കനും ഇതേ ദർശനം ഉണ്ടായി.

ശിശുവോടൊത്ത് ഒരു ദിവ്യസ്ത്രീയെ തദ്ദേശവസികളായ ഹിന്ദുക്കൾ ഒരു ദേവതയെപോലെ ആദ്യദർശനം ഉണ്ടായ കുളക്കരയിൽ വണങ്ങുന്നതായി അറിഞ്ഞു. വേറൊരു ദർശനത്തിൽ ആ ദിവ്യസ്ത്രീയുടെ ബഹുമാനാർത്ഥം ഒരു ദേവാലയം പണിയണമെന്നാവശ്യപ്പെടുകയും ഓലമേഞ്ഞ ഒരു ഷെഡ് പണിത് ആ സ്ത്രീയുടെ ഒരു സ്വരൂപം സ്ഥാപിക്കുകയും ചെയ്തു. അവിടെ ധാരാളം ജനങ്ങൾ പ്രാർത്ഥിക്കുവാൻ വന്നിരുന്നു; എന്നുമാത്രമല്ല ധാരാളം അത്ഭുതങ്ങൾ ഇന്നും നടക്കുകയും ചെയ്യുന്നു. ഇതിനുതെളിവായി ക്രച്ചർ ഉപയോഗിച്ചു നടന്നവരുടെ ക്രച്ചറുകൾ, സന്താനഭാഗ്യം ലഭിച്ച മാതാക്കൾ സമർപ്പിച്ച തൊട്ടിലുകൾ, തുടങ്ങിയ നന്ദി സ്മാരകങ്ങൾ ഇന്നും ഇവിടെ കാണാം.

## മജ്ഗോറി (Medjugorge)

പശ്ചിമബോസ്നിയായിലെ ഹെർസെഗോവിന പ്രവിശ്യയിലാണ് മാജ്ഗോറ എന്ന ഗ്രാമം. കൊവാർസിയായുടെ തെക്കുപടിഞ്ഞാറൻ അതിർത്തിയിൽനിന്ന് 25 കി.മീറ്റർ അകലത്തിലാണ് ഈ സ്ഥലം. അറിയപ്പെടാതിരുന്ന ഈ ഗ്രാമം 1981-ൽ പരി.ക.മറിയം ആറുക്രിസ്തീയകുട്ടികൾക്കു പ്രത്യക്ഷപ്പെട്ടതുമുതലാണ് പ്രസിദ്ധമാകുവാൻ തുടങ്ങിയത്. 4000-ത്തോളം മാത്രം ജനങ്ങൾ താമസിച്ചിരുന്ന ഈ ഗ്രാമം ഇന്നു പട്ടണമായി വളർന്നിരിക്കുന്നു. പ്രതിവർഷം 30 ലക്ഷം തീർത്ഥാടകർ ഇവിടെ എത്തുന്നു എന്നാണു കണക്കാക്കപ്പെട്ടിരിക്കുന്നത്.

ലൂർദിലെയും ഫാത്തിമയിലെയും മറിയത്തിന്റെ വെളിപാടുകൾ സഭ അംഗീകരിച്ചു കഴിഞ്ഞു. എന്നാൽ ഈ രണ്ടു മരിയൻ തീർത്ഥാടനകേന്ദ്രത്തെക്കാൾ ലോകത്തെ ആകർഷിക്കുന്ന ഒരു സ്ഥലമാണു മജ്ഗോറ. മേല്പറഞ്ഞ മരിയൻവെളിപ്പെടുത്തലുകളിൽ നിന്നും വ്യത്യസ്തമാണ് ഇവിടെ നടന്ന വെളിപ്പെടുത്തൽ. ഉള്ളടക്കത്തിലും ആശയത്തിലും മജ്ഗോറയിലെ വെളിപ്പെടുത്തൽ അഞ്ചു ശീർഷകങ്ങളെപ്പെടുത്താം.

1. **വിശ്വാസം:-** ദൈവപിതാവിലും അവിടുന്നയച്ച ഏകപുത്രനിലുമുള്ള വിശ്വാസത്തിലേയ്ക്കുള്ള മറിയത്തിന്റെ വിളി

2. **പ്രാർത്ഥന: -** നിശബ്ദവും ആഴമേറിയതുമായ ഹൃദയത്തിന്റെ പ്രാർത്ഥനയിലേയ്ക്കുള്ള വിളി. ഇതോടൊപ്പം അനുദിനബലിയർപ്പണത്തിനും ജപമാല ചൊല്ലുന്നതിനും വി. ഗ്രന്ഥമനനത്തിനുമുള്ള വിളിയാണു മറിയം നല്കി വരുന്നത്. എല്ലാവരും മറിയത്തിന്റെ

വിമലഹൃദയത്തിനും ഈശോയുടെ തിരുഹൃദയത്തിനും സമർപ്പിക്കണം.

**3. ഉപവാസം:-** ബുധനാഴ്ചയും വെള്ളിയാഴ്ചയും ഉപവസിക്കുവാനുള്ള മറിയത്തിന്റെ ആഹ്വാനം.

**4. മാനസാന്തരം: –** മിശിഹായിലേയ്ക്കുള്ള മാനസാന്തരത്തിനുള്ള വിളി. 1981 ജൂൺ 26–നു മറിയം നല്കിയ ഉപദേശത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "സമാധാനം, സമാധാനം,സമാധാനം, ഏറ്റവും പ്രധാനപ്പെട്ടതു സമാധാനം മാത്രം. ദൈവവുമായും അപരനുമായും അനുരഞ്ജപ്പെടുക. ഇതു സാധിക്കുന്നതിനു വിശ്വസിച്ച്, പ്രാർത്ഥിച്ച്, ഉപവസിച്ച് അനുരഞ്ജന കൂദാശ സ്വീകരിക്കുക.

**5. സമാധാനം:-** സമാധാനം എന്നതുകൊണ്ട് ആത്മീയ സമാധാനമാണു ലക്ഷ്യമാക്കുന്നത്. ഇതു വിശ്വാസത്തിന്റെയും പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും മാനസാന്തരത്തിന്റെയും ഫലമാണ്. ഹൃദയത്തിൽ വിരിഞ്ഞുനിറയുന്ന ഈ ആത്മീയസമാധാനം ജീവിതത്തിന്റെ എല്ലാ തലങ്ങളിലും നിറഞ്ഞുവരണം.

ചുരുക്കത്തിൽ, വിശ്വാസത്തോടെ പ്രാർത്ഥിച്ച്, ഉപവാസത്തോടെ അനുതപിക്കുന്നവർ അനുരഞ്ജനകൂദാശ സ്വീകരിക്കുമ്പോൾ സമാധാനംകൊണ്ടു നിറയും. അനുതാപത്തിന്റെ പാത തുടരാനാവാത്ത അവസ്ഥയാണു പാപം. കൗദാശിക ജീവിതത്തിനും ആദ്ധ്യാത്മിക സാധനകൾക്കും വ്യക്തിപരമായ പ്രാർത്ഥനയ്ക്കുമുള്ള പ്രാധാന്യവും ആവശ്യകതയും മറിയം മജ്ഗോറയിൽ ഊന്നിപ്പറയുന്നു.

ഇവിടുത്തെ മരിയൻ ദർശനത്തെക്കുറിച്ച് അവസാനവാക്ക് സഭ ഇന്നുവരെ പറഞ്ഞിട്ടില്ല. ലോകശ്രദ്ധയാകർഷിക്കുന്ന ഈ സ്ഥലത്തെക്കുറിച്ചു ദൈവശാസ്ത്രപഠനം നടന്നുകൊണ്ടിരിക്കുന്നു.

ഈ മരിയൻതീർത്ഥാടനകേന്ദ്രത്തെക്കുറിച്ചും മറിയത്തിന്റെ ദർശനത്തെക്കുറിച്ചും സന്ദേശത്തെക്കുറിച്ചും തെറ്റായ വിവരങ്ങൾ നല്കിയ Tomisaslav Vasil എന്ന വൈദികന്റെമേൽസഭ 2009–ൽ ശിക്ഷണനടപടി സ്വീകരിച്ചു. തുടർന്നു മജ്ഗോറയിലെ മരിയൻദർശനം പഠനവിഷയമാക്കുന്നതിന് 2010–ൽ കർദ്ദിനാൾ കമില്ലോ റൂയിനി (Camillo Ruini) യുടെ നേതൃത്വത്തിൽ വിശ്വാസതിരുസംഘം ഒരു കമ്മീഷനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

**മഞ്ഞുമാതാവ്**

ലിബേരിയൂസ് മാർപാപ്പ (352-66)യുടെ കാലത്തു, മക്കൾ ഇല്ലാതിരുന്ന ഒരു റോമൻദമ്പതിതങ്ങളുടെ സ്വത്തു ദൈവമാതാവിന്റെ ബഹുമാനാർത്ഥം സഭയ്ക്കു നൽകാമെന്നു പ്രതിജ്ഞ ചെയ്തു. മറിയം ഈ പ്രതിജ്ഞ സ്വീകരിച്ചു എന്നതിന് ഒരടയാളമായാണ് വേനൽക്കാലത്തു റോമിലെ ഒരു കുന്നിൽ അദ്ഭുതകരമാംവിധം മഞ്ഞുപെയ്യുകയുണ്ടായി എന്നു വിശ്വസിച്ചു വരുന്നു. ആ രാത്രിയിൽ മറിയം ആ ദമ്പതികൾക്കു പ്രത്യക്ഷപ്പെടുകയും മഞ്ഞുപെയ്ത സ്ഥലത്ത് ഒരു ദേവാലയം പണിയാൻ ആവശ്യപ്പെടുകയും ചെയ്തു. ലിബേരിയൂസ് പാപ്പായ്ക്കും ഇതെപ്പറ്റി ഒരു ദർശനം ലഭിച്ചു. ദേവാലയം പണിയപ്പെട്ടു. പിന്നീട് സിക്സ്റ്റസ് മൂന്നാമൻ പാപ്പയുടെ കാലത്ത് (432-440) അതു പുനരുദ്ധരിച്ചു. ഇന്ന് ഈ ദൈവാലയം മേരിമേജർ ബസിലിക്ക എന്ന പേരിൽ അറിയപ്പെടുന്നു.

**എത്രയും ദയയുള്ള മാതാവേ!**

മരിയഭക്തിയുടെ സുവർണ്ണകാലമെന്നു വിശേഷിപ്പിക്കാവുന്ന പതിനഞ്ചാംനൂറ്റാണ്ടിൽ മരിയൻഭക്തിയിൽ ഉപയോഗിച്ചുതുടങ്ങിയ ഈ പ്രാർത്ഥന ഏതോ പൗരസ്ത്യപ്രാർത്ഥനകളിലെ ഒരു ചുരുങ്ങിയ രൂപമാണെന്നു പറയുന്നവരുണ്ട്. വിശുദ്ധ ബർണ്ണാദ് (1090-1153) "നമ്മുടെ മാതാവ്" "നക്ഷത്രത്തെ നോക്കുക", "മാതാവിന്റെ അപദാനങ്ങൾ വർണ്ണിച്ചാൽ ഒട്ടും അധികമാവില്ല" എന്നിങ്ങനെ ആവർത്തിച്ചു പറഞ്ഞിരുന്ന മാതാവിന്റെ വലിയ ഭക്തനായിരുന്നതിനാൽ ഈ പ്രാർത്ഥന അദ്ദേഹത്തിന്റെ (ബർണാർദിന്റെ 1090-1153) പേരിൽ തെറ്റായി ആരോപിക്കപ്പെട്ടു. ഫ്രാൻസിൽ ഈ പ്രാർത്ഥന പ്രചരിപ്പിച്ചതു ക്ലോഡ് ബർണ്ണാദ്

(+1461) എന്ന വൈദികനായിരുന്നു. ഈ യാഥാർത്ഥ്യവും വി.ബെർണ്ണാദിന്റേതാണ് ഈ പ്രാർത്ഥന എന്ന് ആരോപിക്കാൻ ഇടയായി. ഭക്തിനിർഭരവും ആവേശം നിറഞ്ഞതുമാണ് ഈ പ്രാർത്ഥന. പ്രാർത്ഥിക്കുന്നവരിൽ മാതാവിന്റെ നേർക്കുള്ള സ്നേഹവും അവളുടെ മാദ്ധ്യസ്ഥ്യത്തിലുള്ള പ്രത്യാശയും അതുവഴി ക്ലേശങ്ങളിൽ ലഭിക്കാവുന്ന ആദ്ധ്യാത്മികസമാധാനവും സുനിശ്ചിതമായി അനുഭവപ്പെടുമെന്നാണു ഭക്തരുടെ വിശ്വാസം. അതുകൊണ്ടു മരിയഭക്തർ തീക്ഷ്ണതയോടെ ഈ പ്രാർത്ഥന ചൊല്ലി വരുന്നു. പതിനെട്ടാം നൂറ്റാണ്ടിൽ വി.ലൂയി ദി മോൺ ഫോർട്ട്

ഇതിന്റെ സുദീർഘമായ പരിഷ്കരിച്ച ഒരു പതിപ്പ് രചിക്കുകയുണ്ടായി.

**വിമലഹൃദയഭക്തി**

മറിയത്തിനു തങ്ങളെതന്നെ സമർപ്പിക്കുന്ന പലതരത്തിലുള്ള ഭക്താനുഷ്ഠാനങ്ങളിൽ പ്രധാനമായ ഒന്നാണു മറിയത്തിന്റെ വിമലഹൃദയത്തോടുള്ള ഭക്തി. ഈശോയുടെ തിരുഹൃദയ ഭക്തിയുടെ പ്രചാരകനായിരുന്ന ജോൺ യൂദ് (Jean Eudes) ആണു വിമലഹൃദയഭക്തിയുടെ തുടക്കം കുറിച്ചതും പ്രചാരകനായി വർത്തിച്ചതും. ഈശോയുടെ തിരുഹൃദയഭക്തിയെക്കുറിച്ച് അദ്ദേഹം പ്രസിദ്ധീകരിച്ച The Sacred Heart of Jesus എന്നതിന്റെ ചുവടുപിടിച്ചാണ് അദ്ദേഹം തന്റെ മരണ വർഷത്തിൽ മറിയത്തിന്റെ വിമല ഹൃദയ ഭക്തിയുടെ പ്രാധാന്യം ആവശ്യകത, അടിസ്ഥാനം എന്നിവ വിവരിച്ചുകൊണ്ടു The Admirable Heart of Mary എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചത്.

മറിയത്തിന്റെ വിമല ഹൃദയത്തോടുള്ള ഭക്തി വളരെ ശാസ്ത്രീയമായി വിലയിരുത്തിയാണ് അദ്ദേഹം പഠനം നടത്തിയിട്ടുള്ളത്. മറിയത്തിന്റെ ഹൃദയത്തിന് മൂന്നു തലങ്ങളാണുള്ളത്.

1. ശാരീരികഅവയവമായ ഹൃദയം. ഈ ഹൃദയമാണു ദൈവപുത്രനു രക്തവും മറ്റു പോഷണങ്ങളും നല്കി ഉദരത്തിൽ വളർത്തിയത്.
2. ആത്മീയഹൃദയം: വിശുദ്ധമായ അവസ്ഥയാണിത്. ഇതുവഴി അവൾ ദൈവീകസ്വഭാവവുമായി ഐക്യപ്പെട്ടിരിക്കുന്നു.
3. ദൈവിക ഹൃദയം: ഇതുവഴിയാണു മറിയം ദൈവമാതൃ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടത്.

ഈ അർത്ഥത്തിലാണ് ഈശോ പിതാവായ ദൈവത്തിന്റെയും മറിയത്തിന്റെയും ഹൃദയമാണെന്ന് അദ്ദേഹം പഠിപ്പിക്കുന്നത്. അവതരിച്ച വചനം പിതാവിന്റെയും മറിയത്തിന്റെയും മാത്രമല്ല അവരുടെ ഹൃദയത്തിന്റെയും പുത്രനാണ്. അവൻ മറിയത്തിന്റെ ഉദരത്തിൽ ജനിച്ചതോടെ അവളുടെ ആത്മാവിന്റെയും ശരീരത്തിന്റെയും ഭാഗമാണ്. അതുവഴി മറിയം ത്രിത്വത്തിന്റെ ജീവന്റെ ഭാഗമായി തീർന്നു. ഇത്തരത്തിൽ മാതൃപുത്രബന്ധം വിവരിക്കുന്നതിലൂടെ പുത്രന്റെ ഹൃദയവുമായി ബന്ധപ്പെടുത്തി മറിയത്തിന്റെ ഹൃദയം പുത്രന്റെ എല്ലാ സ്വഭാവഗുണങ്ങളുമുള്ള ചെറിയ പതിപ്പാണെന്നും (microcosm) ഓർമിപ്പിക്കുന്നു.

അതിനാൽ തന്നെ ദൈവപുത്രന്റെതുപോലെ അവളുടെ സ്നേഹ ത്തിന്റെയും സമർപ്പണത്തിന്റെയും അടിസ്ഥാനത്തിൽ ലോകത്തി ന്റെതന്നെ ഒരു ചെറിയ പതിപ്പാണ്.

വിമലഹൃദയഭക്തി ഈശോയുടെ തിരുഹൃദയഭക്തിയുമായി ബന്ധപ്പെടുത്തി അതു മറിയത്തോടുള്ള വ്യക്തിപരമായ ബന്ധത്തിനായുള്ള ഒരു ഭക്താനുഷ്ഠാനമാണെന്നു പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു. 17ാം നൂറ്റാണ്ടുമുതൽ വളർന്നുവന്ന ഈ ഭക്താനുഷ്ഠാനം മറിയത്തിന്റെ അമലോദ്ഭവപ്രഖ്യാപന ത്തോടെ (1854) അമലോദ്ഭവഭക്തിയായി പ്രചരിച്ചു തുടങ്ങി. ഇതിനുമുമ്പു തന്നെ ഈ ഭക്താനുഷ്ഠാനത്തിന്റെ പ്രപാരണത്തിന്റെ ഭാഗമായി അമലോഭ്ദവഭക്തിയുടെ കാശുരൂപ ( miraculous medal of the Immaculate Conception 1832) വും അമലോദ്ഭവ ഹൃദയത്തിന്റെ സഹോദരന്മാർ എന്ന അല്മായ സംഘടന (Conferternity of the Holy and Immaculat Heart of Mary, Pope Gregory VI 1838) യും രൂപംകൊണ്ടു. തുടർന്നു ഫാത്തിമ ദർശനം ഈ ഭക്താനുഷ്ഠാനത്തിന്റെ വളർച്ചയ്ക്കു കാരണമായി. ഇതിനുമുമ്പുതന്നെ 1899-ൽ ലോകത്തെ മുഴുവനും ഈശോയുടെ തിരുഹൃദയത്തിനു 13-ാം ലെയോ മാർപാപ്പാ സമർപ്പിച്ചതിന്റെ തുടർച്ചയായി ഫാത്തിമ ദർശനം ലഭിച്ച ലൂസിയുടെ ആഗ്രഹ പ്രകാരം 1942-ൽ 12-ാം പിയൂസ് മാർപാപ്പാ ലോകത്തെ മുഴുവനു മായി മറിയത്തിന്റെ അമലോദ്ഭവ ഹൃദയ ത്തിനു സമർപ്പിച്ചു. 1982-ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ ഈ സമർപ്പണം തുടർന്നു.

തിരുഹൃദയഭക്തിപോലെതന്നെ ഇന്നും സഭയിൽ തുടരുന്ന ഒരു ഭക്താനുഷ്ഠാനമാണ് അമലോദ്ഭവ ഹൃദയഭക്തി. ഈ ഭക്താനു ഷ്ഠാനത്തിന്റെ ഭാഗമായി ഈശോയുടെയും മറിയത്തിന്റെയും ഹൃദയങ്ങൾ ചിത്രീകരിച്ചു വീടുകളിൽ സൂക്ഷിക്കുന്ന പതിവുണ്ട്. മാർഗ്രറ്റ് മേരി അലക്കോക്കിന് ഈശോ പ്രത്യക്ഷപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മുൾമുടി ചുറ്റപ്പെട്ടതായി ഈശോയുടെയും ശിമയോൻ പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ (ലൂക്ക 2, 35) പുഷ്പാലംകൃതവും വാളുകൊണ്ടു കുത്തിതുറക്കുന്ന രീതിയിലുള്ള മറിയത്തിന്റെ ഹൃദയവുമാണ് ഈ ചിത്രീകരണത്തിൽ കാണുന്നത്. അമലോത്ഭവ മറിയത്തിന്റെ ചിത്രം അടയാളപ്പെടുത്തിയിട്ടുള്ള പ്രത്യേക ഉത്തരീയം നിലനില്ക്കുന്നു. തിരുഹൃദയത്തിരുനാളിനു ശേഷം വരുന്ന ശനിയാഴ്ച വിമലഹൃദയത്തിരുനാളായി ആഘോ

ഷിച്ചു വരുന്നു. എല്ലാ മാസത്തെയും ആദ്യശനിയാഴ്ച വിമലഹൃദയ ദിനമായി ആഘോഷിക്കുന്നു.

**അഭിഭാഷക**

പരി.കന്യാമറിയത്തിനു നല്കിയിരിക്കുന്ന അഭിധാനങ്ങളിൽ പലപ്പോഴും സംശയാസ്പദമായി ചിന്തിക്കുകയും ദൈവശാസ്ത്ര ചർച്ചയ്ക്കു വിഷയീഭവിക്കുകയും ചെയ്തിട്ടുള്ളതാണു മറിയം 'അഭിഭാഷക' എന്നത്. കന്യകയായ പരി.മറിയം കന്യകയായ ഹവ്വയുടെ അഭിഭാഷക (Paracletos) യായി എന്നുള്ള ഇരണേവൂസിന്റെ പരാമർശം (Adversus Haereses) മുതൽ പല സഭാപിതാക്കന്മാരുടെ പഠനങ്ങളിലും പുരാതനരേഖകളിലും ഈ പഠനം കാണാവുന്നതാണ് (ദമാസ്ക്കസിലെ യോഹന്നാൻ 96,733; ഗായകനായ റൊമാനോസ് Hymns on Nativity II, SC 110, 110 ). 12-ാം നൂറ്റാണ്ടിലെ Salve Regina എന്ന ഗീതകത്തിലും (PL 183,43) മാർപാപ്പാമാരുടെ ഔദ്യോഗികരേഖകളിലും (Leo X, Pastoris Aeterni, 1520; T Gloriosae 1587; Clement IX, Sincera Nostra 1667; Clement XI, Commissi Nobis, 1708; Pius X, XI,XII) ഈ സംജ്ഞ ഉപയോഗിച്ചിട്ടുണ്ട്. അവസാനമായി രണ്ടാം വത്തിക്കാൻ പ്രമാണരേഖകളിലും ഈ പദം ഉപയോഗിച്ചിരിക്കുന്നതു കാണാം (LG 62).

കൃത്യമായ അർത്ഥത്തിൽ മറിയത്തിന്റെ മാദ്ധ്യസ്ഥ്യമാണ് ഇതിലെ ഉള്ളടക്കം. ദൈവശാസ്ത്രപരമായ പ്രശ്നങ്ങൾ ഈ പദം ഉപയോഗിക്കുന്നതുവഴി ഉണ്ടാകാവുന്നതു കൊണ്ടു വ്യക്തതയോടെ ഇതു ഉപയോഗിക്കണമെന്നാണു സഭയുടെ പഠനം. മറിയം മാദ്ധ്യസ്ഥയാണ്; എന്നാൽ, അതു കർത്താവിന്റെ ഏകമാദ്ധ്യസ്ഥ്യത്തിൽ നിന്നുള്ളതും ക്രിസ്തുവിലേയ്ക്കു നയിക്കുന്നതും എന്നാൽ ക്രിസ്തുവിന്റെ ഏകമാദ്ധ്യസ്ഥ്യത്തെ ഒരു വിധത്തിലും ഹനിക്കാത്തതുമാണ് LG 60,61,62;വി.അംബ്രോസ് Epistle 63,PL 16,1218). ഈ ആശയത്തിൽതന്നെ യാണ് അഭിഭാഷക എന്നതു മനസ്സിലാകേണ്ടതും.

**ഡോ. ജോർജ്ജ് കറുകപ്പറമ്പിൽ**

# 10

## മരിയവിജ്ഞാനീയം: വത്തിക്കാൻ സൂനഹദോസിന്റെ വീക്ഷണത്തിൽ

തിരുസഭയെക്കുറിച്ചുള്ള വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖയിൽ (Lumen Gentium) "ദൈവമാതാവായ ഭാഗ്യപ്പെട്ട കന്യകാമറിയം മിശിഹാരഹസ്യത്തിലും സഭാരഹസ്യത്തിലും" എന്ന 8-ാം അദ്ധ്യായം ഉൾപ്പെടുത്തിയിട്ടുണ്ട്.

പ.കന്യകാമറിയത്തെക്കുറിച്ചുള്ള ദൈവശാസ്ത്രപരവും അജപാലനപരവും പക്വതയാർന്നതുമായ പഠനമാണിത്. ക്രിസ്തുശാസ്ത്രത്തിന്റെയും സഭാശാസ്ത്രത്തിന്റെയും അടിസ്ഥാനത്തിൽ മരിയശാസ്ത്രം വിവരിക്കുന്ന ഭാഗമാണിത് (LG 5269).

പരമ്പരാഗതമായി മറിയത്തെക്കുറിച്ചു സഭ വിശ്വസിച്ചുപോന്ന എല്ലാ കാര്യങ്ങളും കൗൺസിൽ ഇവിടെ അംഗീകരിച്ചുപഠിപ്പിക്കുന്നു.

1. മറിയം ദൈവപുത്രനായ മിശിഹായുടെ മാതാവാണ്.
2. പരിശുദ്ധാത്മാവാൽ അവൾ ഗർഭവതിയായി (LG 53).
3. മറിയംആ വലിയദൗത്യത്തിനായി അനാദിമുതൽ

   തെരെഞ്ഞെടുക്കപ്പെട്ടു(LG 61).
4. മിശിഹായുടെ രക്ഷാകരദൗത്യത്തിന്റെ മറിയത്തിനുപ്രധാന മായ ഒരു സ്ഥാനമുണ്ട് (LG 58).
5. ഇതിനടിസ്ഥാനം നിത്യകന്യകയായ മറിയത്തിന്റെ ദൈവമാതൃത്വമാണ്.
6. മറിയം പാപലേശമെന്യേ ജനിച്ചവളാണ്.
7. അവൾ ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിലേയ്ക്ക് എടുക്കപ്പെട്ടവളാണ് (LG 59).
8. പന്തെക്കൊസ്തയിൽ ശ്ലീഹന്മാരോടൊപ്പം പരിശുദ്ധാത്മവിനെ മറിയം സ്വീകരിച്ചു.
9. മറിയം സഭയിൽ സഹായകയും മദ്ധ്യസ്ഥയുമാണ് (LG 62).
10. മറിയത്തിന്റെമാദ്ധ്യസ്ഥ്യംമിശിഹായുടെ ഏകമാദ്ധ്യസ്ഥ്യത്തിൽ നിന്നു വ്യത്യസ്തമാണ്. മിശിഹായുടെമാദ്ധ്യസ്ഥ്യം പൂർണ്ണവും അനന്യവുമാണ്.
11. മറിയം സഭയുടെ മാതൃകയും പ്രതീകവുമാണ് (LG 63).
12. മറിയം ജീവന്റെ ഉറവിടമായ മിശിഹായെ ലോകത്തിനു നല്കിയതുപോലെ സഭ തന്റെ രക്ഷാകരപ്രവർത്തനത്തിലൂടെ ജീവൻ പങ്കിടുന്നു.
13. മറിയം പരിശുദ്ധയായിരുന്നതുപോലെ സഭ നിർമലയും പരിശുദ്ധയുമായി തന്റെ മണവാളന്റെ വധുവായി നിലകൊള്ളുന്നു (LG 64).
14. മറിയം വിശ്വാസികളുടെ മാതൃകയാണ് (LG 65).
15. മറിയത്തിന്റെ മാദ്ധ്യസ്ഥ്യം ആരാധനക്രമത്തിൽ സഭ യാചിക്കുന്നു (LG 6667).

കൗൺസിലിന്റെ മരിയശാസ്ത്രം ദൈവശാസ്ത്രത്തിലും സഭാചരിത്രത്തിലും ഒരു വിപ്ലവമായിരുന്നു. കൗൺസിലിൽ മരിയശാ

സ്ത്രത്തിന്റെ പ്രത്യേകതകൾ:

1. മരിയശാസ്ത്രവും രക്ഷാകരചരിത്രവും തമ്മിലുള്ള ബന്ധം ദൈവശാസ്ത്രപരമായി വിശദീകരിച്ചു. ഇതിൽ മറിയത്തിന്റെ ജീവിതത്തിനും ദൗത്യത്തിനും രക്ഷാകരമായ മാനം നൽകി മറിയത്തെ ചരിത്രത്തിൽ ജീവിച്ചിരുന്ന വിശ്വസിച്ച ഒരു കന്യകയായി കാണാൻ ശ്രമിച്ചു.

2. വി. ഗ്രന്ഥമാനം: മറിയത്തെ വി. ഗ്രന്ഥ പരാമർശങ്ങളുടെ വെളിച്ചത്തിൽ കാണാൻ ശ്രമിച്ചു. അതിൽനിന്ന് അവളുടെ ദൗത്യവും വ്യക്തിത്വവും വിരചിച്ചു.

3. സഭാത്മകമാനം : മറിയത്തെ സഭയുടെ പ്രതീകമായും കന്യകയായും അമ്മയായും കാണാൻ ശ്രമിച്ചു. ഇതുവഴി മറിയം സഭയിലെ പ്രഥമാംഗമാണ് എന്ന ആശയം വളർന്നുവന്നു.

4. സഭൈക്യമാനം : മറിയത്തെയും അവളുടെ ദൗത്യത്തെയും സഭകളെ യോജിപ്പിക്കുന്ന കണ്ണിയായി കാണാനുള്ള ഐക്യശ്രമം കൗൺസിലിന്റെ മരിയശാസ്ത്രത്തിന്റെ പ്രത്യേകതയാണ്.

ഈ പ്രത്യേകതകൾ മരിയശാസ്ത്രത്തിന്റെ വളർച്ചയിൽ പുതിയ വഴിത്തിരിവായി. മരിയ ശാസ്ത്രം ആഴമേറിയ പഠനങ്ങൾക്കു തുടക്കം കുറിച്ചു. സഭൈക്യചർച്ചകളിൽ മറിയത്തിനു പ്രധാന സ്ഥാനവും നൽകിത്തുടങ്ങി. രക്ഷകന്റെ അമ്മയോടുള്ള ബഹുമാനം വർദ്ധമാനമായി. ഇതിന്റെ തെളിവാണ് Christi Matri(സെപ്റ്റം 15, 1966, പോൾ ആറാമൻ) Signum Magnum (മെയ് 13, 1967, പോൾ ആറാമൻ). മരിയാലിസ് കുൾത്തൂസ് (ഫെബ്രു 2, 1974, പോൾ ആറാമൻ) എന്നീ സഭാരേഖകൾ. 1987 മാർച്ച് 25-ന് ജോൺപോൾ രണ്ടാമൻ മാർപാപ്പാ പ്രസിദ്ധപ്പെടുത്തിയ (രക്ഷകന്റെ മാതാവ്) എന്ന ചാക്രിക ലേഖനം ഈ പഠനങ്ങളുടെയെല്ലാം ഒരു സമുച്ചയമായി കാണാവുന്നതാണ്.

സഭയും മറിയവും തമ്മിലുള്ള ബന്ധം കൗൺസിൽ വളരെ വ്യക്തമായി വിശദീകരിച്ചു. ക്രിസ്തു തന്റെ മൗതികശരീരത്തിന്റെ ശിരസ്സാണ്. മറിയം ഈ ശരീരത്തിലെ സവിശേഷാംഗവും മാതാവും മാതൃകയുമാണ്. സഭയെന്നതു രക്ഷിക്കപ്പെട്ട കുടുംബമാണ്. ഇതിൽ മിശിഹാ ശിരസ്സും മറിയം മാതാവുമാണ്. മറ്റെല്ലാ അംഗങ്ങളും ആ കുടുംബത്തിലെ അംഗങ്ങളാണ്. മറിയത്തിൽ പരിശുദ്ധാത്മാവിനാൽ

ഉരുവാക്കപ്പെട്ടതു പോലെ സഭാതനയർ, ആത്മാവിലൂടെ സഭയിൽ ജനിക്കുന്നു. ഇങ്ങനെതന്നെയായിരുന്നു മറിയത്തിന്റെ ജനനവും. എന്നാൽ മറിയത്തിലുള്ള പ്രത്യേകത, സഭയിലെ മറ്റംഗങ്ങൾ മാമ്മോദീസായിൽ പരിശുദ്ധാത്മാവിലൂടെ വുശുദ്ധീകരിക്കപ്പെടുന്നു വെങ്കിൽ, മറിയം മാതാവിന്റെ ഉദരത്തിൽ ഉരുവാക്കപ്പെട്ടതോടെ വിശുദ്ധീകരിച്ചു. മറിയത്തിന്റെ സവിശേഷതെരഞ്ഞെടുപ്പും അമലോദ്ഭവവുമാണ് ഇവിടെ കൗൺസിൽ വിവക്ഷിക്കുത്. വിശുദ്ധിയിൽ ദൈവപുത്രൻ ജനിക്കുന്നതിനു, പാപം ചെയ്യുന്നതിനുമുമ്പുള്ള പരിശുദ്ധിയാൽ നിറഞ്ഞ ആദ്യ ഹവ്വയുടെ സ്ഥാനമാണു മറിയത്തിനുള്ളത്.

മറിയത്തെക്കുറിച്ചുള്ള കൗൺസിലിന്റെ പഠനം മരിയശാസ്ത്രത്തിന്റെ വിപ്ലവാത്മകമായ വ്യതിയാനമാണു വരുത്തിയത്. കൗൺസിലിനു മുമ്പും അതിനുശേഷവും ഉണ്ടായ മരിയശാസ്ത്ര പഠനങ്ങൾ ദൈവശാസ്ത്രപരമായി വളരെ വ്യത്യസ്തമാണ്. തിരുസഭയെക്കുറിച്ചുള്ള പ്രമാണരേഖ പ്രഖ്യാപിച്ചുകൊണ്ട് 1964 നവംബർ 21-ന് പോൾ 6-ാംമൻ മാർപാപ്പ ഇങ്ങനെ പ്രഖ്യാപിച്ചു. സഭാമക്കളും ഇടയന്മാരും ഉൾക്കൊള്ളുന്ന ദൈവമക്കളുടെ സമൂഹമാകുന്ന സഭ മറിയത്തെ സഭയുടെ മാതാവ് എന്നാണു വിളിക്കുന്നത്.

മറിയത്തെ പൂർണ്ണമായി മനസ്സിലാകുന്നതു ദൈവപുത്രനായ ക്രിസ്തു വഴിയാണ്. ക്രിസ്തു ശിരസ്സായ ദൈവമക്കളുടെ കുടുംബമായി സഭയെ നിർവചിച്ചുകൊണ്ടു മറിയത്തെ സഭയിലൂടെ മനസ്സിലാക്കണമെന്നും അവൾ സഭയുടെ മാതാവാണെന്നും കൗൺസിൽ പ്രഖ്യാപിച്ചു. മിശിഹാ - സഭ - മറിയം ബന്ധത്തിനു ദൈവശസ്ത്രപരമായ മാനം നൽകി കൗൺസിൽ മരിയശാസ്ത്രത്തിനു പുതിയ ഒരു അടിത്തറയിട്ടു. കൗൺസിലിന്റെ മരിയശാസ്ത്രം പ്രധാനമായും വിശദീകരിക്കുന്നതിന് അടിസ്ഥാനമായിട്ടുള്ളത്.

ജനതകളുടെ പ്രകാശത്തിലെ 8-ാംമത്തെ അദ്ധ്യായം (52-69) 29വിശുദ്ധഗ്രന്ഥ ഉദ്ധരണികൾകൊണ്ടു നിറഞ്ഞതാണ്. അതിൽ 22 എണ്ണം പൂർണ്ണമായി ഉദ്ധരിച്ചിട്ടുള്ളതുമാണ്. പൗരസത്യവും പാശ്ചാത്യവുമായ സഭാപിതാക്കന്മാരുടെ 22 ഉദ്ധരണികൾകൊണ്ട് അലംകൃതമാണ് ഈ പഠനംഭാഗം. ഇതിലെ പ്രധാനപഠനങ്ങൾ താഴെ ചേർത്തിരിക്കുന്നു.

**LG 52-54:** ദൈവത്തിന്റെ മനുഷ്യരക്ഷാപദ്ധതിയിൽ മറിയത്തി

നുള്ള പ്രധാനസ്ഥാനമാണ് ഇതിലെ പ്രതിപാദ്യവിഷയം. സഭാരഹസ്യത്തിലും മിശിഹാ രഹസ്യത്തിലും മറിയവും അവളുടെ നാമവും അവഗണിക്കാനാവാത്ത വിധം ചേർക്കപ്പെട്ടിരിക്കുന്നു. ശിരസ്സായ ക്രിസ്തുവിന്റെ അവയവങ്ങളായി വിശ്വാസികൾ സഭയിൽ ജനിക്കാൻ സ്നേഹം നിമിത്തം സഹകരിച്ചതിനാൽ അവൾ സകല അംഗങ്ങളുടെയും മാതാവത്രേ! തന്മൂലം സഭയിലെ അതിശ്രേഷ്ഠവും അതുല്യവുമായ അംഗവും സ്നേഹത്തിലും വിശ്വാസത്തിലും തിരുസഭയുടെ അതി വിശിഷ്ടമായ പ്രതിരൂപവും മഹനീയമായ മാതൃകയുമാണവൾ.

**LG 55:** രക്ഷകന്റെ വരവിനായി പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവളും ഒരുക്കപ്പെട്ടവളുമാണ് മറിയം. പഴയ പുതിയനിയമങ്ങളും സഭാപിതാക്കന്മാരും രക്ഷാപദ്ധതിയിൽ മറിയത്തിന്റെ സ്ഥാനം വ്യക്തമാക്കുന്നു.

**LG 58:** മംഗലവാർത്തയിൽ മറിയം സമ്മതം നൽകുന്നതിലൂടെയാണു പുതിയ നിയമം ആരംഭിക്കുന്നത്. മറിയത്തിന്റെ വിശ്വാസവും സമർപ്പണവും കന്യാത്വവും അമലോത്ഭവവും ഇതിന്റെ അടിസ്ഥാനവും കേന്ദ്രബിന്ദുക്കളുമാണ്.

**LG 57-59:** ക്രിസതുവിന്റെ രക്ഷാകരപ്രവർത്തനത്തിൽ അവൾ അനന്യമായും പൂർണ്ണമായും പങ്കുചേർന്നു. നസ്രത്തിൽ അമ്മയായിരുന്ന അവൾ കാനാമുതൽ കാൽവരിവരെ ഒരു വിശ്വസ്ത ശിഷ്യയെപ്പോലെ പിൻതുടർന്നു, പുത്രനു ക്തി പകരുകയും രക്ഷാകര പ്രവർത്തനത്തിന്റെ പങ്കു കൊള്ളുകയും ചെയ്തു. അതിന്റെ ഫലമായി അവൾ രക്ഷിക്കപ്പെട്ട സമൂഹത്തിന്റെ അമ്മയായ രണ്ടാമത്തെ ഹവ്വയായി തെരെഞ്ഞെടുക്കപ്പെട്ടു.

**LG 60-62:** ഇവിടെ ഈ അദ്ധ്യായത്തിന്റെ രണ്ടാം ഭാഗം ആരംഭിക്കുകയാണ്. മറിയവും സഭയും തമ്മിലുള്ള ബന്ധമാണു പ്രധാന പഠനവിഷയം. സഭയുടെ ജീവിതത്തിൽ മറിയത്തിനു രണ്ടാംസ്ഥാനമാണ്. 60–62 വരെയുള്ള ഖണ്ഡികയിലെ പ്രധാന പഠനം അവൾ സഭാ മക്കൾക്കു ദൈവത്തിനുമുമ്പിൽ മദ്ധ്യസ്ഥയാണ് എന്നതാണ്. എന്നാൽ മറിയത്തിന്റെ ഈ മാദ്ധ്യസ്ഥ്യം മിശിഹായുടെ 'ഏകമദ്ധ്യസ്ഥൻ' (1 തിമോ 2,5) എന്ന സ്ഥാനത്തിനു കുറവുവരുത്തുന്നില്ല.

**LG 63-65:** "ദൈവജനനി സഭയുടെ മാതൃക" യാണെന്ന വി.അ

ബ്രോംസിന്റെ പഠനം ഉദ്ധരിച്ചുകൊണ്ടു (ലൂക്കായുടെ സുവിശേഷ വ്യാഖ്യാനം എഎ, 7) മറിയം സഭയുടെ പ്രതിരൂപമാണെന്നു സുന ഹദോസ് പഠിപ്പിക്കുന്നു. ഇതിനുള്ള ദൈവശാസ്ത്രാടിസ്ഥാനങ്ങ ളാണ് ഇവിടെ വിശദീകരിക്കുന്നത്.

**LG 66-67:**ദൈവമാതാവും ക്രിസ്തുവിന്റെ ജീവിത രഹസ്യങ്ങ ളിൽ പങ്കുകാരിയുമായി സഭ മറിയത്തെ പ്രത്യേകവിധം ബഹുമാ നിക്കുന്നതു യുക്തമാണെന്ന ആഹ്വാനത്തോടെ മറിയത്തോടുള്ള ഭക്തി എപ്രകാരമുള്ളതായിരിക്കണമെന്ന് ഈ ഭാഗത്തു വിശദീക രിച്ചു പഠിപ്പിക്കുന്നു. ക്രിസ്തുവിനു കൊടുക്കുന്ന ബഹുമാനത്തെ മരിയഭക്തിയെക്കാൾകൂടുതലാകരുത്. മറിയത്തോടുള്ള ബഹുമാനം ഭക്തിയുടെ വികാരം മാത്രം ഉൾക്കൊള്ളുന്നതുമാകരുത്. അതോ ടൊപ്പം തിരുക്കർമ്മങ്ങളിലൂടെ മറിയത്തോടുള്ള ഭക്തി ഔദാര്യ പൂർണ്ണം വർദ്ധിപ്പിച്ചുകൊണ്ടുവരണമെന്നു കൗൺസിൽ നിർദ്ദേശി ക്കുന്നു.

**LG 68-69:** മറിയത്തിന്റെ മാദ്ധ്യസ്ഥതയുടെ പ്രത്യേകത എടുത്തു പറഞ്ഞുകൊണ്ടു സഭൈക്യത്തിൽ ഇതു സഹായകമായ ഒരു ഘട കമാകുമെന്നു കൗൺസിൽ പ്രത്യാശിക്കുന്നു. കർത്താവിന്റെ മഹ ത്വത്തിൽ സഭ ഒന്നായിത്തീരുന്നതുവരെ ''മറിയം ഭൂമുഖത്തു തീർത്ഥാടനം ചെയ്യുന്ന ദൈവജനത്തിനു സുനിശ്ചിതമായ പ്രതീ ക്ഷയുടെയും സമാശ്വാസത്തിന്റെയും അടയാളമായി പ്രകാശിക്കു ന്നവളാണ്'' എന്നു കൗൺസിൽ പഠിപ്പിക്കുന്നു.

## മറ്റു പ്രമാണരേഖകൾ

### 1.ആരാധനക്രമം (*Sacrosanctum Concilium* 103)

ഇവിടെ സഭയും മറിയവും തമ്മിലുള്ള പ്രത്യേക ബന്ധമാണു വ്യക്തമാക്കുന്നത്. ''ക്രിസ്തുവിന്റെ ജീവിതരഹസ്യങ്ങൾ ആരാധ നാക്രമത്തിലെ ഒരു വർഷത്തിൽ ആഘോഷിക്കുന്നതോടുകൂടി ദൈവമാതാവായ പരിശുദ്ധമറിയത്തെയും തിരുസഭ പ്രത്യേക സ്നേഹത്തോടെ ബഹുമാനിക്കുന്നു. സ്വപുത്രന്റെ രക്ഷാകരകൃത്യ ങ്ങളോട് അഭേദ്യമായ ബന്ധം അവൾക്കുണ്ടായല്ലോ. രക്ഷയുടെ അതിവിശിഷ്ടമായ ഫലം സഭ അവളിൽ കാണുകയും അതിൽ വിസ്മയഭരിതയാവുകയും ചെയ്യുന്നു. മാത്രമല്ല, സഭ സ്വയം എന്താ യിരിക്കുവാൻ ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്നുവോ

അതിന്റെ അവികലമായ ഒരു മാതൃകയായി അവളെത്തന്നെ കരുതുകയും ചെയ്യുന്നു".

**2. അത്മായപ്രേഷിതത്വം (*Apostolican Actuositatem* 4)**

"ഇത്തരം ആദ്ധ്യാത്മികജീവിതത്തിന്റെയും പ്രേഷിതപ്രവൃത്തിയുടെയും ഉത്തമ മാതൃകയാണു ശ്ലീഹന്മാരുടെ റാണിയായ പരി. കന്യകമറിയം. മറ്റ് ആരേയും പോലെ അവളും ഈ ലോകത്തിൽ ജീവിച്ചു. അവൾക്കും ഉണ്ടായിരുന്നു കുടുംബത്തിലെ ചുമതലകളും വിഷമതകളും. എന്നാൽ, അവൾതന്റെ ദിവ്യ പുത്രനോടു ഗാഢബന്ധത്തിൽ ഐക്യപ്പെട്ടിരുന്നു. അങ്ങനെ, അവൾ രക്ഷണീയകൃത്യത്തിൽ അതുല്യമായ പങ്കു വഹിച്ചു. സ്വർഗ്ഗാരോപിതയായ അവൾ തന്റെ പുത്രന്റെ സഹോദരന്മാരും സഹോദരികളുമായ നമ്മെ നിത്യസൗഭാഗ്യത്തിലെത്തുന്നതുവരെ മാതൃസഹജമായ സ്നേഹത്തോടെ പരിരക്ഷിക്കുന്നു. കാരണം, നാം ഇപ്പോഴും ഈ ലോകത്തിന്റെ യാത്രക്കാരാണ്. അപകടങ്ങളും ആകുലചിന്തകളും നമ്മെ ആവരണം ചെയ്തിരിക്കുന്നു. എല്ലാവരും ഈ നാഥയെ ഭക്തിപുരസരം വണങ്ങുകയും തങ്ങളുടെ ജീവിതവും പ്രേഷിതത്വവും അവളുടെ മാതൃസഹജമായ സംരക്ഷണത്തിൽ സമർപ്പിക്കുകയും വേണം".

**3. സന്ന്യാസജീവിതം (*Perfectae Caritatis* 25)**

"ദൈവമാതാവായ പരി.കന്യകമറിയത്തിന്റെ മാദ്ധ്യസ്ഥ്യത്താൽ അനുദിനം അവർ എണ്ണത്തിൽ വർദ്ധിച്ചുവരുകയും രക്ഷയുടെ ഫലങ്ങൾ ധാരാളമായി പുറപ്പെടുവിക്കുകയും ചെയ്യും. ദൈവമാതാവിന്റെ ജീവിതം എല്ലാവർക്കും ഒരു ജീവിതപ്രമാണംതന്നെ ആയിരുന്നല്ലോ" (*Ambrosius, De Virginitate* 15).

**4. വൈദികപരിശീലനം(*Optatam Totius 8*).**

പുത്രസഹജമായ മനോഭാവത്തോടെ പരി.കന്യകമറിയത്തെ വൈദികാർത്ഥികൾ സ്നേഹിക്കുകയും വണങ്ങുകയും ചെയ്യേണ്ടതാണ്. കുരിശിൽ കിടന്നുകൊണ്ടു മറിയത്തെയാണു മിശിഹാ തന്റെ ശിഷ്യനു മാതാവായി നൽകിയത്.

**5. വൈദികർ (*Presbyterorum Ordinis PO* 18)**

ഇപ്രകാരമുള്ള സാക്ഷീകരണത്തിന് അത്ഭുതകരമായ ഒരു മാതൃക മറിയത്തിൽ എന്നും ദർശിക്കാം. പരിശുദ്ധാത്മാവിനാൽ നയി

ക്കപ്പെട്ട അവൾ മാനവരക്ഷയുടെ രഹസ്യത്തിനു പൂർണ്ണമായി സമർപ്പിച്ചു. ഉന്നതനും നിത്യനുമായ പുരോഹിതന്റെ മാതാവും അപ്പസ്തോലന്മാരുടെ രാജ്ഞിയും സംരക്ഷകയുമായ മറിയത്തെ വൈദികർ പുത്രസഹജമായ ഭക്ത്യാദരങ്ങളോടെ വണങ്ങുകയും സ്നേഹിക്കുകയും വേണം.

### 6. പ്രേഷിത പ്രവർത്തനം (*Ad Gentes* 4)

അപ്പസ്തോലന്മാരുടെ പ്രവർത്തനം പന്തക്കുസ്താദിനത്തിൽ സമാരംഭിച്ചു. പരിശുദ്ധാരൂപി കന്യകാമറിയത്തിന്റെ മേൽ ആവസിച്ചതോടെ അവൾ ദൈവപുത്രനെ ഗർഭം ധരിച്ചു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ക്രിസ്തുവിന്റെമേൽ ആ അരൂപി ആവസിച്ചപ്പോൾ അവിടുന്നു തന്റെ ശുശ്രൂഷാദൗത്യത്തിന് ഇറങ്ങിപുറപ്പെടുകയും ചെയ്തു.

### മറിയം ദൈവശാസ്ത്രകാരന്മാരുടെ വീക്ഷണത്തിൽ

രണ്ടാം വത്തിക്കാൻ കൗൺസിൽ നിർദ്ദേശിച്ചതുപോലെ കൗൺസിലിനു ശേഷമുള്ള ദൈവശാസ്ത്രപരമായ ചിന്തയുടെ ഒന്നാമത്തെ അച്ചുതണ്ടു സഭയുടെ നവീകരണത്തിന്റെ വിഷയമാണ്. എന്നാൽ, കൗൺസിലിനുശേഷമുണ്ടായ ഗ്രന്ഥങ്ങളിൽ, മറിയം സഭയുടെ മാതൃക എന്നുള്ള സഭാപിതാക്കന്മാരുടെ പ്രബോധനത്തിനു വേണ്ടത്ര പരിഗണന നൽകപ്പെട്ടില്ല എന്നതു വിസ്മയനീയമാണ്. ബൈബിൾസംബന്ധമായ ദൈവശാസ്ത്രത്തിന്റെ മണ്ഡലം സംബന്ധിച്ചും ഇതു വാസ്തവമാണ്. കാരണം, നാലാം സുവിശേഷത്തിലെ മരിയൻഭാഗങ്ങളെയും വെളിപാട് 12-ലെ സ്ത്രീയെയും സഭാപരമായ വീക്ഷണത്തോടെ വ്യാഖ്യാനിക്കുന്ന വളരെ കുറച്ചുപഠനങ്ങളേ ഉണ്ടായിട്ടുള്ളൂ. എന്നാലും മറിയത്തെക്കുറിച്ചുള്ള സഭാശാസ്ത്രപരമായ വ്യാഖ്യാനം സംബന്ധിച്ചിടത്തോളം കൗൺസിലിന്റെ അരൂപി ഉൾക്കൊണ്ടു ഗ്രന്ഥങ്ങൾ രചിച്ച ചില ഗ്രന്ഥകർത്താക്കളെ പൂർണ്ണമായി അവഗണിക്കാൻ സാധ്യമല്ല. ഈ പ്രബന്ധവിഷയപാശ്ചാത്തലത്തിൽ അതുമായി ബന്ധപ്പെട്ട ആശയങ്ങൾ മാത്രം ഇവിടെ പ്രതിപാദിക്കുന്നു.

### 1. മറിയം: സഭയുടെ പ്രതിരൂപം

കൗൺസിലിന്റെ കാലഘട്ടത്തിൽത്തന്നെ വി. ഗ്രന്ഥാധിഷ്ഠിതമായ ദൈവശാസ്ത്രത്തിന്റെ മണ്ഡലത്തിലുണ്ടായ അവിസ്മരണീ

യമായ ഒരു ലഘുഗ്രന്ഥത്തെപ്പറ്റി ഇവിടെ സൂചിപ്പിക്കേണ്ടിയിരുക്കുന്നു. മാക്സ്തൂരിയൻ (Max Turian 1921-1996) എഴുതിയ Mary Mother of Lord, Figure of Church എന്നഗ്രന്ഥമാണിത്. അദ്ദേഹം എഴുതുന്നു: "മറിയത്തെയും സഭയെയും വേർതിരിച്ചു നിർത്താൻ സുവിശേഷത്തിനോ ഭൂതകാല ക്രൈസ്തവ പാരമ്പര്യത്തിനോ കഴിഞ്ഞിട്ടില്ല. മറിയത്തെപ്പറ്റിപ്പറയുക എന്നതിനർത്ഥം സഭയെപ്പറ്റി പറയുക എന്നതാണ്. രണ്ടും മൗലികമായ ഒറ്റ ദൗത്യത്തിൽ - മാതൃത്വത്തിൽ - ഒന്നിപ്പിക്കപ്പെട്ടിരിക്കുന്നു". കർത്താവിന്റെ അമ്മയായ മറിയം സഭയുടെ പ്രതിരൂപമാണെന്ന നിഗമനത്തിൽ അദ്ദേഹം എത്തിച്ചേരുന്നു. സുവിശേഷങ്ങളിൽ മറിയത്തെയും വെളിപാട് 12-ലെ സ്ത്രീയെയും പറ്റി കാണുന്നഭാഗങ്ങൾ സംബന്ധിച്ച ദൈവശാസ്ത്രപരമായ ചിന്തയിലൂടെയാണ് അങ്ങനെചെയ്യുന്നത്. മറിയത്തിന്റെ ജീവിതവിളിയെപ്പറ്റിയുള്ള ചിന്ത ഒരേസമയത്തു സഭയുടെ ജീവിതവിളിയെപ്പറ്റിയുള്ള ചിന്തതന്നെയാണ് എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

### 2. മറിയം: പുതിയ ഹവ്വ - സീയോൻ

യോഹന്നാന്റെ സുവിശേഷത്തിൽ മറിയത്തെപ്പറ്റി പറയുന്ന ഭാഗങ്ങൾ, വെളിപാട് 12-ലെ സ്ത്രീ എന്നിവയെപ്പറ്റി എ. ഫ്യൂലെറ്റ് ധാരാളം എഴുതിയിട്ടുണ്ട്. ഈശോയുടെ അമ്മ ശ്രേഷ്ഠശിഷ്യന്റെ അമ്മയായിത്തീരുന്ന ഈ ചരിത്രം പഴയനിയമത്തിലെ രണ്ടു പ്രമേയങ്ങൾ മിശിഹായുഗത്തിലെ പുതിയ ജനത്തിനു ജന്മം നൽകുന്ന സ്ത്രീ "സീയോൻ" എന്ന പ്രമേയവും ഓർമ്മിപ്പിക്കുന്നു. യോഹന്നാന്റെ ചിത്രീകരണത്തെക്കുറിച്ച് അദ്ദേഹം നടത്തിയ പഠനങ്ങൾ ഈ വസ്തുതയുടെ സൂചന നൽകുന്നു. കാനായിലെ മറിയത്തിന്റെ (യോഹ 2, 1-12) സ്ത്രൈണ പ്രതീകത്തെപ്പറ്റി ഫ്യൂലൈറ്റിന്റെ രീതിയിൽത്തന്നെ ആർ.ഇ. ബ്രൗൺ (E. R. Brown) പഠനം നടത്തി. വെളിപാട് 12-ലെ ആശയം സ്വീകരിച്ചുകൊണ്ടാണ് അപ്രകാരം ചെയ്യുന്നത്. അദ്ദേഹം അതേ നിഗമനത്തിൽത്തന്നെ എത്തുകയും ചെയ്തു.

### 3. മറിയം വിശ്വാസത്തിന്റെയും ശിഷ്യത്വത്തിന്റെയും മാതൃക

മറിയത്തിന്റെ വിശ്വാസം ക്രമേണയാണു വികസിച്ചു വന്നത് എന്ന ധാരണയോടെയാണു പല ഗ്രന്ഥകർത്താക്കളും കാനായിലെ സംഭവത്തെ സമീപിക്കുന്നത്. അതേസമയം, ചുരുക്കം ചിലർ മറിയത്തിന്റെ വിശ്വാസത്തിലേക്ക് ആ സംഭവം ശ്രദ്ധ ക്ഷണിക്കുന്നു

എന്ന് ഉറപ്പിച്ചു പറയുന്നു. ജെ. മാക്ഹഗ്ഗ് (J. Mchugh), എഫ്. ജെ. മൊളോനി (F.J. Moloney), പി. ബേർകിലി (P. Berkeley), ആർ. ഇ. ബ്രൗൺ (E.R. Brown) മുതലായ ഗ്രന്ഥകാരന്മാർ മറിയത്തെ വിശ്വാസത്തിന്റെയും ശിഷ്യത്വത്തിന്റെയും മാതൃകയായി അവതരിപ്പിക്കുന്നു.

**4. മറിയം ഇസ്രായേൽ ജനത്തിന്റെ മൂർത്തീഭാവം**

മറിയത്തെപ്പറ്റിയുള്ള യോഹന്നാന്റെ പാഠങ്ങൾക്കു വ്യാഖ്യാനങ്ങൾ നൽകിയ എ.എം.സേറ,(A.M. Serra)എ. ദെലാപൊത്തരി (A. Della Potherie) തുടങ്ങിയ വി.ഗ്രന്ഥവ്യാഖ്യാതാക്കളെ ഇവിടെ പ്രത്യേകം സൂചിപ്പിക്കേണ്ടിയിരിക്കുന്നു. എ.എം. സേറയുടെ പഠനം, കാനായിലെ സംഭവത്തിന്റെ ഉടമ്പടിപരമായ പശ്ചാത്തലം വെളിച്ചത്തു കൊണ്ടുവരുന്ന. "യാഹ്‌വെ പറഞ്ഞതെല്ലാം ഞങ്ങൾ ചെയ്യും" (പുറ 19, 8; 24, 3-7; ജോഷ്വ 24, 24; നെഹെ 5, 12) എന്ന ഉടമ്പടിയിലെ വാക്യവും കാനായിലെ വേലക്കാരോടു മറിയം പറഞ്ഞ വാക്കുകളും തമ്മിൽ സമാന്തരതയുണ്ടെന്ന് അദ്ദേഹം ശരിയായിത്തന്നെ വീക്ഷിച്ചു. "അവൻ പറയുന്നതെല്ലാം ചെയ്യുക" (യോഹ 2,5) എന്നാണു മറിയം പറഞ്ഞത്. മറിയം അവസാനം പറഞ്ഞ വാക്കുകളിൽ ഉടമ്പടിയുടെ സൂത്രവാക്യം പ്രയോഗിക്കുന്നുവെന്ന നിഗമനത്തിൽ അദ്ദേഹം എത്തിച്ചേരുന്നു. അങ്ങനെ, മറിയം ഉടമ്പടിയുടെ സാഹചര്യത്തിൽ ഒരു സവിശേഷരീതിയിൽ ഇസ്രായേൽജനത്തിന്റെ മൂർത്തീഭാവമായിത്തീരുന്നു.

സേറ ചെയ്യുന്നതുപോലെ ഐ. ദെ ലാ പോത്തെരി മറിയമെന്ന രഹസ്യത്തെ വി. ഗ്രന്ഥത്തിലെ "സീയോൻ പുത്രി" എന്ന പേരിന്റെ വെളിച്ചത്തിൽ പരിശോധിക്കുന്നു. ഈ പേര് മറിയത്തിനു സഭയുടെ പ്രബോധനാധികാരം എന്നതുമായി ബന്ധപ്പെടുത്തി "ജനതകളുടെ പ്രകാശം" (Lumen Gentium) എന്ന പ്രമാണരേഖയിൽ ആദ്യമായി കൗൺസിൽ നൽകുന്നു. മാനവകുലത്തിന്റെ രക്ഷയുടെ ചരിത്രത്തിൽ മറിയത്തിനുള്ള ധർമ്മം അതുവഴി ഇവിടെ പരാമർശിക്കുന്നു.

**ഡോ. ജോർജ്ജ് കറുകപ്പറമ്പിൽ**
**ഡോ. ജേക്കബ് വെള്ളിയാൻ**

## നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന വിവിധ ഭാഷകളിൽ

**Hail Mary (English)**

Hail Mary, full of grace. The Lord is with thee. Blessed art thou amongst women, and blessed is the fruit of thy womb, Jesus. Holy Mary, Mother of God, pray for us sinners, now and at the hour of our death. Amen.

**Pranam Maria (Hindi)**

Pranam Maria, kripa puran Prabhu tere sath hai, dhanya tu sterion meh aur dhanya tere garb ka phal Yesu. He Santa Maria Parmeswar ki Ma. Prarthna kar ham papiyon keliye ab aur hamare marne ke samai. Amen.

**Anil niraintha Marie (Tamil)**

Anil niraintha Marie vazhga Karther ummdena pengalukkul Asirvathikka pettaval Nira. Ummudaya thiruvayattin kaniyakiya Yesuvum asirvathikka pettavara. Archishista Marie Sarvaswaranudaya Madave Papigalaka erukkira engalukkaka epposhudum engal marana nerathilum vendikollum. Amen.

**Namo Marie (Kannada)**

Namo Marie varaprasada poorne, Kartharu nimmodene ithare. Sthreeyaralli neevu danyaru. Mathu nimma udaratha phalavada Yesu danyaru. Sanda Maria deva mathaye, papikalagiruva namagagi eegalu namma maranatha samayadalliyu prarthisiri. Amen.

**Ave Maria (Latin)**

Ave Maria, gratia plena, Dominus tecum. Benedicta tu in mulieribus, et benedictus fructus ventris tui, Iesus. Sancta Maria, Mater Dei, ora pro nobis peccatoribus, nunc, et in hora mortis nostrae. Amen.

**Gegrüsst seist du, Maria (German)**

Gegrüsst seist du, Maria, voll der Gnade; der Herr ist mit dir; du bist gebenedeit unter den Frauen und gebenedeit ist die Frucht deines Leibes, Jesus. Heilige Maria Mutter Gottes, bitte für uns Sünder, jetzt und in der Stunde unseres Todes. Amen

**Ave Maria (Italian)**

Ave Maria piena di grazia il Signore è con Te Tu sei benedetta fra le donne e benedetto è il frutto del tuo seno, Gesù. Santa Maria, madre di Dio prega per noi peccatori adesso e nell'ora della nostra morte Amen

**Je vous salue Marie (French)**

Je vous salue Marie, pleine de grâce; le Seigneur est avec vous. Vous êtes bénie entre toutes les femmes et Jésus, le fruit de vos entrailles, est béni. Sainte Marie, Mère de Dieu, priez pour nous, pauvres pécheurs, maintenant et à l’heure de notre mort.